ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

മൂന്നിയൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ്

മൂന്നിയൂർ

# മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ





ഗ്രാമം നശിച്ചാൽ ഇന്ത്യയും നശിക്കും പിന്നെ ഇന്ത്യ ഇന്ത്യയായിരിക്കുകയില്ല. ലോകത്തിനായുള്ള ഇന്ത്യയുടെ ദൗത്യം നഷ്ടപ്പെടും. ഗ്രാമങ്ങളിൽ ചൂഷണമില്ലാതാവണം, എന്നാൽ മാത്രമെ അവയെ പുനരുദ്ധരിക്കാൻ പറ്റു. ഗ്രാമങ്ങൾ സ്വയം പര്യാപ്തമാവണം. ഗ്രാമങ്ങളുടെ ആവശ്യത്തിന് വേണ്ടസാധനങ്ങൾ അവിടെ തന്നെ നിർമ്മിക്കണം. അങ്ങിനെയുള്ള ഗ്രാമീണവ്യവസായങ്ങൾക്ക് വേണ്ട യന്ത്രങ്ങളും ഉപകരണങ്ങളും ഗ്രാമവാസികൾ ഉണ്ടാക്കുകയും ഉപയോഗിക്കുകയും വേണം. മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിന് ആവക സാധനങ്ങൾ പ്രയോജനപ്പെടുത്തരുത്.

-ഗാന്ധിജി-



120-5

## ഒമ്പതാം പദ്ധതി ജനകീയപദ്ധതി

## മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്

# പഞ്ചായത്ത് വികസന സെമിനാർ

## സമഗ്ര വികസന രേഖ

പ്രാദേശികചരിത്രം

സാമൂഹ്യസാംസ്കാരിക ചരിത്രം

സ്ഥിതി വിവരകണക്കുകൾ

# മൂന്നിയൂർ പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മൂന്നിയൂർ |
| ഉൾപ്പെടുന്നവില്ലേജുകൾ | : | മൂന്നിയൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | തുരൂരങ്ങാടി |
| താലൂക്ക് | : | തിരൂരങ്ങാടി |
| അസംബ്ലിമണ്ഡലം | : | തിരൂരങ്ങാടി |
| വിസ്തീർണ്ണം | : | 21.66 ച.കി.മീ. |

**അതിർത്തികൾ:**

| | | |
|---|---|---|
| വടക്ക് | : | തേഞ്ഞിപ്പലം പഞ്ചായത്ത് |
| കിഴക്ക് | : | കിഴക്കും തോട് |
| തെക്ക് | : | കടലുണ്ടിപുഴ |
| പടിഞ്ഞാറ് | : | കടലുണ്ടിപുഴ |

| | | |
|---|---|---|
| ജനസംഖ്യ | : | 38688 |
| പുരുഷൻ | : | 19008 |
| സ്ത്രീ | : | 19680 |
| ജനസാന്ദ്രത | : | 1,786 |
| വാർഡുകൾ | : | 14 |

| | | |
|---|---|---|
| പ്രസിഡണ്ടിന്റെ പേര് | : | ഹൈദർ.കെ.മൂന്നിയൂർ |
| വൈസ്പ്രസിഡണ്ടിന്റെ പേര് | : | ഒ.പി. മുഹമ്മദ് |
| സ്റ്റാന്റിംഗ് കമ്മറ്റിചെയർമാൻ | : | ബക്കർ ചെർനൂർ |

# ഭരണസമിതി



വൈസ്പ്രസിഡന്റ്
ഒ.പി മുഹമ്മദ്



പ്രസിഡന്റ്

ഹൈദർ. കെ. മൂന്നിയൂർ



സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
ബക്കർ ചെർനൂർ

## മെമ്പർമാർ



ടി.പി. ഗംഗാധരൻ
മെമ്പർ 2-ാം വാർഡ്



എം. സുഹറ ടീച്ചർ
മെമ്പർ 3-ാം വാർഡ്



ഇ.കെ. അഹമ്മദ് കോയ
എന്ന ബാവ
മെമ്പർ 4-ാം വാർഡ്



സി. ആയമ്മ ടീച്ചർ
മെമ്പർ 5-ാംവാർഡ്



അഡ്വ: സി.പി. മുസ്തഫ
മെമ്പർ 6-ാം വാർഡ്



സി.പി.അബ്ദുറഹിമാൻ മാസ്റ്റർ
മെമ്പർ 7-ാം വാർഡ്



എം.ഖദീജ
മെമ്പർ 8-ാം വാർഡ്



പി.പി. അലവി
മെമ്പർ 9-ാം വാർഡ്



എം. റസിയ
മെമ്പർ 10-ാം വാർഡ്



വി.പി.സൈതലവി
എന്ന കുഞ്ഞാപ്പു
മെമ്പർ 11-ാം വാർഡ്



കെ.ജമീല
മെമ്പർ 13-ാം വാർഡ്



ടി.അബൂബക്കർ
സിക്രട്ടറി

**പത്രാധിപസമിതി**

എഡിറ്റർ
സയ്യിദ് പി.എം. സലീം ഐദീദ് തങ്ങൾ

അംഗങ്ങൾ
ഹൈദർ കെ.മൂന്നിയൂർ
ഡോ: എ .അബ്ദുറഹിമാൻ
എം.എ. ഖാദർ
കെ.വിജയൻ
ഹനീഫ ആച്ചാട്ടിൽ
പൂവ്വാട്ടിൽ മുഹമ്മദ്
കരിമ്പിൽ വേലായുധൻ
സി.പി.മുനീർ
പി.ആർ.ബൈജു
പി.വേലായുധൻ

മുഖചിത്രം
പുരുഷു-തലപ്പാറ



TYPE SETTING & LAYOUT:
SIRAJ ELECTRONICS
TIRUR - Ph: 22424

PRINTED at:
PRAHELIKA PRINTING PRESS
B.P.ANGADI, TIRUR-676102
PHONE: 24173


## താളുകളിലൂടെ


1.ആമുഖം..........7
2.സാമൂഹികസാംസ്കാരികചരിത്രം..........11
3.കൃഷിയും ജലസേചനവും..........14
4.മൃഗസംരക്ഷണം..........34
5.വ്യവസായം..........38
6.വിദ്യാഭ്യാസം..........45
7.കുടിവെള്ളവും പൊതുജനാരോഗ്യവും..........56
8.ഗതാഗതം-ഊർജ്ജം-മാർക്കറ്റ്..........63
9.പാർപ്പിടവും സാമൂഹ്യക്ഷേമവും..........71
10.സാമൂഹ്യക്ഷേമം..........74
11.സംസ്കാരം..........81
12.വനിത..........84
13.സഹകരണം..........88
14.പട്ടികജാതി പട്ടികവർഗ്ഗക്ഷേമം..........104
15.വിഭവസമാഹരണം..........103
16.ഉപസംഹാരം..........107



# ആമുഖം



ഒൻപതാം പദ്ധതി, ജനകീയ പദ്ധതി എന്ന മുദ്രവാക്യവുമായി കേരളത്തിലെ മുഴുവൻ ഗ്രാമ,ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അധികൃതരും സർക്കാറും പൊതുജനപങ്കാളിത്തത്തോടെ താഴെ തട്ടിൽ നിന്ന് ആസൂത്രണം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി പ്രവർത്തിച്ചുവരികയാണല്ലൊ. വികസനമെന്നാൽ മുകൾതട്ടിൽ നിന്ന് 'ആവിഷ്കരിച്ചു' നടപ്പിലാക്കേണ്ട പ്രക്രിയയാണെന്ന ധാരണ തിരുത്തിക്കൊണ്ട്, ജനങ്ങൾ തങ്ങൾക്ക് വേണ്ടതെന്ന് തിരിച്ചറിഞ്ഞു തീരുമാനിക്കാനും, ആവശ്യപ്പെടാനും, പരിഹാരമാർഗ്ഗങ്ങൾ കൂട്ടായി ചർച്ച ചെയ്ത് കണ്ടെത്താനും അങ്ങനെ പുതിയ ഒരു വികസന സംസ്കാരത്തിന് രൂപം കൊടുക്കാനുമുള്ള ഈ സംരംഭം മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഗ്രാമസഭകളിലും, തുടർന്ന് നടന്ന ശില്പശാലകളിലും സവിശേഷ ശ്രദ്ധ നേടിക്കഴിഞ്ഞു. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ വിളിച്ചു ചേർത്ത മുഴുവൻ വിശേഷാൽ ഗ്രാമസഭകളും വളരെ സജീവമായത് തന്നെ സ്വാഗതാർഹമാണ്.

ഇന്ത്യയുടെ ഒമ്പതാം പഞ്ചവത്സര പദ്ധതി(1997-2002) 21-ാം നൂറ്റാണ്ടിലേക്കുള്ള കാൽവെപ്പാണ്. നമ്മെസംബന്ധിച്ചേടുത്തോളം ഒമ്പതാം പദ്ധതി ജനങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെടുന്ന ഒരു ജനകീയപദ്ധിത മാത്രമല്ല, ജനങ്ങൾ തന്നെ ഗ്രാമതലങ്ങളിൽ നിന്ന് ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ സാക്ഷാത്കാരത്തിന്റെത് കൂടിയാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

"സ്വന്തം ശ്രമം കൊണ്ട്" തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനങ്ങൾക്ക് തോന്നുന്നുവോ, അപ്പോൾ മാത്രമെ പൂർണ്ണ സ്വാതന്ത്ര്യം ലഭിച്ചുവെന്ന് ഉറപ്പ് വരുത്തുവാൻ കഴിയുകയുള്ളുവെന്ന് വർഷങ്ങൾക്ക് മുമ്പ് നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജി പ്രസ്താവിച്ചത് ഇവിടെ സന്ദർഭോചിതമായി സൂചിപ്പിക്കുന്നത് നന്നാകുമെന്ന് കരുതുന്നു. ഗ്രാമീണജനാഭിലാഷങ്ങളുടെ സാക്ഷാൽകാരത്തിന് ചിന്തിക്കേണ്ടതും, പ്രവർത്തിക്കേണ്ടതും, ശക്തിയായി ശ്രമിക്കേണ്ടതും ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ തന്നെയാണ്. ആസൂത്രണം ആ തലത്തിൽ നിന്ന് ആരംഭിക്കണമെന്ന് ഗാന്ധിജി നിഷ്കർഷിച്ചിതിനുള്ള കാരണവും ഇതു തന്നെയാണ്.

ജനകീയാസൂത്രണത്തിലും, വികസനപ്രവർത്തനത്തിലും തുല്യപങ്കാളിത്തം, കക്ഷിരാഷ്ട്രീയ, ജാതി, മതാതിചിന്തകൾക്കതീതമായി ഉറപ്പുവരുത്തുവാൻ ജനകായാസൂത്രണപ്രസ്ഥാനത്തിന് കഴിയണമെങ്കിൽ നാം ഒത്തൊരുമിച്ച് നീങ്ങേണ്ടതുണ്ട്. അധികാരത്തോടൊപ്പം സമ്പത്തും 30,40 ശതമാനം പദ്ധതി വിഹിതമായി ത്രിതല പഞ്ചായത്തുകൾക്കായി നീക്കിവെക്കുവാൻ കഴിയുമെന്നത് ഉറപ്പാക്കുകയാണെങ്കിൽ ജനാഭീലാഷങ്ങൾ ഏറെക്കുറെ സംരക്ഷിക്കാൻ കഴിയുമെന്ന തന്നെയാണ് വിശ്വാസം. പഞ്ചായത്തുകൾക്കുള്ള വിഹിതം, കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ഫണ്ട്, സന്നദ്ധസംഘടനകളുടെ വിഹിതം, വിഭവം, അദ്ധ്വാനം തുടങ്ങിയ ജനകീയ സംഭാവനകൾ അടക്കം ഘടകങ്ങളെല്ലാം വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന കാര്യങ്ങളിൽ ചിലതാണ്. ഗ്രാമപഞ്ചായത്തുകളും, മേലോട്ടുള്ള മറ്റു സംവിധാനങ്ങളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധികൾക്ക് പൂർണ്ണമല്ലെങ്കിലും, ഭാഗികവും, തൃപ്തികരവുമായ പരിഹാരം കാണാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴി

യണമെങ്കിൽ പൊതുജനപങ്കാളിത്തം എല്ലാ മേഖലകളിലും ഉണ്ടകേണ്ടതുണ്ട്. ശ്രമിക്കേണ്ടതുണ്ട്.

മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനത്തിന് തുടക്കം മുതലേ നല്ല സഹകരണവും പങ്കാളിത്തവും ലഭിച്ചിരുന്നു. പഞ്ചായത്ത് ഭരണസമിതിയിൽ നിന്ന് മാത്രമല്ല. ജാതി,മത,കക്ഷി സാമൂഹ്യ, സാംസ്കാരിക, കല, കായിക, സന്നദ്ധസംഘടന, പൊതുപ്രവർത്തകരുടെ മുഴുവൻ അനുകൂല പ്രതികരണവും ഏറെക്കുറെ ഉണ്ടായത് ചാരിതാർത്ഥ്യജനകമാണ് തുടർന്നുള്ള പ്രവർത്തനത്തിലും ഇതിലേറെ പങ്കാളിത്തം ലഭിച്ചാൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ പലമാറ്റങ്ങളും വരുത്തുവാൻ സാധിക്കുമെന്നാണ് വിശ്വാസം.

തിരൂരങ്ങാടി, പരപ്പനങ്ങാടി, വള്ളിക്കുന്ന്, തേഞ്ഞിപ്പാലം, അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തുകളുടെ ഇടയിലായി, കടലുണ്ടിപ്പുഴയും, കിഴക്കും തോടും അതിർത്തികളായി, മനോഹരമായ തെങ്ങിൻതോപ്പുകളും, പാടശേഖരങ്ങളും, ചാലിവയലുകളും, തോടുകളും, പറമ്പുകളും കൊണ്ട് ധന്യമായ നമ്മുടെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ പുരോഗതി വിലയിരുത്തുമ്പോൾ പലരെയും നമുക്ക് ഓർക്കേണ്ടതുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആവിർഭാവകാലഘട്ടത്തിൽ ഇന്നത്തെ മൂന്നിയൂർ പഞ്ചായത്തിന്റെ തലപ്പാറ തൊട്ട് തെക്കൻ ഭാഗങ്ങളിൽ മാത്രമെ പഞ്ചായത്ത് ഭരണസമിതി ഉണ്ടായിരുന്നുള്ളു. 1964 ജനുവരി 1 മുതൽക്കാണ് പാറക്കടവ് മുതൽ ചേളാരി വരെ വിശാലമായി കിടക്കുന്ന ഇന്നത്തെ മൂന്നിയൂർ ഗ്രാമപഞ്ചായത്ത് സംവിധാനം വരുന്നത്.

തെക്കൻ മൂന്നിയൂർ മാത്രം ഉൾക്കൊള്ളുന്ന ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് ഇന്നത്തെ മെമ്പർ വി.പി. കുഞ്ഞാപ്പുവിന്റെ പിതൃസഹോദരൻ ശ്രീ.സി.എം. കുഞ്ഞിമൊയ്തീൻകുട്ടി സാഹിബായിരുന്നു. അനാരോഗ്യം കാരണം പ്രസിഡണ്ട് സ്ഥാനം ഒഴിഞ്ഞ അദ്ദേഹത്തിന്റെ സ്ഥാനത്തേക്ക് കുളത്തിങ്ങൽപാറയിലെ ശ്രീ.കെ.പി.കുഞ്ഞിസീതിക്കോയ തങ്ങളെ പ്രസിഡണ്ടായി തിരഞ്ഞെടുക്കുകയാണ് ഉണ്ടായത്. ശ്രീ.കണ്ണ്ക്കൽകുട്ടി, ശ്രീ.ഒ.പി.അലവിക്കുട്ടിഹാജി, ശ്രീ.വി.പി.മൊയ്തുഹാജി, ശ്രീ.പി.പി. മൊയ്തീൻകുട്ടി ഹാജി, ശ്രീ.പി.അവറാൻകുട്ടിഹാജി തുടങ്ങിയവർ മെമ്പർമാരായിരുന്നു. ഇതിൽ തങ്ങളും, അവറാൻകുട്ടി ഹാജിയും ഒഴികെ മറ്റാരും നമ്മുടെ കൂടെ ഇന്നില്ല. 1963 ഡിസംബറിൽ ഇന്നത്തെ മൂന്നിയൂർ മുഴുവനും ഉൾപ്പെട്ട രീതിയിൽ തിരഞ്ഞെടുപ്പ് നടന്നതൊടുകൂടി 1964 ജനുവരി മുതൽ ശ്രീ.എ.കെ. ഹൈദർ മമ്മദാജി സാഹിബ് പ്രസിഡണ്ടും(ഇന്നത്തെ മെമ്പർ ശ്രീ.ബാവയുടെ സഹോദരൻ) ശ്രീ.പി.വി. കൊയാമുസാഹിബ് വൈസ് പ്രസിഡണ്ടും ശ്രീ.ചേവി, ശ്രീ.വി.ഏനിക്കുട്ടി സാഹിബ്, ശ്രീ.എം, ബീരാൻകുട്ടിമാസ്റ്റർ, ശ്രീ. കെ.അലവിഹാജി(ഇന്നത്തെ മെമ്പർ ജമീലയുടെ പിതാവ്), ശ്രീ.പി.പരീദ്കുട്ടി മാസ്റ്റർ, ഒ.പി.അലവിക്കുട്ടിഹാജി(ഇന്നത്തെ വൈസ്.പ്രസിഡണ്ടിന്റെ പിതാവ്) എന്നിവർ മെമ്പർമാരായ ഭരണസമിതി നിലവിൽ വന്നു. അഞ്ചുവർഷം കൂടുമ്പോൾ നടക്കേണ്ട തെരഞ്ഞെടുപ്പ് നീണ്ടുപോയപ്പോൾ സമിതി വളരെക്കാലങ്ങളോളം ഭരണം നടത്തി. തുടക്കത്തിൽ മുന്നിയൂർ ആലിൻചുവട് അങ്ങാടിക്ക് സമീപം സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലായിരുന്ന സ്ഥലത്താണ് പഞ്ചായത്താഫീസ് പ്രവർത്തിച്ചിരുന്നത്. പിൽക്കാലത്ത് നിലവിലുള്ള വെളിമുക്ക് സൗത്തിലെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി അദ്ധ്യാപകന്മാർക്ക് മെമ്പർമാരായി തുടരാൻ പാടില്ലെന്നുള്ള സർക്കാർ നിയമം വന്നപ്പോൾ ശ്രീ ബീരാൻകുട്ടി മാസ്റ്ററും ശ്രീ.പരീദ്കുട്ടി മാസ്റ്ററും തൽസ്ഥാനം രാജിവെക്കുകയും തുടർന്ന് തെരഞ്ഞെടുപ്പ് നടന്നതിന്റ അടിസ്ഥാനത്തിൽ വിജയികളായി വന്ന ശ്രീ.കെ.ടി മൊയ്തീൻ ഹാജി സാഹിബും ശ്രീ.പി.പി കുഞ്ഞഹമ്മദ് സാഹിബും മെമ്പർമാരായി വന്നു. ശ്രീ ഹൈദർ ഹാജിയുടെ മരണശേഷം കെ.ടി മൊയ്തീൻ ഹാജി സാഹിബും കുറഞ്ഞ കാലങ്ങളിൽ പ്രസിഡണ്ടുമാരായി സേവനമനുഷ്ടിച്ചിരുന്നു. ഈ കൂട്ടത്തിൽ വി. ഏനിക്കുട്ടി സാഹിബ്ബും , ശ്രീ.പരീദ്കുട്ടിമാസ്റ്ററും , ശ്രീ.പി.പി കുഞ്ഞമ്മദ് സാഹിബും മാത്രമേ ഇന്ന് ജീവിച്ചിരിപ്പുള്ളൂ.

1979ൽ ആണ് വീണ്ടും പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത്. ശ്രീ വി. അബ്ദുൽഖാദർ ഹാജി സാഹിബ് പ്രസിഡണ്ടും ഇന്നത്തെ പ്രസിഡണ്ട് ശ്രീ. ഹൈദർ.കെ.മണിയൂർ വൈസ്പ്രസിഡണ്ടും, ശ്രീ.കെ.സി.കീരൻ, ശ്രീ.എം.എ.ഖാദർ, ശ്രീ.ഇ.കെ. കുഞ്ഞിമൊയ്തീൻ, ശ്രീ.എം.അലവി മാസ്റ്റർ, ശ്രീ.പി.സൈനബ ടീച്ചർ,

ശ്രീ.കെ.വി.ഹസ്സൻ, ശ്രീ.ഒ.പി മൊയ്തീൻ ഹാജി, ശ്രീ.പി.പി കുഞ്ഞിമുഹമ്മദ് സാഹിബ് എന്നിവർ മെമ്പർമാരുമായുള്ള ഭരണസമിതിയാണ് പിന്നീട് അഞ്ച്കൊല്ലം ഭരണം നടത്തിയത്. 1984ഒക്ടോബ റിൽ താലൂക്ക് പഞ്ചായത്ത് ഓഫീസർ പഞ്ചായ ത്തിന്റെ ഭരണം ഏറ്റെടുക്കുന്നത് വരെ പ്രസ്തുത ഭരണസമിതി തുടർന്നു. സമിതിയിലെ എല്ലാവരും ഇന്നും പഞ്ചായത്തിനോട് സഹകരിച്ചുകൊണ്ട് ജീവിച്ചിരിക്കുന്നുവെന്നതിൽ സന്തോഷമുണ്ട്. ഏകദേശം നാല്വർഷം വർഷത്തോളം തിരഞ്ഞെ ടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതിക്ക് പകരം താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ നിയന്ത്രണ ത്തിലായിരുന്നു ഭരണം 1988 ഫിബ്രവരി ഒമ്പതാം തിയ്യതി മുതൽ വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ഭര ണസമിതിക്കു കൈമാറി. 1979ൽ പ്രസിഡണ്ടായി രുന്ന ശ്രീ.വി.അബ്ദുൽഖാദർഹാജി സാഹിബ് വീണ്ടും പ്രസിഡണ്ടായും ശ്രീ.ഹൈദർ, കെ.മൂന്നി യൂർ വീണ്ടും വൈസ് പ്രസിഡണ്ടായും ശ്രീ.കെ.കൃഷ്ണൻ, ശ്രീ.പി.കെ.അബ്ദുറഹിമാൻ, ശ്രീ.സി.വി. അഹമ്മദ്, ഡോ.അബ്ദുറഹിമാൻ, ശ്രീ. സി.പി. അബ്ദുറഹിമാൻ മാസ്റ്റർ, ശ്രീ. ഹനീഫ മുന്നിയൂർ, ശ്രീമതി എം. ഖദീജ, ശ്രീ. വി.പി. സൈതലവി എന്ന കുഞ്ഞാപ്പു, ശ്രീ. ഒ.പി. മൊയ്തീൻ ഹാജി, ശ്രീമതി ടി.പി.എം. ഖദീജ എന്നീവർ മെമ്പർമാരുമായി വീണ്ടും ഭരണം ആരം ഭിച്ചു. ഈ ഭരണസമിതി 1995 സെപ്തംബർ അവ സാനം പുതിയ പഞ്ചായത്ത് രാജ് സംവിധാനപ്ര കാരം തിരഞ്ഞെടുപ്പ് നടക്കുന്നത് വരെ നില നിന്നു. ഇതിനിടയിൽ മെമ്പർ ശ്രീ. കൃഷ്ണന് സർക്കാർ ജോലി ലഭിച്ചതിനാലും, ശ്രീ.ഹനീഫ മുന്നിയൂർ വിദേശത്ത് ജോലിക്ക് പോയതിനാലും സ്ഥാനം ഒഴിയേണ്ടി വന്നെങ്കിലും ഉപതിരഞ്ഞെ ടുപ്പുകളൊന്നും നടക്കുകയുണ്ടായില്ല. പഴയ ഭര ണസമിതിയിലെ മുഴുവൻ ആളുകളും പഞ്ചായത്തി നോട് ബന്ധപ്പെട്ട കാര്യങ്ങളിൽ പൂർണ്ണമായും സഹകരിച്ചു വരുന്നു എന്ന് പറയുന്നതിൽ സന്തോ ഷമുണ്ട്.

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത്രാജ് സംവിധാന പ്രകാരം 1995 ഒക്ടോബർ 2 മുതലാണ് പതിയ ഗ്രാമപഞ്ചായത്ത് ഭരണസമിതി നിലവിൽ വരുന്നത്. ത്രിതല പഞ്ചാ യത്ത് സംവിധാന പ്രകാരം 1/3 ഭാഗം സ്ത്രീകൾക്ക് സംവരണം ചെയ്തത് ഇതിൽ വളരെ പ്രാധാന്യമർഹിക്കുന്നു. പതിനാലു വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ 3,5,8,10,13 എന്നീ 5 വാർഡുകൾ സ്ത്രീ സംവരണ വാർഡു കളായും, രണ്ടാം വാർഡ് പട്ടികജാതി- പട്ടിക വർഗ്ഗസംവരണ വാർഡായതും ഇതിന്റെ അടിസ്ഥാ നത്തിലാണ്.

ശ്രീ. ഹൈദർ.കെ. മൂന്നിയൂർ പ്രസിഡ ണ്ടായും, ശ്രീ. ഒ.പി. മുഹമ്മദ് സാഹിബ് വൈസ് പ്രസിഡണ്ടായും, ശ്രീ. ബക്കർ ചെർന്നൂർ, ശ്രീ. ടി.പി. ഗംഗാധരൻ, ശ്രീമതി. എം. സുഹറടീച്ചർ, ശ്രീ. ഇ.കെ. അഹമ്മദ് കോയ എന്ന ബാവ, ശ്രീമതി. സി. ആയമ്മ ടീച്ചർ, അഡ്വ.സി.പി. മുസ്തഫ, ശ്രീ. സി.പി. അബ്ദുറഹിമാൻ മാസ്റ്റർ, ശ്രീമതി എം. ഖദീജ, ശ്രീ. പി.പി. അലവി, ശ്രീമതി എം. റസിയ, ശ്രീമതി കെ. ജമീല എന്നിവർ മെമ്പർമാരായുള്ള ഭരണസമിതിയാണ് ഇന്നത്തെ ഭരണം നിർവ്വഹിക്കുന്നത്. കൂടാതെ ശ്രീ. ബക്കർ ചെർനൂർ ചെയർമാനായി ഒരു സ്റ്റാന്റിംഗ് കമ്മ റ്റിയും പഞ്ചായത്ത്രാജ് സംവിധാന പ്രകാരം നില നില്ക്കുന്നു. കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിൽ അഭിപ്രായങ്ങളും അഭിപ്രായവിത്യാസങ്ങളും എല്ലാം ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ സർവ്വ തോന്മുഖമായ വികസന പുരോഗതിയുടെ കാര്യ ത്തിൽ എല്ലാവരും ഒത്തൊരുമിച്ച് സഹകരിക്കു ന്നവരാണ്.

ഫണ്ടിന്റെ അഭാവം കാരണം വലിയ വിക സനപ്രവർത്തനങ്ങളൊന്നും കാര്യമായിട്ട് നടത്തു വാൻ സാധിച്ചില്ലെങ്കിലും ചെറിയ ചെറിയ പ്രവർത്തികൾ ഏറെകുറെ ചെയ്യുവാൻ ശ്രമിച്ചി ട്ടുണ്ട. സ്വയം തൊഴിലിന് വേണ്ടി പകുതി വിലക്ക് മുന്നൂറ് തയ്യൽ മെഷിനുകൾ പഞ്ചായത്ത് വിത രണം ചെയ്തത് എല്ലാവരുടെയും പ്രശംസപിടിച്ചു പറ്റിയതാണ്. സ്വയം തൊഴിലിന് വേണ്ടി മറ്റു ചില പരിപാടികൾക്കും ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്തുവരുന്നുണ്ട്. കൂടാതെ പുതിയ ചില വിക സന പ്രവർത്തനങ്ങൾക്കും രൂപം നല്കിവരുന്നു.

ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് വേണ്ടി പല സമിതികളും രൂപീക രിച്ച് വിവിധ പ്രവർത്തനങ്ങൾ ധാരാളം നടത്തേ ണ്ടതായിട്ടുണ്ട്. ബഹുജനരാഷ്ട്രീയ പിന്തുണയും, സന്നദ്ധസേവനമനസ്ഥിതിയും ഇതിനാവശ്യമാണ്. അതിനുള്ള ഭഗീരതയത്നം നടത്തുവാൻ നാം

എല്ലാവരും തയ്യാറാകേണ്ടിയിരിക്കുന്നു.

മൂന്നിയൂർ പഞ്ചായത്തിന്റെ പുരോഗതിയുടെ കാര്യത്തിലും വികസനപരമായ കാര്യങ്ങൾ വിലയിരുത്തുമ്പോൾ വമ്പിച്ച ഒരു മാറ്റമാണ് ഉണ്ടായിട്ടുള്ളത്. പഞ്ചായത്തധികൃതരാണ് ഇതിന് നേതൃത്വം നല്കിയതെങ്കിലും മഹാനായ ശ്രീ. കെ. അബുക്കാദർ കുട്ടിനഹ സാഹിബായിരുന്നു. ഇതിന്റെ ശില്പി. പാറക്കടവ് പാലം, പാലത്തിങ്ങൽ ചൂലി നടപ്പാലം, മാന്തട്ടാം പാറ അണക്കെട്ട്, തയ്യിലക്കടവ് പാലം കമ്മന്തൊടിപ്പാലം, പാറക്കടവ്-തലപ്പാറ PWD റോഡ്, പടിക്കൽ-പറമ്പിൽ പീടിക PWD റോഡ്, ആലിൻ ചുവട്ട- കുണ്ടംകടവ് PWD റോഡ്, കളിയാട്ടമുക്കിലെ സർക്കാർ ആശുപത്രി, പടിക്കൽ ആയൂർവേദ ആശുപത്രി, മുള്ളംകുഴി, തെക്കെപാടം എൽ.ഐ.സ്കീമുകൾ, N.H 17 റോഡ്, വിവിധ VCBകൾ, വിവിധ മറ്റു റോഡുകൾ എന്നിവയെല്ലാം യഥാർത്ഥ്യമാകാൻ കാരണക്കാരൻ എം.എൽ.എ, മന്ത്രി, ഉപമുഖ്യമന്ത്രി എന്നീ നിലകളിലെല്ലാം സേവനമനുഷ്ഠിച്ച നാഹസാഹിബ് തന്നെയായിരുന്നു.

മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ രണ്ട് ബ്ലോക്ക് പഞ്ചായത്ത് സീറ്റുകളിൽ ഒന്ന് ശ്രീമതി. എൻ. പുഷ്പയും മറ്റൊന്ന് ശ്രീ. സി.പി. ആലവിക്കുട്ടിയും പ്രതിനിധീകരിക്കുന്നു. ജില്ലാ പഞ്ചായത്ത് പ്രതിനിധിയായിട്ടുള്ളത് ശ്രീ. എം.എൻ. കുഞ്ഞഹമ്മദാജിയാണ് ഉള്ളത്. എം.എൽ.എ. എന്ന നിലക്ക് തിരൂരങ്ങാടി മണ്ഡലം പ്രതിനിധി ശ്രീ. കെ. കുട്ടിഅഹമ്മദ് കുട്ടി സാഹിബാണ് പാർലിമെന്റിൽ ശ്രീ ജി.എം. ബനാത്ത് വാല സാഹിബും നമ്മെ പ്രതിനിധീകരിക്കുന്നു. ജനകീയാസൂത്രണ വിഷയത്തിൽ ഇവരുടെയൊക്കെ സേവനങ്ങളും സഹകരണവും ഉണ്ടായിട്ടുണ്ട് എന്ന് പറയുന്നതിൽ സന്തോഷമുണ്ട്.

ജനകീയാസൂത്രണ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം തുന്നിച്ചേർത്തുകൊണ്ട് വമ്പിച്ച സാമൂഹിക മുന്നേറ്റത്തിനും നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കും വേണ്ടി പ്രവർത്തിക്കാൻ നാം തയ്യാറായാൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ സാധിക്കുമെന്ന വിശ്വാസമുണ്ട്. നമ്മുടെ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പേരുടെയും സഹകരണവും മുൻകാല പ്രവർത്തകരുടെ സേവന സംഭാവനകളുടെ ആവേശം ഉൾക്കൊണ്ട് കൊണ്ട് ജനകീയാസൂത്രണം യാഥാർത്ഥ്യമാക്കാൻ നാം പ്രതിജ്ഞയെടുക്കേണ്ടിയിരിക്കുന്നു.

വികസനത്തിന് ഒരു പുതിയ ഉണർവ്വ് സൃഷ്ടിച്ച് മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന രേഖ നാളെയുടെ ചരിത്രസത്യമാക്കാൻ ഒറ്റക്കെട്ടായി മുന്നോട്ട് കുതിക്കുമെന്ന ദൃഢനിശ്ചയത്തോടെ നമുക്ക് നീങ്ങാം. അങ്ങനെയാവട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# സാമൂഹികസാംസ്കാരിക ചരിത്രം

കാലത്തിന്റെ കനത്ത കുത്തൊഴുക്കിൽ തീർത്തും കൈമോശം വരാത്ത കുറെയേറെ പൈതൃകസംസ്കാരങ്ങളുടെ നൂലിഴകളിൽ നിബിഡിതമായ ഒരു ഗ്രാമമാണ് മൂന്നിയൂർ. ഗ്രാമ്യസ്വപ്നങ്ങളുടെ നറുംവർണ്ണങ്ങളും, സ്വച്ഛശീതളതയും കൈവെടിഞ്ഞ അനിയന്ത്രിതമോ അനിവാര്യമോ ആയിമാറിക്കൊണ്ടിരിക്കുന്ന നഗരവൽക്കരണത്തിന്റെ ദിശയിലേക്ക് ചുവടുമാറിചവിട്ടിക്കൊണ്ടിരിക്കുന്ന ഗ്രാമത്തിന്റെ ചരിത്രത്തിലേക്ക് കൃത്യമായി വിരൽചൂണ്ടുന്ന വസ്തുതകൾ ലഭ്യമല്ല. നാട്ടറിവുകളിൽ നിന്നും ലഭ്യമായ കുറിപ്പുകളിൽ നിന്നുമെല്ലാം ശേഖരിച്ച നുറുങ്ങു വിവരങ്ങളിലൂടെ പരതുമ്പോൾ നമുക്കു മുന്നിൽ അനാവൃതമാകുന്നത് പ്രധാനമായും തെളിമയുടെയും സാരള്യത്തിന്റെയും ചിത്രങ്ങളാണ്. പ്രാചീനമനുഷ്യന്റെ ഉദാത്ത സംസ്കൃതിയുടെ നിദർശനമായ നന്നങ്ങാടികൾ മുതൽ, പ്രാമാണ്യത്തിലും പ്രൗഢിയിലും തിരികൊളുത്തി കത്തിത്തെളിഞ്ഞ് ഇന്നും പൊലിവുവറ്റാതിരിക്കുന്ന ഉത്സവാചാരങ്ങൾ വരെ ഈ ഗ്രാമ്യസംസ്കൃതിയുമായി ഇഴുകിചേർന്നു നിൽക്കുന്നു.

ഈ നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ പരപ്പനാട് രാജവംശത്തിന്റെ അധീനതയിലായിരുന്നു ഗ്രാമം. `മൂന്നിയൂർ മുക്കാലിവട്ടം' എന്ന് പഴമക്കാർ ഓമനപ്പേർ വിളിക്കുന്ന ഗ്രാമത്തിന്റെ ഓരോകാലുകളും തെക്കും പടിഞ്ഞാറും കടലുണ്ടിപ്പുഴയും കിഴക്ക് കിഴക്കൻ തോടും നനുത്ത മേനിയാൽ പുണർന്നു കിടക്കുന്നതിനാൽത്തന്നെ ജലസമൃദ്ധിയിലും കൃഷിയിടങ്ങളുടെ സുലഭതയിലും ധന്യമായിരുന്നു. അതുകൊണ്ടു തന്നെ ഗ്രാമത്തിന്റെ സാംസ്കാരികചരിത്രത്തിന്റെ വേരുകളുടെ അങ്ങേയറ്റം ചെന്നെത്തുന്നത് കാർഷികസംസ്കാരത്തിലാണ്. മൂന്നിലൊരു ഭാഗം വയലേലകളാൽ സമൃദ്ധമായിരുന്ന ഗ്രാമത്തിന്റെ ചരിത്രം മറിച്ചായാലല്ലേ അത്ഭുതപ്പെടേണ്ടതുള്ളൂ. എന്നാൽ കാലത്തിന്റെ അനസ്യൂതപ്രവാഹത്തിൽ അടിഞ്ഞുകൂടിയ പ്രതിസന്ധികളും വെല്ലുവിളികളും മുറിച്ച് കടക്കുന്നതിനിടെ ചോർന്നുപോയ പല നന്മകളുടെയും കൂട്ടത്തിൽ മുന്നിൽ നിൽക്കുന്നതും കാർഷികാഭിമുഖ്യം തന്നെ.

### ഭൂമിശാസ്ത്രം

മുമ്പ് വെളിമുക്ക് അംശവും മൂന്നിയൂർ അംശവും ചേർന്നതായിരുന്ന പഞ്ചായത്ത്. എന്നാൽ പിന്നീട് വെളിമുക്കിനെ തേഞ്ഞിപ്പലവുമായി കൂട്ടിച്ചേർത്തു. കുറെകഴിഞ്ഞ് വെളിമുക്കും കൊടക്കാടിന്റെ ചിലഭാഗങ്ങളും ചേർത്ത് ഒരു അംശമാക്കി. അതും കഴിഞ്ഞാണ് ഇന്നത്തെ രൂപത്തിലുള്ള മൂന്നിയൂർ പഞ്ചായത്ത് രൂപംകൊണ്ടത്. പടിഞ്ഞാറും തെക്കും പഞ്ചായത്തിനെ വേർതിരിക്കുന്ന കടലുണ്ടിപ്പുഴ പഞ്ചായത്തിന്റെ ഗതകാലസമൃദ്ധിയുടെ നട്ടെല്ലായിരുന്നു. ഇവിടെ നിന്ന് ചങ്ങാടങ്ങളിലും വഞ്ചികളിലുമായി നീങ്ങിയ കാർഷികോൽപ്പന്നങ്ങൾ ഒരുകാലത്ത് പഞ്ചായത്തിന്റെ ജീവസ്രോതസ്സായിരുന്നു.

### ചേളാപുരത്തങ്ങാടിയും ചെർന്നൂരും

വടക്കൻപാട്ടുകളിലും നാടോടിപ്പാട്ടുകളിലും വരെ ഇടം നേടിയ ചേളാപുരത്തങ്ങാടി ചേളാരിയായപ്പോഴും പഞ്ചായത്തിന്റെ ഗതകാലവാണിജ്യസംസ്കാരത്തിന്റെ ബാക്കിപത്രമായി ആഴ്ചചന്ത ഇന്നും നിലനിൽക്കുന്നു. നാനാദേശത്തുനിന്നും ആളുകളെത്തുന്ന ഒരു വലിയ കാർഷിക-കാലിച്ചന്തയായിരുന്നത്രെ ചേളാപുരം ചന്ത. ഒരു വൻജനാവലിയെ ആകർഷിച്ചിരുന്ന വ്യഖ്യാതമായ കാളപൂട്ടിലൂടെ ശ്രദ്ധേയമായ പ്രദേശമാണ് ചെർന്നൂർ. `ചേറിനൂരുക' എന്നത് കാലംകൈമാറിവന്നപ്പോൾ `ചെർന്നൂരാ'യതാണെന്ന് പഴമക്കാർ.

പഞ്ചായത്തിന്റെ സാംസ്കാരികഭൂപടത്തിലെ തിളങ്ങുന്ന ഭാഗമാണ് കളിയാട്ടം. മതസൗഹാർദ്ദത്തിന്റേയും അധഃകൃതമുന്നേറ്റത്തിന്റെയും ഊടും പാവും ചേർത്ത് നെയ്തെടുത്ത ഈ മഹോത്സവത്തിന്റെ സാമൂഹ്യസാംസ്കാരിക പാരമ്പര്യം ബൃഹത്താണ്.

*``പേടിയാട്ടമ്മ തുറക്കാനും*
*അമ്മാഞ്ചീരിയമ്മ അടക്കാനും''*

കാലവർഷത്തിന്റെ കുളിരും കൊണ്ടെത്തുന്ന ഈ ഉത്സവം മലബാറിലെ ക്ഷേത്രോത്സവങ്ങളുടെ പരിസമാപ്തി കുറിക്കുന്നു. അത്യപൂർവ്വ വിത്തുകൾ മുതൽ നാനാവിധ കാർഷികോപകരണങ്ങളുടെയുമെല്ലാം ഒരു വൻ വിപണനവേദിയായി ഈ വാർഷിക ചന്തമാറുന്നു. കളിയാട്ടക്കാവ് മുതൽ തലപ്പാറ വരെ തെരുവോരത്തെ പുളകമണയിച്ചുകൊണ്ട് അരങ്ങേറുന്ന ഈ കാർഷിക വ്യാവസായിക പ്രദർശനം ഒരു മഹാസംരംഭം തന്നെയാണ്.

പോയകാലത്തിന്റെ പ്രതാപത്തിന്റെ സ്മരണകളുമായി തലയുയർത്തിനൽക്കുന്ന ഒരുപാട് ആരാധനാലയങ്ങൾ ഇവിടെയുണ്ട്. രണ്ടായിരത്തോളം വർഷം പഴക്കമുള്ള വെളിമുക്ക് സുബ്രഹ്മണ്യക്ഷേത്രം, 500 ലധികം വർഷം പഴക്കമുള്ള കളിയാട്ടക്കാവ്, പാപ്പന്നൂർ, കാട്ടുവാച്ചിറ ക്ഷേത്രങ്ങൾ എന്നിവ ഹൈന്ദവമതവിശ്വാസത്തിന്റെയും മുട്ടിച്ചിറ ജുമാമസ്ജിദ്, ആലിൻചുവട് ഒടുങ്ങാട്ടുചിറ ജുമാമസ്ജിദ്, വെളിമുക്ക് ജുമാമസ്ജിദ് തുടങ്ങിയ പഴക്കമേറിയ ആരാധനാലയങ്ങൾ മുസ്ലിം മതവിശ്വാസത്തിന്റെയും ചൈതന്യം ഉദ്ഘോഷിച്ചുകൊണ്ടു തലയുയർത്തി നിൽക്കുന്നു.

AD ഒന്നാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ടതായി കണക്കാക്കപ്പെടുന്ന വെളിമുക്ക് സുബ്രഹ്മണ്യക്ഷേത്രത്തോടനുബന്ധിച്ച് ഒരുകാലത്ത് ധാരാളം ബ്രാഹ്മണകുടുംബങ്ങൾ അധിവസിച്ചിരുന്നത്രെ. കല്യാണ (വേളി) ത്തിന് പ്രസിദ്ധമായിരുന്ന ഈ ക്ഷേത്രത്തിലേക്ക് ദൂരെദിക്കിൽനിന്നുപോലും ആളുകൾ എത്തുമായിരുന്നത്രെ. അങ്ങനെ ലഭിച്ച `വേളിമുക്ക്' എന്ന പേര് കാലത്തിന്റെ ചുരുക്കത്തിൽ `വെളിമുക്ക്' എന്നായി മാറിയതാണെന്ന് പറയപ്പെടുന്നു.

മൂന്നിയൂരിന്റെ ചരിത്രഭൂപടത്തിൽ ചോരകൊണ്ട് വരയ്ക്കപ്പെട്ട ഒരു ചിത്രമാണ് മുട്ടിച്ചിറ പള്ളിയുമായി ബന്ധപ്പെട്ട ശുഹദാക്കളുടെ ചരിത്രം. ഇതു മുട്ടിച്ചിറ പള്ളിയിൽവെച്ച് ബ്രിട്ടീഷ് പൊലീസുമായുണ്ടായ ഏറ്റുമുട്ടലിനും അതോടനുബന്ധിച്ച് 11 പേരുടെ കുരുതിക്കുമിടവരുത്തുകയുണ്ടായി. 1841 നവംബർ 13 ന് നടന്ന ഈ സംഭവത്തിന്റെ പവിത്രസ്മരണക്കുമുന്നിൽ മുട്ടിച്ചിറ പള്ളിയിൽ ഇന്നും ശുഹദാക്കളുടെ പേരിലുള്ള നേർച്ച ആണ്ടുതോറും നടത്തിവരുന്നു. ഈ നേർച്ചയോടനുബന്ധിച്ച് ദൂരദേശങ്ങളിൽ നിന്നുപോലും ആളുകൾ വന്നെത്തുന്നു.

പ്രാദേശികമായി ആവേശപൂർവ്വം നട്ത്തുന്ന മതപരമായ ഉത്സവങ്ങൾ ഏറെയുണ്ട്. വളരെ ശ്രദ്ധേയമായ ഒരു സാമൂഹ്യോത്സവമായിരുന്നു വെളിമുക്ക് ചാലിയിലെ മീൻനായാട്ട്. ഇന്ന് വ്യത്യസ്ത തിരക്കുകൾക്കിടയിൽ അത് ഏതാണ്ട് കൈമോശം വന്നതായി പറയാം.

മലബാറിന്റെ രാഷ്ട്രീയ ഭൂപടത്തിൽ ചെഞ്ചോരയിൽ മുക്കിയെഴുതിയ ഒരദ്ധ്യായമാണല്ലോ 1921. ഖിലാഫത്ത് പ്രസ്ഥാനത്തിന്റേയും, ബ്രിട്ടീഷ് പട്ടാളക്കാരന്റെ തോക്കിനു നേരെ നെഞ്ചു വിരിച്ചു നിന്നു പോരാടിയവരുടെയും മുന്നണിയിൽ തന്നെ ഈ പഞ്ചായത്തിലെ ഏറെപ്പേരുണ്ടായിരുന്നു. ഈ ദുരന്തത്തിന്റെ കുരുതിക്കളത്തിൽ പോരടിച്ചുവീണവർ തൂക്കിലേറ്റപ്പെട്ടവർ, നാടുകടത്തപ്പെട്ടവർ അങ്ങനെ ഏറെപേരുടെ കാലടിപ്പാടുകളുടെ കർമ്മസാക്ഷ്യം ഈ മണ്ണിനു പറയാനുണ്ട്.

ഖിലാഫത്ത് പ്രക്ഷോഭത്തിൽ മൂന്നിയൂരിനു സജീവമായ സാന്നിദ്ധ്യമവകാശപ്പെടാം. തിരൂരങ്ങാടിയിലെ ഖിലാഫത്ത് കമ്മിറ്റിയുടെ സ്ഥാപകന്മാരായി അയ്യം മഠത്തിൽ പൂക്കോയതങ്ങളും (സയ്യിദ് മുഹമ്മദ് ഐദീദ്) ഇതിഹാസപുരുഷനായ ആലി മുസ്ല്യാരും പ്രവർത്തിച്ചു. പൂക്കോയതങ്ങൾ പ്രസിഡണ്ടും ആലിമുസ്ല്യാർ വൈസ്പ്രസിഡണ്ടുമായിട്ടായിരുന്നു തിരൂരങ്ങാടിയിലെ ആദ്യഖിലാഫത്ത് കമ്മിറ്റിയുടെ രൂപീകരണം. തങ്ങൾക്കെതിരെ ബ്രിട്ടീഷുകാർ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ച് വേട്ട നടത്തുകയുണ്ടായി.

സമരമുഖത്ത് പങ്കെടുത്തു ജീവിച്ചിരിപ്പുള്ള പ്രമുഖവ്യവസായിയായ വെളിമുക്കിലെ അവറാൻകുട്ടിമാസ്റ്റർ, ബ്രിട്ടീഷുകാരുമായുള്ള ഒരു ഏറ്റുമുട്ടലിനിടയിൽ വെടികൊള്ളാതെ മുടിനാരിഴക്ക് രക്ഷപ്പെടുകയായിരുന്നു അദ്ദേഹം. അതുപോലെത്തന്നെ വെള്ളപ്പട്ടാളം വെടിവെക്കാൻ നിറുത്തിയി

ടത്തു നിന്നും നാടകീയമായി രക്ഷപ്പെട്ട ചെർനൂരിലെ പൗരപ്രമുഖൻ വലീലത്ത് മൊയ്തീൻഹാജി, മുള്ളുങ്ങൽ സെയ്താലി, ഖാദർ സാഹിബ്, ചെനാത്ത് കമ്മുക്കുട്ടി, മമ്പിളിപ്പട്ട് മമ്മുതു, മതാരി പോക്കർ (ഇദ്ദേഹം ബല്ലപാരി ജയിലിൽ തടവിൽകിടന്നു.) മതാരി അഹമ്മദ്കുട്ടി തുടങ്ങി പട്ടിക നീളുന്നു. താമ്രപത്രം നേടിയ ചന്ദ്രത്തിൽ ദാമോദരൻനായർ, നേതാജി സുഭാഷ്ചന്ദ്രബോസിന്റെ ഐ.എൻ.എ ഭടനായിരുന്ന അരിമ്പ്രനെച്ചിങ്ങാട്ട് നാരായണനുണ്ണിനായർ തുടങ്ങി എത്രയെത്ര പോരാളികൾ.

1921 ലെ മലബാർകലാപമെന്നറിയപ്പെടുന്ന സ്വാതന്ത്ര്യസമരപോരാട്ടത്തിൽ ചില സാമൂഹ്യവിരുദ്ധർ നിലവിട്ട് പെരുമാറിയ ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായി. ഇക്കാലത്ത് കാളികാവ് ഭാഗത്തുനിന്നുവരെയുള്ള ചില ഹിന്ദുക്കൾ അഭയംതേടിയത് ചെർനൂരിലെ ഒരു പ്രമുഖമുസ്ലിം തറവാട്ടിലായിരുന്നു. എറക്കോട് പഴയതറവാടാണ് സൗഭാഗ്യം ചെയ്ത ഈ വീട്. ഇവിടെ തമ്പടിച്ച ഹൈന്ദവസഹോദരന്മാർ ആഴ്ചകളോളം മുള്ളുങ്ങൽ അഹ്ദ് സാഹിബ് ആതിഥേയനായി സംരക്ഷണം നൽകിയെന്നതും സ്മരിക്കപ്പെടേണ്ടതാണ്.

കേരളരാഷ്ട്രീയചരിത്രത്തിൽ വിപ്ലവകരമായ കുതിച്ചുകയറ്റമുണ്ടാക്കിയ ഭൂപരിഷ്കരണ നിയമം നമ്മുടെ പഞ്ചായത്തിലും ആവേശത്തിന്റെ തീപ്പൊരി വിതറി. മിച്ചഭൂമി പിടിച്ചെടുത്ത് വിതരണം നടത്തിക്കിട്ടുന്നതിനു വേണ്ടി ചേളാരിയിൽ നടന്ന രൂക്ഷമായ മിച്ചഭൂമിസമരം പഞ്ചായത്തിലെ പോരാട്ടത്തിന്റെ ചരിത്രത്തിലെ തിളങ്ങുന്ന ഒരദ്ധ്യായമാണ്. തൽഫലമായി 100ലധികം ഏക്കർ മിച്ചഭൂമി ഭൂരഹിതർക്ക് ലഭ്യമാകുന്നതിന് വഴിയൊരുക്കപ്പെട്ടു. ഭൂരിഭാഗം വരുന്ന ഭൂമിയുടെ കൈവശക്കാരായ ജന്മിമാരിൽ നിന്ന് കൃഷിഭൂമി കർഷകരിലേക്കെത്തി.

വിദ്യാഭ്യാസരംഗത്തേക്ക് ഗ്രാമം കാലെടുത്തു വയ്ക്കുന്നത് എഴുത്തുപള്ളികളിലൂടെയാണ്. വെളിമുക്ക്, ആലുങ്ങൽ, ചാലിൽ തുടങ്ങിയ സ്ഥലത്തുനടന്നുവന്നിരുന്ന എഴുത്തുപള്ളികൾക്ക് നേതൃത്വം നൽകിയിരുന്നത് ഹിന്ദുമതവിഭാഗക്കാരായിരുന്നെങ്കിലും മുസ്ലിങ്ങളും അവിടങ്ങളിൽ പഠിക്കാനെത്തിയിരുന്നു എന്നത് അക്കാലത്തെ ഉന്നതമായ മാനവികബോധത്തിന്റെ നിദർശനമത്രെ. അതുപോലെ മതപഠനം ലക്ഷ്യമാക്കി തുടങ്ങിയ ഓത്തുപള്ളികൾ പിന്നീട് മലയാളപഠനത്തിനും വേദിയൊരുക്കി. അത്തരമൊരു എഴുത്തുപള്ളിയുടെ അനുബന്ധമത്രെ ഇന്നത്തെ ജൂമുഅത്ത്പള്ളിസ്കൂൾ. വെളിമുക്കിൽ അരീക്കാടൻ പള്ളീമ, ആയിശാബീവി എന്നിവർ നടത്തിവന്നിരുന്ന വനിതാസ്കൂളുകൾ ശ്രദ്ധേയമത്രെ. അക്കാലത്ത് മുസ്ലിം വിദ്യാഭ്യാസപുരോഗതിക്കായി ബ്രിട്ടീഷുകാർ നിയമിച്ച ഗഫൂർഷാ എന്ന മുസ്ലിംഇൻസ്പെക്ടറുടെ പ്രവർത്തനം വിദ്യാഭ്യാസരംഗത്ത് മുന്നേറ്റത്തിനുള്ള കളമൊരുക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി പലരും മലബാർ ഡിസ്ട്രിക് ബോർഡിന്റെ പ്രത്യേക പരിശീലനത്തിനു അയക്കപ്പെട്ടു. ഏതാണ്ട് 70 വർഷങ്ങൾക്കുമുമ്പ് എടക്കണ്ടത്തിൽ അബ്ദുൽറഹിമാൻ എന്നയാൾ ചെർനൂരിൽ ഒരു ഏകാംഗവിദ്യാലയം നടത്തിയതും ശ്രദ്ധേയമാണ്. എറക്കോട് ബംഗ്ലാവിൽ സർക്കാർ അംഗീകാരത്തോടെ വിദ്യാലയം ഏറെക്കാലം പ്രവർത്തിച്ചു. ഇതിനുമുമ്പ് ഇന്നത്തെ ചേളാരി സ്കൂളിന്റെ ആദ്യരൂപം പാണക്കാട് സ്ഥാപിക്കപ്പെട്ടിരുന്നു. സി.എച്ച്. മുല്ലമൗലവി, മണ്ണഞ്ചേരി ആമു എന്നിവർ ഇവിടെ അദ്ധ്യാപകരായിരുന്നു. മുള്ളുങ്ങൽ കോലങ്ങട്ടിപാലം സ്ഥാപിച്ച മൂച്ചിക്കതേതൊടി പള്ളി, പാപ്പന്നൂർ ശിവക്ഷേത്രം എന്നിവയും ചെർനൂരിലുണ്ട്. കോഴിശ്ശീരിക്കാവ് എന്നപേരിൽ ഇന്നറിയപ്പെടുന്ന പ്രദേശത്ത് ക്ഷേത്രത്തോടനുബന്ധിച്ച് കുളങ്ങളും മറ്റുമുണ്ട്. ആണ്ട്കഴിക്കൽ എന്ന പ്രസിദ്ധമായ ചടങ്ങ് നൂറ്റാണ്ടുകൾക്കുമുമ്പ് (300-400) നിലവിലുണ്ടായതായി പറയപ്പെടുന്നു.

ഗതാഗതത്തിന്റെ കാര്യത്തിൽ ഗ്രാമത്തിന് ശ്രദ്ധേയമായ പാരമ്പര്യമുണ്ട്. പാറക്കടവ് പുഴയോരത്ത് ചെന്നവസാനിക്കുന്ന റോഡ്, ടിപ്പുവിന്റെ പീരങ്കിപ്പടക്ക് വഴിയൊരുക്കിയിരുന്നത്രെ. ടിപ്പുവിന്റെ പടയോട്ടത്തിന്റെ സ്മരണകളായ തുരങ്കങ്ങളുടെ അവശിഷ്ടങ്ങൾ പാറക്കടവ് ഭാഗത്ത് ഇപ്പോഴും കാണപ്പെടുന്നുണ്ട്. 1968 ൽ അന്നത്തെ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയും നമ്മുടെ മണ്ഡലത്തിന്റെ പ്രതിനിധിയാമായിരുന്ന ശ്രീ. അവുക്കാദർകുട്ടി നഹ ഉദ്ഘാടനം നിർവ്വഹിച്ച പാറക്കടവ് പാലം പഞ്ചായത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുകയുണ്ടായി. 1957 ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇം.എം.എസ് ഉദ്ഘാടനം ചെയ്ത മണ്ണത്താംപാറ അണക്കെട്ടും പഞ്ചായത്ത് കാർഷികവികസനത്തിലെ ഒരു നാഴികക്കല്ലായിരുന്നു.

മൺമറഞ്ഞ പ്രാചീനതലമുറയുടെ ഉൽകൃഷ്ട സംസ്കാരത്തിന്റെ ഓർമ്മകളായ നന്നങ്ങാടികൾ പാലക്കൽ ഭാഗത്തും കുന്നത്തുപറമ്പ് ഭാഗത്തുമെല്ലാം കണ്ടെത്തുകയുണ്ടായി. ഒരു ഉയർന്ന സാംസ്കാരികചൈതന്യം നമ്മുടെ ഗതകാല ഗ്രാമീണതയുടെ ജൈവൽസ്പന്ദനമായി നിലനിന്നിരുന്നു എന്ന് ഇതിൽ നിന്നനുമാനിക്കാം.

# കൃഷിയും ജലസേചനവും

മുന്നിയൂർ പഞ്ചായത്തിൻെറ വികസന കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ കാർഷിക മേഖല ക്കാണ് പരമ പ്രധാന്യമുള്ളത്. കിഴക്കൻ തോട്, കടലുണ്ടി പുഴ എന്നിവയാൽ കിഴക്കും തെക്കും പടിഞ്ഞാറും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്നു. പതിനഞ്ച് പ്രധാന പാടശേഖരങ്ങളിലായി 610 ഹെക്ടർ നെൽവയലും ബാക്കി 1116 ഹെക്ടർ പുരയിടവും ഏകദേശം 20 വർഷത്തിനു മുമ്പ് വരെ പൂർണ്ണമായും വിനിയോഗിക്കപ്പെട്ടിരിക്കുന്നു. പഞ്ചായത്തിലെ 90% ജനങ്ങളും നെൽകൃഷിയും പരമ്പരാഗത പറമ്പു. കൃഷിയും മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവരായിരുന്നു. കൃഷിഭൂമിയുടെ ജന്മാവകാശം നാട്ടുകാർക്കു വിരളമായിരുന്നു. കൃഷിഭൂമിയുടെ ജന്മാവകാശം മുഖ്യമായും പരപ്പനാട്, പാപ്പനൂർ, ചെറമംഗലം എന്നീ കോവിലകങ്ങളിലും, നഹകുടുംബത്തിലും ഒതുങ്ങി. ഭൂപരിഷ്കരണ നിയമം സാർവ്വത്രികമായതിൻെറ ഭാഗമായി കർഷക കുടിയാൻമാർക്ക് കൃഷിഭൂമിയുടെ ജന്മം ലഭിച്ചു. ഒട്ടേറെ ഭൂരഹിത കർഷകത്തൊഴിലാളികൾ ചേളാരിയിലെ പൂതേരി തറവാട്ടിൽ നിന്നുള്ള മിച്ച ഭൂമിയും പതിച്ചു കിട്ടിയിട്ടുണ്ട്.

വയലുകളിൽ നാടൻ വിത്തിനങ്ങളും നാടൻ കാർഷിക മുറകളും പ്രയോഗിച്ച് മുൻകാലങ്ങളിൽ പരമാവധി വിള ഉല്പാദിപ്പിച്ചിരിക്കുന്നു. കാലിവളം ഉപയോഗിച്ചും കാലികളെ ഉപയോഗിച്ച് ഉഴുതും എല്ലാവിഭാഗം ജനങ്ങളും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടിരുന്നു. വയലുകളിലെ ഏക വിള നെൽ കൃഷിമാത്രമായിരുന്നു.

എന്നാൽ പറമ്പുകളിലെ ചെറിയ വീടുകളിൽ വലിയ കൂട്ടു കുടുംബങ്ങൾ താമസിക്കുകയും ചുറ്റുമുള്ള വിശാലമായ സ്ഥലം കൃഷിക്ക് ഉപയോഗിക്കുകയും ചെയ്തു. നാടൻ കാർഷിക ഉൽപ്പന്നങ്ങളായ പൂള, ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന, കാച്ചിൽ, മധുരകിഴങ്ങ്, മുത്താറി, പ.റ് വർഗങ്ങൾ, ചാമ എന്നീ ഹ്രസ്വകാല വിളകളും പച്ചമുളക്, തക്കാളി, വെണ്ട, തുടങ്ങിയവ ഇഞ്ചികൃഷിക്ക് ഇടവിളയായി ധാരാളം ഉൽപ്പാദിപ്പിച്ചിരുന്നു. ചക്ക, മാങ്ങ, നെല്ലിക്ക, പുളി തുടങ്ങിയവ പറമ്പുകളിൽ സുലഭമായിരുന്നു. ആവശ്യത്തിൽ കവിഞ്ഞ ചക്ക, മാങ്ങ തുടങ്ങിയവ കയറ്റുമതി ചെയ്തിരുന്നു.

തേങ്ങയുടെ ഉല്പാദനം ഇന്നത്തേതിനെ അപേക്ഷിച്ച് കുറവായിരുന്നു. മിക്ക കുടുംബങ്ങളും പലചരക്കു കടകളിൽ നിന്ന് തേങ്ങയുടെ കഷ്ണങ്ങൾ വാങ്ങി ഉപയോഗിക്കുക പതിവായിരുന്നു. പറമ്പുകൾ ഒരു കാലത്തും തരിശിടുന്ന സ്വഭാവം ഉണ്ടായിരുന്നില്ല. വേനൽകാലത്ത് ആണ്ട് മുഴുവൻ നില നിൽക്കുന്ന കൊല്ല പൂള മഴക്കാലത്തേക്ക് മാത്രമുള്ള ആറാം പൂള കാലവർഷാരംഭത്തിൽ നെല്ലിനമായിരുന്ന മോടൻ എന്നിവകളാൽ പറമ്പുകൾ എന്നും പച്ചപ്പ് നില നിർത്തിയിരുന്നു.

വിളക്രമം:-

ഇന്ന് നെൽ വയലുകളും നെൽകൃഷിയും ചുരുങ്ങികൊണ്ടിരിക്കയാണ്. പറമ്പുകളിലെ കൃഷിയും ഇല്ലാതായി. മൂന്ന് വിളകൾ പൂർണ്ണമായും ഇല്ലാതായി. മൂന്ന് വിളകൾ പൂർണ്ണമായും എടുക്കുന്ന വയലുകൾ തീരെയില്ലെന്ന് തന്നെ പറയാം. വയലുകളുടെ വിളക്രമം താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| നെല്ല് | – | നെല്ല് |
| – | നെല്ല് | നെല്ല് |
| | | നെല്ല് |
| നെല്ല് | പൂള | – |
| വാഴ | – | – |
| പൂള | – | – |
| നെല്ല്, | പച്ചക്കറി | – |

പറമ്പിലെ വിളക്രമം

| | | |
|---|---|---|
| തെങ്ങ് | – | |
| തെങ്ങ്, | കവുങ്ങ് | – |
| തെങ്ങ്, | പൂള, | തുടങ്ങിയവ |
| പൂള | – | – |

കശുമാവ്,മാവ്, പ്ലാവ്, എന്നിവ ക്രമത്തിലല്ലാതെയും നട്ടുവളർത്തി വരുന്നു.

കാർഷിക മുറ:- കാർഷിക മുറയുടെ കാര്യത്തിൽ പരമ്പരാഗത കൃഷി രീതിയാണ് ഇന്നും അവലംബിക്കുന്നത്. ഉഴവുകാളകൾക്കുപകരം റോഡു സൗകര്യങ്ങളുള്ളിടങ്ങളിൽ ട്രാക്റ്റർ ഉപയോഗിച്ചുവരുന്നു. നടീൽ കൊയ്ത്തു, മെതിയന്ത്രങ്ങൾ ഇന്നും കർഷകർക്ക് അപരിചിതമാണ്. ഒരു പാട ശേഖരത്തിന് 10 ജോഡി ഉഴവുകാളകളെ വളർത്തിയിരുന്ന സ്ഥാനത്ത് ഇന്ന് ഓന്നോ, രണ്ടോ ആയി ചുരുങ്ങി കാർഷിക തൊഴിലാളികൾ ജോലി അന്വേഷിച്ചിരുന്ന സ്ഥാനത്ത് ഇന്ന് ആവശ്യത്തിന് ജോലിക്കാരെ കിട്ടാത്ത അവസ്ഥയായി. അയൽ സംസ്ഥാനങ്ങളിലെ തൊഴിലന്വേഷകരാണ് ഒരളവോളം ഈ വിടവു നികത്തുന്നത്.

ഈ മാറ്റത്തിന് സാമൂഹിക സാമ്പത്തിക പശ്ചാത്തലങ്ങളുണ്ട്. മുഖ്യമായും നെല്ലിൻെറ ഉൽപാദനച്ചെലവിന് ആനുപാതികമായി ഉല്പാദന ക്ഷമത വർദ്ധിക്കാത്തതും ഉല്പന്നങ്ങൾക്ക് ആനുപാതിക വില ലഭിക്കാത്തതുമാണ് ഇതിന് കാരണം. നെൽ കൃഷിക്ക് പകരം വാഴയും പൂളയും കൃഷി തെയ്യാൻ തുടങ്ങി. ഗൽഫ് പണത്തിൻെറ സ്വാധീനവും കാർഷിക വൃത്തിയോടുള്ള വിരസതയും യുവാക്കളെ ഈ മേഖലയിൽ നിന്ന് അകറ്റി. ഇതു കൂലി വർദ്ധനവിന് കാരണമാവുകയും ചെയ്തു. ഇതേ കാരണങ്ങൾ കൊണ്ടുതന്നെയാണ് പറമ്പുകളിലെ ഹൃസ്വകാല വിളകൾ അപ്രത്യക്ഷമായി ദീർഘകാല വിളയായ തെങ്ങ് സ്ഥാനം പിടിച്ച് ഇതിലൂടെ നമുക്ക് ഗ്രാമീണൻെറ പരമ്പരാഗത ജീവിതശൈലിയും, ആഹാരരീതിയും നഷ്ടപ്പെട്ടപ്പോൾ നഗരവൽകരണവും ഉപഭോഗ സംസ്ക്കാരത്തോടുള്ള ആഭിമുഖ്യം വളർന്നു. ശരീര പ്രകൃതിയിൽ മാറ്റം വരികയും പുതിയ രോഗത്തിനുടമകളാവുകയും ചെയ്തു.

ഇന്നത്തെ വിള ചേരുവ:-

പട്ടിക 3-2 നോക്കുക

ഉൽപാദന ക്ഷമത. പട്ടിക 3-2 നോക്കുക

ഒന്ന് രണ്ട് വിളവുകളിൽ ഉൽപാദന മത താരതമമ്യേന മൂന്നാംവിളയെ കപേക്ഷിച്ച് കുറവാണ്. പ്രകൃതിക്ഷോഭത്തേയും, കീടരോഗബാധയെയും പ്രതിരോദിക്കുന്ന നാടൻ വിത്തിനങ്ങൾ ഉപയോഗിക്കുന്നതാണ് ഈ കുറവിന്ന് കാരണം. ഭക്ഷണത്തിന് നാടൻ വിത്തിനങ്ങളിൽ നിന്നുള്ള അരിയാണ് ഗ്രാമീണർ കൂടുതലായി ഇഷ്ടപ്പെടുന്നത്. ഉൽപാദനം കുറയാനുള്ള മറ്റൊരു കാരണം കൃഷി ഭൂമിയുടെ ജൈവാവസ്ഥ കുറഞ്ഞു വരുന്നതാണ്. രാസവളങ്ങളുടെ അശാസ്ത്രീയമായ പ്രയോഗം കൃഷിഭൂമിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മണ്ണിൻെറ ഘടന പരിശോധിച്ചോ മനസ്സിലാക്കിയോ അല്ല കർഷകർ രാസവളപ്രയോഗം നടത്തുന്നത്. ജൈവ സാന്നിദ്ധ്യമുള്ള വെളിമുക്ക്, വലിയ ചാലി പോലുള്ള കൃഷി ഭൂമിയിൽ നിന്നും ഹെക്റ്ററിന് 9 ടൺ (മൂന്നിരട്ടി) ഉൽപാദന ക്ഷമതയുണ്ടെന്നാണ് കർഷകപ്രമുഖരുടെ അനുഭവം. നാടൻ വിത്തിനങ്ങളുടെ ഗുണമേന്മയുള്ള അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുകയാണ് ഇതിന് പരിഹാര മാർഗ്ഗം.

കൃഷിപ്പണിയുടെ കലണ്ടർ

ജലസേചന സൗകര്യങ്ങൾ :-

പഞ്ചായത്തിൻെറ പ്രകൃതിപരമായ കിടപ്പ് തന്നെ തോടുകളാലും പുഴയാലും ചുറ്റപ്പെട്ട് അനുഗൃഹീതമാണെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. എന്നാൽ ഈ സൗകര്യങ്ങൾ മുഴുവൻ ഉപയോഗപ്പടുത്താൻ നിലവിലുള്ള ജലസേചന സംവിധാനങ്ങൾ പോര.

1. VCB കൾ കിഴക്കൻതോടിലെ കണ്ണൻ മൂച്ചിചിറ, കാട്ടുവായ്ചിറ, തരിപ്പച്ചിറ, ആരുകണ്ടംചിറ, എന്നിവ മുന്നിയൂർ പഞ്ചായത്തിലെയും തേഞ്ഞിപ്പലം, എ.ആർ നഗർ പഞ്ചായത്തുകളിലെയും ഉൾപ്പെട്ട മുഴുവൻ കിഴക്കും പാടത്തിന് ജലസേതനം ചെയ്യാൻ പര്യാപ്തമാണ്. ഇത് പഞ്ചായത്തിൻെറ മുഴുവൻ കിഴക്കനതൃത്തിയാണ്. ആവുത്തിത്തറ ലോക്ക് ചെർണ്ണൂർ പാടത്തേക്കും, മാതാപുഴ ലോക്ക് ചെർണ്ണൂർ ചാലിപാടത്തേക്കും ഉദ്ദേശിച്ച് പണിതതാണ്.

2 ലിഫ്റ്റ് ഇറിഗേഷൻ:- തെക്കെപാടത്തെ ഉദ്ദേശിച്ച് പണിത തെക്കെപാടം ലിഫ്റ്റ് ഇറിഗേഷൻെറ ആയക്കെട്ട് 71 ഹെക്റ്ററും, മുള്ളൻ കുഴി ലിഫ്റ്റ് ഇറിഗേഷൻെറ ആയക്കെട്ട് 45 ഹെക്റ്ററുമാണ്.

3. CSS for SF/MF:- ചെറുകിട ഇടത്തരം കർഷകരുടെ വികസനത്തിനായി 94 95ൽ 43 കിണറുകളും

38 പമ്പുസെറ്റുകളും സ്ഥാപിച്ചപ്പൾ 95 96ൽ യഥാക്രമം 38 ഉം 75 ഉംആയി.

4. കുളങ്ങൾ:- പഴയ കൃഷിസമ്പ്രദായത്തിൽ ജല സേചനത്തിന് മഴ കഴിഞ്ഞാൽ ആശ്രയിച്ചിരുന്നത് കുഴികളും കുളങ്ങളുമായിരുന്നു.

സ്വകാര്യ സ്ഥലങ്ങളിൽ ഇത്തരം കുഴികളിൽ നിന്നും കുളങ്ങളിൽനിന്നും ഏത്തം വഴി തേവിയാണ് ജലസേചനം നടത്തിയിരുന്നത്. മിക്ക പാടശേഖരങ്ങളിലും ഇത്തരം ധാരാളം ആസ്തികളുണ്ടായിരുന്നു. അലക്കാനും കുളിക്കാനും സർവസാധാരണമായി ഉപയോഗിച്ചിരുന്നു. ഗ്രാമത്തെ പച്ചപിടിപ്പിക്കുന്ന ഈ ആസ്തികൾ ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. തേവുന്ന സമ്പ്രദായം ഇല്ലാതായി. പമ്പുസെറ്റുകൾക്ക് മണ്ണെണ്ണയുടെ ദൗർലഭ്യത വന്നു. ഇതോടെ കുളങ്ങളും കുഴികളും കുളിമുറികളായി മാറി. ഇതോടെ കുളങ്ങളും കാട് നിറഞ്ഞും മണ്ണടിഞ്ഞും നശിച്ചുകൊണ്ടിരിക്കുന്നു.

5. തോടുകൾ:- കുഴക്കൻതോട്, മുറിത്തോട്, വളയംകണ്ടംതോട്, പുത്തൻതോട്, മുന്നിയൂർ ചാലി, വെളിമുക്ക് ചാലി, ചാലിത്തോട് മാന്തോട് പീലം -പാപ്പനൂർ തോട്, ചെർണുർചാലി, ചാലിത്തോട്, എന്നിവയും കടലുണ്ടിപ്പുഴയുമാണ് മുഖ്യമായി നീരൊഴുക്കുള്ളവ.

6. തടയണ:- കടലുണ്ടി പുഴയിലെ മണ്ണാട്ടാം പാറ ലോക്ക് എടുത്തുപറയത്തക്ക ഒരു തടയണയാണ്.

7. വെള്ളക്കെട്ടുകൾ:- വെഴിമുക്ക് വലിയചാലി, മുന്നിയൂർ ചാലി, പെർണ്ണുർ ചാലി.

8. മേജർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കടലുണ്ടി പുഴയുടെ നമ്മുടെ പഞ്ചായത്തിൻെറ 10 കി. മി. കര സംരക്ഷിക്കേണ്ടതിൽ തയ്യിലകടവ്, ചുഴലി ഭാഗങ്ങളിലായി രണ്ടര കിമീ നീളത്തിൽ 25 ലക്ഷത്തോളം രൂപ ചെലവഴിച്ച് കര സംരക്ഷിച്ചിട്ടുണ്ട്.

## പറമ്പ് ജലസേചനം

പുരയിടത്തിൽ 1116 ഹെക്റ്റർ സ്ഥലത്തും തെങ്ങ് കൃഷിയാണുള്ളത്. പാറക്കടവു മുതൽ മാതാപുഴവരെയുള്ള പുഴയോരത്ത് ജലസേചന സൗകര്യമുള്ളപ്പോൾ മേക്കര പ്രദേശങ്ങളിൽ കാര്യമായ ജലസേചനം ഇല്ല. കവുങ്ങ് 50 ഹെക്റ്ററിൽ.

പറമ്പുകളിലെ പൂളകൃഷി പൂർണ്ണമായും മഴയെ ആശ്രയിച്ചുള്ളതാണ്. ഇത് ഏകദേശം 100 ഹെക്റ്റർ വരും. കശുമാവ് കുരുമുലക് തുടങ്ങിയ കാര്യമായ ശ്രദ്ധയില്ലാതെ കൃഷിചെയ്യപ്പെടുന്നു.

## ഉൽപന്നങ്ങൾ വില വിപണനം

ചാർട്ട് 3 2 നോക്കുക

തേങ്ങ :-

പഞ്ചായത്തിൻെറ 1 ൽ 3 ഭാഗം വിസ്തീർണ്ണം നെൽവയലുകളാണെങ്കിലും ഇന്നത്തെ മുഖ്യകൃഷി തെങ്ങായി മാറിയിരിക്കുന്നു. ഒരു ലക്ഷത്തിൽപരം തെങ്ങിൻ തടകളാണ് ഇപ്പോൾ നിലവിലുള്ളത്. ഇവയിൽനിന്നു കിട്ടുന്ന വിളവുകൾ ഇടത്തട്ടുകാരായ കച്ചവടക്കാർ വാങ്ങി കൊപ്രയാക്കി വിൽപന നടത്തിയ ശേഷമാണ്. കർഷകർക്ക് മിക്കപ്പോഴും വില ലഭിക്കുന്നത്. മറ്റു വിപണന സാധ്യതകളും സംസ്ക്കരണ കേന്ദ്രങ്ങളും ഇല്ല. കൊപ്ര വിപണനത്തിലെ പൊതുപ്രയാസങ്ങളൊക്കെ ഇവിടേയും ബാധകമാണ്.

അടയ്ക്ക :- പുഴയോരത്ത് കമുക് തനിയെയും തെങ്ങിനിടയിലുമായി വളരുന്നു. 50 ഹെക്ടർ കൃഷിയിൽ നിന്നും മരമൊന്നിന് 400 എന്ന തോതിൽ വിളവ് ലഭിക്കുന്നത്. ഒരു പക്ഷെ തേങ്ങയെക്കാളും മെച്ചമാണ് അടക്കയുടെ വിലയും വിപണന സൗകര്യവും. ഇടത്തട്ടുകാരായ കച്ചവടക്കാർ തന്നെയാണ് ഇത് വാങ്ങുന്നത്.

വാഴ-പൂള :- നെല്ല് ലാഭകരമല്ലെന്ന തീരുമാനത്തോടെ നെൽവയലുകളിൽ വിളയുന്ന വാഴക്കുലയും പൂളയും മാന്യമായ വിലക്ക് വിൽക്കപ്പെടുന്നുണ്ട്. നല്ല പരിചരണം ലഭിച്ചാൽ മികച്ച വിളവ് കിട്ടാറുണ്ട്. ഇടത്തട്ടുകാർ നേരത്തെ വയലുകളിൽ വച്ചു തന്നെ കച്ചവടം ചെയ്ത് വിലകൊടുക്കുന്ന സൗകര്യമുണ്ട്.

ചക്ക :- മുൻ കാലങ്ങളെ അപേക്ഷിച്ച് ചക്കയുടെ ഉപയോഗം നന്നേ കുറവാണ്. അയൽ സംസ്ഥാനങ്ങളിലേക്കുള്ള കയറ്റുമതിയാണ് അൽപ്പം ആശ്വാസം. ഒട്ടും തൃപ്തികരമല്ലാത്ത വിലയാണ് കിട്ടുന്നത്. മാർക്കറ്റിൽ ചക്കപ്പൊരിയുടെ വില പൊള്ളുന്നതാണ്.

മാങ്ങ :- വളരെയേറെ ഉൽപാദനം കുറഞ്ഞു വരുന്നു. സർവ്വ സാധാരണമായ കോമാങ്ങപോലും വിരളമാണ്. പുതിയ ഇനം മാവിൻ കൃഷിക്ക് വളരെ സാധ്യതയുണ്ട്. ഏറ്റവും വിലക്കൂടിയ ഒരു പഴവർഗ്ഗ മാണ് മാങ്ങ.

പച്ചക്കറി :- വീട്ടു വളുപ്പിൽ ധാരാളമായി സീസൺ കൃഷിയായി ചെയ്തിരുന്ന മത്തൻ, ചൊരങ്ങ, ഇളവൻ, വെള്ളരിക്ക, ഇന്ന് ഒട്ടും ഇല്ലാതായി. പുഞ്ചവയലുകളിൽ മൂന്നിയൂർ വടക്കെ പാടം, ചെറിയചാലിപാടം, എന്നിവടങ്ങളിൽ ചൊരങ്ങ, പയർ, പാവക്ക, എന്നിവ വ്യപകമായി കൃഷിയുണ്ട്. അയൽ പഞ്ചായത്തുകളിലെ മാർക്കറ്റുകളിലാണ് കാര്യമായ വിപണന സൗകര്യമുള്ളത്.

### കാർഷിക ബന്ധങ്ങൾ

നേരത്തെ സൂചിപ്പിച്ചതുപോലെ നെൽകൃഷിയിൽ നിന്നും കർഷകർ അകലുന്നതിന്റെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലങ്ങൾ പറഞ്ഞപ്പോൾ കർഷകത്തൊഴിലാളികളുടെ ദൗർലഭ്യതയും ഉള്ള തൊഴിലാളികളുടെ കൂലി വർദ്ധനയും സൂചിപ്പിച്ചുവല്ലോ. പകരം വാണിജ്യ സ്വഭാവമുള്ള വാഴ-പൂള എന്നിവയുടെ കടന്നു കയറ്റവും സ്വയം പണിചെയ്യുന്ന കർഷകർക്ക് ചെയ്യാവുന്ന കൃഷിയായതിനാൽ ഈ സംരഭത്തിലെ മുഖ്യതൊഴിലും ചെറുകിട കർഷകൻ തന്നെയാണ് ചെയ്തു തീർക്കുന്നത്.

പഴയ കാലത്ത് ഗാഢമായ ബന്ധം കർഷകരും കർഷകത്തൊഴിലാളികൾക്കുമിടയിൽ ഉണ്ടായിരുന്നു. ഇന്ന് സ്ഥിരം തൊഴിലാളികളില്ലാതാവുകയാണ്. ആവശ്യത്തിന് ഏതെങ്കിലും അപരിചിതനെ (അയൽ സംസ്ഥാനക്കാർ) അങ്ങാടികളിൽ നിന്നും വിളിച്ചു കൊണ്ടു വരുന്നു. കർഷകർ തമ്മിലും നേരത്തെ സഹകരണ ബന്ധം നിലനിന്നിരുന്നു. ഉഴവുകാളകളെ വായ്പ എടുക്കുക, ഒരു പാടശേഖരത്തിലെ കർഷകരും തൊഴിലാളികളും നേരത്തെ സംസാരിച്ച് ധാരണയിലെത്തി പാടശേഖരത്തിലെ എല്ലാ കൃഷിയും ഒരു സമയ പരിധിയിൽ ചെയ്തു തീർക്കുക എന്നിവ ഉദാഹരണങ്ങൾ.

ഇന്നത്തെ പാടശേഖര സമിതികളും കൂട്ടുകൃഷി സമ്പ്രദായവുമൊക്കെ വേണ്ട വിധം ഫലപ്രദമല്ലെന്ന് മാത്രമല്ല പഴയ സംവിധാനം ഇല്ലാതെ പോവുകയും ചെയ്തു.

### കൂലി സേവന വ്യവസ്ഥകൾ

ഉഴവ്

കിളക്കാർ

നടീൽ-(സ്ത്രീകൾ)

കളപറി- (സ്ത്രീകൾ)

കൊയ്ത്ത്

മെതി

തേങ്ങായിടൽ

അടക്ക പറിക്കൽ

### വളം ഉപഭോഗം    പട്ടിക 3.3

മേൽ പട്ടികയിൽ നിന്നും രാസവളത്തിന്റെയും കീടനാശിനിയുടെയും ഉപഭോഗം വർദ്ധിച്ചു വരുന്നതായി മനസ്സിലാക്കമല്ലോ. പലപ്പോഴും മണ്ണിനെ അറിഞ്ഞിട്ടല്ല രാസവളപ്രയോഗം. അതിലേറെ ഗുരുതരം കീടനാശിനിയുടെതാണ്. അവരവരുടെ കൃഷിയെ രക്ഷിക്കാൻ കൂടുതൽ വീര്യം ചേർന്ന മരുന്ന് തെളിക്കുകയും ഉൽപന്നം കൂടുതൽ വിഷലിപ്തമാക്കുകയും അതോടോപ്പം കീടങ്ങൾ ഒന്നിച്ച് തൊട്ടടുത്ത കൃഷിയിടത്തിൽ അക്രമണം നടത്തുകയും ചെയ്യുന്നു.

### ജൈവവള പ്രയോഗം

താരതമ്യേന കുറഞ്ഞു വരികയാണ്. പച്ചില, കാലിവളം, ക്ഷാരം എന്നിവയാണല്ലൊ കിട്ടാവുന്ന ജൈവവളങ്ങൾ. ഇവ സംഭരിക്കുവാനും വയലുകളിലെത്തിക്കാനും മറ്റും വരുന്ന കൂലി ചെലവുകളും ഇവയുടെ വിലയും ജൈവവളം വയലുകളിൽ നിന്നും മാറാനിടയായി.

### രോഗങ്ങൾ

നെല്ലിന് - തണ്ടുതുരപ്പൻ, ഓലചുരുട്ടിപ്പുഴു, മൂഞ്ഞ, ബ്ലാസ്റ്റ്, കുണ്ടം വീഴ്ച

തെങ്ങിന് - മണ്ട ചീയൽ, കാറ്റു വീഴ്ച, ചെന്നീരൊലിപ്പ്

വാഴ - കൊക്കാൻ, മണ്ടയടപ്പ്, ആയിരം തുമ്പ്, കറുനാമ്പ്

കമുക് - കൂമ്പ് മുരടിപ്പ്, പൂങ്കുലച്ചാഴി

| വായ്പാസൗകര്യങ്ങൾ | | 95-96 | 96-97 നടപ്പു വർഷം | 97-98 പ്രൊജക്ട് |
|---|---|---|---|---|
| സഹകരണബാങ്ക് | വെളിമുക്ക് | 11.94 | 19 ല 100 ലക്ഷത്തിൽ 73 ലക്ഷം ചില വഴിച്ച തിൽ 21 ലക്ഷം കൃഷിക്ക് | 11.94 |
| ഗ്രാമീൺ ബാങ്ക് | ചേളാരി | 90 ലക്ഷം ജനറൽ | 100 | 125 ലക്ഷം |
| അഗ്രി- വികസന ബാങ്ക് | ചെമ്മാട് | | | |

പച്ചക്കറി - മൊസൈക്ക്, തണ്ടു തുരപ്പൻ, കായീച്ച

പൂള- മൊസൈക്ക്, എലിശല്യം

കശുമാവ്- തേയിലകൊതുമ്പ്, തണ്ടുതുരപ്പൻ

മാവ്- കായീച്ച, pinb.

## കാർഷിക വികസന പ്രവർത്തനങ്ങൾ

**കൃഷിഭവൻ :-** പഞ്ചായത്തിൻെറ കൃഷിഭവൻ പടിക്കൽ ഭാഗത്താണ് പ്രവർത്തിക്കുന്നത്. കർഷകരെ പൊതുവെ ആകർഷിക്കാൻ സാധിച്ചിട്ടില്ല. കൃഷിഭവനിൽ നിനുള്ള സേവന പ്രവർത്തനങ്ങളെ കുറിച്ച് കർഷകർ പൊതുവിൽ ബോധവാന്മാരല്ല. ബോധവാൻമാരായ ചിലർക്കുമാത്രം പ്രചോദനം ലഭിക്കുന്നു.

css for SF/MF തുടങ്ങിയ പദ്ധതികൾ പലപ്പോഴും യഥാർത്ഥ ഗുണഭോക്താക്കളെ തേടിയെത്തുന്നില്ല.

പട്ടിക 3.5 നോക്കുക.

മേൽ പട്ടിക തന്നെ നടീൽ വസ്തു വിതരണം താഴോട്ടാണെന്ന് സൂചിപ്പിച്ചുവല്ലോ, കൃഷിഭവൻെറ സേവന പ്രവർത്തനങ്ങളുടെ ബോധവൽക്കരണ കുറവിൻെറ ഫലമാണ് ഇതെന്ന് മനസ്സിലാക്കാം

### പ്രകൃതി ക്ഷോഭം

വരൾച്ചയും വെള്ളപ്പൊക്കവും നമ്മുടെ പ്രകൃതിയുടെ ഒരു സ്വാഭാവമായി മാറിവരികയാണോ? ഒരളവോളം വരൾച്ചയും വെള്ളപ്പൊക്കവും നമ്മുടെ സൃഷ്ടിയാണ്. നീർച്ചാലുകൾ നികത്തപ്പെട്ടും കുളവും കുഴികളും തൂർത്തപ്പെട്ടും അതുപോലെ വയലുകൾ മണ്ണിട്ട് നികത്തിയും വെള്ളത്തിൻെറ ഒഴുക്കിനെ അതിവൃഷ്ടി സമയത്ത് തടയുന്നു. വെള്ളം കെട്ടിനിൽക്കാൻ ഇടയാകുന്നു.

മറുവശത്ത് വൃഷ്ടിയിൽ വെള്ളം തടഞ്ഞു നിർത്തുന്ന മതിലും വരമ്പും പറമ്പുകളിൽ ഇല്ലാതെ പോകുന്നു. പെയ്തിറങ്ങിയ വെള്ളം എവിടെയും തടയപ്പെടാതെയും പറമ്പുകളിൽ കൊത്തും കിളയും ഇല്ലാത്തതിനാൽ ഭൂമിയിലേക്ക് ഇറങ്ങാതെയും ഒലിച്ചു പോയി നഷ്ടമാവുന്നു. ഇത് മൂലം കനത്ത തോതിൽ മണ്ണൊലിപ്പ് ഉണ്ടാകുന്നുണ്ട്.

ആദ്യത്തേത് വെള്ളപ്പൊക്കത്തെ സൃഷ്ടിച്ചാൽ രണ്ടാമത്തേത് വരൾച്ചയെയും സൃഷ്ടിക്കുന്നു.

കൊടുങ്കാറ്റുമൂലം കാര്യമായ നഷ്ടം സംഭവിക്കുന്നത് വാഴകൃഷിയെയാണ്.

മേൽ മൂന്ന് ഘട്ടത്തെയും സംരക്ഷിക്കാവുന്ന വില ഇൻഷൂറൻസിനെ കുറിച്ച് കർഷകർക്കറിയില്ല.

### ദുരിതാശ്വാസ വിതരണം

പട്ടിക 3.6 നോക്കുക.

പട്ടികയിൽ നിന്നും വെള്ളപ്പൊക്കത്താലും വരൾച്ചയാലും ദുരിതം ഏൽക്കണ്ടി വന്നവർക്കാണ് ആശ്വാസം നൽകേണ്ടി വന്നതെന്ന് മനസ്സിലാകുന്നു.

### കൈവശ ഭൂമി വിസ്തീർണ്ണം

നമ്മുടെ പഞ്ചായത്തിലെ കൈവശഭൂമി വിസ്തീർണ്ണത്തിൻെറ ശരാശരി രൂപം ഇപ്രകാരം

| | |
|---|---|
| നാമമാത്ര കർഷകൻ | 90% |
| ചെറുകിട കർഷകൻ | 8.9 % നും 9% ഇടക്ക് |
| വൻകിട കർഷകർ | 1% നും 1.5% ഇടക്ക് |

ഇവിടെ 90% കുടുംബവും നാമമാത്ര കർഷകരാണ്.

ഒരു കുടുംബം അഥവാ വീടിൻെറ കൈവശം 50 സെൻററിൽ താഴെ ഭൂമിയേ ഉള്ളു എന്ന് ചുരുക്കം. പട്ടിക 3.9 നോക്കുക.

പാടശേഖരങ്ങളുടെ വിസ്തിർണ്ണവും കർഷകരും.

15 പാടശേഖരങ്ങളിലായി 700 ഓളം കർഷകർക്ക് ശരാശരി ഒന്നര ഏക്കർ വീതം നെൽ വയലുകൾ ഉണ്ടെന്നു കണക്കാക്കുന്നു.

പട്ടിക നോക്കുക.

പട്ടിക

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിലെ കൃഷി സംബന്ധവും ജലസേചന സംബന്ധവുമായ ഏതാനും വസ്തുത കളാണ് ഇത് വരെ പരാമർശിക്കപ്പെട്ടത്. ഈ വസ്തുതകളിലൂടെ കടന്നുപോകുന്ന ആർക്കും അനു ഭവപ്പെടുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ടാകാം. ഗ്രാമസഭ കളിൽ അത്തരം പ്രശ്നങ്ങളാണ് ഉയർന്നു വന്നിട്ടുള്ളത്.

**മണ്ണിൻെറ ഫലപുഷ്ടിക്കുറവ് :-**

കൃഷിയുടെ ഗുണമേന്മ അഥവാ ഉൽപാദന ക്ഷമത കുറഞ്ഞുവരുന്നതിൻെറ പ്രധാന കാരണം മണ്ണിൻെറ ഫലപുഷ്ടിയുടെ കുറവാണ്. ജൈവത കുറഞ്ഞ മണ്ണിൽ എളുപ്പ മാർഗ്ഗം സ്വീകരിച്ചു രാസവളം വീണ്ടും വീണ്ടും പ്രയോഗിച്ചുകൊണ്ടിരി ക്കുന്നതുകൊണ്ട് മണ്ണ് മരിച്ചുകൊണ്ടിരിക്കുന്നു. കൂടെ മനുഷ്യനും മരിക്കുന്നു എന്നാണ് പറയ പ്പെടുന്നത്.

മണ്ണൊലിപ്പ് ഒരു മുഖ്യ കാരണം. ഇത് മൂലം വളക്കൂറള്ള മേൽ മണ്ണാണ് ഒലിച്ചുപോകുന്നത്.

**തരിശിടൽ :-** പറമ്പും നെൽവയലും ഇപ്പോൾ ഒരുപോലെ നേരിടുന്ന ഭീഷണിയാണ് തരിശിടൽ. അരി, പച്ചക്കറി, കിഴങ്ങ്, പയർ വർഗ്ഗങ്ങൾ തുടങ്ങി നാമുൽപ്പാദിപ്പിക്കേണ്ട എന്തും വിലകൊടുത്താൽ മാർക്കറ്റിൽ നിന്ന് ലഭിക്കുന്നു.

**മണ്ണൊലിപ്പ് :-** വളക്കൂറുള്ള മേൽമണ്ണുകൾ വർഷം തോറും ഒലിച്ചുപോയിക്കൊണ്ടിരിക്കുന്നു. പുതിയ മണ്ണ് ഉൽപാദിപ്പിക്കാൻ ധാരാളം സമയ മെടുക്കുന്നു. അതിന് സഹായകമായി ഒന്നും നട ത്തുന്നുമില്ല. നേരത്തെ സൂചിപ്പിച്ച ഫലപുഷ്ടി നഷ്ട പ്പെടുംപോലേ ഭൂഗരഭത്തിൽ ജനലം സംഭരിക്കുന്നതിന് സഹായകമാകുന്നില്ല. അതിനാൽ വേനൽക്കാലത്തിനും മുമ്പ് തന്നം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ജലസേചനവും നടക്കുന്നില്ല.

ജലസേചന സംവിധാനത്തിൻെറ കുറവ്

വൈക്കത്തുപാടം, മുടഞ്ചേരി പടി, പട്ടിശ്ശേരി വയൽ, മൂഴിക്കൽ തോട്, മൂന്നിയുർ ചാലി, വെളിമുക്ക് ചാലി, പാല്ലനൂർ പാടം, ചെർമ്മൂർപാട്, ചാലി എന്നിവിടങ്ങളിൽ ജലസേചന സംവിധാനങ്ങൾ തീരെ ഇല്ല.

നിലവിലുള്ള പദ്ധതികളുടെ പോരായ്മ

കണ്ണൻ മൂച്ചി ചിറ, കാടുവായ് ചിറ, തരിപ്പ ചിറ, ആറുകണ്ടം ചിറ, തെക്കെപാടം ലിഫ്റ്റ് ഇറിഗേഷൻ, മുള്ളൻകുഴി ലിഫ്റ്റ് ഇറിഗേഷൻ, അവുത്തിത്തറ, മണ്ണട്ടാം പാറലോക്ക് തുടങ്ങി നിലവിലുള്ള ജലസേചനല ആസ്തികളൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ആവശ്യമായ മെയിൻറനൻസ് യഥാസമയം കിട്ടാത്തതിനാൽ നശിച്ചുകൊണ്ടേയിരിക്കുന്നു.

വെള്ളമില്ലായ്മ.

വേനൽ ആരംഭത്തോടെ കിഴക്കൻ തോട് വറ്റി വരളാൻ തുടങ്ങും. തോടിൽ മണ്ണൊലിപ്പു വഴി വന്നടിഞ്ഞ മണ്ണ് കൂടാതെ അതിവൃഷ്ടിയിൽ ഇരുകരയും ഇടിഞ്ഞുവീണ മണ്ണും കൂടി നിറയുമ്പോൾ വെള്ളത്തിൻെറ വിതാനം കുറയുന്നു. തോടിൻെറ കര ഇടിച്ചിൽ മൂലം ഒട്ടേറെ കൃഷിഭൂമി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

പറമ്പുകളിലും വേനൽക്കാലത്ത് കിണറുകളിൽ വെള്ളമില്ലാത്ത സ്ഥിതിയാണ് മിക്ക പ്രദേശങ്ങളിലുമുള്ളത്. കടലുണ്ടിപുഴയുടം തീരങ്ങളിലാണ് അൽപം ഭേദം.

**മണൽ വാരൽ**

പുഴയിൽ നിന്നും മണൽ വാരുന്നത് മുലം ചില്ലറ ദുരിതമല്ല തിരങ്ങളിൽ അനുഭവപ്പെടുന്നത്. വേനലോടെ കിണറുകളിൽ ഇത് മുലം പായൽ അണക്കം ലവണങ്ങൾ അടിഞ്ഞു കൂടുന്നു.

വെള്ളത്തിൻെറ വിതാനം മുമ്പത്തേക്കാളും താഴോട്ടു പോയിരിക്കുന്നു. പുഴയുടെ കരയിടിച്ചിലിനും ഇത് കാരണമാണ്.

**പാടങ്ങൾ നികത്തുന്നു.**

നെൽ വയലുകൾ. നികത്തി തെങ്ങു വെക്കുന്നതും, വെള്ളം പൊങ്ങാത്ത വയലുകൾ ഉയർത്തി വീടു വെക്കുന്നതും വ്യാപകമാവുകയാണ്. നെൽ കൃഷിയുടെ അളവിനെ ബാധിക്കുന്നതുപോലെ തന്നെ അതിവൃഷ്ടിയിൽ വെള്ളത്തിൻെറ ഒഴുക്കിനെ ബാധിക്കുകയും, വെള്ളപ്പൊക്കവും നീർക്കെട്ടും ഉണ്ടാക്കുന്നുണ്ട്.

**കീടബാധ**

കൃഷിയെ ബാധിക്കുന്ന പ്രധാന കീടബാധയെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചുവല്ലൊ. കൃഷിയിൽനിന്ന് കർഷകർ പിന്തിരിയുന്നതിന് ഇത് ഒരു മുഖ്യ കാരണമാണ്.

**നടീൽ വസ്തുക്കളുടെ ലഭ്യത**

കൃഷി ഭവൻ വഴി വിതരണ് ചെയ്തു വരുന്ന നടീൽ വസ്തുക്കളിൽ സാധാരണയിൽ കവിഞ്ഞ് കിഴങ്ങ് വർഗ്ഗം, കൂൺ, പൂവിനങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ എന്നിവ കിട്ടാറില്ല.

**നീർക്കെട്ട്**

വെളിമുക്ക് വലിയ ചാലി, ചെറിയചാലി, മൂന്നിയൂർചാലി എന്നിവിടങ്ങളിൽ നീർക്കെട്ടിൻെറ ദുരിതം അനുഭവിക്കയാണ്. ചക്രം ചവിട്ടിയും മറ്റും വെള്ളമൊഴിവാക്കി മൂന്നാം വിള കൃഷി നടത്തിയിരുന്ന സ്ഥലം ഇന്നു പൂർണ്ണമായും നീർക്കെട്ടാണ്.

**ആഫ്രിക്കൻ പായൽ, കറുകച്ചണ്ടി.**

വെളിമുക്ക് വലിയചാലിയിൽ മൂന്നാം വിളയിൽ മാത്രം ഹെക്ടറിന് 90 ക്വിൻറൽ നെല്ലുൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പറയപ്പെടുന്ന ജൈവ സമ്പുഷ്ടമായ പാടശേഖരം 30 ഹെക്ടറിൽ കൂടുതലുണ്ട്. ചെറിയ ചാലിയും 30 ഹെക്ടറിൽ കൂടുതലുണ്ട്. ചെറിയചാലിയും 30 ഹെക്ടറുണ്ട്. ഈ രണ്ടു വയലുകളും ആഫ്രിക്കൻ പായലും കറുകച്ചണ്ടിയും നിറഞ്ഞ് ഉപയോഗശൂന്യമാണ്. ധാരാളം മത്സ്യ സമ്പത്തുള്ള ഇവിടെ വല എറിയാൻ പോലും സാധിക്കുന്നില്ല.

നീർക്കെട്ടും, ഉപ്പുവെള്ളവും വിള നശിപ്പിക്കുന്നു.

കിഴക്കുമ്പാടം, തെക്കെപാടം, പട്ടിശ്ശേരി, പാപ്പനൂർ, ചുഴലിപാടം, ചെർണൂർ ചാലി എന്നിവിടങ്ങളിൽ വെള്ളപ്പൊക്കത്തിൽ നെല്ല്, പൂള എന്നിവ നശിക്കുന്നത് സാധാരണമാണ്.

ഉപ്പ് വെള്ളം കയറി വടക്കെ പാടം, പാപ്പനൂർ പാടം, ചെർണൂർ ചാലി എന്നിവിടങ്ങളിലും കൃഷി നശിക്കുന്നുണ്ട്. ചെർണൂർ ചാലിയിലെ 90% വും ഉപ്പ് വെള്ളം കയറുന്നതിനാൽ തരിശാണ്.

**തൊഴിലാളിക്ഷാമം**

പരിചയസമ്പന്നരായ തദ്ദേശീയ തൊഴിലാളികൾ ഈ മേഖലയിൽ ഇന്ന് വളരെ ദുർലഭമാണ്. ഇത് വിളവെടുപ്പിനെ വല്ലാതെ ബാധിക്കുന്നു.

കൂലി കൂടുതൽ തൊഴിലാളിക്ഷാമം കൂലി വർദ്ധനവ് വരുത്തിവെച്ചും.

യന്ത്രോപകരണങ്ങളുടെ ലഭ്യത ഒരു പ്രശ്നമാണ്. ഒരു ട്രാക്ടറും ആറ് ട്രില്ലറുമാണ് കണക്കുകൾ പ്രകാരം ഇവിടെ ഉള്ളത്. പലപ്പോഴും അയൽ പഞ്ചായത്തിലെ സ്വകാര്യ വ്യക്തികളെ ആശ്രയിക്കണം. പുതിയ യന്ത്രങ്ങളെക്കുറിച്ച് പലർക്കും ഗ്രാഹ്യമില്ല.

**വളം-കീടനാശിനി**

രാസവളത്തിൻെറയും കീടനാശിനിയുടെയും അമിതവില കർഷകർക്ക് ബുധ്ധിമുട്ടുണ്ടാക്കുന്നു.

**ഉൽപന്ന വില**

തേങ്ങായുടെ വിലക്കുറവ് തെങ്ങിനെ പരിചരിക്കുന്നതിൽ നിന്നും കർഷകരെ വിമുഖരാക്കുന്നു. ഉൽപാദന ചെലവിനനുസരിച്ച് നെല്ലിന് വിലയില്ലെന്നാണ് പരക്കേ ആക്ഷേപം.

പൂള, വാഴ, അടക്ക എന്നിവയുടെം വില പ്രചോദകമാണെങ്കിലും വിപണനം ഇടത്തട്ടുകാർ മുഖേനയായതിനാൽ യഥാർത്ഥ വില കിട്ടുന്നില്ല.

**ഉൽപന്ന സംസ്ക്കരണം**

കാർഷിക ഉൽപന്നങ്ങളായ തേങ്ങ, അടക്ക, നെല്ല്, പൂള തുടങ്ങി ഒരിനത്തിനും ഇവിടെ

സംസ്ക്കരണ യൂനിറ്റില്ല. എണ്ണയാട്ടു ചെറിയ തോതിലുള്ള സംരംഭമായി മാത്രം നിലകൊള്ളുന്നു.

വായ്പാ സൗകര്യം

സഹകരണ ബാങ്ക്, വെളിമുക്ക്, ഗ്രാമീണ ബേങ്ക് ചെളാരി, കാർഷിക വികസന ബേങ്ക് ചെമ്മാട് എന്നിവയിൽ നിന്നും കാർഷിക വായ്പകൾ (ചെറുകിട) ലഭിക്കുന്നു. പക്ഷെ ഈടാക്കുന്ന പലിശ യുടെ തോത് 18% വരെയുണ്ട്. ലാഭകരമല്ലാത്ത കൃഷിയിൽ നിന്നും തിരിച്ചടവ് സാധിക്കുന്നില്ല.

## സാധ്യതകൾ ഫലപുഷ്ടി

മണ്ണ് പരിശോധന സമയ ബന്ധിതമായും ക്രമ പ്രവൃദ്ധമായും പഞ്ചായത്തിൽ മുഴുവൻ നടത്തുക. ഏതെങ്കിലും രണ്ടോ മൂന്നോ പാടശേഖരവും അത്പോലെ പറമ്പു ഭാഗങ്ങളും മാതൃകയാക്കി എടുക്കണം. അത് വഴി രാസവള പ്രയോഗം ക്രമീ കരിക്കണം.

മൃഗ സംരക്ഷണ വകുപ്പിൻെറ മേൽ നോട്ടത്തിൽ പശു, കാള, എരുമ എന്നിവ കൃഷിയുടെ ഭാഗമാക്കുന്നതിൽ സഹായിക്കുക, കാലിവളം പരമാ വധി ഉപയോഗിക്കാൻ ഇത് സഹായകമാകും. കറവ മാടുകൾക്കും കന്നുകുട്ടികൾക്കും തൊഴുത്ത് പണി യാനും ലോണിനും അല്ലാതെയും സബ്സിഡി നൽ കണം.

പച്ചില വളം വയലുകളിൽ എത്താൻ കൂലിച്ചെ ലവുകൾ വരുന്നതിനാൽ രണ്ടാം വിളക്ക് ശേഷം വയലുകളിൽ പയർ വിള, ഡൈഞ്ച, കൊഴിഞ്ഞിൽ, സൺ ഹെംപ് എന്നിവക്ക് പ്രോത്സാഹനം നൽകണം. പറമ്പുകളിൽ പയർ വിളക്ക് നല്ല പ്രോത്സാഹനം കിട്ടും, കൂടാതെ ശീമക്കൊന്ന, സുബാബൂൾ എന്നി വ വ്യാപകമാക്കണം.

മണ്ണു സംരക്ഷണം –

ഒരു സാമൂഹ്യ ബാധ്യതയാക്കി ജനഹൃദയങ്ങളി ൽ ബോധമുണ്ടാക്കണം. മഴക്കാലത്ത് അതത് സ്ഥല ത്ത് പെയ്ത് വീഴുന്ന വെള്ളം അവിടെത്തന്നെ ഊർ ന്നിറങ്ങണം. കുടിനീർ ക്ഷാമം പരിഹരിക്കാനും ജലസേചനത്തിനും ഇതാണ് പ്രകൃത്യാ വഴി എന്ന ബോധം ജനിക്കണം.

വർഷക്കാലത്തിൻെറ തുടക്കത്തിൽ തന്നെ അവരവരുടെ പുരയിടത്തിൽ ചുറ്റും ഭാഗം ഭാഗമായും വലിയ വരമ്പുകൾ പണിയുക. പഞ്ചായത്തു വഴി വിതരണം നടത്തിയ വിത്തിനങ്ങൾ (പയർ, കിഴങ്ങ് തുടങ്ങി) കൃഷി ചെയ്യുക. അങ്ങനെ ഭൂമിയിൽ കൊത്തും കിളയും നിർബന്ധമാക്കുക.

വരമ്പുകളിൽ ശീമക്കൊന്ന, സുബാബുൾ തുട ങ്ങിയവ വച്ചു പിടിപ്പിച്ചാൽ വരമ്പു നശിച്ചുപോകാ തെ നിലനിർത്താം. പച്ചിലയും കിട്ടും.

അങ്ങനെ നീരൊഴുക്കും മണ്ണൊലിപ്പു തടയുന്ന താവട്ടെ പഞ്ചായത്തിൻെറ പ്രഥമ സംരംഭം.

ഇതിനു സഹായകമായി തൃക്കുളം വാട്ടർഷെഡ് പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിലെ റോഡിൻെറ കിഴക്കെ നിർമ്മറി പ്രദേശം ഉൾപ്പെടുത്തിയത് ആശാവ ഹമാണ്. പഞ്ചായത്ത് പ്രദേശം മുഴുവൻ ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.

ജലസേചന പദ്ധതികൾ റിപ്പെയർ ചെയ്യുക.

നിർമറി–1 മെയിൻ റോഡിൻെറ കിഴക്ക് കിഴക്കൻ തോടിലേക്ക് നീർമറിയുള്ള മുഴുവൻ ഭാഗത്തും നടപ്പാക്കേണ്ട കിഴക്കാൻ പാടം ജലസേചന പദ്ധതി. അഥവാ മുടഞ്ചേരി പടി മുതൽ പാറക്കടവ് വരെ. നിലവിലുള്ള അണ്ണൻ മൂച്ചിചിറ പുനരുദ്ധരിക്കണം, തോടിൽ അടിഞ്ഞുകൂടിയ മണ്ണുനിക്കുക, റിപ്പെയർ ചെയ്ത് ഷട്ടർ സ്ഥാപിക്കുക.

കൈത്തോടുകൾ ശക്തക്കുക.

കാട്ടുവായ് പാടം വിസിബി പണിയുന്നതിന് 4.2 ലക്ഷം രൂപ മതിപ്പു ചെലവു കണക്കാക്കി ഒമ്പ താം പദ്ധതിയിൽ ഉൾപെടുത്താനുള്ള ശ്രമം ശുഭോദ ർക്കമാണ്.

ആറ് കണ്ടംചിറയുടെ പൊക്കം 2 അടി വർദ്ധി പ്പിച്ച് കൂടുതൽ ഉപകാരപ്രദമാക്കണം. എന്നാൽ വെള്ളം സ്വയം തിരിഞ്ഞ് കൈത്തോടുകൾ വഴി വയലിലെത്തിക്കാം.

കിഴക്കെപൊടത്തെ പുതിയപദ്ധതി

1. തോടിൻെറ രണ്ട് വശവും തകർന്ന് മണ്ണ് ഇടിഞ്ഞ് വീണ് കൊണ്ട് തോട് ആഴം കുറയുകയും വയൽ നശിക്കുന്നതും തടയാൻ പാർശ്വ ഭിത്തികൾ കെട്ടി ഉറപ്പിക്കണം.

2. മുടഞ്ചേ പടിയിൽ വിസിബി യും കൈത്തോടും പണിയണം.

3. പട്ടിശ്ശേരി വളയംകണ്ടം തോട്ടിൽ വിസിബി

4. പുത്തൻതോടിൽ കടലുണ്ടിപുഴയോട്ചേർന്ന് ലോക്ക് സ്ഥാപിച്ച് ലിഫ്റ്റ് സ്കീം ഏർപ്പെടുത്തണം.

**ചാലിയാർ പദ്ധതി**

നിർദ്ധിഷ്ട ചാലിയാർ പദ്ധതി നടപ്പിൽ വന്ന് നിലവിലുള്ള തടയണകൾ റിപ്പയർ ചെയ്തും മേൽ സൂചിപ്പിച്ച പുതിയ പദ്ധതി നടപ്പാക്കുകയും ചെയ്താൽ മൂന്നിയൂർ, തേഞ്ഞിപ്പലം, എ.ആർ നഗർ പഞ്ചായത്തുകളിലെ വിശാലമായ കിഴക്കുംതോടിൻെറ ഇരുകരകളും സമ്പുഷ്ടമാക്കാവുന്നതാണ്.

**നിർമറി–2 –വെളിമുക്ക്**

ചേളാരി മുതൽ ചെർണ്ണൂർചാലി, ചെർണ്ണൂർപാടം, കുഴിമ്പാട്ടുപാടം, അഴിഞ്ഞിലത്ത് പാടം, പാപ്പന്നൂർ പാടം, വെളിമുക്ക് ചെറിയചാലി, വലിയചാലി എന്നീ വയലുകളും പറമ്പുകളും ചേർന്ന് മെയിൻ റോഡിൻെറ പടിഞ്ഞാർഭാഗത്തെ നിർമറി 2 ആയി കണക്കാക്കാം.

വടക്കേ അറ്റമായ ചേളാരി ഭാഗത്ത് നിന്നു് വെള്ളം പാടം വഴിചാലിതോടിലും ചോലക്കുളം വഴി ചെർണ്ണൂപാടത്തും, പടിക്കൽ ഭാഗത്ത് നിന്ന് ഇഴിഞ്ഞില്ലത്ത് പാടത്തുകൂടെ ചാർണ്ണൂർ പാടത്തും, വെളിമുക്ക് പാലക്കൽ വരെയുള്ള ഭാഗത്ത് നിന്ന് കുഴിമ്പാട്ടുപാടം വഴി പാപ്പനൂർ പാടത്തും വെളിമുക്ക് മുതൽ തലപ്പാറ വഴി കളിയാട്ടുമുക്കിൻെറ വടക്കേ അതിർത്തിയിൽ നിന്ന് വലിയ ചാലി വഴി മാന്തോട്ടിലും എത്തിപ്പെട്ട് കടലുണ്ടി പുഴയിൽ പതിക്കുന്ന നീർമെറി പ്രദേശം എന്ന് വിശദീകരിക്കാം. വെളിമുക്ക് വലിയചാലി മുതൽ ചെർണ്ണൂർചാലി പാടം വെരെ പാടശേഖരങ്ങൾ ചെറിയ തോതിൽ ബന്ധപ്പെട്ടു കിടക്കുന്നതിനാലും പ്രധാന തടയണയായ മണ്ണട്ടാം പാറ ഇതിനിടയ്ക്ക് സ്ഥിതി ചെയ്യുന്നതിനാലും ഇവിടെ നടപ്പാക്കേണ്ട ജലസെചന പദ്ധതിയെ മണ്ണട്ടാംപാറ ജലസേചന പദ്ധതി എന്നോ മറ്റോ വിളിക്കാം.

പദ്ധതിയിട്ട് പാളിപ്പോയ വെളിമുക്ക് ചാലി എൽ.ഐ സ്കീം, മാന്തോട് വി.സി.ബി, അമ്പുന്തിത്തറ വി.സി.ബി, പീലത്തിൽ വി.സി.ബി., ചെർണ്ണൂചാലിതോട് വി.സി.ബി., മണ്ണട്ടാംപാറ വെയർകം ലോക്ക് എന്നിവയാണ് നിലവിലുള്ള പദ്ധതികൾ.

**വെളിയമുക്ക് ചാലി എൽ.സി. സ്കീം.**

ഈ പദ്ധതി ഇന്ന് മൈനർ ഇറിഗഗേഷൻ വകുപ്പിൽ യാതോരു പരിഗണയും ഇല്ലാതെ തള്ളപ്പെട്ട് കിടക്കയാണ്. കർഷകരിലുള്ള അഭിപ്രായ വ്യത്യസം, ഭൂമി വിട്ടുകൊടുക്കുന്നതിലുള്ള വിമുഖത എന്നിവയാണ് തുടർ ബഡ്ജ മുകളിൽ ഇതിന് യാതോരു പരിഗണയും കിട്ടാതെ പോകാൻ കാരണം.

രണ്ട് പ്രദേശങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ഒന്ന് ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന പമ്പ്ഹൗസ് ഉപേക്ഷിക്കുക. എന്നിട്ട് ചാലിയിൽനിന്നുള്ള കൈതോട്ടിൻെറ ആഴം ചെറിയ ചാലി അതിർത്തി വരെ കൂട്ടി സ്വമേധയാ വെള്ളം ഒഴുകി എത്തുന്ന രൂപം ഉണ്ടാക്കുക. എന്നിട്ട് ചെറിയ ചാലി അതിർത്തിയിൽ പമ്പ് ഹൗസ് സ്ഥാപിച്ച് ആവശ്യത്തിൽ കവിഞ്ഞ വെള്ളം മാന്തോട് വഴി കടലുണ്ടി പുഴയിലേക്കോ, അല്ലെങ്കിൽ പാപനൂർ പാടം കൃഷിയോഗ്യമാക്കുമാറ് എം.ഐ.സ്കീമിൽ പണിത കനാൽ വഴിയോ പാപനൂർ പാടത്തേക്ക് ഒഴുക്കുക. ഒന്നാം വാർഡിലെ റിപ്പോർട്ട് പരിഗണിച്ച് ഈ കനാൽ പാപനൂർ വയലിൻെറ കിഴക്കെ അതിർത്തിയിൽ നിന്നും ആണിക്രൽ ഭാഗത്ത് കരപ്രദേശം മുറിച്ച് കടത്തി ചെർണ്ണൂർ പാടത്തെക്കും അവിടെ നിന്നു് നിലവിലുള്ള കൈത്തോടുകൾ ശക്തമാക്കി ചേളാരി പരപ്പനങ്ങാടി റോഡിലെ തച്ചിലക്കടവ് കൽവെർട്ട് ഉപയോഗപ്പെടുത്തി ചെർണ്ണൂർ ചാലിയിലേക്കും വെള്ളം എത്തിക്കുന്ന ബ്രഹത് പദ്ധതി. ഇക്കാര്യത്തിൽ സാങ്കേതിക പരിശോധനയിൽ മാത്രമേ പ്രായോഗികത വ്യക്തമാകുകയുള്ളൂ.

ഇത് വഴി– വലിയചാലിൽ–മൂന്നാംവിള

ചെറിയചാലി– 2ഉം 3ഉം

പാപ്പനൂർ–2ഉം3ഉം

ചെർണ്ണൂർ– 2ഉം3ഉം

ചെർണ്ണൂചാലി–

എന്നീ തോതിൽ പ്രതീക്ഷിക്കുന്നു. നിലവിലുള്ള മറ്റു സ്കീമുകളൊന്നും ഫലപ്രദമല്ല. മാന്തോട

ടിന്റെ ചുമരുകൾ ശക്തമാക്കി ഷട്ടറുകൾ ബലവത്തായി പുനസ്ഥാപിക്കണം. ഉപ്പ് വെള്ളം കയറുന്നത് തടയാൻ ഇതനിവാര്യമാണ്. ചാലിയിൽ വെള്ളം കുറഞ്ഞാൽ പാപനൂർ ഭാഗത്തേക്ക് ഇവിടെ എൽ.ഐ ഏർപ്പെടുത്തിയാൽ പമ്പിംഗ് നടത്താവുന്നതുമാണ്.

പീലത്തിൽ വി.സി.ബി. വഴി ഈ വർഷവും ഉപ്പ് വെള്ളം കയറി കൃഷി നശിച്ച പരാതിയുണ്ട്. അടിയന്തിര റിപ്പെയർ അത്യാവശ്യമാണ്. ചുമരുകൾ ആർ.സി.സി. വഴി ബലവത്താക്കുകയും ഷട്ടർ ശക്തമാക്കുകയും വേണം.

അമുന്തിത്തറ വി.സി.ബി. യുടെ ഇതേ പരിഗണനയാണ്.

ചെർണ്ണൂർചാലി പാടത്ത് 90% വും തരിശിടെണ്ടി വരുന്നത് ചാലിത്തോടിന്റെ മാതാപുഴ വി.സി.ബി. വഴി ഉപ്പ് വെള്ളം മേലോട്ട് കയറുന്നതിനാണ്. ഇതും അടിയന്തിരമായി റിപ്പയർ ചെയ്യണം.

**കുഴിമ്പാട്ടു പാടം പദ്ധതി**

മഴയെ മാത്രം ആശ്രയിക്കുന്ന ഒരു പ്രദേശമാണ് കുഴിമ്പാട്ടുപാടം. ചെറിയ ഇടുങ്ങിയ ആണിത്തോട് മാത്രമാണുള്ളത്. വയലിലൂടെ വെള്ളം പരന്നൊഴുകുന്ന സ്ഥിതിയാണുള്ളത്. കിഴക്കെതല കരിയാത്തൻ കുളം മുതൽ മേലെ വെള്ളാര (പാലനൂർ കിഴക്കെ അറ്റം )വരെ ഡ്രൈനേജ് സ്ഥാപിക്കണം.

**അഴിഞ്ഞലത്ത് പാടം.**

മറ്റു ജലസേചന മാർഗ്ഗങ്ങളൊന്നുമില്ല. ഒരു വലിയ പൊതു കുളം സ്ഥാപിച്ച് പമ്പിംഗ് സൗകര്യം ഉണ്ടാകണം.

വെളിമുക്ക് ചാലിയിലെ നിർക്കെട്ട് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട രണ്ടാമത്തെ നിർദ്ദേശം ഇപ്രകാരമാണ്. 7-ാംവാർഡിലെയും ഗ്രാമ റിപ്പോർട്ടുകൾ ഇത് സൂചിപ്പിക്കുന്നു.

ചാലിയുടെ കിഴക്കെ അതിർത്തിയിൽ നിന്നും ,മുട്ടിചിറ റോഡിന്റെ പടിഞ്ഞാർ ഭാഗത്തുള്ള വയലിലേക്ക് പറമ്പു ഭാഗത്തിന് നെടുകെ ഡ്രൈനേജ് പണിത് വെള്ളം എത്തിക്കുക. മുട്ടിച്ചിറ കൽവർട്ട് വഴി കിഴക്കൻ തോടിൽ വെള്ളം സംഭരിക്കുന്ന ഒരു നിർദ്ദേശമാണിത്. ഇതിനും സാങ്കേതിക പരിശോധന അത്യാവശ്യമാണ്. രണ്ട് നിർദ്ദേശങ്ങളും താരതമ്യം ചെയ്ത് ഉചിതമായത് സ്വീകരിക്കണം.

**നീർമറി 3- വടക്കേപാടം**

മുട്ടിച്ചിറ-കളിയാട്ടമുക്ക് റോഡിന്റെ തെക്കുവശം-ആലിൻചോട്-കുന്നതുപറമ്പ് റോഡിന്റെ വടക്കുവശം ഉൾപെടുന്നത്.

നീർകെട്ട് തന്നെയാണ് മുഖ്യപ്രശ്നം. അധിക വെള്ളം താഴോട്ടൊഴുക്കാവുന്ന വിധം വെടക്കേപാടം, മരുക്കുംതറ ഭാഗത്ത് നിന്നുള്ള തോടുകൾ ആഴം കൂട്ടി ശക്തമാക്കി കളിയാട്ടക്കാവ് ഭാഗത്തെ തടയണയുമായി ബന്ധപ്പെടുത്തണം. അണക്കെട്ട് ഏകദേശം നശിച്ചു പോയ സ്ഥിതിക്ക് പുതുക്കി പണിയണം. ഷട്ടറുകൾ ശക്തമാക്കണം. നീർക്കെട്ട് ഈ വഴി ഒഴിവാക്കുന്നതോടൊപ്പം മൂന്നാംവിള ക്കാവശ്യമായ വെള്ളം കടലുണ്ടി പുഴയിൽ നിന്ന് പമ്പു ചെയ്യാവുന്ന വിധം ഒരു പമ്പ് ഹൗസ് സ്ഥാപിക്കേണ്ടതുമാണ്. കുറുക്കൻകുഴിയിൽ ഒരു പുതിയ കുളവും സ്ഥാപിക്കേണ്ടതാണ്.

**നീർമറി4 തെക്കെപാടം-മുള്ളൻകുഴി**

പഞ്ചായത്തിൽ ഇന്ന് അൽപമെങ്കിലും ജലസേചന പ്രവർത്തനം നടക്കുന്ന ഒരു നിർമറി പ്രദേശമാണ് ഇത്.

ആലിൻചോട് മുതൽ കുണ്ടം കടവ് റോഡിന്റെ തെക്കുവശവും കുന്നത്ത് പറമ്പിന്റെ പടിഞ്ഞാർ ഭാഗത്തെ കടുക്കായ്മുക്ക്‌വയലും ഇതിൽ ഉൾപ്പെടുത്താം.

തെക്കെപാടം എൽ.ഐ. പദ്ധതിയിൽ തൊണ്ണൂറോളം ഏക്കർ സ്ഥലം ഇപ്പോഴും ഇതിന്റെ ഗുണം ലഭിക്കുന്നില്ല. തേവിയും മറ്റുമാണ് വെള്ളം എത്തിക്കുന്നത്.

1. അരീപ്പാറ ബാഗതേക് കനാൽ വികസിപ്പിക്കണം. അത് വെള്ളക്കെട്ടുള്ള പ്രദേശത്ത് നിനും ഒരു ഡ്രൈനേജ് പദ്ധതിയുണ്ട്. നൂറ് മീറ്റർ മാത്രമെ നടപ്പായിട്ടുള്ളൂ.

2. ബാക്കി 600 മീറ്ററോളം കൂടി പൂർത്തീകരിക്കണം.

തെക്കെപാടം കനാലിന് ഇപ്പോൾ ലീക്ക് അനുഭവപ്പെടുന്നുണ്ട്. മെയിൻ കനാലിന്റെ കിണർ

പൊളിച്ച് ആഴംകൂട്ടി പണിയണം. മുറിത്തോട് വഴി വെള്ളം കയറുന്നത് തടയാനുള്ള ചിറക്ക് ഷടറുകൾ ഇല്ല. ഇത് പുനസ്ഥാപിക്കണം. ഇത് വഴി നേരത്തെ സൂചിപ്പിച്ച നീർക്കെട്ടും ഒഴിവായിക്കിട്ടും.

**മുള്ളൻകുഴി എൽ.ഐ.സ്കീം**

3 വിളകളും ഫലപ്രദമാക്കുന്നതിനായി സ്ഥാപിച്ച ഈ പദ്ധതി ഏകദേശം 5 വർഷക്കാലം സജീവമായിരുന്നു. പലകാരണങ്ങളായും ഉദ്ദിഷ്ടകാര്യം ലഭിക്കാതെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

കനാലുകൾ ഇല്ലാത്ത സ്ഥലങ്ങളിലേക്ക് കനാൽ നീട്ടണം.

കനാലുകളുടെ കേടുപാട് തീർക്കണം, മോട്ടോർ കേടായാൽ ഉടനെ മാറ്റി സ്ഥാപിക്കാനുള്ള ഏർപ്പാട് വേണം, വോൾട്ടേജ് ക്ഷാമവും ചാർജ്ജ് അടക്കാതെ ഇലക്ട്രിസിറ്റി ബന്ധം വിച്ഛേദിക്കുന്നതും പഞ്ചായത്തിൽ തന്നെ ഒരു വിംഗ് പ്രവർത്തിച്ച് അനാവശ്യമായ കാല വിളംബം ഒഴിവാക്കണം. ഇത് നയപരമായി കൈക്കൊള്ളേണ്ട ഒരു പൊതു പ്രശ്നമായെടുക്കണം.

ചാത്തൻ തോട്, വള്ളിക്കടവ് തോട് എന്നിവ ആഴം കൂട്ടി പുഴയോട് ചേർന്ന ഭാഗത്ത് VCB സ്ഥാപിക്കണം.

മേൽ നിർദ്ദേശങ്ങൾ മുഖ്യമായും മൈനർ ഇറിഗേഷന്റെ പരിധിയിൽ വരുന്നതാവും.

**മേജർ ഇറിഗേഷൻ സ്കീമുകൾ**

നമ്മുടെ പഞ്ചായത്തിലെ മേജർ ഇറിഗേഷൻ പദ്ധതികൾ കടലുണ്ടിപുഴയോട് ചേർന്ന് മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്.

25 ലക്ഷം രൂപ ചെലവ് ചെയ്ത് തയ്യിലക്കടവ് ചുഴലി ഭാഗങ്ങളിൽ പുഴയുടെ വലതുകര രണ്ടര കിലോമീറ്റർ നീളം പാർശ്വഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. മൊത്തം വരുന്ന പത്ത് കിലോമീറ്ററിൽ

അനുമതിക്കായി സമർപ്പിക്കപ്പെട്ടവ

1. കളിയാ മുക്ക് എടത്തുരുത്തി പാർശ്വഭിത്തി സംരക്ഷണം– 2 ലക്ഷം രൂപ.

2. കളിയാമുക്ക് ജുമാമസ്ജിദ് ഭാഗം – 2 ലക്ഷം രൂപ.

പുതിയ നിർദ്ദേശങ്ങൾ

| | |
|---|---|
| 1. പാറക്കടവ് ഭാഗം – | 6 ലക്ഷം രൂപ |
| 2. മുതുനിലത്ത് – | 4 ലക്ഷം രൂപ |
| 3. ചുഴലി ബാക്കി – | 10 ലക്ഷം രൂപ |
| 4. മണ്ണട്ടാം പാറഭാഗം – | 10 ലക്ഷം രൂപ |
| 5. വള്ളിക്കടവ് ഭാഗം – | 10 ലക്ഷം രൂപ. |
| ആകെ | 40 ലക്ഷം രൂപ |

വൻകിട ജലസേചന പദ്ധതിയിൽ എടുത്തു പറയത്തക്ക നിർദ്ദേശമാണ് നിർദ്ദിഷ്ട ചാലിയാൽ പദ്ധതി. സംസ്ഥാന തലത്തിലോ, ജില്ലാ പഞ്ചായത്ത് തലത്തിലോ നടപ്പിലാക്കേണ്ടതാണ്.

**പഞ്ചായത്ത് അടിയന്തിരമായി നടപ്പാക്കേണ്ടവ**

ഗ്രാമ സഭകളിലെ റിപ്പോർട്ടുകളിൽ നിനളം വിവിധ പ്രദേശങ്ങളിലെ കുളങ്ങളെയും മറ്റു പ്രകൃത്യാ ജല സ്രോതസ്സുകളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

**നിർദ്ദേശങ്ങൾ** 1. പൊതു കുളങ്ങൾ പഞ്ചായത്ത് ചെലവിൽ തന്നെ ആഴം കൂട്ടി സംരക്ഷിച്ച് പരമാവധി ജലം സംഭരിക്കുമാറ് യോഗ്യമാക്കുക.

2. സ്വകാര്യ കുളങ്ങൾ ജലസേചന യോഗ്യമാക്കാൻ ചെലവിന്റെ 1ൽ 3 സബ്സിഡി പരമാവധി രൂപ നൽകുക.

3. ഇലക്ട്രിക്ക് കണക്ഷൻ കുളങ്ങളിലേക്ക് പമ്പിംഗ് സൗകര്യത്തിന് വ്യക്തികൾക്ക് ലൈൻ വലിച്ചെടുക്കാൻ ചെലവും സമയവും കൂട്ടുന്നതിനാൽ അത്തരം സ്ഥലങ്ങളിൽ കാർഷികാവശ്യാർത്ഥം ഓരോ പൊതു ഇല. ലൈൻ പഞ്ചായത്ത് സ്ഥാപിച്ചു കൊടുക്കണം. സബ് ലൈനുകൾ കക്ഷികൾക്ക് സ്ഥാപിക്കാവുന്നതാണ്.

4. ഇല. എത്താത്ത സ്ഥലത്ത് പൊതുവിതരണ വകുപ്പിൽനിന്നും മണ്ണെണ്ണ പെർമിറ്റ് പഞ്ചായത്ത് വഴി എളുപ്പമാക്കണം.

നികത്തൽ ഭീഷണി നേരിടണം.

ചെർണൂർചാലി, ചെർണൂർ പാടം, പാപനൂർ പാടം, കിഴക്കും പാടത്ത് തെങ്ങുവെപ്പ്, പട്ടശ്ശേരി ഭാഗത്ത് മണ്ണെടുപ്പ്.

### പുതിയ നഴ്സറി -സ്റ്റോർ

അത്യൽപാദന ശേഷിയുള്ള നെൽ വിത്ത്, തെങ്ങിൻ തൈ, കശുമാവ്, കമുക്, വെറ്റില, വാഴ, കൈതച്ചക്ക, മാവ് സപ്പോട്ട, ചാമ്പ, പേരക്ക, പ്ലാവ്, കൂൺ, പൂവിനങ്ങൾ, ചേന, ചേമ്പ്, കാച്ചിൽ, പൂള തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറിയുടം വിവിധയിനം വിത്തുകൾ എന്നി അനായാസം ലഭ്യമാക്കുക. സബ്സിഡി അനുവദിക്കുക.

### കാർഷികോപകരണങ്ങൾക്ക് ആഗ്രോ-ക്ലിനിക്ക്

ട്രാക്ടർ, ട്രില്ലർ, കൊയ്ത്തു മെതിയന്ത്രം, കുറ്റി പമ്പ്, പമ്പ് സെറ്റ്, റോക്കർ സ്പ്രേയർ തുടങ്ങിയ സ്വന്തമായോ ലോണായോ വാങ്ങുന്നവർക്ക് 1 ൽ 3 ഭാഗം സബ്സിഡി നൽകി കാർഷികോപകരണങ്ങൾ സാർവത്രികമാക്കുക. പച്ചക്കറി കൃഷിക്കാവശ്യമായ ചെറിയ മൺവെട്ടി, ഇടയിളക്കാനുപയോഗിക്കുന്ന ആയുധങ്ങൾ തുടങ്ങിയവ പരിപൂർണ്ണമായും സൗജന്യമായി വിതരണം നടത്തുക.

വലിയ തരം കാർഷികോപകരണങ്ങൾ സ്വന്തമില്ലാത്തവർക്ക് ആഗ്രോ ക്ലിനിക്കുകൾ വഴി നാമമാത്ര വാടകക്ക് ലഭ്യമാക്കണം.

### വളം കീടനാശിനി കുറഞ്ഞ വിലക്ക് ലഭ്യമാക്കൽ

ഇന്ന് സഹകരണ രംഗത്തും സ്വകാര്യ രംഗത്തുമുള്ളവരാണ് രാസവളവും കീടനാശിനിയും വിപണനം നടത്തുന്നത്. രാസവളത്തിന്റെ ലാഭവിഹിതം നേരിയതാണെങ്കിലും കീടനാശിനികൾ വിറ്റാൽ ഭീമമായ ലാഭം കിട്ടുമെന്നാണറിവ്. പഞ്ചായത്ത് നേരിട്ട് വളം കീടനാശിനികൾ ലാഭേഛ കുടാതെ ഒരു ജീവനക്കാരനെ നിയമിച്ച് യഥാർത്ഥ വിലക്കും സബ്സിഡി നൽകിയും ലഭ്യമാക്കുവാൻ ഏർപ്പാടുണ്ടാക്കണം.

### പായൽ നശീകരണം

പായൽ നശീകരണം ഒരു സമയബന്ധിത പരിപാടിയായി പഞ്ചായത്ത് സ്വന്തം ചെലവിൽ കർഷക സഹകരണത്തോടെ നേരിട്ട് ഏറ്റെടുക്കണം. ആഫ്രിക്കൻ പായലും കറുകച്ചണ്ടിയും പ്രത്യേക തരം വണ്ടുകളെ ഇറക്കി നശിപ്പിക്കുന്ന സമ്പ്രദായം ഉണ്ട്.

### കടലുണ്ടിപുഴ സംരക്ഷണം

നമ്മുടെ രണ്ടതിർത്തികൾ ചുറ്റിപോകുന്ന കടലുണ്ടി പുഴയുടെ ഓരങ്ങൾ ജലസേചന വകുപ്പ് സംരക്ഷിച്ചു വരികയാണല്ലൊ. എന്നാൽ പരിസ്ഥിതി വകുപ്പും പഞ്ചായത്തും മണൽ വാരൽ നിരോധിത മേഖലയാക്കി പ്രഖ്യാപിച്ച നമ്മുടെ പുഴയിൽ നിന്നും ഇപ്പോഴും അനുസ്യൂതം മണൽ വാരുന്നത് തുടരുകയാണ്. കരയിടിച്ചിലും, തീരങ്ങളിലെ ശുദ്ധജലത്തിന്റെ മലിനീകരണവും, ജല വിതാനം താഴുമ്പോൾ ഉപ്പുവെള്ളം കയറാനുള്ള സാധ്യതയും ഒക്കെ അനുഭവിക്കുന്നതിനാൽ നിരോധം ഉടനെ നടപ്പാക്കണം.

കൂടാതെ മണ്ണട്ടാംപാറ വെയർകംലോക്ക് ഒരു വൻകിട റിപ്പെയറിന് ബാധകമാക്കിയാൽ ശക്തമാക്കിയാൽ ഉപ്പ് വെള്ളം പൂർണ്ണമായും കയറുന്നത് തടയുകയും ശുദ്ധജലം തടുത്തു നിർത്താൻ കഴിയുകയും ചെയ്യും. കാർഷിക ശുദ്ധജല സാധ്യത വികസിക്കും.

### പർച്ചേസിംഗ് സെൻറർ

കാർഷികോൽപാദനം വികസിക്കണമെങ്കിൽ ഉൽപന്നത്തിന്റെ വിപണനം എളുപ്പമാകണം. ഇടത്തട്ടുകാരിൽ നിന്ന് മുക്തമാക്കി ധാന്യങ്ങൾ, പച്ചക്കറികൾ, സുഗന്ധ ദ്രവ്യങ്ങൾ, എണ്ണക്കുരുക്കൾ, കിഴങ്ങു വർഗ്ഗങ്ങൾ തുടങ്ങി ഉൽപന്നങ്ങൾ മാന്യമായ വിലക്കു വാങ്ങുന്ന ഒരു സെൻറർ പഞ്ചായത്തിൽ പ്രവർത്തിക്കണം.

### മാർക്കറ്റിംഗ് സെൻററുകൾ

മേൽ രൂപത്തിൽ വാങ്ങുന്ന ഉരുപ്പടികൾ അയൽ സംസ്ഥാനങ്ങളിലേക്കോ, കോഴിക്കോട് തുടങ്ങി മാർക്കറ്റുകളിലേക്കോ വിൽപന നടത്തുകയും നാട്ടിലെ കച്ചവടക്കാർക്ക് കൊടുക്കുകയും ചെയ്യുന്ന മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിക്കണം.

പർച്ചേസിംഗ് കം മാർക്കറ്റിംഗ് സൊസൈറ്റിയായി സഹകരണസംഘമോ, പഞ്ചായത്ത് വിംഗോ പ്രാവർത്തികമാക്കാം.

## കാർഷിക വികസന പദ്ധതി

### 1. വിസിറ്റ് പ്രോഗ്രാം.

പഞ്ചായത്തിനെ എട്ട് മേഖലയാക്കി രണ്ടാഴ്ച

യിലൊരിക്കൽ ഒരു കൃഷി അസിസ്റ്റൻറ് ഉച്ചക്ക് ശേഷം പ്രത്യേക സെൻറിൽ കർഷകരുമായി ഇടപഴകൽ നടത്തുക.

കർഷകരുടെ പരാതികൾ, പ്രശ്നങ്ങൾ എഴുതിവാങ്ങുകയോ ഒരു സെൻറർ റജിസ്റ്ററിൽ എഴുതി വെക്കുകയോ ചെയ്ത് പരിഹാരം കണ്ടെത്തുക.

മാസത്തിലൊരിക്കൽ കൃഷി ഓഫീസറും പഞ്ചായത്ത് പ്രസിഡണ്ടും പഞ്ചായത്തംഗവും കൃഷി അസിസ്റ്റൻറിൻെറ കൂടെ വേണം. പുസ്തകത്തിലെ പ്രശ്നങ്ങൾക്ക് നേരെ പരിഹരിക്കപ്പെട്ടതിനും അല്ലാത്തതിനും ഉചിതമായ കുറിപ്പ് പ്രസിഡണ്ട് രേഖപ്പെടുത്തുക.

2. ഓരോ പാട ശേഖരത്തിലും ക്രമ പ്രവൃദ്ധമായി കൃഷി നടത്തണം. അപ്പോൾ രാസവള പ്രയോഗവും കീടനാശിനി പ്രയോഗവും വിളവെടുപ്പും ഏകദേശം ഒരേ സമയം നടക്കും. അതിനാവശ്യമായ രാസവളം കീടനാശിനി എന്നിവയ്ക്ക് ഹെക്ടറിന് പരമാവധി 400 രൂപ സബ്സഡി നൽകി പാടശേഖരത്തിലെ മുൻപറഞ്ഞ സെൻറിൽ മെംബറുടെ സാന്നിദ്ധ്യത്തിൽ കൃഷി അസിസ്സ്റ്റൻറ് മുഖേന എത്തിച്ചു വിതരണം നടത്തുക.

3. പ്രത്യേക നെൽകൃഷി പദ്ധതി

എ. കുയിപമ്പ് 600രൂ. ലോണായും അല്ലാതെയും

ബി. പമ്പ് സെറ്റ് 3000രൂ. ലോണായും അല്ലാതെയും

സി. കീടനാശിനി, കുമിൾനാശിനി, കളനാശിനി 50% ഹെക്ടറിന് പരമാവധി 250രൂ. പെർമിറ്റ്

ഡി. ജീവാണു വളം 50% അല്ലെങ്കിൽ 500രൂ പെർമിറ്റ്

4. നാളികേരം വികസന പദ്ധതി

എ. കിണർ 1 ൽ 3 ഭാഗം പരമാവധി 2500രൂ. സ്വന്തമായി ലോണോ ആകാം

ബി. പമ്പുസെറ്റ് 1 ൽ 3 ഭാഗം പരമാവധി 2500രൂ. സ്വന്തമായി ലോണോ ആകാം

സി. ജൈവവളം, ജീവാണു വളം 1 ൽ 3 ഭാഗം പരമാവധി 1750രൂ.

ഡി. കീടരോഗ നിയന്ത്രണം

5. കശുമാവ് വികസന പദ്ധതി

എ. ഒരു ഒട്ടുതൈക്ക് 15രൂ നിരക്കിൽ വിതരണം നടത്താം. നടുന്നതിന് 15രൂ നൽകാം. ഒരു തൈക്ക് ഒരു രൂപാ വാങ്ങാവുന്നതാണ്.

ബി. തേയില കൊതുക് തണ്ടുതുരപ്പൻ നിയന്ത്രണം ഹെക്ടറിന് പെർമിറ് വഴി 300രൂ. നിരക്കിൽ സബ്സിഡി.

6. കവുങ്ങ് വികസന പദ്ധതി

എ. റോക്കർ സ്പ്രെയർ സബ്സഡി 700രൂ. പെർമിറ്റ്

ബി. മഹാളിക്ക് എതിരെ കുമിൽനാശിനി 100% സബ്സിഡി

സി. പമ്പു സെറ്റ് 300രൂ.സബ്സിഡി ലോണായോ സ്വന്തമയോ വാങ്ങാം

ഡി. രാസവളം 50% സബ്സിഡി പരമാവധി ഹെ.500രൂ. പെർമിറ്റ്

7. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പ്രവർത്തനം

നഷ്ടം കണക്കാക്കി സംസ്ഥാന-കേന്ദ്ര ഗവ. കളുടെ സഹായവും ചേർത്ത് പോഷിപ്പിക്കാം.

8. വെറ്റില കൃഷി വ്യാപിപ്പിക്കൽ

സന്നദ്ധതയുള്ള സംരംഭകരെ കൊണ്ട് ഏതാനും പ്രദർശന തോട്ടം ആദ്യം ഒരുക്കാവുന്നതാണ്.

എ. കൂട്ടക്കൊടി നിർമ്മാണം രൂ.1000. 5 സെൻറിന് ലോണായും സ്വന്തമായും ചെയ്യാം.

ബി. പ്രദർശനതോട്ടം രൂ.1000. 5 സെൻറിന് ലോണായും സ്വന്തമായും ചെയ്യാം.

സി. കിണർകുളം പമ്പ്സെറ്റ് 50%സബ്സഡി പരമാവധി 5000രൂ. ലോണായും സ്വന്തമായും ചെയ്യാം.

9. പച്ചക്കറി വികസന പദ്ധതി

നമ്മുടെ പഞ്ചായത്തിനെ പച്ചക്കറി ഉൽപാദന കേന്ദ്രമായി കൃഷിവകുപ്പ് തെരെഞ്ഞെടത്തതായി അറിയുന്നു. വകുപ്പിൻെറ പ്രത്യേക പദ്ധതികൾ വന്നേക്കാം.

എ. വിത്തും വളവും അടങ്ങിയ കിറ്റ് 20 രൂ.യുടെ കിറ്റ് 5 രൂ. നൽകുന്നു.

ബി. പ്ലോട്ടുകൾക്ക് സഹായം വളം, കീട നാശിനി എന്നിവക്ക് 50% സബ്സിഡി പരമാവധി 25സെ.ന് 1000രൂ.

10. പഴവർഗ വികസന പദ്ധതി

എ. വാഴ :-- ജൈവവളം, രാസവളം, കീട നാശിനി എന്നിവയ്ക്ക് 50% സബ്സിഡി പരമാവധി ഹെക്ടറിന് 10,000 രൂ –ഹെക്ടറിൽ 2500 വാഴ

ബി. കൈതച്ചക്ക :-- കന്ന്, ജൈവവളം, രാസ വളം, ഹോർമോൺ, എന്നിവയ്ക്ക് 50ഹെ പരമാവധി 2500രൂ. സബ്സിഡി.

സി. ഒട്ടുതൈകൾ :- – മാവ്, പ്ലവ്, സപ്പോട്ട, ചാമ്പ, പേര,, 15രൂപയുടെതിന് 5രൂ. ക്ക് നൽകണം.

11 കൂൺകൃഷി– പ്രദർശനത്തോട്ടം. സ്വന്തം ചെലവിലും ലോണായും ചെയ്താൽ 50% സബ്സിഡി, പരമാവധി യൂണിറ്റിന് 5000 രുപ.

12. പൂകൃഷി–

കുറ്റിമുല്ല 10സെ. പ്ലോട്ടിന് 3500രൂ. സ്വന്തമോ ലോണോ ആകാം

ബി. ഓർക്കിഡ് 200 ചെടിക്ക് 5000രൂ.

സി. അന്തൂറിയം 3500രൂ

ഡി. റോസ. മല്ലിക, ജമന്തി മുതലായവ 10 സെ. 2500 രൂ.

13. കിഴങ്ങു വർഗ്ഗ വിളകൾ

തെങ്ങിൻ തോപ്പിൽ ഇടവിളയായി ചേമ്പ്, ചേന, കാച്ചിൽ, തുടങ്ങിയവയ്ക്ക് വിത്ത്, വളം, ജൈവവളം, എന്നിവയ്ക്ക് 50% സബ്സിഡി. 15 സെ. പരമാവധി 100രൂ.

14. കാർഷിക സെമിനാറുകൾ

ഗ്രൂപ്പ് ചർച്ച, പരിശീലന പരിപാടി, നടപ്പിലാക്കിയ പദ്ധതികളുടെ വിലയിരുത്തൽ എന്നിവ നടത്താം. പരമാവധി 500ര. ചെലവഴിക്കാം.

15. CSS for SF/MF പൂർണ്ണമായും പഞ്ചായതിനെ ഏൽപ്പിക്കുക.

16. സൂപ്പർ വിഷൻ വിംഗ്

നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്റിംഗ് റിവ്യൂ തുടങ്ങിയ പരിശോധക–പരിഹാരണ വിഭാഗം ജാഗ്രതയോടെ പ്രവർത്തിക്കണം. പ്രസിഡണ്ട് ചെയർമാനായും അതാതു വാർഡിൻെറ മെമ്പർ കൺവീനറായും, കൃഷി ഉദ്യോഗസ്ഥരും ഉൾപെട്ട ഒരു വിംഗ് ശക്തമായി പ്രവർത്തിക്കണം. അനർഗമായ ആനുകൂല്യങ്ങൾ യഥോചിതം ഉപയോഗപ്പെടുത്തിയിരിക്കണം, മികവ് പ്രകടിപ്പിക്കുന്ന കർഷകരെയും, പാടശേഖരത്തെയും ആദരിക്കണം, ദുർവിനിയോഗം ചെയ്തവരെ ഡീബാർ ചെയ്യണം. കർഷകരുടെ കൂട്ടായ്മ വളർത്തിയാൽ രണ്ടു വർഷം കൊണ്ട് പഞ്ചായത്തിൻെറ മുഖഛായ മാറ്റാൻ കഴിയുമെന്നതാണ് വസ്തുത.

## അനുബന്ധം 3.

### 3-1 ഭൂമിസംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 610ഹെ |
| പുരയിടം | 1116ഹെ |
| പുറമ്പോക്ക് | |
| കൃഷിയോഗ്യം -തരിശ് | 1281ഹെ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 121 ഹെ |
| ആകെ | |

### വിള വിസ്തീർണ്ണവും ഉല്പാദനവും 3-2

| വളം | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉത്പാദനക്ഷമത ഹെ. |
|---|---|---|---|
| നെല്ല് 1 | 200ഹെ. | 280X3200ക-ഹെ. | 3200കു-ഹെ |
| 2 | 250ഹെ. | 250x 3800 kg-ഹെ. | 3800 kg /ha |
| 3 | 331ഹെ | 225x 4300kg/ha | 4200 kg/ha |
| പയർ | 100ഹെ. | 100x:kg/ha | 45kg/ha |
| എള്ള് | 15ഹെ. | | |
| പച്ചക്കറികൾ | 21ഹെ. | | |
| തെങ്ങ് | 1116ഹെ. | x 50nut/p | |
| വാഴ | 85ഹെ. | 15x2500 15kg/plant | |
| മരച്ചീനി | 100ഹെ. | 22x100 | 22t/ha |
| കുരുമുളക് | 20ഹെ. | 3kg/plant | 3kg/t |
| കശ്മാവ് | 12ഹെ. | | 16kg/plant |
| കവുങ്ങ് | 50ഹെ. | 400nut/t | |

## CSS for SF/MF പരിപാടിയനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

11-8

| പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ | 94-95 | 95-96 |
|---|---|---|
| കിണറുകൾ | 43 | 38 |
| കുളങ്ങൾ | - | - |
| വാട്ടർ ടാങ്കുകൾ | - | - |
| പമ്പ് ഹൗസുകൾ | - | - |
| പമ്പു സെറ്റുകൾ | 38 | 75 |
| ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് | | |

## നടീൽ വസ്തു വിതരണം 3-5

| ഇനം | എണ്ണം | | |
|---|---|---|---|
| | 93-94 | 94-95 | 95-96 |
| തെങ്ങ് | 406 | 275 | 640+120= 760 |
| കശുമാവ് | | | 640 എണ്ണം |
| കുരുമുളക് | 1500 എണ്ണം | | 7000 എണ്ണം |
| കവുങ്ങ് | 166 എണ്ണം | 100ഏണ്ണം | 250 എണം |

## കൈവശ ഭൂമി വിസ്തീർണ്ണം 3-9

| നാമമാത്ര കർഷകൻ 2H | നാമമാത്ര കർഷകൻ 1H below | ചെറുകിട കർഷകൻ 1to2Ha. | വൻകിട കർഷകൻ 2 H to above |
|---|---|---|---|
| 1530 എണ്ണം | 940 എണ്ണം | 390 എണ്ണം | 120 എണ്ണം |

### ദുരിതാശ്വാസ വിതരണം 3–6

| വർഷം | വെള്ളപ്പൊക്കം | വരൾച്ച | ചുഴലിക്കാറ്റ് | ഉരുൾപൊട്ടൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1993–94 | | | ✓ | | 279 | 60582.00 |
| 1994–95 | | | ✓ | | 309 | 34343.00 |
| | | | ✓ | | 13 | 1502.00 |
| 1995–96 | | | ✓ | | 129 | 158436.00 |
| | | | | | 10 | 4948.00 |

### ജലസേചന സംവിധാനങ്ങൾ 3–4

| പൊതു ജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് |
|---|---|---|---|---|
| | | | തെക്കെപ്പാടം ലിഫ്റ്റ് ഇറിഗേഷൻ | 71 ഹെ. |
| | | | മുള്ളൻകുഴി ലിഫ്റ്റ് ഇറിഗേഷൻ | 45 ഹെ. |

### തെങ്ങ് കൃഷി സംബന്ധിച്ച് 3–7

| തെങ്ങു കൃഷി വിസ്തീർണം | തെങ്ങ് എണ്ണം | | | റൂട്ട് ഫിൽറ്റ് | ലിഫ് റോട്ട് | ബസ് റൂട്ട് | സ്റ്റെം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|
| | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | | | | | | |
| 1120 ഹെ. | 30000 | 70800 | 100800 | ഇല്ല | ഇല്ല | 700 | 300 – | | 1000 |

## കാർഷികോപകരണങ്ങൾ 3-8

| ഉഴവുപകരണങ്ങൾ | | |
|---|---|---|
| ട്രാക്ടർ | ട്രില്ലർ | കലപ്പ |
| 1 | 5 | 30 |

| മരുന്ന് തളി ഉപകരണങ്ങൾ | | |
|---|---|---|
| റോക്കർ സ്പ്രെയർ | നാപ് സ്റ്റാക്ക് സ്പ്രെയർ | മറ്റുള്ളവ |
| 8 | 100 | |

| യന്ത്രങ്ങൾ | | |
|---|---|---|
| മെതിയന്ത്രം | തെങ്ങ് കയറ്റ യന്ത്രം | പോർട്ടബിൾ പമ്പ് സെറ്റ് |
| 2 | 3 | 100 |

## പാടശേഖരങ്ങളുടെ പട്ടിക

| നമ്പർ | പാടം | വിസ്തീർണം | കർഷകർ |
|---|---|---|---|
| 1 | തെക്കേപാടം | 68 | 90 |
| 2 | മുള്ളൻകുഴി പാടം | 45 | 60 |
| 3 | മൂന്നിയുർ പാടം | 50 | 45 |
| 4 | കുന്നത്ത്പറമ്പ് പാടം | 40 | 52 |
| 5 | കുഴിമ്പാട്ട് പാടം | 20 | 54 |
| 6 | വൈക്കത്ത് പാടം | 10 | 35 |
| 7 | ചെർണ്ണൂർപാടം | 20 | 45 |
| 8 | വടക്കെപാടം | 30 | 52 |
| 9 | കിഴക്കും പാടം | 30 | 56 |
| 10 | പാപ്പന്നൂർ പാടം | 10 | 27 |
| 11 | തയ്യിലക്കടവ് പാടം | 20 | 25 |
| 12 | പട്ടശ്ശേരി പാടം | 40 | 42 |
| 13 | വെളിമുക്ക് വലിയശേരി പാടം | 30 | 33 |
| 14 | വെളിമുക്ക് ചെറിയശേരി പാടം | 30 | 37 |
| 15 | വെള്ളായി പാടം | 15 | 26 |

j

# കൃഷി കലണ്ടർ

## ജനുവരി

നെല്ല് മുണ്ടകൻ കൊയ്ത്ത്, പുഞ്ചകൃഷിക്കുള്ള പ്രാരംഭനടപടികൾ എള്ള് പയർ എന്നിവ കൃഷിചെയ്യൽ പുഞ്ചക്കുള്ള ഞാറു വിതക്കൽ

തെങ്ങ് ചെറിയ തൈകൾക്ക് തണൽ നൽകൽ ജലസേചനം

കപ്പ വിളവെടുപ്പ് ആരംഭം

വാഴ ജലസേചനം തുടങ്ങുക. രണ്ടുതവണ രാസവളപ്രയോഗം

കുരുമുളക് വേനൽക്കാല പരിചരണം കിളച്ച് കളനീക്കി, മുരട്ട് പുതയിടുക വിളവെടുപ്പ് ആരംഭം

പച്ചക്കറി മുളക്, വഴുതിന തക്കാളി, വെണ്ട, ഒരു മാസം പ്രായമായ തൈകൾക്ക് രാസവളക്കൂട്ട് നൽകുക

## ഫെബ്രുവരി

നെല്ല് ഞാറ്റടിയിൽ കീടബാധ തടയുക. പുഞ്ചകൃഷിക്കുള്ള ഞാറ് നടീൽ

തെങ്ങ് ജലസേചനം തുടരുന്നു. വിത്തുതേങ്ങ സംഭരണം

കപ്പ വിളവെടുപ്പ് തുടരുന്നു. വിത്തിനുള്ള കപ്പ തണലത്ത് സൂക്ഷിക്കുക

വാഴ കുറുനാമ്പ് രോഗം ബാധിച്ചവ മാറ്റുക കുലക്കുന്നതുവരെ കന്നുകൾ വളരാൻ അനുവദിക്കാതിരിക്കുക. ജലസേചനം തുടരുക.

കുരുമുളക് വിളവെടുപ്പ്

പച്ചക്കറി വെള്ളരി വർഗ്ഗങ്ങൾ നടാം

## മാർച്ച്

നെല്ല് മേൽ വളപ്രയോഗം നടത്തുക. ചാഴിയുടെ ആക്രമണം തടയുക.

തെങ്ങ് ജലസേചനം നനവുള്ള തെങ്ങിന് രാസവളപ്രയോഗം

കപ്പ വിളവെടുപ്പ്

വാഴ ജലസേചനം കള നീക്കൽ

കുരുമുളക് തവാരണത്തിൽ നടുക. തവാരണങ്ങൾ തയ്യാറാക്കൽ, താങ്ങുകാലുകൾ തയ്യാറാക്കൽ

പച്ചക്കറി ഒന്നിടവിട്ട് ജലസേചനം തക്കാളിക്കം താങ്ങുനൽകൽ

## ഏപ്രിൽ

നെല്ല് പുഞ്ച കൊയ്ത്ത് ഒന്നാം വിളക്ക് പാടം ഉഴൽ

തെങ്ങ് നന തുടരുന്നു. കുമ്മായം ചേർക്കൽ

കപ്പ വേനൽ മഴ ലഭിച്ചാൽ നിലം ഒരുക്കൽ തുടരുക

വാഴ കടഭാഗത്ത് മണ്ണ് അടിച്ച് കൊടുക്കുക

കുരുമുളക് വേനൽ മഴക്കനുസരിച്ച് താങ്ങുകാൽ നാട്ടുക

പച്ചക്കറി വെള്ളരി വർഗ്ഗങ്ങൾക്ക് രാസവളം നൽകൽ

## മെയ്

നെല്ല് ഞാറ്റടി തയ്യാറാക്കൽ, വിത്തു വിതക്കൽ, വളം ചേർക്കൽ

തെങ്ങ് തൈനടാൻ കുഴി ശരിയാക്കൽ വിത്തു തേങ്ങ പാകൽ കൂമ്പ് ചീയലിന് പ്രതിരോധം

കപ്പ കമ്പ് നടൽ

വാഴ തോട്ടത്തിൽ വെള്ളം ഒഴുകിപ്പോകാൻ സൗകര്യം ഒരുക്കൽ, രണ്ടു കന്നുകൾ മാത്രം വളരാൻ അനുവദിക്കുക.

കുരുമുളക് ഇലകളിൽ ബോർഡോമിശ്രിതം തളിക്കുക.

പച്ചക്കറി കായീച്ച ശല്യം ഒഴിവാക്കാൻ മാലത്തയോൺ തളിക്കുക.

## ജൂൺ

നെല്ല് പ്രധാന നിലം ഒരുക്കൽ ജൈവവളം ചേർക്കൽ ഞാറു പറിച്ചുനടൽ
തെങ്ങ് തൈ നടൽ, തടം എടുത്തു വളം ചേർക്കൽ. വരൾച്ച തടുക്കാൻ തൊണ്ടടുക്കൽ.
കപ്പ നേരത്തെ കൃഷി ഇറക്കാത്ത സ്ഥലങ്ങളിൽ നിലം ഒരുക്കലും നടീലും
വാഴ വിളവെടുപ്പ് ആരംഭം, കുലകൾ കരിയില ഉപയോഗിച്ച് പൊതിയുക.
കുരുമുളക് കുഴികളിൽ വേര് മുളപ്പിച്ച തൈ നടുക.
പച്ചക്കറി പറമ്പുകളിൽ കൃഷി തുടങ്ങാം

## ജൂലൈ

നെല്ല് തണ്ടുതുരപ്പൻ ഇലചുരുട്ടി പുഴു എന്നിവക്കെതിരെ പ്രതിരോധം.
തെങ്ങ് ജൈവവളം ചേർക്കാത്തിടത്ത് ചേർക്കൽ
കപ്പ കളപറിക്കലും വളപ്രയോഗവും
കുരുമുളക് ജൈവവളം ചേർക്കൽ വീണുപോയ വള്ളികൾ കെട്ടൽ
പച്ചക്കറി ഒരുമാസം പ്രായമായവക്ക് രാസവളം നൽകൽ

## ആഗസ്റ്റ്

നെല്ല് രാസവളപ്രയോഗം കളനീക്കൽ
തെങ്ങ് രാസവളപ്രയോഗം
കപ്പ രണ്ടാം വളപ്രയോഗം തുലാക്കപ്പക്ക് നിലം ഒരുക്കൽ
വാഴ നിലം ഒരുക്കൽ
കുരുമുളക് വാട്ടരോഗത്തിനെതിരെ ബോർഡോ തളിക്കൽ
പച്ചക്കറി തണ്ടുതുരപ്പനെതിരെ പ്രതിരോധം

## സെപ്റ്റംബർ

നെല്ല് ചാഴി, മുഞ്ഞ എന്നിവക്കെതിരെ പ്രതിരോധം. ഒന്നാം വിളക്കൊയ്ത്ത്.
കപ്പ തുലാക്കപ്പ നടീല് തുടങ്ങുക.
വാഴ കന്ന് നടീൽ ആരംഭം. ജൈവവളം ചേർക്കർ കുറുനാമ്പു തടയൽ. Forite ചേർക്കൽ.
കുരുമുളക് പൊള്ളുവണ്ടിനെതിരെ മരുന്നുതളി.
പച്ചക്കറി പാവൽ, പടവലം തുടങ്ങിയവക്ക് പന്തലിടുക.

## ഒക്ടോബർ

നെല്ല് രണ്ടാം വിളക്ക് ഞാറ്റടി തയ്യാറാക്കൽ. രണ്ടാം വിളക്ക് നിലം ഉഴുതിടൽ.
തെങ്ങ് മുളക്കാത്തെ തേങ്ങ മാറ്റുക. ബോർഡൊ മിശ്രിതം ഒഴിക്കുക.
കപ്പ വളപ്രയോഗം
വാഴ വളപ്രയോഗം
കുരുമുളക് കൊത്തിക്കിളച്ച് കളകൾ മാറ്റുക.

## നവംബർ

നെല്ല് രണ്ടാം വിള ഞാറു പറിച്ചു നടീൽ. കളനീക്കൽ, പുഴു ശല്യത്തിനെതിരെയുള്ള മരുന്ന് തളി.
തെങ്ങ് തെങ്ങിൻ തടം പുതയിടുക. ഒടിയാൻ സാദ്ധ്യതയുള്ള കുല കെട്ടുക.
വാഴ ജലസേചനം നടത്തുക.

## ഡിസംബർ

നെല്ല് മേൽവള പ്രയോഗം. ചാഴി നിയന്ത്രണം
തെങ്ങ് നനതുടങ്ങുക.
കപ്പ തുലാ കപ്പക്ക് കളയെടുക്കലും വളപ്രയോഗവും മണ്ണടുപ്പിച്ച് കൊടുക്കലും.
വാഴ ജലസേചനം. വളപ്രയോഗം.
കുരുമുളക് നേരത്തെ മൂപ്പെത്തുന്ന സ്ഥലത്ത് വിളവെടുപ്പ് ആരംഭിക്കുക.



# മൃഗസംരക്ഷണം

പ്രധാനവളർത്തുമൃഗങ്ങൾ : പശു, ആട്
പ്രധാനവളർത്തുപക്ഷി : കോഴി

**വളർത്തുമൃഗസംഖ്യ**
**(കന്നുകാലിസെൻസസ് 1994-95)**

| പശു നാടൻ | | പശുസങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|
| കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| 488 | 212 | 306 | 129 | 54 | 13 | 18 | 5564 | 84 |

എല്ലാവാർഡുകളിലും പരക്കെ കാലിവളർത്തൽ ഉണ്ട്. കാലികളിൽ പകുതിയോളം അത്യുൽപ്പാദനശേഷിയുള്ളവയാണ്. എങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് കാലിവളർത്തലിൽ വൻതോതിൽ കുറവ് വന്നിട്ടുണ്ട്. മേച്ചിൽ സ്ഥലങ്ങളിൽ വന്നകുറവ്, തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം, കാലിത്തീറ്റയുടെ വിലവർദ്ധന, പാൽവിപണനഅസൗകര്യം, നല്ലയിനം കാലികളുടെ ദൗർലഭ്യം എന്നിവയാണ് പ്രധാനകാരണങ്ങൾ. കാർഷിക മേഖലയിലെ മാന്ദ്യവും യന്ത്രവൽക്കരണവും ഉഴവുമാടുകളുടെ എണ്ണം ഗണ്യമായി കുറച്ചു.

**ചേളാരി കാലിച്ചന്ത :**

വർഷങ്ങൾ പഴക്കമുള്ള പ്രസിദ്ധമായ ഈ ചന്ത എല്ലാ ചൊവ്വാഴ്ചകളിലും നടത്തപ്പെടുന്നു. 600ൽപ്പരം കാലികൾ ആഴ്ചതോറും എത്തുന്നു. ഭൂരിഭാഗവും സേലത്ത് നിന്നുമാണെത്തുന്നത്. ആവശ്യമായ അറവ്മാടുകൾക്ക് ജനങ്ങൾ ചന്തയെ ആശ്രയിക്കുന്നു.

പഞ്ചായത്തിലെ ഏകപാൽസൊസൈറ്റിയാണ് വെളിമുക്ക് പാൽസൊസൈറ്റി. പ്രതിദിനം 100 ലിറ്റർ പാൽ ഇവിടെ സംഭരിക്കപ്പെടുന്നു. എങ്കിലും ആവശ്യത്തിനുള്ള പാൽ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല. ചേളാരിപടിക്കൽ,തലപ്പാറഎന്നിവിടങ്ങളിലെ മിൽമ ബൂത്തുകൾ ഇത് വ്യക്തമാക്കുന്നു. പ്രതിദിനം ശരാശരി 100 ലിറ്റർ പാൽ ഈ ബൂത്തുകളിൽ വിറ്റഴിക്കപ്പെടുന്നു. 14-ാം വാർഡിലെ ചുഴലി പ്രദേശത്ത് ഐ.ആർ.ഡി.പി. സർവ്വെയിൽപ്പെട്ട 15കുടുംബങ്ങൾക്ക് ഡി.ഡബ്ല്യൂ.സി.ആർ.എ പദ്ധതിപ്രകാരം കറവപശുക്കളെ നൽകിയെങ്കിലും ഇവയുടെ പാൽ പഞ്ചായത്തിന് പുറത്തുള്ള പരപ്പനങ്ങാടി പാൽസൊസൈറ്റിയിലേക്കാണ് നൽകുന്നത്.

പഞ്ചായത്തിൽ നിലവിലുള്ള പാൽ സൊസൈറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തി ക്ഷീരകർഷകരുടെ പാൽ വിപണനം പരിപോഷിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2 ഗോബർഗ്യാസ്പ്ലാന്റുകളുണ്ടെങ്കിലും ഇവ പ്രവർത്തനക്ഷമമല്ല. കാലിവളർത്തലിലെ മാന്ദ്യം, ഗോബർഗ്യാസ്പ്ലാന്റുകളെപ്പറ്റിയും അതിന് ലഭ്യമായ ആനുകൂല്യങ്ങളെപ്പറ്റിയുമുള്ള അജ്ഞത, ആധുനികവൽക്കരണം എന്നിവ ഈ രംഗത്തെ വികസനത്തിന് തടസ്സമായി.

### വളർത്തുപക്ഷിസംഖ്യ
### (വളർത്തുപക്ഷിസെൻസസ് 1994-95)

| പൂവൻകോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|
| | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ |
| 1683 | 4060 | 2675 | 10 | ലഭ്യമല്ല |

കോഴിവളർത്തലിൽ കാര്യമായ കുറവ് വന്നിട്ടുണ്ടെങ്കിലും ഉപഭോഗം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇതിന് തെളിവാണ് പഞ്ചായത്തിലെ 20-ഓളം കോഴിവിൽപ്പനകേന്ദ്രങ്ങൾ. പ്രതിദിനം ശരാശരി 200-ഓളം കോഴികൾ ഇവിടെ വിൽക്കപ്പെടുന്നു. പഞ്ചായത്ത് നിവാസികൾക്കാവശ്യമായ കോഴികളത്രയും അയൽസംസ്ഥാനങ്ങളിൽ നിന്നുമാണെത്തുന്നത്. തമിഴ്നാട്ടിൽ ലോറിസമരമായാൽ കല്യാണം മുടങ്ങുന്ന അവസ്ഥ! കോഴിമുട്ടയുടെ സ്ഥിതിയും മറിച്ചല്ല.

പഞ്ചായത്തിലെ ഏക കോഴിവളർത്തൽ കേന്ദ്രമാണ് 4-ാം വാർഡിലെ മുള്ളൻതൊടിപ്പാറയിൽ ഉള്ളത്. ബാങ്ക് വായ്പഉപയോഗിച്ച് തുടങ്ങിയ ഈ സ്വകാര്യകേന്ദ്രത്തിൽ 2 ബാച്ചുകളിലായി 500-ഓളം ഇറച്ചിക്കോഴികളെ വളർത്തുന്നു. സർക്കാർ ആനുകൂല്യങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. പക്ഷിമൃഗാദികളിൽ കാണുന്ന പ്രധാനരോഗങ്ങൾ അകിടുവീക്കം, ദഹനസംബന്ധമായവ, പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ -പരാദരോഗങ്ങൾ തുടങ്ങിയവയാണ്.

രോഗവിവരങ്ങൾ (ഗവ.മൃഗാശുപത്രി തിരൂരങ്ങാടി)

| രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|
| ദഹന സംബന്ധമായ | 444 | 24 | 380 | 2160 |
| അകിടുവീക്കം | 216 | — | 84 | -- |
| പ്രത്യുൽപാദന വ്യവസ്ഥ യുമായിബന്ധപ്പെട്ടവ | 348 | — | 72 | -- |
| പരാദ രോഗങ്ങൾ | 480 | -- | -- | 216 |
| ശ്വാസകോശസംബന്ധമായവ | 132 | — | 60 | — |
| മുടന്തൻ പനി | 288 | — | — | -- |
| വന്ധ്യത | 180 | — | — | -- |

### കൃത്രിമബീജസങ്കലനവിവരങ്ങൾ
(ഗവ:മൃഗാഗുപത്രി തിരൂരങ്ങാടി)

| ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ |
|---|---|---|
| പശു | 830 | 160 |
| കിടാരി | 300 | 40 |
| എരുമ | 67 | 4 |

പഞ്ചായത്തിൽ മൃഗാശുപത്രി ഇല്ല. ആകെയുള്ളത് വെളിമുക്കിൽ ഒരു വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണകേന്ദ്രമാണ്. സ്ഥലപരിമിതിയും ജീവനക്കാരുടെ അഭാവവും മൂലം ഇതിന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. പഞ്ചായത്തിലെ മിക്ക ജനങ്ങളും അയൽപഞ്ചായത്തുകളിലെ മൃഗാശുപത്രികളെയാണ് ആശ്രയിക്കുന്നത്.

പേപ്പട്ടിശല്യം സ്ഥിരമായി ഇല്ലെങ്കിലും തള്ളിക്കളയാനാവില്ല.

### ദേശാടനപക്ഷികൾ:

സൈബീരിയ പോലുള്ള വിദേശരാജ്യങ്ങളിൽ നിന്നും അതിശൈത്യത്തിൽ നിന്നും രക്ഷ തേടി എരണ്ട, നീർക്കാക്ക, പാതിരാകൊക്ക്, ചേരക്കോഴി, ആള തുടങ്ങിയ ദേശാടനപക്ഷികൾ വർഷം തോറും പഞ്ചായത്തിലെ വെളിമുക്ക്ചാലി, ചെർനൂർചാലി എന്നീ പ്രദേശങ്ങളിൽ എത്തുന്നു. വർദ്ധിച്ച ജനപ്പെരുപ്പവും പക്ഷിവേട്ടയും ഇവയുടെ എണ്ണം ഗണ്യമായി കുറച്ചു.

### പ്രശ്നങ്ങൾ

1. തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം
2. ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ദൗർലഭ്യം
3. ഗുണമേന്മയുള്ള പക്ഷി-മൃഗാദികളുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലവർദ്ധനവും.
4. ആധുനികചികിത്സാസൗകര്യങ്ങളോട്കൂടിയ ഒരു മൃഗാശുപത്രിയുടെ അഭാവം .
5. പാൽവിപണനത്തിലെ അസൗകര്യം.
6. കാലിവളർത്തലിൽ പൊതുവെ ഉണ്ടായ താൽപ്പര്യക്കുറവ്.
7. വായ്പനൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത.
8. ഇൻഷൂറൻസ് പരിരക്ഷയുടെ അപര്യാപ്തത.

### നിർദ്ദേശങ്ങൾ

1. കാലിവളർത്തലിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിപ്പിക്കണം. നാടൻരീതിയിലുള്ള കാലിവളർത്തലിൽ നിന്ന് ശാസ്ത്രീയരീതിയിലേക്കുള്ള മാറ്റം അനിവാര്യമാണ്. അത്യുല്പാദനശേഷിയുള്ള മാടുകൾ, ആവശ്യമായ ലോൺ, സബ്സിഡി എന്നിവ ലഭ്യമാക്കുക. പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.

2. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾ പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ആരംഭിക്കുക. അനുബന്ധമായി പാൽ ഉൽപ്പന്ന നിർമ്മാണയൂണിറ്റുകൾ, പ്രാദേശിക വിഭവങ്ങൾ സമാഹരിച്ച് തീറ്റനിർമ്മാണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കണം. ക്ഷീരസഹകരണ സംഘത്തിൽ അംഗങ്ങളായ കർഷകർക്ക് വറ്റുകറവകാലത്ത് 50% സബ്സിഡിയിൽ രണ്ടാമതൊരു പശുവിനെക്കൂടിനൽകുക

3. മൃഗസംരക്ഷണ കേന്ദ്രത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക. പ്രവർത്തനങ്ങൾ വിലയിരുത്താൻ ഒരു ജനകീയകമ്മിറ്റി രൂപീകരിക്കുക. ഡോക്ടർമാർ ഗൃഹസമ്പർക്കം പുലർത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുക.

6-ാം വാർഡിലെ ലക്ഷംവീട് കോളനിയിലുള്ള ചിന നികത്തി ആധുനിക സൗകര്യങ്ങളോട് കൂടിയ പഞ്ചായത്ത് മൃഗാശുപത്രി നിർമ്മിക്കുക. പാറാക്കാവ്, പടിക്കൽ എന്നിവിടങ്ങളിലെ പഞ്ചായത്തധീനതയിലുള്ള പൊളിഞ്ഞ ആലകൾ മൃഗസംരക്ഷണ ഉപകേന്ദ്രങ്ങളാക്കി മാറ്റുക (ആവശ്യമായ ഭൂമി അക്വയർചെയ്യുക) കൃത്രിമബീജസങ്കലനസൗകര്യങ്ങൾ വിപുലമായി ഏർപ്പെടുത്തുക.

4. അഗതികൾ, അനാഥർ, വിധവകൾ തുടങ്ങിയ നിരാശ്രിതർക്ക് അത്യുല്പാദനശേഷിയുള്ള പശുക്കളെ സൗജന്യമായി നൽകുക.

5. ഓരോ വാർഡുകളെയും കേന്ദ്രീകരിച്ച് സഹകരണാടിസ്ഥാനത്തിൽ ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങണം. ആവശ്യമായ ലോണുകൾ, നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ പരിശീലനപരിപാടികൾ എന്നിവയുണ്ടാവണം.

6. പക്ഷിമൃഗാദികൾക്ക് പഞ്ചായത്ത്തലത്തിൽ മാസ്റ്റർപോളിസി വഴി ഇൻഷൂറൻസ് പരിരക്ഷ ലഭ്യമാക്കുക.

7. ഗോബർഗ്യാസ് പ്ലാന്റിനെപ്പറ്റിയും അതിന് ലഭ്യമായ ആനുകൂല്യങ്ങളെപ്പറ്റിയും ജനങ്ങളെ ബോധവാന്മാരാക്കുക.

8. ആധുനികരീതിയിലുള്ള അറവ്ശാലകൾ സ്ഥാപിക്കുകയും ശുദ്ധമായ മാംസംലഭ്യമാക്കുകയും വേണം.

9. കോഴിവിൽപ്പനകേന്ദ്രങ്ങളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ ഉണ്ടാക്കുന്ന മലിനീകരണം കർശനമായി തടയണം.

10. പഞ്ചായത്തിൽ 10ൽപ്പരം കുളങ്ങളുണ്ട് ഇവയിൽ താറാവ്കൃഷിക്ക് സാദ്ധ്യതയുണ്ട്.

11. കാട, മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കണം.

12. ചേളാരികാലിച്ചന്ത പഞ്ചായത്ത് ഏറ്റെടുത്ത് ആധുനികവൽക്കരിക്കണം. ഇത് പഞ്ചായത്തിന് നല്ലൊരുവരുമാനമാർഗ്ഗമാവും. (ഇപ്പോൾ വെറും 1430 രൂപയാണ് വരവ്)

13. ദേശാടനപക്ഷികളെ വെടിവെയ്ക്കുന്നത് കർശനമായി തടയണം. (നിരോധനബോർഡ് സ്ഥാപിക്കണം) ചാലിപ്രദേശത്ത് ഒരു പക്ഷിനിരീക്ഷണ കേന്ദ്രം സ്ഥാപിക്കണം.

14. വളർത്ത്നായ്ക്കൾക്ക് ലൈസൻസ് നിർബ്ബന്ധമാക്കുക. അലഞ്ഞുതിരിയുന്ന നായ്ക്കളെ കൊല്ലുക.

## മത്സ്യബന്ധനം

പഞ്ചായത്തിന്റെ തെക്ക്, പടിഞ്ഞാറ് അതിരുകൾ 10 കി.മീ നീളത്തിൽ കടലുണ്ടി പുഴയാണ്. കിഴക്ക്ഭാഗ് കിഴക്കൻതോടും. പുറമെ 150 ഏക്കറോളം വരുന്ന വെളിമുക്ക്ചാലി, ചെർനൂർചാലി, 10ൽപരം കുളങ്ങൾ എന്നിവയാണ് പഞ്ചായത്തിലെ പ്രധാനജലാശയങ്ങൾ.

പഞ്ചായത്തിൽ 100ഓളം പുഴയോരമത്സ്യത്തൊഴിലാളികളും 60-ൽപ്പരം മത്സ്യവിപണന തൊഴിലാളികളുമുണ്ട്. ചെർനൂർ, ചുഴലി ഭാഗത്തുള്ളവരാണ് മിക്ക മത്സ്യത്തൊഴിലാളികളും. ചിലരെല്ലാം ക്ഷേമനിധിബോർഡിൽ അംഗത്വമുള്ളവരാണ്. കടലുണ്ടി പുഴയാണ് പ്രധാനആശ്രയം. 14-ാം വാർഡിലെ 5 മത്സ്യത്തൊഴിലാളികൾ പരപ്പനങ്ങാടി കടലോരത്താണ് മത്സ്യബന്ധനം നടത്തുന്നത്. പഞ്ചായത്തിൽ ഒറ്റ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളും ഇല്ല.

### ചാലിനായാട്ട്:

വെളിമുക്ക്ചാലി പാടത്ത് വെള്ളം താഴ്ന്നാൽ വർഷംതോറും വിവിധപ്രദേശങ്ങളിലെ ജനങ്ങൾ വലവീശിയും, ഒറ്റിൽകുത്തിയും, കുട്ട കൊണ്ട് കോരിയും വൻതോതിൽ മത്സ്യബന്ധനം നടത്തിയിരുന്നു. `വെള്ളേക്ക്ചാലീലെ നായാട്ടേട്ടും ചക്കീംചാറും' എന്ന ഒരു ചൊല്ല് തന്നെയുണ്ടായിരുന്നു. ചാലി നായാട്ടിന് പണ്ട് ഉത്സവപ്രതീതിയായിരുന്നു. എന്നാൽ വെള്ളത്തിൽ പെരുകിവന്ന ചെറിയതരം അട്ടകൾ, ആഫ്രിക്കൻ പായലുകൾ, പുറമെ മത്സ്യരോഗങ്ങൾ എന്നിവ ഈ മാമാങ്കത്തിന്റെ മാറ്റ് വളരെയേറെ കുറച്ചു.

ഇന്ന് ഈ പ്രദേശങ്ങളിലൊക്കെ കടൽമത്സ്യം ഇറക്കുമതി ചെയ്യുന്നു. ജൂൺ, ജൂലൈ മാസങ്ങളിലാണ് പ്രധാനമായും മത്സ്യക്ഷാമം അനുഭവപ്പെടുന്നത്. സ്ഥിരം കെട്ടിടമുള്ള ഒരൊറ്റ മത്സ്യ മാർക്കറ്റും പഞ്ചായത്തിലില്ല. ഇതുമൂലം ചേളാരി പോലുള്ള ചില പ്രദേശങ്ങളിൽ പരിസ്ഥിതി മലിനീകരണം രൂക്ഷമാണ്.

### പ്രശ്നങ്ങൾ

1. മത്സ്യവിപണനത്തിന് സ്ഥിരം കെട്ടിടമുള്ള മാർക്കറ്റുകളില്ല.
2. വെളിമുക്ക്ചാലി, ചെർനൂർചാലി എന്നിവിടങ്ങളിലുള്ള മത്സ്യസമ്പത്ത് വിദഗ്ദമായി ചൂഷണം ചെയ്യാൻ കഴിയുന്നില്ല. മത്സ്യരോഗം മൂലം കുറെ എണ്ണം ചത്തൊടുങ്ങുന്നു.
3. 10ൽപരം കുളങ്ങളുണ്ടെങ്കിലും ഒന്നിലും മത്സ്യകൃഷിയില്ല.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിലെങ്കിലും പുതിയ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കണം.
2. വെളിമുക്ക്ചാലി, ചെർനൂർചാലി അതിരുകൾ ഉയർത്തിക്കെട്ടി ഒരു വൻ മത്സ്യകൃഷിക്ക് പദ്ധതിയൊരുക്കണം. ഇവിടെ ചെമ്മീൻകൃഷിക്കും ഞണ്ട്കൃഷിക്കും സാധ്യതയുണ്ട്. മത്സ്യരോഗത്തിന് പ്രതിവിധിയുണ്ടാക്കണം.
3. ചെർനൂർ, ചുഴലി-കുന്നത്ത് പറമ്പ് ഭാഗങ്ങളിൽ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ ഉണ്ടാക്കണം.
4. സ്വകാര്യകുളങ്ങളിൽ മീൻവളർത്തൽ പ്രോത്സാഹിപ്പിക്കണം. ബോധവൽക്കരണം ആവശ്യമാണ്.

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് മൂന്നിയൂർ. ഈ പഞ്ചായത്തിൽ സ്വകാര്യ മേഖലയിലോ പൊതുമേഖലയിലോ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഇല്ല. സഹകരണ മേഖലയിൽ ഒരു ഈർച്ചമിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളു. പഞ്ചായത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനങ്ങൾ പാറക്കടവിലെ ജനതാ ടൈൽ വർക്ക്സ്, ചേളാരിയിലെ ബിസ്മി ഇൻഡസ്ട്രീസ് എന്നിവയാണ്. 209 പേർ ജോലി ചെയ്യുന്ന പാറക്കടവ് ഓട്ടു കമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ വിവിധ വ്യവസായ സ്ഥാപനങ്ങളിലായി അറനൂറോളം ആളുകൾ തൊഴിലെടുക്കുന്നു. ഇവിടെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും അസംസ്കൃത പദാർത്ഥങ്ങൾ മറ്റു പ്രദേശങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നുത്. പഞ്ചായത്തിൽ വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകൾ കൂടുതൽ ജോലി ചെയ്തിരുന്ന പ്ലൈവുഡ്, തീപ്പെട്ടി മുതലായ വ്യവസായ സ്ഥാപനങ്ങൾ മരത്തിന്റെ ദൗർലഭ്യം കാരണം പ്രവർത്തനരഹിതമായി കിടക്കുകയാണ്.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം കുട്ട നെയ്ത്ത്, പായ നെയ്ത്ത്, എന്നിവയാണ്. മുളയുടെ ദൗർലഭ്യവും വിപണന പ്രശ്നവും കാരണം ഇവയും പ്രതിസന്ധിയിലാണ്.

പഞ്ചായത്തിലെ നിലവിലുള്ള വ്യവസായങ്ങളും തൊഴിലാളികളുടെ എണ്ണവും താഴെ പട്ടിക ഒന്നിൽ കൊടുക്കുന്നു.

പട്ടിക 1

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | സ്ത്രീ | പുരു. | ആകെ | |
| 1 | കയർ സ്വ. മേഖല | 21 | 7 | 8 | |
| 2. | കുട്ട നെയ്ത് – | – | 25 | 25 | |
| 3. | പായ നെയ്ത് | 25 | – | 25 | |
| 4. | ചെറുകിട വ്യവസായങ്ങൾ | 60 | 350 | 410 | |
| 5. | മറ്റു വ്യവസായങ്ങൾ | 10 | 100 | 110 | |

## വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | വിഭാഗം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|---|
| | | | പുരു. | സ്ത്രീ | ആകെ | |
| 1. | ഈർച്ചമിൽ | 1 | 5 – | | 5 | |

## ചെറുകിട വ്യവസായ യൂനിറ്റുകൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ. |
| 1. | തടി | | | | |
| | ഈർച്ചമിൽ | 6 | 30 | – | 30 |
| | ഫർണ്ണിച്ചർ | 10 | 50 | – | 50 |
| 2. | കൊപ്ര നിർമ്മാണ് | 10 | 20 | – | 20 |
| 3. | എഞ്ചിനിയറിംഗ് | 5 | 50 | – | 20 |
| 4. | അച്ചടി | 2 | 6 | – | 6 |
| 5. | ഖാദി മേഖല | 1 | 3 | – | 3 |
| 6. | ചെരുപ്പ് | 5 | 22 | 20 | 42 |
| 7. | കളിമണ്ണ് | 5 | 250 | 35 | 285 |
| 8. | ക്രഷർ | 1 | 5 | – | 5 |
| 9. | ബേക്കറി | 2 | 10 | – | 10 |
| 10 | സോപ്പ് | 1 | 2 | – | 2 |

## പരമ്പരാഗതം വ്യവസായം

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം. | | |
|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ |
| 1. | പായ നെയ്ത് | – | 35 | 35 |
| 2. | കുട്ട നെയ്ത് | 25 | – | 25 |
| 3. | ബീഡി തെരപ്പ് | 10 | – | 10 |
| 4. | കയർ | 20 | 5 | 25 |
| 5. | പപ്പടം | 5 | 5 | 10 |

## പ്രശ്നങ്ങൾ

പഞ്ചായത്തിൽ നാളികേരം, അടയ്ക്ക, നെല്ല് കപ്പ, നേന്ത്രക്കായ, പച്ചക്കറികൾ മുതലായവ വിപുലമായി കൃഷി ചെയ്യുവാൻ പറ്റുന്ന സാഹചര്യമാണുള്ളത്. ജനസാന്ദ്രതയുള്ള ഈ പഞ്ചായത്ത് കാർഷിക ഉല്പന്നങ്ങളുടേതടക്കമുള്ളവയുടെ നല്ലൊരു വിപണിയായിട്ടും പ്രസ്തുത ഉൽപ്പന്നങ്ങൾ ഉണ്ടാ

ക്കി വിൽക്കുന്ന സ്ഥാപനങ്ങൾ വളർന്നു വരുന്നില്ല. പഞ്ചായത്തിലെ കാർഷികോൽപ്പന്നങ്ങളെ അടി സ്ഥാനമാക്കിയുള്ള വ്യവസായ സ്ഥാപനങ്ങളെ പ്രോൽസാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വ്യവ സായ വളർച്ചക്ക് അനുകൂലമായ ഉയർ ഉപഭോഗ നിലവാരവും വ്യാവസായിക പ്രാധാന്യമുള്ള കാർഷി കോൽപ്പന്നങ്ങളുടെ ഉൽപാദനവും ഉണ്ടെങ്കിലും വേണ്ടത്ര വ്യാവസായിക വളർച്ച കൈവരിക്കാൻ സാധിക്കാത്തതിനു താഴെ പറയുന്നവയാണ് പ്രധാന കാരണങ്ങൾ.

1. മുഖ്യ കാർഷികോൽപ്പന്നങ്ങളായ നാളി കേരം, അടയ്ക്ക, കപ്പ, നേന്ത്രക്കായ മുതലായവ വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.

2. നിലവിലുള്ള വ്യവാസായങ്ങൾ നടത്തി ക്കൊണ്ടുപോകുന്നതിനും, പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വൈദ്യുതക്ഷാമം ഏറ്റവും വലിയ പ്രശ്നമാണ്.

3. പഞ്ചായത്തിലെ പ്രധാന വ്യവസായ സ്ഥാപനങ്ങളായ ഓട്ടുകമ്പനി, ഇഷ്ടിക കമ്പനി, പ്ലൈവുഡ് വ്യവസായം എന്നിവയ്ക്ക് അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കാൻ വിഷമമുണ്ട്.

4. സാങ്കേതിക പരിജ്ഞാനക്കുറവ്.

5. പഞ്ചായത്തിലെ ഏറ്റവും വലിയ തൊഴിൽ ശാലയായ പാറക്കടവ് ഓട്ടുകമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഓടിൻെറ വിപണനവും പ്രശ്ന മാവുന്നു.

6. സ്വകാര്യ മേഖലയിൽ വ്യവസായങ്ങൾ തുടങ്ങാൻ താല്പര്യമുള്ളർ ഉണ്ടെങ്കിലും പണമിറ ക്കാൻ കഴിവുള്ളവരുടെ എണ്ണം വളരെ കുറവാണ്.

7. ധനസഹായം ലഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

8. പഞ്ചായത്തിലെ പ്രധാന പരമ്പരാഗതമായ വ്യവസായങ്ങളായ കുട്ട നെയ്ത്, പായ നെയ്ത് മുതലായവക്കുവേണ്ട അസംസ്കൃത പദാർത്ഥങ്ങ ളുടെ ദൗർലഭ്യം ഈ മേഖലയെ തളർത്തുന്നു.

9. വനിതകൾക്ക് പൊതുവേ തൊഴിലവസരം കുറവാണ്.

10 പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്ക് കൂടുതൽ പരിശീലനം ലഭിക്കാൻ സാഹചര്യങ്ങളില്ല.

11. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് തൊഴിലവസരമില്ലാത്തത് അത്തരക്കാരുടെ മനോ വീര്യം കെടുത്തുന്നു.

12. വ്യവസായ വളർച്ചക്കു വിഘാതമായ പ്രധാ ന പ്രശ്നങ്ങളിൽ ഒന്നാണ് കുറഞ്ഞ കൂലി നിരക്ക്. വിവിധ മേഖലകളിലെ കൂലിനിരക്ക് താഴെ കൊടു ക്കുന്നു.

| ക്രമ നമ്പർ | ഇനം | കൂലി നിരക്ക് | |
|---|---|---|---|
| | | പു. | സ്ത്രീ |
| 1. | കയർ | 70 | 30 |
| 2. | തടി | 100 | – |
| 3 | അച്ചടി | 50 | – |
| 4. | ബേക്കറി | 50 | – |
| 5. | ഓയിൽ മിൽ | 50 | – |
| 6. | പപ്പടം | 50 | 15 |
| 7. | ഭക്ഷ്യധാന്യം പൊഴിക്കൽ | 50 | – |
| 8. | പായ് നെയത്ത് | – | 35 |
| 9. | പ്ലാസ്റ്റിക്ക് വ്യവസായം | 65 | – |
| 10. | സോഡ നിർമ്മാണം | 75 | – |
| 11. | എഞ്ചിനിയറിംഗ് | 100 | – |
| 12. | ലതർ, റെക്സിൻ | 60 | – |
| 13. | കല്ലുവെട്ട് | 75 | – |
| 14. | ഇത്തിൾ നിർമ്മാണം | 75 | – |
| 15. | കൊട്ട നെയ്ത് | 75 | – |
| 16. | ബാറ്ററി നിർമ്മാണം | 75 | – |
| 17. | ടയർ സോളിംഗ് | 75 | – |
| 18. | ഓടു നിർമ്മാണം | 100 | 80 |
| 19. | ഇഷ്ടിക | 75 | – |
| 20. | ചെരുപ്പ് | 50 | – |
| 21. | സിമൻറ് ഹോളോബ്രിക്സ് | 50 | – |
| 22. | ക്രഷർ | 75 | – |
| 23. | സോപ്പ് | 75 | – |

## സാധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗത കുടിൽ വ്യവസായമേഖലകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കുറവാണ്. പായനെയ്ത്ത്, കുട്ട നെയ്ത്ത്, കയർ നിർമ്മാണം എന്നീ മേഖലകളിൽ കൂടുതൽ സ്ത്രീകളാണ് ജോലി ചെയ്യുന്നത്. ഏകദേശം 10 വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിലെ 35% വീടുകളിലും ചൂടി പിരിക്കൽ ഒരു പ്രധാന തൊഴിലായിരുന്നു. പക്ഷേ ഈ മേഖലയിൽ ആധുനിക യന്ത്രങ്ങൾ വന്നതോടെ ഇവിടുത്തെ ചൂടിക്ക് ഡിമാൻറ് കുറഞ്ഞതും വിപണന സൗകര്യം കുറഞ്ഞതും പ്രസ്തുത മേഖലയെ തളർത്തി. പഞ്ചായത്തിൽ ലഭ്യമാകുന്ന ചകിരി വ്യാവസായികമായി തീരെ ഉപയോഗിക്കപ്പെടുന്നില്ല എന്ന് പറയാം. മറ്റ് പഞ്ചായത്തുകളിൽ നിന്ന് ചൂടി കൊണ്ടുവന്ന് തയ്യാറാക്കി വിൽക്കുന്ന 7 യൂണിറ്റുകൾ മാത്രമാണ് ഇവിടെ ഇപ്പോൾ പ്രവർത്തിക്കുന്നത് ഈ പശ്ചാത്തലത്തിൽ ലഭ്യമാകുന്ന ചകിരി ഉപയോഗിച്ച് ആധുനിക രീതിയിൽ കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കുന്ന ഒരു ചെറുകിട കയർവ്യവസായ സ്ഥാപനത്തിന് ഇവിടെ സാധ്യതയുണ്ട്.

കുട്ട നെയ്ത്തിന്റെ ഭാവിക്കും മങ്ങലേറ്റു കഴിഞ്ഞു. കുട്ട നെയ്യാനാവശ്യമായ മുള ലഭിക്കുന്നില്ല. കുട്ടക്ക് പകരം പ്ലാസ്റ്റിക്ക് പെട്ടികൾ ഉപയോഗിക്കാൻ തുടങ്ങിയത് കൊണ്ട് ചൂരൽ കുട്ടയുടെ ഉപയോഗവും കുറഞ്ഞു. കുട്ട നെയ്ത്തുകാരെ ഏകീകരിപ്പിക്കുകയും അവർക്ക് കുറഞ്ഞ വിലയ്ക്ക് മുള ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്താൽ ഈ കുടിൽ വ്യവസായത്തിന് പിടിച്ചു നില്കാനാവും.

നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഓട്, ഇഷ്ടിക, ജെല്ലി, വാതിൽ, ജനൽ മുതലായവ നിർമ്മിക്കുന്ന വ്യവസായ സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ ഇപ്പോൾ വളർന്നുവരുന്നത്. മേൽ പറഞ്ഞ വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ കളിമണ്ണ്, കരിങ്കല്ല്, തടി മുതലായവ ലഭ്യമാക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്കാവശ്യമായ അസംസകൃത പദാർത്ഥങ്ങൾ അനായാസം ലഭ്യമാക്കാൻ സാധിച്ചാൽ ഇവ കൂടുതൽ പരിപോഷിപ്പിക്കുവാനും സാധിക്കും.

പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരം, അടയ്ക്ക, കപ്പ, ഏത്തക്കായ, മുതലായവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾഇല്ല എന്നതാണ് വസ്തുത. ഈ കാർഷികോൽപ്പന്നങ്ങളുടെ വ്യവസായിക പ്രാധാന്യത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തിയാൽ ഈ മേഖലകളിലേക്ക് കൂടുതൽ സംരംഭകരെ ആകർഷിപ്പിക്കുവാനും പുതിയ സ്ഥാപനങ്ങൾ തുടങ്ങുവാനും സാധിക്കും.

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

**പട്ടിക.**

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ | 1 | യന്ത്രമുപയോഗിച്ച് പച്ച ചകിരിനാര് നിർമ്മാണം |
| | 2 | യന്ത്രവൽകൃത ചൂടി നിർമ്മാണം |
| | 3 | ചവിട്ടി, ചൂടിപ്പടം, മുതലായവ നിർമ്മാണം |
| | 4 | ചകിരിച്ചവറ് ഉപയോഗിച്ചുള്ള വളം |
| | 5 | തെങ്ങുകൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണിച്ചറും |
| | 6 | ചിരട്ടപ്പൊടി, ചിരട്ട ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കൾ |
| | 7 | തേങ്ങാ പൗഡറും ക്രീമും (തേങ്ങാപാൽ കുഴമ്പു രൂപത്തിൽ) |
| | 8 | വെളിച്ചെണ്ണ |
| | 9 | കന്നുകാലിത്തീറ്റ |
| | 10 | കോഴിത്തീറ്റ |
| | 11 | തേങ്ങ വെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയങ്ങൾ |

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| വനിത | 1 | തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ |
| | 2 | പഴം, ജാമുകൾ, കൈതച്ചക്ക, നേന്ത്രപ്പഴം, ചക്ക, മാങ്ങ എന്നിവ ഉപയോഗിച്ച് |
| | 3 | പേപ്പർ പൾപ്പുകൊണ്ടുള്ള കട്ടിയുള്ള കടലാസ് നിർമ്മാണം |

ചുരുങ്ങി മുതൽ മുടക്കിൽ കമ്പോളം ലഭിക്കുവാൻ സാധ്യതയുള്ള വ്യവസായങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| സ്വകാര്യ മേഖല വനിത | 1 | ഷൂ നിർമ്മാണം |
| | 2 | അലക്ക് സോപ്പ് നിർമ്മാണം |
| | 3 | സോപ്പ് പൊടി നിർമ്മാണം |
| | 4 | പേപ്പർ കവർ ഇർമ്മാണം |
| സഹകരണസംഘം വനിത | 1 | ഉന്നത നിലവാരമുള്ള റെഡിമെയഡ് വസ്ത്രങ്ങൾ |
| | 2 | കുട, നോട്ട്ബുക്ക് നിർമ്മാമം |
| | 3 | കറി പൗഡർ |
| | 4 | മിഠായി നിർമ്മാണം |
| | 5 | മെഴുകുതിരി നിർമ്മാണം |
| | 6 | അച്ചാറ് നിർമ്മാണം |
| സഹകരണസംഘം ജനറൽ | 1 | സിമൻറു കൊണ്ടുള്ള ജനൽ വാതിൽ, കട്ടിൽ, മുതലായവ നിർമ്മാണം |
| | 2 | മരംകൊണ്ടുള്ള ഫർണിച്ചർ, ഗൃഹനിർമ്മാണ സാമഗ്രികൾ, മുതലായവയുടെ നിർമ്മാണം |
| | 3 | തുണിനേയ്ത്ത് |
| | 4 | കാർഷികോപകരണങ്ങളുടെ നിർമ്മാണം. |
| സ്വകാര്യ മേഖല ജനറൽ | 1 | ശാസ്ത്രീയമായ കോഴിവളർത്തൽ |
| | 2 | ആടു വളർത്തൽ |
| | 3 | അലൂമിനിയ പാത്രങ്ങൾ |
| | 4 | അലകാരപ്പണി ചെയ്ത മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ |
| | 5 | ലതർ ചെരുപ്പ് |
| | 6 | സ്കൂൾ ബാഗ് |

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| | 7 | പ്ലാസ്റ്റിക് ബട്ടൺസ് |
| | 8 | ക്ലീനിംങ് പൗഡർ |
| | 9 | ലിക്വിഡ് ഡിറ്റർജൻറ് |
| | 10 | ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണം |
| | 11 | സ്വിച്ച് ബോർഡ് |
| | 12 | ഷൂ നിർമ്മാണം |
| | 13 | പേന പെൻസിൽ എന്നിവയുടെ നിർമ്മാണം |
| | 15 | ആധുനിക രീതിയിലുള്ള ആയുർവ്വേദ മരുന്നുകളുടെ നിർമ്മാണം |
| | 16 | പ്ലാസ്റ്റിക്ക് കൊണ്ട് ഗാർഹികോപകരണങ്ങളുടെ നിർമ്മാണം |

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നേരിടുന്ന വൈദ്യുതക്ഷാമം പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുക. വൈദ്യുതി ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക.

2. പഞ്ചായത്തിൽ നിന്ന് സുലഭമായി ലഭിക്കുന്ന നാളികേരം, അടയ്ക്ക മുതലായവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ഇതിന്ന് മുന്നോട്ട് വരുന്നവർക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്യുക.

3. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ചകിരി യന്ത്രമുപയോഗിച്ച് കയറുൽപ്പന്നങ്ങളുടെ വ്യവസായം ആരംഭിക്കുക. ഇതിന്ന് കയർ ബോർഡിൻെറ സഹായം ലഭ്യമാക്കുക.

4. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവർ അംഗങ്ങളായിട്ടുള്ള ഒരു സഹകരണ സംഘം രൂപീകരിക്കുക. പ്രസ്തുത മേഖലയിൽ ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്നവർക്ക് നവീന രീതികളെ പറ്റിയും വിപണന സാധ്യതകളെ പറ്റിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി ( Indian Institute of Fashion Technology, Madras ) എന്ന സ്ഥാപനത്തിൻെറ കീഴിൽ പരിശീലനം കിട്ടാനുള്ള അവസരമൊരുക്കുക.

5. പഞ്ചായത്തിൽ വിവധ ഘട്ടങ്ങളിലായി 500-ഓളം തയ്യൽ മെഷീനുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇവരെ ഏകീകരിപ്പിക്കുകയും വിദഗ്ദ പരിശീലനം നൽകുകയും ചെയ്യുക.

6. സ്വകാര്യ മേഖലയിലുള്ള ചെറുകിട സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വവും, പെൻഷൻ മുതലായ ക്ഷേമ പ്രവർത്തനങ്ങളും നടപ്പിൽ വരുത്തുക.

7. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികളുള്ള ഓട്, ഇഷ്ടിക തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾക്ക് കുറഞ്ഞ ചിലവിൽ കളിമണ്ണ് ലഭിക്കുവാനുള്ള സംവിധാനമേർപ്പെടുത്തുക.

8. പഞ്ചായത്തിലെ പ്രധാന വ്യവസായ സ്ഥാപനമായ പാറക്കടവിലെ ജനതാ ടൈൽ വർക്സ് നഷ്ടത്തിൽ പ്രവർത്തിക്കുവാനുള്ള കാരണം കണ്ടെത്തി ലാഭത്തിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

9. തീപ്പെട്ടി, പ്ലൈവുഡ് വ്യവസായ സ്ഥാപനങ്ങൾക്ക് തടി ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കുക.

10. പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ പണമിറക്കാൻ കഴിവുള്ളവരുടെ എണ്ണം വളരെകുറവായതുകൊണ്ട് വ്യാവസായിക സഹകരണസംഘങ്ങൾ രൂപീകരിക്കുക.

11. പഞ്ചായത്തിലെ പ്രധാന കുടൽ വ്യവസായങ്ങളായ കുട്ടനെയ്ത്ത്, പായനെയ്ത്ത്, ചൂടി പിരിക്കൽ മുതലായവ ഏകീകരിപ്പിക്കുകയും അവക്ക്

ധനസഹായവും, അസംസ്കൃത പദാർത്ഥങ്ങളും നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

12. കരകൗശലരംഗത്ത് വിദഗ്ധമായ പരിശീലനം നൽകുന്നതിന്ന് Deputy Commissioner, Ministery of Handloom Textiles, Trichur എന്നിവരുമായി ബന്ധപ്പെട്ട് ക്രാഫ്റ്റ് ഡെവലപ്മെൻറ് സെൻറർ സ്ഥാപിക്കുക.

13. വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ പട്ടിക ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നല്കുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന്ന് വിദഗ്ധ പരിശീലനം നൽകുകയും പരിശീലനം നൽകുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്ഥിരം പരിശീലന കേന്ദ്രം തുടങ്ങുകും ചെയ്യുക.

a) District Industrial Centre, Malappuram

b) Small Industries Service Institute, Trichur.

c) National Small Insdustries Corporation, Trichur.

d) Kerala State Industrial and Technology Consultancy Organisation.

e) STED Project Office, Kozhikode.

f) Regional Engineering College, Kozhikode

g) National Institute for Enterprenership and small buisness development.

h) Enterprenership Development Institute of India, Ahmadabad.

14. വ്യസായം തുടങ്ങാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെ പറ്റിയുള്ള ആശങ്ക അകറ്റുന്നതിന് വിജയകരമായ രൂപത്തിൽ വ്യവസായം നടത്തികൊണ്ടു പോവുന്ന വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിന്ന് വ്യവസാങ്ങൾ നേരിൽകണ്ട് മനസ്സിലാക്കാനും പഠനയാത്ര സംഘടിപ്പിക്കുക.

15. പഞ്ചായത്തിൽ കൂടുതൽ വിപണന സാധ്യതയുള്ള സോപ്പ്, പാത്രങ്ങൾ, പഠനോപകരണങ്ങൾ, കാർഷികോപകരണങ്ങൾ, മിഠായി മുതലായവ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.

16. പുതിയ വ്യവസായസംരംഭകരെ നിരന്തരമായി പ്രോത്യസാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും നല്ല രീതിയിൽ പ്രാവർത്തികമാക്കാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാനും ഒരു സ്ഥിരം മോണറ്റിംങ് കമ്മിറ്റി രൂപീകരിക്കുകയും വേണം.

17. വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

18. ഹൈസ്കൂൾ തലം മുതൽ വിദ്യാർത്ഥികൾക്ക് വ്യവസായങ്ങളെ സംബന്ധിച്ചും വ്യാപാരങ്ങളെ സംബന്ധിച്ചും വിദ്യാഭ്യാസം നൽകുക.

19. മറ്റു വിദ്യാഭ്യാസത്തോടൊപ്പം എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധമായും എന്തെങ്കിലും ഒരു കൈതൊഴിൽ പഠിപ്പിക്കുക.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചചെയ്ത് മുൻഗണനാക്രമം നിശ്ചയിച്ചു നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത അഞ്ചു വർഷങ്ങൾക്കള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കുവാനും തൊഴിലില്ലായ്മയുടെ രൂക്ഷത കുറയ്ക്കുവാനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുവാനും സാധിക്കും. ■



# വിദ്യാഭ്യാസം

കോഴിക്കോട് സർവ്വകലാശാല സ്ഥിതിചെയ്യുന്ന തേഞ്ഞിപ്പലം പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ മൂന്നിയൂർ ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. വിദ്യാഭ്യാസ നിലവാരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു പഞ്ചായത്തല്ല മൂന്നിയൂർ.

1921 കാലഘട്ടത്തിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഏകാധ്യാപക വിദ്യാലയങ്ങൾ നിലവിൽ വന്നു ഇവയെല്ലാം തന്നെ ഓത്തുപള്ളികൾ ആയിരുന്നു. മതപഠനത്തോടൊപ്പം മാതൃഭാഷ എഴുതാനും വായിക്കാനും പഠിപ്പിക്കുന്ന കേന്ദ്രങ്ങളായിരുന്നു അവ. ഇത്തരം വിദ്യാലയങ്ങളിൽ ഇന്ന് നിലവിലുള്ള ഏറ്റവും പഴക്കം ചെന്ന ഒന്നാണ് കളത്തിങ്ങൽപ്പാറ എ.എം.എൽ.പി. സ്കൂൾ.

1921 ൽ മൂന്നിയൂർ പഞ്ചായത്തിലെ ചുഴലി പ്രദേശത്ത് 3-ാം ക്ലാസുവരെയുള്ള മണ്ണാരപ്പറമ്പ് സ്കൂൾ സ്ഥാപിതമായി. 1921 ലെ കലാപത്തിൽ പങ്കെടുത്ത മാപ്പിളമാരെ അതിൽനിന്നും പിൻതിരിപ്പിക്കാൻ സമാധാനസന്ദേശവുമായി ചുഴലിയിലെത്തിയ ഒരു സായിപ്പിനെ അദ്ദേഹത്തിന്റെ സന്ദർശനത്തിന്റെ ഉദ്ദേശശുദ്ധിയിൽ സംശയാലുക്കളായ ജനങ്ങൾ കടലുണ്ടിപുഴയിലെറിഞ്ഞുകൊന്നു. ഇതിൽ ക്ഷുഭിതയായ സായിപ്പിന്റെ ഭാര്യ ചുഴലിയിലെ ജനങ്ങളെ വെടിവെച്ചുകൊല്ലാൻ വെള്ളപ്പട്ടാളത്തെ നിയോഗിച്ചു. പട്ടാളത്തോടൊപ്പം ചുഴലിയിലെത്തിയ മദാമ്മ തദ്ദേശീയരുടെ അറിവില്ലായ്മയിൽ അത്ഭുതപ്പെടുകയും, വെടിവെക്കാനുള്ള ഉത്തരവ് പിൻവലിച്ച് ജനങ്ങളെ എഴുത്തും വായനയും പഠിപ്പിക്കാൻ കൽപ്പിക്കുകയും ചെയ്തു. അങ്ങനെ പറപ്പോടൻ മൊയ്തീൻകുട്ടി മുസ്ല്യാരുടെ പറമ്പിൽ ഒരു സ്കൂൾ സ്ഥാപിച്ചു. ഈ വിദ്യാലയത്തിന്റെ ആദ്യകാലമാനേജർ കുന്നുമ്മൽ കുഞ്ഞബ്ദുള്ള എന്നയാൾ ആയിരുന്നു. മൊയ്തീൻകുട്ടി മാസ്റ്റർ, കെ.വി. മുഹമ്മദ്മാസ്റ്റർ, കുഞ്ഞബ്ദുള്ള മൊല്ല എന്നിവരായിരുന്നു ആദ്യകാല അദ്ധ്യാപകർ. മേൽപ്പറഞ്ഞ അദ്ധ്യാപകർ പ്രസ്തുത വിദ്യാലയം വിട്ടതിനെ തുടർന്ന് വിദ്യാലയം നടത്തിക്കൊണ്ടുപോകാൻ ആളില്ലാതാവുകയും, കളത്തിങ്ങൽപ്പാറയിൽ ഓത്തുപള്ളി നടത്തിയിരുന്ന അമ്മാംവീട്ടിൽ മൊയ്തീൻകുട്ടി മുസ്ല്യാർ മണ്ണാരപറമ്പിൽ നിന്നും വിദ്യാലയം തന്റെ ഓത്തുപള്ളിയിലേക്ക് മാറ്റുകയും ചെയ്തു. അങ്ങനെ 1921 അവസാനത്തോടെ മൂന്നിയൂർ പഞ്ചായത്തിലെ ആദ്യത്തെ പള്ളിക്കൂടം നിലവിൽ വന്നു.

മുസ്ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും പ്രത്യേകശ്രദ്ധനൽകിയിരുന്നതായി മനസ്സിലാകുന്നു. മുസ്ലിം പെൺകുട്ടികൾക്ക് മാത്രമായി അരീക്കാടൻ അഹമ്മദ്മുസ്ല്യാരുടെ മാനേജ്മെന്റിൽ ഒരു വിദ്യാലയം വെളിമുക്കിൽ പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ തറവാടിന്റെ അടുക്കള ഭാഗത്ത് ഒരു ഷെഡ്ഡിൽ ആയിരുന്നു ഈ വിദ്യാലയം പ്രവർത്തിച്ചിരുന്നത്. ഇവിടുത്തെ അദ്ധ്യാപികമാരായിരുന്നു അരീക്കാടൻ ആയിഷാബീവിയും പള്ളീമക്കുട്ടിയും.

വെളിമുക്ക് ജുമാഅത്ത് പള്ളിക്കുസമീപം ഒരു പീടികമുറിയിൽ ജുമാഅത്ത്പള്ളി മഹല്ല്

കമ്മിറ്റി നടത്തിയിരുന്ന ഒരു വിദ്യാലയമാണ് ഇന്നത്തെ വെളിമുക്ക് ജുമാഅത്ത് പള്ളി എ.എം.യു.പി.സ്കൂൾ. പള്ളികമ്മിറ്റിയ്ക്ക് വിദ്യാലയം നടത്തിക്കൊണ്ടുപോകാൻ കഴിയാതെ വന്നപ്പോൾ ആ ഉത്തരവാദിത്വം മാളിയേക്കൽ ഹൈദർ എന്നയാൾ ഏറ്റെടുത്തു. അടുത്തകാലത്തായി പ്രസ്തുത വിദ്യാലയം ക്രസന്റ്ബോർഡിംഗ് മദ്രസ അദ്ദേഹത്തിന്റെ അനന്തരാവകാശികളിൽ നിന്നും വിലയ്ക്കുവാങ്ങി. ഇന്ന് പഞ്ചായത്തിലെ ഏറ്റവും വലിയ വിദ്യാലയമാണിത്. ഭൗതികസൗകര്യങ്ങളിലും മുൻപന്തിയിൽത്തന്നെ.

70 വർഷങ്ങൾക്കുമുമ്പ് എടക്കണ്ടത്തിൽ അബ്ദുറഹിമാൻ എന്നയാൾ ഗ്രാമപഞ്ചായത്തിലെ പാണക്കാട് എന്നസ്ഥലത്ത് സ്ഥാപിച്ച ഏകാധ്യാപക വിദ്യാലയമാണ് ഇന്നത്തെ വെളിമുക്ക് എ.യു.പി. സ്കൂളിന്റെ പൂർവ്വരൂപം. സി.എച്ച്. മുല്ലമൗലവി, മണ്ണഞ്ചേരി അപ്പു എന്നിവർ ഇവിടുത്തെ ആദ്യകാല അധ്യാപകരായിരുന്നു.

1921 ൽ ആലിൻചുവട് മദ്രസ്സയിൽ പ്രവർത്തിച്ചിരുന്ന വിദ്യാലയമാണ് പിൽക്കാലത്ത് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ മാനേജ്മെന്റിൽ മൂന്നിയൂർ ഗവ. മാപ്പിള എൽ.പി. സ്കൂളായിത്തീർന്നത്. ഐക്യകേരളപിറവിയോടെ ഈ പ്രൈമറി വിദ്യാലയം 1956-ൽ യു.പി. സ്കൂളായി ഉയർത്തി. ഇന്ന് ഈ വിദ്യാലയം ജി.എം.യു.പി. സ്കൂൾ പാറക്കടവ് എന്നപേരിൽ അറിയപ്പെടുന്നു.

ഡിസ്ട്രിക്ട് ബോർഡിന്റെ കാലത്ത് ഗഫൂർഷാ എന്നൊരാളെ മലബാറിലേക്ക് വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കുകയും അദ്ദേഹം വെളിമുക്ക്, മൂന്നിയൂർ പ്രദേശങ്ങളിൽ പര്യടനം നടത്തുകയും മലയാളം വായിക്കാനും എഴുതാനും അറിയുന്ന ഏതാനും മുസ്ല്യാർമാരെ മലപ്പുറത്ത് പരിശീലനത്തിന് അയക്കുകയും അവരുടെ അദ്ധ്യാപനത്തിൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഏകാധ്യാപകവിദ്യാലയങ്ങൾ സ്ഥാപിച്ചതായും പഴമക്കാർ പറയുന്നു. അവ എല്ലാം പിൽക്കാലത്ത് നാമാവശേഷമായി. 1928 ൽ മൂന്നിയൂർ ജി.യു.പി. സ്കൂൾ നിലവിൽ വന്നു. 1982 ൽ സ്ഥാപിതമായ ചെറുന്നൂർ എ.എം.എൽ.പി. സ്കൂളാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കം കുറഞ്ഞ പ്രൈമറി വിദ്യാലയം. പഞ്ചായത്തിലെ ഏക സെക്കണ്ടറി വിദ്യാലയമായ മൂന്നിയൂർ ഹൈസ്കൂൾ 1976 ൽ സ്ഥാപിതമായി.

പഞ്ചായത്തിലെ വിദ്യാഭ്യാസചരിത്രം പരിശോധിക്കുമ്പോൾ എഴുത്തുപള്ളികളും വിദ്യാഭ്യാസവ്യാപനത്തിൽ നിർണ്ണായക പങ്കുവഹിച്ചതായി കാണാം. വെളിമുക്ക് ആലുങ്ങൽ കളരിക്കൽ കുടുംബക്കാർ എഴുത്തുപള്ളികൾ നടത്തിയിരുന്നു. അത്തേക്കാട്ടിലും ചാലിൽ പ്രദേശത്തും എഴുത്തുപള്ളികൾ പ്രവർത്തിച്ചിരുന്നു. (നാട്ടറിവ്) പഞ്ചായത്തിലെ ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനമാണ് ഗവ. ഉടമസ്ഥതയിലുള്ള ചേളാരിയിലെ പോളിടെക്നിക്ക്. ഇത് പഞ്ചായത്തിലെ 2-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. 1986 ൽ തിരൂരങ്ങാടി ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപിതമായി. പണിക്കോട്ടുംപടിയിൽ വാടകകെട്ടിടത്തിലാണിത് പ്രവർത്തിച്ചിരുന്നത്. 1992-93 അധ്യയനവർഷത്തിൽ ചേളാരിയിൽ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റി. ഈ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനമാണ് 1994-95 ൽ പോളിടെക്നിക്ക് ആയി ഉയർത്തിയത്.

പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാലയം അടക്കം 14 വിദ്യാഭ്യാസസ്ഥാപനങ്ങൾ നിലവിലുണ്ട്. എൽ.പി.എസ്. 5, യു.പി.എസ് 6, ഹൈസ്കൂൾ 2, സാങ്കേതികം 1, ഗവൺമെന്റ് 5, എയ്ഡഡ് 7, അൺ എയ്ഡഡ് 2, ഇസ്ലാമിക സംഘടനകൾ നടത്തുന്ന 4 നഴ്സറിവിദ്യാലയങ്ങൾ നിലവിലുണ്ട്. അവയിൽ ഒന്ന് ഇംഗ്ലീഷ്മീഡിയമാണ്. (വിദ്യാഭ്യാസസ്ഥാപനങ്ങൾ വാർഡ്തിരിച്ച് പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.) പഞ്ചായത്തിലെ ചേളാരിയിൽ സ്കൂൾ ഓഫ് ഇംഗ്ലീഷ് എന്ന പേരിൽ ഒരു പാരലൽ കോളേജ് പ്രവർത്തിച്ചു വരുന്നു.

ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിനോട് ഏറ്റവും അടുത്തു സ്ഥിതിചെയ്യുന്ന ഉന്നത വിദ്യാഭ്യാസസ്ഥാപനം തിരൂരങ്ങാടി P.S.M.O കോളേജ് ആണ്.

ഇന്ന് 42339 ജനസംഖ്യയുള്ള പഞ്ചായത്തിൽ ചെറുതും വലുതുമായ 14 വിദ്യാലയങ്ങളിലായി 10064 വിദ്യാർത്ഥികൾ പഠിക്കുന്നു. (അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം സ്കൂൾ തിരിച്ച് പട്ടിക 1A യിൽ കൊടുത്തിരിക്കുന്നു.)

സാമൂഹ്യവും സാമ്പത്തികവുമായി കാരണങ്ങളാൽ നടപ്പ് അദ്ധ്യയനവർഷത്തിൽ 105 വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിട്ടുണ്ട്. ഇത്മൊത്തം കുട്ടികളുടെ 1.05 ശതമാനമാണ് (പട്ടിക 1B)

പട്ടിക 1

| | LP | | | | UP | | | | HS | | | | നഴ്സറി | | | | സാങ്കേതികം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ്നമ്പർ | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | സ്വകാര്യം | ആകെ | സർക്കാർ | എയ്ഡഡ് | സ്വകാര്യം | ആകെ |
| 1 | | 1 | | 1 | | | | | | | | | | | | | | | | |
| 2 | | | | | | | | | | | | | | | | | 1 | | | 1 |
| 3 | 1 | | | 1 | | 1 | | 1 | | | | | | | | | | | | |
| 4 | 1 | | | 1 | | | | | | | | | | | | | | | | |
| 5 | | | | | | | | | | | | | | | | | | | | |
| 6 | | | | | | 1 | 1 | 2 | | | 1 | 1 | | | 1 | 1 | | | | |
| 7 | | | | | | | | | | | | | | | | | | | | |
| 8 | | 1 | | 1 | 1 | | | 1 | | | | | | | | | | | | |
| 9 | | | | | | | | | | | | | | | 2 | 2 | | | | |
| 10 | | | | | | | | | | | | | | | | | | | | |
| 11 | | | | | 1 | | | 1 | | 1 | | 1 | | | | | | | | |
| 12 | | 1 | | 1 | | | | | | | | | | | 1 | 1 | | | | |
| 13 | | | | | | 1 | | 1 | | | | | | | | | | | | |
| 14 | | | | | | | | | | | | | | | | | | | | |
| T | 2 | 3 | - | 5 | 2 | 3 | 1 | 6 | - | 1 | 1 | 2 | - | - | 4 | 4 | 1 | - | - | 1 |

ലോവർപ്രൈമറി വിഭാഗത്തിലെ 4800 വിദ്യാർത്ഥികളിൽ 250 ഉം അപ്പർപ്രൈമറിവിഭാഗത്തിലെ 3863 വിദ്യാർത്ഥികളിൽ 234 പേരും ഹൈസ്കൂൾ വിഭാഗത്തിലെ 1301 വിദ്യാർത്ഥികളിൽ 27 പേരും പട്ടികജാതിയിൽപെട്ടവരാണ്. (പട്ടിക 1C) ഇത് മൊത്തം വിദ്യാർത്ഥികളുടെ 5.12 ശതമാനമാണ്. കണക്കുകൾ പരിശോധിച്ചാൽ വിദ്യാലയങ്ങളിലെ മൊത്തം വിദ്യാർത്ഥികളിൽ 50 ശതമാനത്തോളം പെൺകുട്ടികളാണെന്ന് കാണാൻ കഴിയും. (പട്ടിക1 D)

ആകെയുള്ള സ്കൂളുകളിൽ 4 എണ്ണം സർക്കാർമേഖലയിൽ. മൊത്തം 305 അദ്ധ്യാപകരിൽ 81 പേർ സർക്കാർമേഖലയിലും.

വിദ്യാർത്ഥികളിൽ 2947 എണ്ണം മാത്രമാണ് സർക്കാർ മേഖലയിൽ ഉള്ളത്.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ ചേർത്തു പഠിപ്പിക്കുന്നവരാണ്. എന്നാൽ വളരെ ചെറിയഎണ്ണം ധനികരിലും ഇടത്തരക്കാരിലും ആംഗലവിദ്യാഭ്യാസത്തിന്റെ സ്വാധീനം കടന്നുചെന്നതായി കാണാം.

പട്ടിക 1-എ വിദ്യാർത്ഥികൾ - അദ്ധ്യാപകർ

| നമ്പർ | സ്കൂളിന്റെ പേര് | | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ജി.എം.യു.പി.എസ്.പാറക്കടവ് | LP<br>UP | ഗവ: | 376<br>365 | 382<br>348 | 1471 | 18 | 19 | 37 |
| 2. | ജി.യു.പി.എസ്. മൂന്നിയൂർ | LP<br>UP | ഗവ: | 157<br>264 | 128<br>231 | 780 | 11 | 11 | 22 |
| 3 | ജി.എം.എൽ.പി.എസ് വെളിമുക്ക് | LP<br>UP | ഗവ: | 246<br>58 | 200<br>46 | 550 | 8 | 9 | 17 |
| 4 | ജി.എൽ.പി.എസ് മെലോടിപറമ്പ് | | ഗവ: | 84 | 62 | 146 | 5 | - | 5 |
| 5 | മൂന്നിയൂർ ഹൈസ്കൂൾ | | എയ്ഡഡ് | 602 | 699 | 1301 | 32 | 16 | 48 |
| 6 | എ.എം.എൽ.പി.എസ് കളിയാട്ടമുക്ക് | | എയ്ഡഡ് | 259 | 231 | 490 | 5 | 9 | 14 |
| 7 | എ.എം.യു.പി.എസ്. കുന്നത്ത് പറമ്പ് | LP<br>UP | എയ്ഡഡ് | 310<br>331 | 270<br>276 | 1187 | 22 | 11 | 33 |
| 8 | എ.എം.എൽ.പി.എസ് കളത്തിങ്ങൽപാറ | | എയ്ഡഡ് | 191 | 202 | 393 | 6 | 5 | 11 |
| 9 | എ.എം.എൽ.പി.എസ് ചെറുന്നൂർ | | എയ്ഡഡ് | 139 | 137 | 276 | 4 | 6 | 10 |
| 10 | എ.യു.പി.എസ് വെളിമുക്ക് | LP<br>UP | എയ്ഡഡ് | 318<br>542 | 280<br>479 | 1619 | 10 | 33 | 43 |
| 11 | വി.ജെ.പള്ളി.എ.എം യു.പി.എസ്.വെളിമുക്ക് | LP<br>UP | എയ്ഡഡ് | 470<br>475 | 358<br>448 | 1751 | 22 | 42 | 64 |
| ആകെ | | | | 5187 | 4777 | 9964 | 143 | 161 | 305 |

പട്ടിക 1-ബി **പഠനം നിർത്തിയവരുടെ കണക്ക്**

| എസ്.സി | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 11 | 5 | 16 | 55 | 34 | 89 |
| അവലംബം ദ്വിതീയ സ്ഥിതിവിവരം | | | | | |

പട്ടിക 1-സി **പട്ടികജാതി വിദ്യാർത്ഥികളുടെ സ്ഥിതിവിവരം**

| എൽ.പി | | | യു.പി | | | എച്ച്.എസ് | | |
|---|---|---|---|---|---|---|---|---|
| ആകെ | എസ്.സി | % | ആകെ | എസ്.സി | % | ആകെ | എസ്.സി | % |
| 4800 | 250 | 5.2 | 3863 | 234 | 6.05 | 1301 | 27 | 2.05 |

(അവലംബം ദ്വിതീയ സ്ഥിതിവിവരം)

പട്ടിക 1-ഡി **പെൺകുട്ടികളുടെ സ്ഥിതിവിവരം**

| ആകെവിദ്യാർത്ഥികൾ | എൽ.പി | | | യു.പി | | | എച്ച്.എസ് | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 9964 | 2550 | 2250 | 46.88 | 2035 | 1828 | 47.32 | 602 | 699 | 53.73 |

(അവലംബം ദ്വിതീയ സ്ഥിതിവിവരം)

പഞ്ചായത്തിലെ ഏക എയ്ഡഡ് ഹൈസ്കൂളിലെ വിജയശതമാനം തീരെ താഴ്ന്നതാണ്. കഴിഞ്ഞ 5 വർഷങ്ങളിലെ ശരാശരി വിജയശതമാനം 13.8 ആണ്.

പഞ്ചായത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തുന്നത് ചേളാരിയിലെ (തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്) ഹയർസെക്കണ്ടറിസ്കൂളിലാണ്. അവിടത്തെ വിജയശതമാനവും താരതമ്യേനവളരെ കുറവാണ്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നായി ഓരോ വർഷവും 400ഓളം വിദ്യാർത്ഥികൾ പരപ്പനങ്ങാടി, തിരൂരങ്ങാടി, വള്ളിക്കുന്ന്, തേഞ്ഞിപ്പലം എന്നീ സമീപ പഞ്ചായത്തുകളിലെ ഹൈസ്കൂളുകളിൽ പ്രവേശനം തേടുന്നവരായുണ്ട്.

സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന ഒരു സ്ഥാപനം മാത്രമാണ് പഞ്ചായത്തിലുള്ളത്. ഭൂരിഭാഗം വിദ്യാർത്ഥികളും സമീപദേശങ്ങളിലെ പാരലൽ കോളേജുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിൽ ഒരു ടൈപ്പ്റൈറ്റിംഗ്സ്ഥാപനം പ്രവർത്തിക്കുന്നു. 20ഓളം കുട്ടികൾ അവിടെ പരിശീലിക്കുന്നു.ഷോർട്ട്ഹാൻഡ് പരിശീലന കേന്ദ്രം പഞ്ചായത്തിൽ ഇല്ല. ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. മറ്റുസാങ്കേതിക പരിശീലനകേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇല്ല. മതസ്ഥാപനങ്ങൾ നടത്തുന്ന 4 നഴ്സറികളിൽ ഒന്ന് ഇംഗ്ലീഷ്മീഡിയമാണ്.

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 29 അങ്കൻവാടികൾ ഗ്രാമപഞ്ചായത്തിലുണ്ട്. 8മുതൽ 42വരെ കുട്ടികളാണ് ഓരോന്നിലും രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഒരു അംഗൻവാടിയിലെ ശരാശരി എണ്ണം 25 ആണ്. 29 അംഗൻവാടികളിൽ 16 എണ്ണത്തിനു മാത്രമേ സ്വന്തം കെട്ടിടമുള്ളൂ. സ്വന്തം കെട്ടിടങ്ങൾക്കുമാത്രമേ കളിപ്പാട്ടങ്ങൾ വിതരണം ചെയ്യാറുള്ളു. ലഭ്യമാകുന്ന കളിപ്പാട്ടങ്ങൾ പരിമിതമാണ്. കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യാനുള്ള പാത്രങ്ങളുടെ എണ്ണവും അപര്യാപ്തമാണ്.

13 അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. അവയിൽ 3 എണ്ണം `സഞ്ചരിക്കുന്നവ' യാണ്. 42000 -ൽ അധികം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 1000പേർക്ക്ഒന്ന് എന്ന അനുപാതം പാലിക്കപ്പെടണമെങ്കിൽ 13 അംഗൻവാടികൾ കൂടി അനുവദിച്ചുകിട്ടേണ്ടതുണ്ട്.

ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി `ശേഷി' നടത്തുന്ന രണ്ടു വിദ്യാലയങ്ങൾ പഞ്ചായത്തിൽ പാലക്കലും പടിക്കലുമായി പ്രവർത്തിക്കുന്നു.

`ചലനംകുടുംബം' നടപ്പിലാക്കുന്ന പ്രത്യേക വിദ്യാഭ്യാസപോഷണപരിപാടിയായ റീഡിംഗ് പ്രമോഷൻ ക്ലബ്ബിന്റെ കേന്ദ്രങ്ങൾ വെളിമുക്ക്, പടിക്കൽ, ചേളാരി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. റീഡിങ്ങ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ഓരോ കിറ്റ് ബാലസാഹിത്യ പുസ്തകങ്ങൾ രണ്ടു ക്ലബ്ബുകളിലേക്ക് ലഭിച്ചിട്ടുണ്ട്. എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ `ചലനം' നടപ്പാക്കുന്ന ജനകീയ വിദ്യാലയങ്ങൾ പഞ്ചായത്തിൽ അഞ്ചിടങ്ങളിൽ പ്രവർത്തിക്കുന്നു.

പഠനം രസകരവും ആയാസരഹിതവുമാക്കുക എന്ന ലക്ഷ്യത്തോടെ കേരളശാസ്ത്രസാഹിത്യപരിഷത്ത് വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ സ്കൂൾവിദ്യാർത്ഥികൾക്കായി നടത്തുന്ന വിജ്ഞാനോത്സവം പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കുന്നുണ്ട്.

മുസ്ലിങ്ങളുടെ മതപഠനസ്ഥാപനമായ മദ്രസ്സകൾ പഞ്ചായത്തിൽ മിക്കപ്രദേശങ്ങളിലുമുണ്ട്. വൈകുന്നേരമുള്ള മദ്രസ്സവിദ്യാഭ്യാസം സ്കൂൾ പഠനത്തെ ബാധിക്കുന്നു എന്ന അഭിപ്രായം ഗ്രാമസഭയിൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ പരിഹാരം തേടി മദ്രസ്സ മാനേജുമെന്റുകളും സ്കൂളധികൃതരും കൂട്ടായുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ 16 ഓളം കേന്ദ്രങ്ങളിൽ വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം വായനശാലകളിലേക്ക് ഗ്രാമപഞ്ചായത്ത് 2 മുതൽ 3 വരെ പത്രങ്ങൾ വിതരണം ചെയ്യുന്നുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മൂന്ന് ഗ്രന്ഥശാലകൾ പഞ്ചായത്തിലുണ്ട്. എന്നാൽ വൈക്കത്തുപാടത്ത് പ്രവർത്തിക്കുന്ന ഗ്രന്ഥാലയം മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. പാറക്കടവ് ആസ്ഥാനമായി പ്രവർത്തിക്കുന്ന `സഹൃദയ' പാലക്കൽ ആസ്ഥാനമായി രജിസ്റ്റർ ചെയ്യപ്പെട്ട ചൈതന്യ എന്നിവയുടെ പ്രവർത്തനം നിലച്ചുപോയി. അംഗീകാരമില്ലാത്ത 2 ഗ്രന്ഥാലയങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ചേളാരിയിലെ മണീസ് സ്മാരകഗ്രന്ഥാല

യവും മുട്ടിച്ചിറയിലെ `ശബരി' ആർട്സ്ക്ളബ്ബിന്റെ ആഭിമുഖ്യത്തിലുള്ള ഗ്രന്ഥാലയവും.

ആഗോളപ്രശംസപിടിച്ചുപറ്റിയ കേരളസാക്ഷരതാപ്രസ്ഥാനത്തിന്റെ തുടർവിദ്യാഭ്യാസം ലക്ഷ്യം വെച്ചുകൊണ്ട് പഞ്ചായത്തിൽ മൂന്ന് ജനവിദ്യാകേന്ദ്രങ്ങൾ രജിസ്റ്റർചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അവയൊന്നും ഇന്ന് പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള സാംസ്കാരികകേന്ദ്രവും ഗ്രന്ഥാലയവും പ്രവർത്തിക്കുന്നില്ല. ഗ്രന്ഥാലയം തുടങ്ങുന്നതിനുള്ള അനുമതിക്കായി സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ 305 അദ്ധ്യാപകരിൽ 15 ശതമാനം മാത്രമേ തദ്ദേശീയരായുള്ളു. ബാക്കിയുള്ളവർ വിവിധജില്ലകളിൽ നിന്നുള്ളവരാണ്. പഞ്ചായത്തിനു പുറത്ത് അദ്ധ്യാപകരായി ജോലിചെയ്യുന്ന 29 പേർ ഉണ്ട്. ഇതിൽ 5 പേർ കോളേജ് അധ്യാപകരും, ഒരാൾ വി.എച്ച്.എസ്.സി അധ്യാപകനും ഒരാൾ പോളിടെക്നിക് ഡെമോൺസ്ട്രേറ്ററും ബാക്കിയുള്ളവർ പ്രൈമറി സെക്കണ്ടറി സ്കൂൾ അധ്യാപകരുമാണ്.

പഞ്ചായത്തിൽ M.B.B.S ബിരുദധാരികൾ 9 ഉം, L.L.B 1 ഉം ഇലക്ട്രിക്കൽ ഡിപ്ലോമക്കാർ 6 ഉം മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ളോമക്കാർ 5-ഉം സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമക്കാർ 3-ഉം പാരാമെഡിസിൻ 4 ഉം ഇലക്ട്രിക്കൽ B Tech 1 ഉം, കാർഷികബിരുദധാരി 1ഉം ഓട്ടോമൊബൈൽ ഡിപ്ലോമ 2 ഉം ഉണ്ട്.

പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം ഉണ്ടെങ്കിലും പഞ്ചായത്തിലെ ഒരു കുട്ടിമാത്രമാണ് അവിടെ പഠിക്കുന്നത്, പോളിടെക്നിക്കിന് കെട്ടിടസൗകര്യം ഉണ്ടെങ്കിലും മറ്റു ഭൗതികസാഹചര്യങ്ങൾ ഇല്ല. ഹോസ്റ്റൽസൗകര്യം ഇല്ല. കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻ തുടങ്ങി 3 ബ്രാഞ്ചുകൾ മാത്രമാണ് അവിടെയുള്ളത്. ചേളാരിയിലെ തിരൂരങ്ങാടിപോളിടെക്നിക്ക് കമ്മ്യൂണിറ്റി പോളിയായി മാറ്റണം എന്ന് അഭിപ്രായം ഉണ്ടായിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് ഇടപെടാൻ ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഒരു സമഗ്ര വിദ്യാഭ്യാസ വികസന സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർപ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല.

14 ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവചർച്ചയ്ക്കു വിധേയമായി. അക്കാദമിക് നിലവാരം ഭൗതികസൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി അംഗങ്ങൾ പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസത്തെ വിലയിരുത്തിയതായി ഗ്രാമസഭാറിപ്പോർട്ടുകൾ കാണിക്കുന്നു.

ഗ്രാമസഭയിൽ നടന്ന ചർച്ചകളിലെ നിഗമനങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. അക്കാദമിക നിലവാരത്തകർച്ച.
2. പാഠപുസ്തകങ്ങളുടെ ലഭ്യതയിൽ കാലതാമസം ഉണ്ടാകുന്നു.
3. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പഠന നിലവാരത്തെ ബാധിക്കുന്നു.
4. ഭൗതികസാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നിവ വിദ്യാഭ്യാസം അനാകർഷകമാക്കുന്നു.
5. അദ്ധ്യാപകരക്ഷാകർതൃസമിതിയും മാതൃഅദ്ധ്യാപകസമിതികളും ശരിയായി പ്രവർത്തിക്കുന്നില്ല.
6. പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നില്ല.
7. പുതിയസ്കൂളികളുടെ ആവശ്യകത, നിലവിലുള്ള ചിലവയുടെ അപ്ഗ്രേഡേഷൻ
8. അദ്ധ്യാപകർക്ക് പുനപരിശീലനം ലഭ്യമല്ല.
9. കൂട്ടക്ലാസ്കയറ്റം വിദ്യാഭ്യാസനിലവാരത്തെ ബാധിക്കുന്നു. 7ാം ക്ലാസിൽ പൊതുപരീക്ഷ ഏർപ്പെടുത്തണം.
10. മാസാന്തപരീക്ഷകൾ, മൂല്യനിർണ്ണയം എന്നിവയിലെ അശാസ്ത്രീയത. പാഠ്യേതരപ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കുന്നില്ല.
11. പഞ്ചായത്തിലെ ഒരു വിദ്യാലയത്തിലെ മാനേജ്മെന്റിന്റെ പ്രവർത്തനം ആ സ്കൂളിന്റെ നിലവാരത്തകർച്ചയ്ക്ക് കാരണമാകുന്നു.

ഗ്രാമസഭയിൽനിന്ന് ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിഗമനങ്ങളും വിലയിരുത്തുന്നതിന് മുൻകൂട്ടി ശേഖരിച്ച ദ്വിതീയവിവരങ്ങളുംപഞ്ചായത്തിലെ ഹെഡ്മാസ്റ്റർമാരുടെ യോഗത്തിലെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഹായകമായി.

അക്കാദമിക സൗകര്യങ്ങൾ, ഭൗതികസാഹച

പട്ടിക 2-എ

### ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടുവെള്ളം | വൈദ്യുത |
|---|---|---|---|---|---|---|---|
| 1 | എം.എച്ച്.എസ്.മുന്നിയൂർ | 1301 | 48 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | ജി.എം.യു.പി.എസ്. പാറക്കടവ് | 1471 | 37 | 1 | 1 | ഇല്ല | ഇല്ല |
| 3 | ജി.യു.പി.എസ്.മുന്നിയൂർ | 780 | 22 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 4 | ജി.എം.എൽ.പി.എസ് വെള്ളിമുക്ക് | 550 | 17 | 1 | 1 | ഉണ്ട് | ഉണ്ട് |
| 5 | ജി.എൽ.പി.എസ് മേലോടിപറമ്പ് | 146 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 6 | എ.എം. എൽ.പി.എസ് കളിയാട്ടമുക്ക് | 490 | 14 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | എ.എം.യു.പി.എസ് കുന്നത്ത്പറമ്പ് | 1187 | 33 | 2 | 1 | ഉണ്ട് | ഉണ്ട് |
| 8 | എ.എം.എൽ.പി.എസ് കളത്തിങ്ങൽപാറ | 393 | 11 | 1 | 1 | ഇല്ല | ഇല്ല |
| 9 | എ.എം.എൽ.പി.എസ് ചെറുണ്ണൂർ | 276 | 10 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 10 | എ.യു.പി.എസ് വെളിമുക്ക് | 1619 | 43 | 1 | 1 | ഉണ്ട് | ഉണ്ട് |
| 11 | വി.ജെ.പി.എ.എം.യു.പി.എസ് വെള്മുക്ക് | 1751 | 64 | 4 | 2 | ഉണ്ട് | ഉണ്ട് |
| ആകെ | | 9964 | 305 | | | | |

പട്ടിക 2-ബി

### പാദവാർഷിക പരീക്ഷ

| ക്ലാസുകൾ | 30%ൽ താഴെ | 30-40%മാർക്ക്നേടിയവർ | 40-50%നേടുന്നവർ | 50-60 മാർക്ക് നേടുന്നവർ | 60%മുകളിൽമാർക്ക് നേടുന്നവർ |
|---|---|---|---|---|---|
| 3 | 382 | 223 | 237 | 198 | 252 |
| 4 | 299 | 225 | 304 | 211 | 211 |
| 5 | 277 | 258 | 216 | 265 | 264 |
| 6 | 458 | 238 | 176 | 219 | 219 |
| 7 | 508 | 208 | 224 | 190 | 178 |
| 8 | 90 | 150 | 200 | 50 | 41 |
| 9 | 75 | 180 | 130 | 45 | 22 |
| 10 | 60 | 120 | 70 | 50 | 18 |

ദ്യങ്ങൾ, S.S.L.C വിജയശതമാനം, കാൽപാദപരീക്ഷ എന്നിവയുടെ സ്ഥിതിവിവരം അന്യത്ര ചേർത്തിട്ടുണ്ട്. (പട്ടിക II)

വിദ്യാലയങ്ങളിലെ പഠനബോധനിലവാരം ഉയർത്തുന്നതിന് പ്രത്യേകപരിഗണനനൽകേണ്ട ഒന്നാണ് അക്കാദമികസൗകര്യങ്ങൾ. ഇത് ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ക്ലാസുമുറിയിൽ വീർപ്പുമുട്ടിക്കഴിയുന്ന വിദ്യാർത്ഥികൾക്ക് വേണ്ടത്ര ഉന്മേഷം പകരണം. അതിനാവശ്യമായ രീതിയിൽ ക്ലാസുമുറികൾ സജ്ജീകരിക്കണം. കുട്ടികളിൽ സൗന്ദര്യബോധം, അവകാശബോധം, ജനാധിപത്യബോധം, സംഘബോധം എന്നിവ വളർത്തുന്നതിന് സഹായകമായവിധം ചെലവുകുറഞ്ഞരീതിയിൽ ക്ലാസുമുറികളും ചുറ്റുപാടുകളും എങ്ങനെ സജ്ജീകരിക്കാം എന്നതിനെക്കുറിച്ച് അധ്യാപകരും രക്ഷാകർത്താക്കളും ചിന്തിക്കേണ്ടിയിരിക്കുന്നു.

ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണിച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ പഠനനിലവാരം ഉയർത്തുന്നതിൽ പ്രഥമപരിഗണന അർഹിക്കുന്നു. വിദ്യാലയങ്ങളുടെ പരിമിതികൾ വെളിപ്പെടുത്തുന്ന വസ്തുതകൾ പട്ടികയായി കൊടുത്തിരിക്കുന്നു.

അക്കാദമിക സൗകര്യങ്ങളുടെ ലഭ്യത പട്ടിക III

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 10 | 1 |
| പ്രവർത്തിക്കാത്തത് | – | – |
| ലാബ് | 4 | 7 |
| പ്രവർത്തിക്കാത്തത് | 4 | – |
| പഠനോപകരണങ്ങൾ | 11 | 6 |
| റേഡിയോ | 2 | 9 |
| ടേപ്പ്റിക്കോർഡർ | 1 | 10 |
| ടെലിവിഷൻ | 0 | 11 |
| സിനിമാപ്രൊജക്ടർ | 0 | 11 |
| സ്ലൈഡ്പ്രൊജക്ടർ | 0 | 11 |
| ബ്ലാക്കബോർഡ് ആവശ്യമുള്ളവ | 26 | – |
| മാതൃസംഘം സജീവം | 11 | – |
| ക്ലാസ്സ്പി.ടി.എ പ്രവർത്തിന്നുണ്ടോ? | 6 | 5 |

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ കുറവ് നമ്മുടെ വിദ്യാഭ്യാസമേഖലയുടെ ദുർവ്വിധിയാണ്. പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങൾ ഒഴികെ മറ്റുള്ള കെട്ടിടങ്ങളുടെയും ക്ലാസുമുറികളുടെയും കാര്യത്തിൽ സ്വയം പര്യാപ്തമാണ്. എന്നാൽ അവ കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്താൻ മാനേജ്മെന്റ് ശ്രദ്ധിക്കുന്നില്ല. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത പട്ടികയായി കൊടുത്തിരിക്കുന്നു. മൂത്രപ്പുരയില്ലാത്ത 2 ഉം കക്കൂസ് ഇല്ലാത്ത നാലും വൈദ്യുതി ഇല്ലാത്ത അഞ്ചും കുടിവെള്ളം ഇല്ലാത്ത മൂന്നും വിദ്യാലയങ്ങൾ ഉണ്ട്. മൂത്രപ്പുര, കക്കൂസ് എന്നിവ ഉള്ള വിദ്യാലയങ്ങളിൽ തന്നെ ആവശ്യമായത്ര എണ്ണം ഇല്ല. കുട്ടികളുടെ പഠനനിലവാരം ആശാവഹമല്ല. കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനവും 96-97 ലെ പാദവാർഷിക പരീക്ഷക്ക് 3 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ മാർക്കും പട്ടികയായി ചേർത്തിരിക്കുന്നു.

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| എം.എച്ച്.എസ് മൂന്നിയൂർ | 9.5% | 11% | 24% | 13% | 11.5% |

(പാദവാർഷികപരീക്ഷ പട്ടിക)

പട്ടിക പരിശോധിച്ചാൽ ഉയർന്ന ക്ലാസുകളിലേക്ക് പോകുംതോറും ഉയർന്ന മാർക്കു നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. വിദ്യാഭ്യാസനിലവാരം താഴുന്നതിന് നിരവധി വസ്തുതകൾ ചൂണ്ടിക്കാണിക്കാം. വിദ്യാർത്ഥിസമരങ്ങൾ അദ്ധ്യയനത്തെ ബാധിക്കുന്നുവെന്ന് പരക്കെ അഭിപ്രായമുണ്ട്. എന്നാൽ കഴിഞ്ഞ രണ്ടു വർഷമായി വിദ്യാർത്ഥിസമരങ്ങൾ ഇല്ലാത്ത ഒരു വിദ്യാലയമാണ് പഞ്ചായത്തിലെ ഏക ഹൈസ്കൂളായ എം.എച്ച്.എസ്. എന്നിട്ടും അവിടുത്തെ S.S.L.C വിജയശതമാനം മുൻകാലങ്ങളെ അപേക്ഷിച്ച് കുറയുന്നതായി കാണുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം കുട്ടികളും ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തുന്ന ചേളാരിയിലെ (തേഞ്ഞിപ്പലം പഞ്ചായത്ത്) V.H.S.C യുടെ സ്ഥിതിയും ഇതുതന്നെ. 95-96 അധ്യയനവർഷത്തിലെ വിജയശതമാനം 6.5 ആണ്. പഞ്ചായത്തിലെ M.H.S ൽ സംഘടനാടിസ്ഥാനത്തിൽ അല്ല തെരഞ്ഞെടുപ്പ് നടക്കുന്നത്. മൂന്നിയൂർ ഹൈസ്കൂൾ പരിസരത്ത് ധാരാളം നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ വിറ്റുവ

രുന്നു. നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ, ടി.വി. തുടങ്ങിയവയുടെ വ്യാപനം വിദ്യാർത്ഥികളുടെ ഇടയിൽ അനഭിലഷണീയമായ പ്രവണതകൾ വളർത്തുന്നു. നല്ലൊരു ശതമാനം കുട്ടികളും ഗൈഡുകൾ, ലേബർഇന്ത്യ തുടങ്ങിയ പ്രസിദ്ധീകരണങ്ങളെ ആശ്രയിക്കുന്നു.വിദ്യാലയങ്ങളിൽ അദ്ധ്യാപകർതന്നെ ഈ പ്രവണത പ്രോത്സാഹിപ്പിക്കുന്നതായും കണ്ടുവരുന്നുണ്ട്. കേരളശാസ്ത്ര സാഹിത്യപരിഷത്തിന്റെ ശാസ്ത്രമാസികകളായ യുറീക്ക, ശാസ്ത്രകേരളം എന്നിവയുടെയും ബാല സാഹിത്യഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണമായ തളിരിന്റെയും പ്രചരണം പഞ്ചായത്തിൽ തീരെ കുറവാണ്. മേൽപറഞ്ഞ പ്രസിദ്ധീകരണങ്ങൾ വിദ്യാർത്ഥികളുടെ ഇടയിൽ പ്രചരിപ്പിച്ചാൽ അത് കുട്ടികളുടെ ചിന്താശക്തി വളർത്താനും പഠനനിലവാരം ഉയരാനും സഹായകമാവും.

മേൽപറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് വരുന്ന അഞ്ചുവർഷക്കാലം പഞ്ചായത്തിൽ നടത്തേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1 എ) 1-ാം വാർഡിലെ ചെറുന്നൂർ A.M.L.P.S അപ്ഗ്രേഡ് ചെയ്യണം.

ബി) 4-ാം വാർഡിന്റെ പടിഞ്ഞാറ് പാപ്പന്നൂർ ഭാഗത്തും 14-ാം വാർഡിലെ ചുഴലിയിലും എൽ.പി.സ്കൂൾ ആരംഭിക്കുക.

സി.) 4-ാം വാർഡിലെ G.M.L.P.S വെളിമുക്ക് 6,7 ക്ലാസുകൾ ആരംഭിക്കുക. സ്കൂളിന്റെ അന്യാധീനപ്പെട്ടുകിടക്കുന്ന 12 സെന്റ് സ്ഥലം വീണ്ടെടുക്കുക.

ഡി) 6-ാം വാർഡിലെ വി.ജെ. പള്ളി എ.എം.യു.പി.എസ്. എയ്ഡഡ് ഹൈസ്കൂളായി ഉയർത്തുക.

ഇ) 3-ാം വാർഡിലെ വെളിമുക്ക് യു.പി. സ്കൂളിന്റെ മാനേജ്മെന്റ് സംബന്ധമായ തർക്കം പരിഹരിച്ച് വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. യഥാസമയം സ്കൂളിന്റെ അറ്റകുറ്റപ്പണി നടത്തുക.

എഫ്) 11-ാം വാർഡിലെ മൂന്നിയൂർ ഹൈസ്കൂൾ ആധുനിക സൗകര്യങ്ങളോടുകൂടിയ വൊക്കേഷണൽ ഹയർസെക്കണ്ടറിസ്കൂളായി ഉയർത്തുക.

ജി) എൽ.പി. സ്കൂളുകളോടനുബന്ധിച്ച് ശാസ്ത്രീയരീതിയിലുള്ള പ്രീപ്രൈമറികൾ ആരംഭിക്കുക.

എച്ച്.) പാറക്കടവ് ജി.എം.യു.പി സ്കൂൾ, മൂന്നിയൂർ ജി.യു.പി. സ്കൂൾ എന്നിവയ്ക്ക് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് സെക്ഷണൽ സമ്പ്രദായം അവസാനിപ്പിക്കുക.

ഐ) ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് പുനപരിശീലനകേന്ദ്രം ആരംഭിക്കുക. വിദ്യാർത്ഥികൾക്കായി കായികാധ്യാപനം പകരാൻ നടപടികൾ ആവിഷ്കരിക്കുക. പരീക്ഷാസമ്പ്രദായം പരിഷ്കരിക്കുക. പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള സമഗ്രവിദ്യാഭ്യാസവികസനസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിദ്യാലയ വിദ്യാഭ്യാസസമിതികളും, വാർഡ്മെമ്പർ കൺവീനറായി വാർഡ് സമിതികളും, പഞ്ചായത്ത് സമിതികളും രൂപീകരിക്കുക. P.T.A , M.P.T.A എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. പഞ്ചായത്ത്തലത്തിലും വിദ്യാലയതലത്തിലും ജനകീയമോണിറ്ററിംഗ് കമ്മിറ്റികൾക്ക് രൂപം നൽകുക.

2) പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക. യു.പി.സ്കൂളുകൾ കേന്ദ്രീകരിച്ച് സ്കൂൾ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

3) സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.

4) അദ്ധ്യാപകവിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

5) ഉച്ചക്കഞ്ഞിവിതരണത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക.

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ പാരാമെഡിക്കൽ കോഴ്സുകൾ, റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മാണം, എംബ്രോയ്ഡറി എന്നീ വിഷയങ്ങൾക്ക് ഊന്നൽ നൽകി ആരംഭിക്കുക. കുട, നോട്ടുബുക്ക് നിർമ്മാണം എന്നിവയ്ക്ക് പരിശീലനം നൽകുക. അതിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചാ

യത്തിന് ഏറ്റെടുക്കാവുന്നതാണ്.

പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള സാംസ്കാരികനിലയത്തിന്റെ പ്രവർത്തനം ആരംഭിക്കണം. അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി സാംസ്കാരിക നിലയത്തിൽ ദൃശ്യ- ശ്രാവ്യസങ്കേതത്തിന് രൂപം നൽകണം.

നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി രജിസ്റ്റർ ചെയ്യപ്പെട്ട ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം പുനസ്ഥാപിക്കണം. വാർഡുകൾ തോറും ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കണം. രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക. രജിസ്റ്റർ ചെയ്യാത്തതും ഇപ്പോൾ പ്രവർത്തിക്കുന്നതുമായ ഗ്രന്ഥാലയങ്ങൾക്ക് ധനസഹായം നൽകുക.

വിദ്യാഭ്യാസരംഗം സജീവവും ചടുലവുമാക്കാനുള്ള അടിയന്തിരനടപടി എന്ന നിലയിൽ നിർജ്ജീവമായിക്കിടക്കുന്ന സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കുക. നിർജ്ജീവമായിക്കിടക്കുന്ന സയൻസ് കോർണറുകൾ, സയൻസ്ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. വമ്പിച്ച സാമ്പത്തിക ബാധ്യതകൾ ഇല്ലാതെ ബഹുജനപങ്കാളിത്തത്തോടെ അവയുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രമം ആരംഭിക്കേണ്ടതുണ്ട്.

സ്കൂളുകളിലെ പാഠ്യേതരപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ ത്വരിപ്പിക്കാനും അതുവഴി അവരെ പഠനപ്രവർത്തനങ്ങളിലേയ്ക്ക് നയിക്കാനും കഴിയും. അതിനായി സ്കൂൾ പാലമെന്റുകൾ, സാഹിത്യസമാജങ്ങൾ, കൈയെഴുത്ത്മാസികകൾ, പൂന്തോട്ടം-പച്ചക്കറിത്തോട്ടനിർമ്മാണം, കായികപരിശീലനപരിപാടികൾ, ദേശീയദിനാചരണങ്ങൾ, പഠന-വിനോദയാത്രകൾ തുടങ്ങിയ പരിപാടികൾ നടപ്പാക്കാവുന്നതാണ്.

അദ്ധ്യാപകരും, രക്ഷിതാക്കളും ഗ്രാമപഞ്ചായത്തും എല്ലാം ഒത്തുചേർന്നാൽ വിദ്യാഭ്യാസരംഗത്ത് ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുമെന്ന വിശ്വാസമുണ്ട്.





# കുടിവെള്ളവും പൊതുജനാരോഗ്യവും.

ആരോഗ്യരംഗത്ത് നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ആരോഗ്യമേഖലയിലെ ഈ പുരോഗതി വികസിതരാജ്യങ്ങൾ പോലും അസൂയയോടെയാണ് നോക്കിക്കാണുന്നതിനും. ആരോഗ്യകുടുംബക്ഷേമരംഗത്ത് പിന്നോക്ക ജില്ലയെന്നറിയപ്പെടുന്ന മലപ്പുറം ജില്ല ഏറെ മുന്നേറിയിട്ടുണ്ട്. ഒപ്പം നമ്മുടെ പഞ്ചായത്തും. എന്നാൽ രോഗാതുരതയുടെ കാര്യത്തിലും നമ്മൾ മുന്നിൽത്തന്നെ.

ശരിയായ പോഷണം, ശുചിത്വപാലനം, ശുദ്ധജലം എന്നിവ ജനതയുടെ ആരോഗ്യനിലവാരത്തെ ഏറ്റവുമധികം സ്വാധീനിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളത്തിനായി ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെയാണ്. വേനൽക്കാലങ്ങളിൽ പഞ്ചായത്തിന്റെ പലഭാഗത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ധാരാളം മഴലഭിക്കുന്നുണ്ടെങ്കിലും ആ ജലം സംഭരിക്കാനുള്ള ഫലപ്രഥമായ സംവിധാനമില്ല. ജനങ്ങളുടെ അശ്രദ്ധയും അനാസ്ഥയുംമൂലം കുടിവെള്ളം മലിനമാകുന്നു. കേരളവാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.

### ശുദ്ധജലസ്രോതസ്സുകൾ

| പൊതു കിണറുകൾ | സ്വകാര്യ കിണറുകൾ | കുഴൽ കിണറുകൾ | ആകെ കിണറുകൾ |
|---|---|---|---|
| | 4836 | | |

1995-96 വർഷത്തിൽ മാത്രം 743 പേർക്ക് ജലജന്യരോഗങ്ങൾബാധിക്കുകയുണ്ടായി. കുടിവെള്ളം ശേഖരിക്കുന്നതിനായി വേനൽക്കാലങ്ങളിൽ അര കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടിവരാറുണ്ട്.

### കുടിവെള്ളം - പ്രശ്നപ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

വാർഡ് 1
പ്രശ്നമേഖല:-
ചെർനൂർ സ്കൂൾ പരിസരം, കണ്ണാരി ഭാഗം, പാപ്പനൂർതച്ചേടത്ത്, ആലിങ്ങൽ

നിർദ്ധേശിക്കുന്ന പരിഹാരമാർഗ്ഗം:-
വറ്റാത്തകുളങ്ങൾ ഉപയോഗിക്കാം.

വാർഡ് 2
നെല്ലിക്കണ്ടി, പുതിയത്ത് മേഖലയിൽ

നിർദ്ദശിക്കുന്ന പരിഹാരമാർഗ്ഗം:-
പൂത്തേരി വളപ്പ്, ചോലകുളം തുടങ്ങിയ വറ്റാത്ത കുളങ്ങൾ ഉപയോഗിക്കാം. പൈപ്പ്ലൈൻ സ്ഥാപിക്കുക.

വാർഡ് 3
പ്രശ്നമേഖല:-
ആറങ്ങാട്ട് പറമ്പ്, കൊമ്പിൽമേഖല

പരിഹാരമാർഗ്ഗം:-
കെ.ഡബ്ലീയു.എ പൈപ്പ് ലൈൻ കമ്മീഷൻ ചെയ്യണം വറ്റാത്ത കുളങ്ങൾ പ്രയോജനപ്പെടുത്തണം

വാർഡ് 4
പ്രശ്നമേഖല:-
കുന്നമ്മളോട്ടിൽ കോളനി, പമ്പ്ഹൗസ് ഏരിയ, പാപ്പനൂർ, പാലത്തിങ്ങൽഭാഗം കരണിയിൽകോളനി

പരിഹാരമാർഗ്ഗം:-
കുഴൽകിണർ , പൊതുകിണർ കുഴിക്കുക. കെ. ഡബ്ലി യു. എ പൈപ്പ്ലൈൻ സ്ഥാപിക്കുക.

വാർഡ് 5
പ്രശ്നമേഖല:-
പാപ്പനൂർ, വെങ്ങശ്ശേരി ഭാഗങ്ങൾ

പരിഹാരമാർഗ്ഗം:-
വറ്റാത്ത കുളങ്ങൾ പ്രയോജനപ്പെടുത്താം.കെ. ഡബ്ലി യു. എ പൈപ്പ്ലൈൻ സ്ഥാപിക്കുക.

വാർഡ് 6
പ്രശ്നമേഖല:-
കുന്നത്ത്, ആശാരിപ്പുറായി, ലക്ഷംവീട്കോളനി, കൂപ്പ ഭാഗം

പരിഹാരമാർഗ്ഗം:-
പൊതുകിണർ, കുഴൽ കിണർ കുഴിക്കുക,

വാർഡ് 7
പ്രശ്നമേഖല:-
വെങ്ങശ്ശേരി ഹരിജൻകോളനി

പരിഹാരനിർദ്ദശം:-
പൊതുകിണർ, കുഴൽ കിണർ കുഴിക്കുക, കെ. ഡബ്ലി യു. എ പൈപ്പ്ലൈൻ സ്ഥാപിക്കുക.

വാർഡ് 8
പ്രശ്നമേഖല:-
കാളികണ്ടം, പെരുംകൊല്ലൻ പുറായ ഭാഗം

പരിഹാരനിർദ്ദേശം:-
കെ. ഡബ്ലിയു. എ പൈപ്പ്ലൈൻ റോഡ്സൈഡിൽ സ്ഥാപിക്കുക.

വാർഡ് 9
പ്രശ്നമേഖല:-
വാർഡിന്റെ മദ്ധ്യഭാഗം

പരിഹാരനിർദ്ദേശം:-
കുഴൽകിണർ കുഴിക്കുക

വാർഡ് 10
പ്രശ്നമേഖല:-
വയൽഭാഗം ഒഴിച്ചുള്ളമിക്കഭാഗങ്ങളിലും.

പരിഹാരനിർദ്ദേശം:-
റോഡുസൈഡിൽ ടാപ്പിടുക.കുഴൽകിണർകുഴിക്കുക.

വാർഡ് 11
പ്രശ്നമേഖല:-
വാർഡിന്റെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ

പരിഹാരനിർദ്ദേശം:-
കെ. ഡബ്ലിയു. എ പൈപ്പ്ലൈൻ സ്ഥാപിക്കുക.
കുഴൽകിണർ കുഴിക്കുക

വാർഡ് 12
പ്രശ്നമേഖല:-
വേനൽക്കാലത്ത് ചില കിണറികൾ വറ്റുന്നു.

പരിഹാരമാർഗ്ഗം:-
കുഴൽകിണറും പൈപ്പും സ്ഥാപിക്കുക.

വാർഡ് 13
പ്രശ്നമേഖല:-
രൂക്ഷമല്ല.

പരിഹാരമാർഗ്ഗം:-
ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ കുഴൽകിണർകുഴിക്കുക.

വാർഡ് 14
പ്രശ്നമേഖല:-
കളത്തിങ്ങൽപാറ, ചാത്തർമ്പ്, അഞ്ചുടി

പരിഹാരമാർഗ്ഗം:-
പൊതുകിണർ, കുഴൽ കിണർ കുഴിക്കുക, കെ. ഡബ്ലി യു. എ പൈപ്പ്ലൈൻ സ്ഥാപിക്കുക.

പഞ്ചായത്തിന്റെ പലഭാഗത്തും വറ്റാത്ത കുളങ്ങളുണ്ട്. ഈ കുളങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയാൽ ശുദ്ധജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാകും. പലസ്ഥലങ്ങളിലും സ്വകാര്യവ്യക്തികൾക്ക് ധാരാളം ജലം ലഭിക്കുന്ന വറ്റാത്ത കിണറുകളുണ്ട്. 10-15 കുടുംബങ്ങൾ സംഘടിച്ച് മോട്ടോർ സ്ഥാപിച്ച് പ്രയോജനപ്പെടുത്തിയാൽ വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാനാകും.

കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുമ്പോൾ തന്നെ ലഭ്യമായ ജലം നല്ലരീതിയിൽ സംരക്ഷിക്കുന്ന കാര്യത്തിൽ ജനങ്ങൾ ശ്രദ്ധാലുക്കളല്ല. ആൾമറകളില്ലാത്ത കിണറുകളും കക്കൂസുകളിൽ നിന്ന് വേണ്ടത്ര അകലം പാലിക്കാത്ത കിണറുകളും ധാരാളമുണ്ട്. വ്യാപകമായ ബോധവൽക്കരണത്തിലൂടെ ജനങ്ങളുടെ സമീപനം മാറ്റിയെടുത്താൽ മാത്രമേ ജലജന്യരോഗങ്ങൾ തടഞ്ഞുനിർത്താൻ കഴിയൂ.

## ആരോഗ്യം

1974 -ൽ മുന്നിയൂർ സർക്കാർ റൂറൽ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു മുമ്പ് മുസ്ലിംഎജ്യുക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ സ്ഥാപിതമായിരുന്ന ആശുപത്രിയായിരുന്നു ജനങ്ങൾ പ്രധാനമായും ആശ്രയിച്ചിരുന്നത്.

10 കിടക്കകളുള്ള പ്രാഥമികാരോഗ്യകേന്ദ്രവും 20 കിടക്കകളുള്ള ആയുർവ്വേദാശുപത്രിയും നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രധാനമായും ജലജന്യരോഗങ്ങളും പ്രാണിജന്യരോഗങ്ങളും ചുരുക്കം വായുജന്യരോഗങ്ങളും നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്നു. ധാരാളം ആളുകൾ കേരളത്തിനു വെളിയിൽ ജോലി ചെയ്യുന്നതുകൊണ്ട് മലമ്പനി പോലെയുള്ള രോഗങ്ങളും ഇവിടെ വാഹകരിലൂടെ എത്തുന്നുണ്ട്. കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന 13 പേരും അംഗവൈകല്യമുള്ള 421 പേരും അന്ധരായ 32 പേരും ബധിരതയുള്ള 23 പേരും നമ്മുടെ പഞ്ചായത്തിലുണ്ട്.

ഒരു വയസ്സിനു താഴെയുള്ള 863 പേരിൽ 776 പേരും പ്രതിരോധകുത്തിവെയ്പുകൾ എടുത്തിട്ടുണ്ട്. അജ്ഞതകളേറെ അന്ധവിശ്വാസങ്ങളും ചില തെറ്റിദ്ധാരണകളും മൂലമാണ് 10 % ആളുകൾ പ്രതിരോധ ചികിത്സക്ക് തയ്യാറാവാത്തത്.

ചെറിയപ്രായത്തിൽ തന്നെ പെൺകുട്ടികളെ വിവാഹം ചെയ്തയക്കുന്ന രീതി നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇത് അവരുടെ ആരോഗ്യകാര്യങ്ങളിൽ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ബോധവൽക്കരണത്തിലൂടെ ഇത് പൂർണ്ണമായും തടഞ്ഞേതീരൂ.

ആകെയുള്ള 4851 അർഹതാ ദമ്പതിമാരിൽ 19 വയസ്സിനു താഴെ 437 പേരുണ്ട്. രണ്ട് കുട്ടികളുള്ള ദമ്പതിമാരിൽ 737 പേരും 2 ൽ കൂടുതൽ കുട്ടികളുള്ള 1978 ദമ്പതിമാരും ഏതെങ്കിലും രീതിയിലുള്ള കുടുംബക്ഷേമമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

| പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായക്രമം) | | കുടുംബാസൂത്രണ മാർഗ്ഗംസ്വീകരിച്ചവർ | |
|---|---|---|---|
| 15-19 | 437 | 1കുട്ടിയുള്ളവർ | 321 |
| 20-24 | 1013 | 2കുട്ടിയുള്ളവർ | 737 |
| 25-29 | 1126 | 2ൽകൂടുതൽ കുട്ടികൾ ഉള്ളവർ | 1978 |
| 30-34 | 998 | | |
| 35-39 | 820 | | |
| 40-44 | 457 | | |
| ആകെ | 4851 | | |

പഞ്ചായത്തിലെ ജനനനിരക്ക് 25. 6 ഉം മരണനിരക്ക് 5.9 ഉം ആണ്. ശരാശരി കുടുംബവലിപ്പം 6 ആണ്. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള രണ്ട് ആശുപത്രികൾ ഉണ്ടെങ്കിലും മുന്നിയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആവശ്യത്തിന് സ്റ്റാഫില്ലാത്തതിനാൽ കിടത്തി ചികിത്സിക്കുന്നില്ല. ഇതിനായി പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ നിന്ന് പരമാവധി 7 കി.മീ ഉം വിദഗ്ധചികിത്സക്കായി 10 കി.മീ ഉം യാത്രചെയ്യേണ്ടതായിട്ടുണ്ട്.

### സ്ഥാപനങ്ങളും സേവനങ്ങളും

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| പ്രാഥമികാരോഗ്യകേന്ദ്രം | 1 |
| ആയുർവ്വേദആശുപത്രി | 1 |
| ഐ.പി.പി സബ്സെന്ററുകൾ | 6 |

ഇവയിലെല്ലാംകൂടി ആകെ 38 തസ്തികകളിൽ 33 പേർ ജോലിചെയ്യുന്നു. 5 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെഎണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർമൂന്നിയൂർ | 9 | 1974 | 14 |
| 2 | ഗവ: ആയുർവേദ ഡിസ്പെൻസറി പടിക്കൽ | 4 | | 13 |
| 3 | ഐ.പി.പി സബ് സെന്റർ ചെർന്നൂർ | 1 | 1984-85 | 1 |
| 4 | ഐ.പി.പി സബ് സെന്റർ വൈക്കത്ത്പാടം | 3 | 1984-85 | 1 |
| 5 | ഐ.പി.പി സബ്സെന്റർ പടിക്കൽ | 4 | 1984-85 | 1 |
| 6. | ഐ.പി.പി സബ്സെന്റർ കൂഫ | 7 | 1984-85 | 1 |
| 7 | ഐ.പി.പി സബ്സെന്റർ പാറക്കടവ് | 11 | 1984-85 | 1 |
| 8 | ഐ.പി.പി സബ്സെന്റർ കുന്നത്ത്പറമ്പ് | 13 | 1984-85 | 1 |
| ആകെജീവനക്കാർ | | | | 33 |

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഒരു മെഡിക്കൽ ഓഫീസർ മാത്രമാണുള്ളത്. സബ്സെന്ററുകളിലും

അംഗൻവാടികളിലുമായി നടക്കുന്ന പ്രതിരോധ കുത്തിവെപ്പുകൾ, ആശുപത്രിയിൽ ഒ.പി വിഭാഗത്തിൽ വരുന്ന രോഗികളുടെ പരിശോധന് എന്നിവ ഏറെക്കുറെ കാര്യക്ഷമമായി നടക്കുന്നുണ്ട്. ഒരു മെഡിക്കൽ ഓഫീസറേയും ഒരു സ്റ്റാഫ്നഴ്സിനേയും കൂടി നിയമിക്കുകയാണെങ്കിൽ ഐ.പി. വിഭാഗവും കൂടി കാര്യക്ഷമമാക്കാൻ കഴിയും.

ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഫീൽഡ് വിഭാഗം ജീവനക്കാർ പ്രത്യേകപ്രാധാന്യം കൊടുക്കുന്നുണ്ട്. പഞ്ചായത്തിലെ 29 അംഗൻവാടികളിലും മാസത്തിൽ ഒരു ബോധവൽക്കരണ ക്ലാസെങ്കിലും നടക്കാറുണ്ട്. എന്നാൽ ആരോഗ്യ സംരക്ഷണകാര്യത്തിൽ ജനങ്ങൾ കാണിക്കുന്ന അനാസ്ഥയും സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്തു പറയേണ്ടതുണ്ട്.

### കക്കൂസ്

കുടിവെള്ളം കഴിഞ്ഞാൽ ഏറ്റവുമധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ അവശ്യം വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 30 % വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല. ഇതിനാൽ വിരശല്യം, ജലജന്യരോഗങ്ങൾ എന്നിവ ധാരാളമായി കണ്ടുവരുന്നു. ഗ്രാമസഭകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവക്കുള്ള പരിഹാരമാർഗ്ഗങ്ങളും താഴെക്കാണുവിധം സംഗ്രഹിക്കാം

| തടസ്സകാരണം | പരിഹാരം |
|---|---|
| സാമ്പത്തികപരാധീനത | സർക്കാർ, അർദ്ധ സർക്കാർ, സന്നദ്ധസംഘടനകൾ, തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ് |
| സ്ഥലപരിമിതി (കോളനി) | പൊതുവായി ഒരുസെപ്റ്റിക് ടാങ്ക് നിർമ്മിച്ച ഇത് പരിഹരിക്കാവുന്നതാണ് |
| അജ്ഞതയും അനാസ്ഥയും | ആരോഗ്യബോധവൽക്കരണ ക്ലാസുകളിൽ ഈ വിഷയത്തിൽ ഊന്നൽ കൊടുക്കണം |

### പരിസരശുചിത്വം

ഹോട്ടലുകൾ, പച്ചക്കറിക്കടകൾ, മത്സ്യമാർക്കറ്റുകൾ, ഇറച്ചിക്കടകൾ മറ്റു കച്ചവടസ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ പഞ്ചായത്തിലെ ഒരു പ്രധാനപൊതുജനാരോഗ്യപ്രശ്നമാണ്. അതുപോലെ തന്നെ പഞ്ചായത്തിനകത്തും പുറത്തുമുള്ള ഇറച്ചിക്കടകളിൽ നിന്നുള്ള ഇറച്ചിക്കോഴികളുടെ അവശിഷ്ടങ്ങൾ ദേശീയപാതയുടെ ഇരുവശത്തും ജലാശയങ്ങളിലും നിക്ഷേപിച്ച് പൊതുജനങ്ങൾക്ക് പലതരം പ്രശ്നങ്ങളുമുണ്ടാക്കുന്നു. പഞ്ചായത്തു പ്രദേശത്തെ നഗരവൽക്കരണവും ജനസംഖ്യാവർദ്ധനവും മൂലം പരിസരപ്രശ്നങ്ങൾ രൂക്ഷമാവാൻ സാധ്യതയുണ്ട്. പൊതുവായ സ്ഥലങ്ങളും മാർക്കറ്റുകളും ശുചീകരണത്തിന് പഞ്ചായത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിലെങ്കിലും ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. പൊതുജനപങ്കാളിത്തത്തോടെ ശുചീകരണപ്രവർത്തനപരിപാടി പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്.

ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെപറയുന്നവയാണ്. പഞ്ചായത്തിൽ ചേളാരാപടിക്കൽ, വെളിമുക്ക്, ആലിൻചുവട്, കളിയാട്ടമുക്ക് എന്നിവിടങ്ങളിൽ റോഡരികിലെ മത്സ്യക്കച്ചവടം നിർത്തലാക്കുക, പരമാവധി സ്ഥലങ്ങളിൽ മത്സ്യമാംസമാർക്കറ്റുകൾ സ്ഥാപിക്കുക. പഞ്ചായത്തു പ്രദേശത്തേക്ക് മൊത്തമായി ആധുനികസംവിധാനങ്ങളുള്ള ഒരു അറവുശാലസ്ഥാപിച്ച് പരിശോധനാവിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കേണ്ടതാണ്.

ചേളാരിമാർക്കറ്റിനു സമീപമുള്ള കിണർ വളരെയധികം പരിസരമലിനീകരണ പ്രശ്നങ്ങളുണ്ടാക്കുന്നു. പ്രസ്തുത കിണർ ശുചികരിക്കുകയോ മണ്ണിട്ടുമൂടുകയോ വേണം. കച്ചവടസ്ഥാപനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ റോഡരികിൽ കൂട്ടിയിടുന്നതു മൂലം ഈച്ചകൾ പെരുക്കാൻ സാധ്യതയുണ്ട്. ഇത് വേണ്ടരീതിയിൽ സംസ്കരിക്കാൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ശീതളപാനീയശാലകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളുടെ വിൽപ്പന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇവിടങ്ങളിൽ ജോലിചെയ്യുന്നവർക്ക് ഹെൽത്ത്കാർഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതും ജീവനക്കാരെ കൂടെക്കൂടെ വൈദ്യപരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്. അങ്ങാടികൾ ശുചിയാക്കുകയും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം ആയവ പാലിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

വർഷക്കാലത്തും വരൾച്ചാസമയത്തും പഞ്ചായത്തിലെ കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റു സ്ഥല ങ്ങളിലും പകർച്ചവ്യാധികൾ പടർന്നുപിടിക്കാറുണ്ട്. ഇതി നെതിരെ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ചനശീ കരണം, കൊതുകുനശീകരണം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്. അടുക്കളയിലെ അവ ശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കിമാറ്റിയാൽ അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കുന്നതോ ടൊപ്പം വീടും പരിസരവും ശുചിയായി സൂക്ഷിക്കാ നുമാവും. വീടിനടുത്ത് മലിനജലം കെട്ടി നിൽക്കുന്നത് തടയുക, കൂത്താടികളുള്ള സ്ഥലത്തിൽ മണ്ണെണ്ണയോ ഓയിലോ ഒഴിച്ച് അവയെ നശിപ്പിക്കുക, വീടുകളിൽ DDT, BHC മുതലായവ തളിക്കുക എന്നീ മാർഗ്ഗങ്ങളാൽ കൊതുക് നശീകരണം ഫലപ്രദമാക്കാനാവും. ഈ പ്രവൃത്തിയിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം സന്നദ്ധപ്രവർത്തകരേയും ഉപയോഗപ്പെടുത്താവുന്ന താണ്.

പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാ വുന്ന നിർദ്ദേശങ്ങൾ

### പൊതുശ്മശാനം

പഞ്ചായത്തിൽ ഒരു പൊതുശ്മശാനത്തിന്റെ അഭാവം പ്രകടമാണ്. ആവശ്യമായ സ്ഥലം കണ്ടെത്താ നുള്ള പ്രവർത്തനം ഉടൻ തുടങ്ങേണ്ടതാണ്.

### പ്രകൃതിചികിത്സ

ശരീരത്തിൽ അന്തർലീനമായി കിടക്കുന്ന ജന്മ സിദ്ധമായ രോഗശമനശക്തിയെ തടസ്സംകൂടാതെ പ്രവർക്കിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കുക എന്ന താണ് ഇതിന്റെ തത്വം. നൂറ്റമ്പത്കൊല്ലം മുമ്പ് ഡോ ഐസക്ജെന്നിങ്ങ്സ് എന്ന ശാസ്ത്രജ്ഞനാണ് ഈ ചികിത്സാരീതി കണ്ടെത്തിയത്. കേരളഓർത്തോപ്പ തിക് ( പ്രകൃതിചികിത്സ അസോസിയേഷൻ) 'ഓപ്പറേഷൻ വൈറ്റ്സ്ററാർ' എന്ന പദ്ധതി ആരംഭി ച്ചിരിക്കുന്നു. കേരളത്തിലെ മുഴുവൻ പഞ്ചായത്തുക ളിലും ഓരോ വിദഗ്ദനെ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നമ്മുടെ പഞ്ചായത്തിൽനിന്നും ഇതി നായി ഒരു വിദ്യാർത്ഥിയെ കണ്ടെത്തേണ്ടതാണ്.

### വയോജന ആരോഗ്യകേന്ദ്രം

സമൂഹത്തിലെ ഒരു മുഖ്യആശ്രിതവിഭാഗമായി വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കു ന്നതിനും അവരുടെ വൈദ്യശുശ്രൂഷക്കും പരിചരണ ത്തിനുമായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. ഇതിനു വേണ്ടി പരിശീലനം സിദ്ധിച്ച ഹോംനഴ്സുമാരെയും മറ്റുവിദഗ്ദരെയും ഉപ യോഗിച്ച് അവരുടെ ആരോഗ്യപരവും മാനസികവു മായ ഉയർച്ചയ്ക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേ ണ്ടതാണ്.

### ഹെൽത്ത്കാർഡ് സംവിധാനം

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ഉൾപ്പെടു ത്തിക്കൊണ്ട് ഒരു ഹെൽത്ത്കാർഡ് സംവി ധാനം ചികിത്സാരംഗത്ത് വളരെ ഗുണംചെയ്യും. ആരോ ഗ്യപ്രവർത്തകരേയും ഈരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സന്നദ്ധപ്രവർത്തകരേയും ഉപയോഗിച്ച് ഇത് നടപ്പിലാക്കാ വുന്നതാണ്. രക്തഗ്രൂപ്പ്, രക്തസമ്മർദ്ദം തുടങ്ങിയവ അടി സ്ഥാന വിവരങ്ങൾ എല്ലാം കാർഡിൽ ഉൾപ്പെടുത്തുകയും വേണം. ഇതിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തു കയും വേണം.

### അപകട ഇൻഷുറൻസ് പദ്ധതി.

പുതിയ ജീവിതശൈലികളും നഗരവൽക്കരണവും അപകടങ്ങൾ വർദ്ധിപ്പിച്ചിരിക്കുന്നു. മുഴുവൻ പഞ്ചായത്ത് നിവാസികൾക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ ഇൻഷു റൻസ് പദ്ധതിക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

### കാലഹരണപ്പെട്ട നിയമങ്ങൾ

പഴകിദ്രവിച്ചതും പ്രയോഗക്ഷമത നഷ്ടപ്പെട്ടതുമായ 'മദ്രാസ്-ട്രാവൻകൂർ- കൊച്ചിൻ പബ്ലിക്ഹെൽത്ത്' ആക്ടു കൾ കാലോചിതമായി പരിഷ്കരിച്ച് ആരോഗ്യരംഗത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാനുതകുന്ന നിയമനിർമ്മാണങ്ങൾ നടപ്പാക്കേ ണ്ടതുണ്ട്.

### പൊതുസ്ഥാപനങ്ങൾ കാര്യക്ഷമമാക്കുക

നമ്മുടെ പഞ്ചായത്തിലെ നാൽപത്തിമൂവായിര ത്തോളം വരുന്ന ജനങ്ങൾക്ക് പ്രയോജനപ്പെടേണ്ട പ്രാഥ മികാരോഗ്യകേന്ദ്രം പഞ്ചായത്തിന്റെ ഒരറ്റത്താണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ ഐ.പി.പി. സബ്സെന്ററുകളെ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കാര്യ ക്ഷമമാക്കേണ്ടതുണ്ട്. ആഴ്ചയിൽ ഒരുദിവസമെങ്കിലും മെഡിക്കൽഓഫീസർ സബ്സെന്ററിൽ എത്തി രോഗികളെ പരിശോധിക്കാൻ സംവിധാനമുണ്ടാക്കണം. ഇതിനു വേണ്ടി പ്രഥമികാരോഗ്യകേന്ദ്രത്തിൽ ഒരു മെഡിക്കൽ ഒഫീസറെ കൂടി നിയമിക്കണം. ചെറിയ അസുഖങ്ങൾക്കുള്ള എല്ലാ മരു ന്നുകളും സബ്സെന്ററിൽ ലഭ്യമാക്കേണ്ടതാണ്.

ഇതോടൊപ്പം മൂന്നിയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെയും സബ്സെന്ററുകളുടെയും ശോചനീയാവസ്ഥയും പരിഹരിക്കപ്പെടണം. പ്രാഥമികാരോഗ്യകേന്ദ്രവും അതിനോടനുബന്ധിച്ചുള്ള പാറക്കടവ്സബ്സെന്റർ, LHI ക്വാർട്ടേഴ്സ് എന്നിവയും നശിച്ചുകൊണ്ടിരിക്കയാണ്. ഇവ അറ്റകുറ്റപ്പണികൾ നടത്തണം. പാറക്കടവ് ഹെൽത്ത് സെന്ററിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല ഇതും ലഭ്യമാക്കാൻ നടപടിയുണ്ടാവണം.

**കുപ്പത്തൊട്ടികൾ സ്ഥാപിക്കുക**

പഞ്ചായത്തിലെ പ്രധാനപ്പെട്ട അങ്ങാടികളായ ചേളാരി, പടിക്കൽ, പാലക്കൽ, ആലിൻചുവട്, പാറക്കടവ്, കുന്നത്ത്പറമ്പ് എന്നിവടങ്ങളിൽ റോഡ്സൈഡിൽ കുപ്പത്തൊട്ടികൾ സ്ഥാപിച്ചാൽ കടകളിലെയും മാർക്കറ്റുകളിലെയും മാലിന്യങ്ങൾ അതിൽ നിക്ഷേപിക്കാൻ കഴിയും. സന്നദ്ധസംഘടനകളെ കൊണ്ടോ സ്ഥാപനങ്ങളെക്കൊണ്ടോ സ്പോൺസർചെയ്യിച്ച് ഇത് സ്ഥാപിക്കാവുന്നതാണ്

**പഞ്ചായത്തിലെ ആരോഗ്യരംഗവും സ്ഥിതിവിശേഷവും ( വാർഡ് തിരിച്ച്).**

| വാർഡ് | സ്ഥാപനങ്ങൾ | കാണപ്പെടുന്ന പ്രധാനരോഗങ്ങൾ | പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 1 | സബ്സെന്റർ 1 | വയറിളക്കം, പനി<br>ദന്തരോഗങ്ങൾ | പൂർണ്ണതൃപ്തികരമല്ല പ്രാഥമിക ചികത്സക്ക് ഉള്ളമരുന്ന്ലഭിക്കുന്നില്ല | ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടർ സെന്ററിൽ വരണം, പ്രാഥമിക ചികിത്സക്കു ഉള്ളമരുന്ന്ലഭ്യമാക്കണം |
| 2 | ആരോഗ്യംകേന്ദ്രം ഒന്നും തന്നെയില്ല | വയറിളക്കം<br>വിരശല്യം<br>പനി | ആരോഗ്യക്ലാസ്സുകൾ നടക്കാറുണ്ട് കുത്തിവെയ്പുകൾനടത്താറുണ്ട് | പൂതേരിവളപ്പിൽഒരു സബ്സെന്റർസ്ഥാപിക്കണം ചെർന്നൂർസബ്സെന്ററിൽ ആവശ്യമരുന്നുകൾ ലഭ്യമാക്കണം |
| 3 | സബ്സെന്റർ 1 | പനി, കണ്ണ്രോഗം<br>വയറിളക്കം | കുത്തിവെപ്പുകൾ കൃത്യമായി നടക്കുന്നു എന്നാൽ ആവശ്യമരുകൾ ലഭ്യമാക്കുന്നില്ല. | ആവശ്യമരുന്നുകൾ ലഭ്യമാക്കണം സബ്സെന്ററിൽ മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാക്കണം |
| 4 | സബ്സെന്റർ 1<br>ആയുർവേദ ആശുപത്രി | ചിക്കൻപോക്സ്<br>വയറിളക്കം<br>ചൊറി<br>പനി | കുത്തിവെപ്പുകളും ആരോഗ്യക്ലാസുകളും നടക്കുന്നു. ഐ.പി.പി സെന്റർ കാര്യക്ഷമമല്ല. | സബ്സെന്റർ കാര്യക്ഷമമാക്കണം. പ്രാഥമിക ചികിത്സാസൗകര്യങ്ങൾ സബ്സെന്ററിൽ ലഭ്യമാക്കണം. ആയൂർവേദാശുപത്രി 40 കിടക്കകളാക്കി വിപുലീകരിക്കണം. |
| 5 | ആരോഗ്യകേന്ദ്രങ്ങൾ ഒന്നും തന്നെയില്ല | വയറിളക്കം<br>കണ്ണുരോഗം<br>മഞ്ഞപിത്തം | ആരോഗ്യക്ലാസ്സുകൾ നടക്കുന്നു.ഗൃഹസന്ദർശനം നടക്കുന്നു | പുരുഷൻമാർക്കുകൂടിആരോഗ്യക്ലാസ്സുകളുടെ പ്രയോജനം ലഭ്യമാക്കണം |
| 6 | ആരോഗ്യകേന്ദ്രങ്ങൾ ഒന്നുംതന്നെയില്ല | അഞ്ചാംപനി<br>കണ്ണ് രോഗം<br>വയറിളക്കം | കുത്തിവെയ്പുകളും ആരോഗ്യക്ലാസ്സുകളും നടക്കുന്നു | കളിയാട്ടമുക്ക് പി.എച്ച്.സി.യിൽ കിടത്തി ചികിത്സിക്കാൻ സൗകര്യം ഏർപ്പെടുത്തണം. |
| 7 | സബ്സെന്റർ 1 | പനി<br>കണ്ണ് രോഗം | കുത്തിവെയ്പ്പുകൾ കൃത്യമായി നടക്കുന്നു ആരോഗ്യക്ലാസ്സുകൾ എല്ലാമാസവും നടക്കാറുണ്ട്. | ആഴ്ചയിൽ ഒരുദിവസമെങ്കിലും സബ്സെന്ററിൽ ഡോക്ടറുടെ സേവനം ലഭ്യമക്കണം |

**പഞ്ചായത്തിലെ ആരോഗ്യരംഗവും സ്ഥിതിവിശേഷവും ( വാർഡ് തിരിച്ച്).**

| | | | | |
|---|---|---|---|---|
| 8. | ആരോഗ്യ കേന്ദ്രങ്ങൾ ഒന്നുമില്ല | വയറിളക്കം<br>മലമ്പനി<br>കണ്ണ് രോഗം | ക്ലാസ്സുകളും കുത്തിവെയ്പുകളും നടക്കുന്നു | പ്രാഥമിക ആരോഗ്യകേന്ദ്രം കൂടുതൽ കാര്യക്ഷമമാക്കണം |
| 9. | പ്രാഥമികാരോഗ്യ കേന്ദ്രം 1 | കണ്ണ് രോഗം<br>വയറിളക്കം<br>പനി | കാര്യക്ഷമമായി പ്രവർത്തിക്കുന്നു ഐ.പി. വിഭാഗം പ്രവർത്തിക്കുന്നില്ല. | ഒരുമെഡിക്കൽ ഓഫീസർ, സ്റ്റാഫ്, നേഴ്സ് എന്നിവരെ നിയമിച്ച് കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമാക്കണം. |
| 10. | ആരോഗ്യ കേന്ദ്രങ്ങൾഇല്ല | പനി<br>മീസിൽസ്<br>ചിക്കൻപോക്സ് | പി.എച്ച്.സി.എ ആശ്രയിക്കുന്നു ആരോഗ്യക്ലാസ്സുകൾ നടക്കുന്നു. | അംഗൻവാടികളിൽകൂടി കൂടുതൽ ആവശ്യമരുന്നുകൾ ലഭ്യമാക്കണം |
| 11 | സബ്സെന്റർ ഒന്ന് | മലമ്പനി<br>വയറിളക്കം<br>കണ്ണ് രോഗം | കുത്തിവെയ്പുകളും ആരോഗ്യക്ലാസുകളും കൃത്യമായിനടക്കുന്നു | സബ്സെന്ററിൽ ആവശ്യമരുന്നുകൾ ലഭ്യമാക്കണം. ഫസ്റ്റ്എയ്ഡിനുവേണ്ട വസ്തുക്കൾ ലഭ്യമാക്കണം. |
| 12 | കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. | മലമ്പനി<br>പനി<br>വയറിളക്കം | ആരോഗ്യക്ലാസ്സുകൾ നടക്കുന്നു.ഗൃഹസന്ദർശനം കുത്തിവെയ്പുകൾ നടക്കുന്നു | അംഗൻവാടികളിൽ വൈദ്യപരിശോധന സൗകര്യം ഏർപ്പെടുത്തണം. സബ്സെന്ററിൽ ഡോക്ടർ വരണം |
| 13 | സബ്സെന്റർ ഒന്ന് | പനി<br>വയറിളക്കം<br>കണ്ണ് രോഗം | കുത്തുവെയ്പുകൾ നടക്കുന്നു. ആരോഗ്യ ക്ലാസ്സുകൾ നടക്കുന്നു | സബ്സെന്ററിൽ ആഴ്ചയിൽ 1 ദിവസം മെങ്കിലും മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാക്കണം |
| 14 | ആരോഗ്യകേന്ദ്രങ്ങൾ ഒന്നുമില്ല | പനി<br>വയറിളക്കം<br>അഞ്ചാംപനി | കുത്തിവെയ്പുകൾ നടക്കാറുണ്ട് | സബ്സെന്റർ ,ഹോമിയോഡിസ്പെൻസറി സ്ഥാപിക്കുക. അംഗൻവാടിയിൽ അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കണം. എഫ്.എ സൗകര്യം അംഗൻവാടിയിൽ ലഭ്യമാക്കണം. |

# ഗതാഗതം-ഊർജ്ജം-മാർക്കറ്റ്

## ഗതാഗതം

മൂന്ന്ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട മൂന്നിയൂരിന്റെ പ്രധാന വരുമാനമാർഗ്ഗം എൺപതുകൾ വരെ കൃഷിയായിരുന്നു. കാർഷികോൽപ്പന്നങ്ങളുടെ വ്യാപാരത്തിനാണ് പ്രധാനമായും ഗതാഗതസൗകര്യം ഉപയോഗപ്പെടുത്തിയിരുന്നത്. കാളവണ്ടികളിലും കുതിരവണ്ടികളിലും കടലുണ്ടിപ്പുഴയിലൂടെ ജലമാർഗ്ഗത്തിലുമാണ് സാധനങ്ങൾ കോഴിക്കോട്ട് എത്തിച്ചിരുന്നത്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിലവിൽ വന്ന പാറക്കടവ്- കോഴിക്കോട് റോഡാണ് മൂന്നിയൂരിന്റെ ആദ്യറോഡ്. ഈ റോഡിലൂടെ ആദ്യമായി കാളവണ്ടിയും പിന്നീട് പെട്രോൾവാഹനങ്ങളും ഓടിത്തുടങ്ങി. തലച്ചുമട്കാർക്ക് സഹായകമാംവിധം അത്താണികൾ ഇടക്കിടക്ക് റോഡിൽ ഉണ്ടായിരുന്നെങ്കിലും പിന്നീട് അതെല്ലാം നശിച്ചു.

ഇക്കാലയളവിൽ ഒരു പ്രധാന ഗതാഗതമാർഗ്ഗമായിരുന്നു ജലഗതാഗതം. കടലുണ്ടിപ്പുഴയിലൂടെ ചരക്കുകൾ ചങ്ങാടം മുഖേന കോഴിക്കോട് എത്തിച്ചിരുന്നു. മണ്ണട്ടാംപാറ കടലുണ്ടി ബോട്ട് സർവ്വീസും ഉണ്ടായിരുന്നു.

1956 -ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ പാറക്കടവ്-കോഴിക്കോട് റോഡുമാത്രമേ ഉണ്ടായിരുന്നുള്ളൂ. മൂന്നിയൂർ-എ.ആർ. നഗർ പഞ്ചായത്തുകളെ ബന്ധിപ്പിച്ച് തലപ്പാറയിലൂടെ എ.ആർ. നഗർ-വേങ്ങര പഞ്ചായത്തുകളെ യോജിപ്പിച്ച് പാലങ്ങൾ വരികയും വേങ്ങര തിരൂരങ്ങാടി പഞ്ചായത്തുകളെ ബന്ധിപ്പിച്ച് പനമ്പുഴ പാലവും വന്നതോടെ പാറക്കടവ്- കോഴിക്കോട് റോഡ് തലപ്പാറ നിന്നും തിരിഞ്ഞ് മംഗലാപുരം-ഇടപ്പള്ളി എൻ.എച്ച്. 17 ആയി മാറി. 68ൽ പാറക്കടവ് പാലം വന്നതോടെ തലപ്പാറ- മമ്പുറം റോഡും 83-ൽ തയ്യിലക്കടവ് പാലം വന്നതോടെ ചേളാരി-പരപ്പനങ്ങാടി റോഡും 74ൽ കുമ്മത്തൊടി പാലം വരികയും 83ൽ അപ്രോച്ച്റോഡിന്റെ പണി പൂർത്തിയാവുകയും ചെയ്തപ്പോൾ പടിക്കൽ-പെരുവള്ളൂർ റോഡും തിരക്കുപിടിച്ചതായി. ഈ റോഡുകൾ വന്നതോടെ പഞ്ചായത്തിൽ ഗതാഗതവികസനത്തിൽ വൻകുതിപ്പുണ്ടായി.

മൂന്നിയൂരിനെ അയൽ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന 7 തോണിക്കടവുകൾ ഉണ്ടായിരുന്നു. പാറക്കടവ്, ചുഴലി, തയ്യിലക്കടവ് പാലങ്ങളും മണ്ണട്ടാംപാറ അണക്കെട്ടും വന്നതോടെ ഇന്ന് കുണ്ടംകടവ്, എടത്തുരുത്തിക്കടവ്, കാര്യാട് കടവ് എന്നിവ മാത്രമേയുള്ളു.

പഞ്ചായത്തിൽ ഗതാഗതയോഗ്യമായ റോഡ് 84301 കി.മീ ആണ്. അഥവാ ഒരു ചതുരശ്രകിലോമീറ്ററിന് 3.89 കിലോമീറ്റർ റോഡ്. സംസ്ഥാനശരാശരിയേക്കാൾ കൂടുതലാണ് ഇതെങ്കിലും ടാർ ചെയ്ത ഭാഗം 29.52 കിലോമീറ്റർ മാത്രമാണുള്ളത്. (ടാർറോഡ് ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിന് 1.45 കിലോമീറ്ററാണുണ്ടാവുക.) ജനസംഖ്യയും ടാർറോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 0.72 മീറ്റർ റോഡ് മാത്രമേ ഉള്ളൂവെന്നുകാണാം.

പഞ്ചായത്തിൽ നിലവിലുള്ള ടാർറോഡുകളും അവയുടെ ഉടമസ്ഥത, വീതി, യാത്രാസൗകര്യം എന്നിവ താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു

### പഞ്ചായത്തിലെ ടാർ റോഡുകൾ

പട്ടിക 1

| നമ്പർ | റോഡ് | ഉടമസ്ഥ | ദൂരം KM | വീതി M | ബസ്/മറ്റ് യാത്രാ സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1 | ചേളാരി-തലപ്പാറ | N.H. 17 | 4.850 | 20 | ഉണ്ട് |
| 2 | തലപ്പാറ-പാറക്കടവ് | P.W.D | 3KM | 8 | ഉണ്ട് |
| 3 | ആലിൽചുവട്-കണ്ടംകടവ് | " | 4 | 8 | ഉണ്ട് |
| 4. | ചേളാരി-തയ്യിലക്കടവ് | " | 5 | 3 | " |
| 5 | പടിക്കൽ- കുമ്പൻ തൊടിപാലം | " | 0.450 | 8 | " |
| 6 | പാലക്കൽ-മണ്ണട്ടാംപാറ | പഞ്ചായത്ത് | 1.92 | 6 | " |
| 7 | മുട്ടിച്ചിറ-കാര്യാട് | " | 2.72 | 6 | " |
| 8 | വെളിമുക്ക്- കൂപ്പ | " | 1.65 | 6 | ഇല്ല |
| 9 | പാറക്കടവ്-കളത്തിങ്ങപ്പാറ | " | 1.43 | 6 | " |
| 10 | കളത്തിങ്ങപ്പാറ-നെടുംപറമ്പ് | " | 1.00 | 6 | " |
| 11 | കുന്നത്തുപറമ്പ്-ചുഴലി | " | 3.50 | 6 | " |

ചില റോഡുകൾ ഭാഗികമായി 2 കി.മീറ്ററോളം ടാർ ചെയ്തിട്ടുണ്ട്.

ഓവുചാൽ, കലുങ്ക് എന്നിവയുടെ കുറവുകൊണ്ടും വർഷകാലത്തെ നീർക്കെട്ടു കൊണ്ടും ടാറിങ്ങ് വളരെവേഗം പൊളിഞ്ഞുപോരുന്നു. ആവശ്യത്തിനുള്ള ഫണ്ടില്ലായ്മ വികസനപ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയാകുന്നു.

പഞ്ചായത്തിൽ രണ്ട് ബസ്ടെർമിനൽ, അഞ്ച് ഓട്ടോസ്റ്റാന്റ്, അഞ്ച് ടാക്സിസ്റ്റാന്റ് എന്നിവ ഉണ്ട്. NH ലും ചേളാരി-തയ്യിലക്കടവ് റോഡിലും, തലപ്പാറ, പാറക്കടവ് റോഡിലും മുട്ടിച്ചിറ-കാര്യാട് റോഡിലും, കുന്നത്ത് പറമ്പ്-ആലിൻചുവട് റോഡിലും ബസുകളും, ജീപ്പും, ട്രക്കറുകളും സർവ്വീസ് നടത്തുന്നു. പാലക്കൽ-ആ[illegible]ങ്ങൾ റൂട്ടിൽ ഓട്ടോറിക്ഷയും സർവ്വീസ് നടത്തുന്നു. K.S.R.T.C യുടെ ഫാസ്റ്റ്പാസഞ്ചർ, ലിമിറ്റഡ്സ്റ്റോപ്പ് ഫാസ്റ്റ്പാസഞ്ചസർ, എക്സ്പ്രസ്, സൂപ്പർഡീലക്സ് തുടങ്ങിയ ബസ്സുകൾ പഞ്ചായത്തിലൂടെ കടന്നുപോവുന്നുണ്ടെങ്കിലും ഇവയ്ക്കൊന്നിനും പഞ്ചായത്തിലെവിടെയും സ്റ്റോപ്പില്ല.

## പ്രശ്നങ്ങൾ

### ടാർറോഡുകളുടെ പ്രശ്നങ്ങൾ

1. NH ഉൾപ്പെടെയുള്ള റോഡുകളുടെ വളവും വീതികുറവും പാർശ്വങ്ങളിലെ നടപ്പാതയില്ലായ്മയും ടാർ പെട്ടെന്ന് പൊളിയുന്നതും, നിലവിലുള്ള റോഡുകളുടെ പ്രശ്നങ്ങളാണ്.

2. പുതിയ റോഡുകൾ

പെരുകൊല്ലൻ പുറായ മുതൽ കുന്നത്ത് പറമ്പ് വരെയുള്ള റോഡ് പൂർത്തിയാക്കിയാൽ ചുഴലി മുതൽ തയ്യിലക്കടവ് വരെ PWD റോഡിന് സമാന്തരമായി ഒരു റോഡ്ശ്യംഖല ഉണ്ടാകും.

3. മെറ്റൽ റോഡുകളും മൺറോഡുകളും

നിലവിലുള്ള മെറ്റൽ ചെയ്തതും അല്ലാത്തതുമായ റോഡുകളുടെ അവസ്ഥ വളരെ ദയനീയമാണ്. മെറ്റൽ റോഡുകളും മൺറോഡുകളും ടാർ ചെയ്യാനുള്ള ആവശ്യം ഗ്രാമസഭകളിൽ ഉയരുകയുണ്ടായി.

4. റോഡ് അപകടങ്ങൾ

രാജ്യത്തിലെ പ്രധാനറോഡുകളിലൊന്നായ 17-ാം നമ്പർ ദേശീയപാത പഞ്ചായത്തിലൂടെ കടന്നു പോകുന്ന 5 കിലോമീറ്റർ പരിധിയിൽ ഒരാഴ്ചക്കുള്ളിൽ ചുരുങ്ങിയത് 2 അപകടങ്ങളെങ്കിലുമുണ്ടാവുന്നു. ഇതിൽ പലതും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. തലപ്പാറ ജംഗ്ഷനിലെ വളവും അശാസ്ത്രീയമായ റോഡ് നിർമ്മാണവും (വളവിൽ സൂപ്പർ എലിവേഷൻ ഇല്ലാത്തത്) അപകടങ്ങളുടെ നിരക്ക് കൂട്ടുന്നു. മറ്റ് റോഡുകളും അപകടമുക്തമല്ല.

റോഡ്ശ്യംഖലയുടെ വ്യാപനം ഉയർത്തുന്ന പരിസ്ഥിത പ്രശ്നങ്ങൾ

റോഡ്ശൃംഖലാ വ്യാപനം നാടിന്റെ വികസനത്തിന് പ്രേരകമാകുന്നുവെങ്കിലും പല പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നു. പറമ്പുകളിലേക്കുള്ള ഇടവഴി റോഡാക്കുന്നതുകൊണ്ട് വഴിയുടെ ഇരുവശവും ഉള്ള മരങ്ങൾ വെട്ടി നശിപ്പിക്കപ്പെടുന്നു. ഇതിനാൽ വഴിയുടെ ഇരുവശങ്ങളിലേയും മണ്ണ് റോഡിലേക്ക് ഒലിച്ചിറങ്ങാനുള്ള സാധ്യതഉണ്ട്.

സമതലങ്ങളിലും താഴ്ന്നപ്രദേശങ്ങളിലും (വയൽപ്രദേശത്തും) വർഷക്കാലത്ത് കെട്ടിനിൽക്കുന്ന വെള്ളം പാടശേഖരങ്ങളിലേക്ക് ഒഴുകിപ്പോവുന്നതിന് പാടശേഖരങ്ങൾക്ക് കുറുകെ ഉള്ള റോഡുകൾ തടസ്സമാവുന്നു. സ്വാഭാവികമായും ഇത്തരം റോഡുകളിൽ നീർക്കെട്ടും ഉണ്ടാവുന്നു.

**സാധ്യതകൾ**

1. തലപ്പാറയിലും ചേളാരിയിലും ട്രാഫിക് ഐലന്റുകൾ സ്ഥാപിക്കുകയും വളവിന് സൂപ്പർ എലിവേഷൻ കൊടുക്കുകയും ഈ ഭാഗത്തെ അപകടകരമായ വളവുകൾ നിവർക്കേണ്ടതുമുണ്ട്.

2. മറ്റ് വളവുകളും അപകടങ്ങൾക്ക് കാരണമാകുന്നു. പാലക്കൽ പരപ്പുലാക്കൽ വളവും ഇറക്കം കൂടിയ ഭാഗവും മുട്ടിച്ചിറ പൂവ്വത്തിങ്ങൽ വളവും ഇറക്കം കൂടിയ ഭാഗവും ചേളാരി-തയ്യിലക്കടവ് റോഡിൽ പാണക്കാട് വളവും ഒട്ടേറെ അപകടങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. ഈ പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്.

3. മറികടക്കൽ/ ഓവർടേക്കിംഗ്:-
തിരക്കേറിയ അങ്ങാടിയിലും വളവിലും വെച്ച് വാഹനങ്ങൾ മറികടക്കുന്നതും അപകടങ്ങൾക്ക് വഴിഒരുക്കാറുണ്ട്. നാഷണൽ ഹൈവേയിലൂടെ ഓടുന്ന വാഹനങ്ങളുടെ തിരക്ക് പരിഗണിച്ച് ഹൈവേയിലുടനീളം ഡിവൈഡർ സ്ഥാപിക്കേണ്ടതും ഹൈവേയുടെ വീതികൂട്ടേണ്ടതും ആവശ്യമായി മാറുന്നു. തലപ്പാറ-പാറക്കടവ് റോഡിന്റെ ഇടുങ്ങിയ അവസ്ഥമാറ്റുന്നതിന് റോഡ് വീതികൂട്ടേണ്ടതുണ്ട്.

4. ടാർചെയ്ത ഭാഗത്തെ വീതികൂട്ടുകയും റോഡിൽ നടപ്പാത നിർമ്മിക്കുകയും ടാർചെയ്ത് ഭാഗത്തോട് ചേർന്ന് നിൽക്കുന്ന ടെലിഫോൺ ഇലക്ട്രിക് പോസ്റ്റുകൾ റൺവേയിൽ നിന്നും ആറ് അടി എങ്കിലും മാറ്റിക്കുഴിച്ചിടേണ്ടതും ആണ്

5. പാറക്കടവ്-പരപ്പനങ്ങാടി റോഡിൽ കുണ്ടംകടവിൽ പാലം നിർമ്മിക്കുകയും അപ്രോച്ച് റോഡിന്റെ പണി തീർക്കുകയും ചെയ്ത് പരപ്പനങ്ങാടി-പാറക്കടവ് റോഡ് ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്.

6. പാലക്കൽ -സൂപ്പർബസാർ റോഡ് PWD ഏറ്റെടുക്കുകയും റീസറണ്ടർ മുഖേനയോ അക്വിസിഷൻ മുഖേനയൊ സ്ഥലം വാങ്ങേണ്ടതുണ്ട്

7. പാലക്കൽ മണ്ണട്ടാംപാറ റോഡ് വീതി കൂട്ടാൻ റീസറണ്ടർ മുഖേനയോ സ്ഥലം വാങ്ങേണ്ടതുണ്ട്. ഈ റോഡ് തയ്യിലക്കടവ് റോഡുമായി ബന്ധിപ്പിച്ച് ബസ് സർവ്വീസ് നടത്തേണ്ടതുണ്ട്. റീസറണ്ടർ മുഖേനയോ അക്യുസിഷൻ മുഖേനയോ പടിക്കൽ-ചെറുനൂർ റോഡ് വീതികൂട്ടി ടാർചെയ്ത് കുണ്ടോട്ടിയിൽ നിന്ന് വള്ളിക്കുന്നിലേക്ക് വള്ളിക്കുന്ന് റെയിൽവേസ്റ്റേഷൻ വഴി ബസ്റൂട്ട് അനുവദിക്കേണ്ടതുണ്ട്. കുമ്പൻതൊടി പാലത്തിന്റെ അപ്രോച്ച് റോഡ് റിപ്പേർ ചെയ്യേണ്ടതാണ്.

8. ചേളാരി-തയ്യിലക്കടവ്, പടിക്കൽ-ചെറുവള്ളൂർ, തലപ്പാറ-പാറക്കടവ് തുടങ്ങിയ റോഡുകളിൽ കാലാകാലങ്ങളിൽ ടാർ വർക്കുകൾ ചെയ്യണം.

9. കാര്യാട് കടവിൽ പാലം നിർമ്മിക്കണം. പാലം വന്നാൽ കളിയാട്ടമുക്ക്- കൊടക്കാട് ഗതാഗതം സുഗമമാകും. ഈ ഭാഗത്ത് റോഡ്പണി പൂർത്തിയായതാണ്.

10 ബസ് സർവ്വീസ് ഉണ്ടായിരുന്നിട്ടും നിലച്ചുപോയ കളിയാട്ടമുക്ക്, മണ്ണട്ടാംപാറ എന്നിവിടങ്ങളിലേക്ക് ബസ്റൂട്ടുകൾ അനുവദിക്കുക.

11 പഞ്ചായത്തിനിടയിൽ K.S.R.T.C യുടെ ഓർഡിനറി ബസ് സർവീസുകൾ ഒന്നും ഇല്ല. കോഴിക്കോട് നിന്നും കോട്ടയ്ക്കൽ, ചെമ്മാട്, തിരൂർ റൂട്ടുകളിൽ K.S.R.T.C ഓർഡിനറി ബസുകൾ അനുവദിക്കേണ്ടതുണ്ട്.

12. K.S.R.T.Cയുടെ എല്ലാ ബസുകൾക്കും പടിക്കൽ സ്റ്റോപ്പ് അനുവദിക്കുകയും ഫെയർസ്റ്റേജ് ആക്കുകയും ചെയ്യേണ്ടതുണ്ട്. പഞ്ചകർമ്മചികിത്സയിൽ കേരളത്തിലെ പ്രധാനപ്പെട്ടതും ജില്ലയിലെ ഒന്നാമത്തേതും ആയ ഗവൺമെന്റ് ആയുർവ്വേദ

ഹോസ്പിറ്റൽ പടക്കലാണ് സ്ഥിതിചെയ്യുന്നത്.

13. സ്വകാര്യ ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ്, ഓർഡിനറി ബസുകളെ സ്റ്റോപ്പുകളിൽ നിർത്തിക്കേണ്ടതുണ്ട്.

14. പ്രധാന സ്റ്റോപ്പുകളിൽ വെയിറ്റിംഗ്ഷെഡ് നിർമ്മിക്കേണ്ടതാണ്.

15. അപകടസാധ്യതയുള്ള കുമ്മൻതൊടി പാലത്തിന്റെ വീതി കൂട്ടേണ്ടതുണ്ട്.

16. സർക്കാർ പരിഗണനയിലുള്ള എടത്തുക്കുത്തി പാലം നിർമ്മാണവും ഉടനെ നടത്തേണ്ടതായിട്ടുണ്ട്.

**മെറ്റൽ റോഡുകളും മൺറോഡുകളും:-**

നിലവിലുള്ള എല്ലാ മെറ്റൽ റോഡുകളും ടാർ ചെയ്യണമെന്നും മൺറോഡുകൾ മെറ്റൽചെയ്ത് ടാർ ചെയ്യണമെന്നുമുള്ള നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിൽ ഉയർന്നത്.

നിലവിലുള്ള റോഡുകളെ അപഗ്രഥിക്കുന്നതിന് റോഡുകളുടെ സമഗ്രമായ ഒരു പട്ടിക ആവശ്യമാണ്. ഈ പട്ടികയിൽ താഴെ പറയുന്ന വിവരങ്ങൾ ചേർക്കേണ്ടതുണ്ട്.

1. വാർഡുകൾ (റോഡ് കടന്നുപോകുന്ന വാർഡുകളുടെ നമ്പർ)
2. കോഡ്നമ്പർ
3. പേര് (തുടക്കവും, ജംഗ്ഷനുകളും ഒടുക്കവും ഉണ്ടാവണം.)
4. ദൂരം
5. വീതി
6. ടാർചെയ്ത ദൂരം
7. മെറ്റൽചെയ്ത ദൂരം
8. മെറ്റൽ ചെയ്യേണ്ട ദൂരം
9. ഓവുചാൽ നിലവിലുള്ള ദൂരം
10. ഓവുചാൽ ആവശ്യമായ ദൂരം
11. പാർശ്വഭിത്തി നിലവിലുള്ള ദൂരം
12. പാർശ്വഭിത്തി ആവശ്യമായ ദൂരം
13. നിലവിലുള്ള കലുങ്കിന്റെ എണ്ണം
14. ആവശ്യമുള്ള കലുങ്കിന്റെ എണ്ണം.
15. തന്നാണ്ടിൽ ചെലവഴിച്ച പൊതുഫണ്ട്
16. സഞ്ചിതതുക

ഈ പട്ടിക ഓരോ വർഷവും പുതുക്കുകയും ഇതുപോലെ പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ പട്ടികയും തയ്യാറാക്കണം.

മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാരമായി ഓവുചാലുകളും പാർശ്വഭിത്തികളും കലുങ്കുകളും നിർമ്മിക്കുകയും ഇവയുടെ സംരക്ഷണം ഗ്രാമസഭകളേയോ, പ്രാദേശികസമിതികളെയോ ഏൽപ്പിക്കുകയോ വേണം. മരങ്ങൾ നശിപ്പിച്ച് റോഡ് നിർമ്മിക്കുമ്പോൾ റോഡിന്റെ പാർശ്വങ്ങളിൽ മരങ്ങൾ വെച്ചുപിടിപ്പിക്കണമെന്ന് പഞ്ചായത്തിന് നിർദ്ദേശിക്കാവുന്നതാണ്. അധികം റോഡുകളും ജനകീയ റോഡുകളായതിനാൽ ഇത്തരം നിഷ്കർഷ ഫലവത്താകാൻ സാധ്യതയുണ്ട്.

ജനകീയ റോഡുകളാണ് പഞ്ചായത്ത് റോഡുകളായി മാറിയിട്ടുള്ളതിലധികവും. 1940ൽ പി.പി. മൊയ്തീൻ സ്വന്തം ചെലവിൽ നിർമ്മിച്ച്, 1970 വരെ റിപ്പയർ ചെയ്ത് സൂക്ഷിച്ചതുമായ റോഡാണ് മുട്ടിച്ചിറ- കാര്യാട് . ഇതിന് 272 മീറ്റർ നീളമുണ്ട്. 1970 നു ശേഷം ഈ റോഡ് പഞ്ചായത്തിനു വിട്ടുകൊടുക്കുകയുണ്ടായി. ഇത് സൂചിപ്പിക്കുന്നത് റോഡുകളുടെ വികസനത്തിന് മനുഷ്യാദ്ധ്വാനവും ജനകീയ വിഭവസമാഹരണവും ക്രിയാത്മകമായി ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിന്റെ ഗതാഗതഭൂപടത്തിൽ ശ്രദ്ധേയമായ കുതിച്ചുകയറ്റത്തിന് ഏറെ സാധ്യതകളുണ്ടെന്നാണ്.

**പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ**

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | 1 | തയ്യിലക്കടവ്- പാലത്തിങ്കൽകാട് |
| 2 | | കിളിച്ചേരി-പാലമണ്ണ |
| 3 | | പെരുങ്കല്ലൻപാറ-ചേലക്കോട് |
| 4 | | ചോക്കോട്-ചേലക്കോട് |
| 5 | 2 | ചെറുന്നൂർ-മുണ്ടിയർമാട് |
| 6 | | മുണ്ടിയാർമാട് ഹരിജൻകോളനി |
| 7 | | ചേളാരി ഹരിജൻ കോളനി |
| 8 | 3 | മുള്ളൻമടയ്ക്കൽ-പടിക്കൽ |
| 9 | | വലിയചാലി-വൈക്കത്ത്പാടം |
| 10 | | മുടഞ്ചേരി-കിഴക്കൻതോട് |
| 11 | 4 | ഈങ്ങലത്ത് പാടം മുതൽ പമ്പ്ഹൗസ് റോഡ് വരെ |
| 12 | | കുറുക്കൻതറ കോളനിറോഡ് |
| 13 | | കുമ്പളോട്ടി കോളനി റോഡ് |
| 14 | | കരണിയിൽ കോളനി റോഡ് |

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 15 | | മുള്ളന്തൊടിപാറ-അത്തിക്കുളം റോഡ്ചെറുന്നീർ റോഡുമായി ബന്ധിപ്പിക്കുക |
| 16 | | പള്ളിയാൽമാട് മുതൽ ആറങ്ങാട്ട് പറമ്പ് വരെ |
| 17 | | മാണിക്കോത്ത് ഇടവഴി റോഡാക്കുക. |
| 18 | | മുള്ളന്തൊടിപാറ-പാന്നക്കാട് |
| 19 | 5 | പരപ്പുലാക്കൽ-കുഴിമ്പാട്ട് പാടം |
| 20 | 6 | പാലേടത്ത്റോഡ് |
| 21 | | നാച്ചിനൂർറോഡ് |
| 22 | | പിന്നിച്ചാട് റോഡ് |
| 23 | 7 | ഇരുകുളം-വലിയചാലി |
| 24 | 8 | വെളിമുക്ക്-കൂഫ റോഡ് |
| 25 | | അയ്യപ്പൻതൊടിഇടവഴി റോഡ് |
| 26 | | ശ്രീധരൻപടി-വെളിമുക്ക്ചാലി |
| 27 | 9 | പെരികല്ലൻപുറായ-കുന്നത്ത് പറമ്പ് |
| 30 | 10 | ചെനക്കൽ-പൂവത്തിങ്ങൽ റോഡ് |
| 31 | | പൂവത്തിങ്ങൽ-ചെറാപറമ്പിൽ റോഡ് |
| 32 | | പൂവത്തിങ്ങൽ-അത്തിക്കെട്ട് പറമ്പ് |
| 33 | 11 | പാറനക്കടവ്-എരണ്ടിക്കൽ |
| 34 | | പാറക്കടവ്-മമ്പുറം |
| 35 | 12 | ജി.യു.പി.സ്കൂൾ പാറക്കടവ് റോഡ് |
| 36 | | തെക്കേപ്പാടം-ഉഗിൽ റോഡ് |
| 37 | | തെക്കേപ്പാടം വയൽ റോഡ് |
| 38 | | രാമൻനായർ പുറായ ജി.യു.പി സ്കൂൾ റോഡ് |
| 39 | 13 | മുരുക്കൻതറ റോഡ് |
| 40 | | വെള്ളച്ചാൽ-മുള്ളംകുഴി പമ്പ്ഹൗസ്റോഡ് |
| 41 | | ഉള്ളിച്ചേരിമുക്ക് റോഡ് |
| 42 | | തിടവിൽമുക്ക് റോഡ് |
| 43 | | ആവന്നിപ്പാടം റോഡ് |
| 44 | | കടക്കായിമുക്ക് റോഡ് |
| 45 | 14 | എട്ടിയാട്ട്പള്ളി റോഡ് |
| 46 | | കുണ്ടങ്കുഴിത്തറ റോഡ് |
| 47 | | മുള്ളങ്കുഴിക്കനാൽ റോഡ് |
| 48 | | മുള്ളങ്കുഴിപമ്പ്ഹൗസ്റോഡ് |
| 49 | | കുണ്ടൂർപറമ്പ് -നെടുംപറമ്പ് റോഡ് |

# ഊർജ്ജം

## വൈദ്യുതി

എടരിക്കോട് 220 കെ.വി സബ്സ്റ്റേഷനിൽ നിന്നും കീഴ്ശ്ശേരിയിലെ 110 കെ.വി. സബ്സ്റ്റേഷനിൽ നല്ലളം 220 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ആണ് പഞ്ചായത്തിലേക്ക് വൈദ്യുതി എത്തുന്നത് പരപ്പനങ്ങാടി, ചേളാരി എന്നീ സെക്ഷൻ ഓഫീസിൽ നിന്നാണ് ഇവിടെ വൈദ്യുതി നൽകുന്നത്. അയ്യായിരത്തോളം ഉപഭോക്താക്കളിൽ 82 % ഗാർഹിക ഉപഭോക്താക്കളും 1.5 ശതമാനം വ്യാവസായിക ഉപഭോക്താക്കളും 35 ശതമാനം കാർഷിക ഉപഭോക്താക്കളും 12.5 ശതമാനം വ്യാപാരഉപഭോക്താക്കളുമാണെന്നാണ് K.S.E.B യുടെ കണക്കുകൾ കാണിക്കുന്നത്.

ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിൽ പരാതിയുള്ളവരാണ്. മീറ്ററുകളിൽ അധികവും കേടുവന്നതാണെന്ന് ഉപഭോക്താക്കളോടൊപ്പം അധികൃതരും സമ്മതിക്കുന്നുണ്ട്.

അധികൃതരുടെ കണക്കിൽ പഞ്ചായത്തിൽ 19 ട്രാൻസ്ഫോർമറുകൾ ഉണ്ട്. അവയും അവയുടെ കപ്പാസിറ്റിയും ചുവടെ പട്ടികയിൽപ്പെടുത്തിയിരിക്കുന്നു

| നമ്പർ | കപ്പാസിറ്റി | സ്ഥലം |
|---|---|---|
| 1 | 100 K.V.A, | ചേളാരി ഹരിജൻകോളനി |
| 2 | 160 " | ചേളാരിപറമ്പ് |
| 3 | 100 " | തയ്യിലക്കടവ് |
| 4 | 100 " | ചെറുന്നഗർ |
| 5 | 160 " | പടിക്കൽ |
| 6 | 100 " | പടിക്കൽ ആയുർവേദ ഹോസ്പിറ്റൽ |
| 7 | 100" | പാലക്കൽ |
| 8 | 100 " | സമസ്ത |
| 9 | 100 " | റിനാമർ |
| 10 | 160 " | ലൈലഫൈബർ |
| 11 | 100 " | തലപ്പാറ മിൽ |
| 12 | 100 " | മുട്ടിച്ചിറ 1 |
| 13 | 100 " | മുട്ടിച്ചിറ 2 |

| നമ്പർ | കപ്പാസിറ്റി | സ്ഥലം |
|---|---|---|
| 14 | 160 " | കളിയാട്ടമുക്ക് 1 |
| 15 | 100 " | കളിയാട്ടമുക്ക 2 |
| 16 | 100 " | എ.സി ബസാർ |
| 17 | 100 " | പാറക്കടവ് |
| 18 | 160 " | പാറക്കടവ് 1 |
| 19 | 250 " | പാറക്കടവ് 2 |

പഞ്ചായത്തിൽ ആകെ 140 സ്ട്രീറ്റ്ലൈറ്റുകൾ കത്തുന്നുണ്ടെന്നാണ് അധികൃതരിൽ നിന്നും ലഭിച്ച കണക്ക്. ഈ ബൾബുകൾ എല്ലാം 60W ഇൻകാന്റസെന്റ് ലാമ്പുകളാണ്. പക്ഷെ വിരലിലെണ്ണാവുന്നവ മാത്രമേ കത്തുന്നുള്ളൂ. തെരുവ് വിളക്കുകൾ കത്തിക്കാൻ പഞ്ചായത്ത് പ്രതിവർഷം 16945 രൂപ അടയ്ക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. പ്രേക്ഷണവിതരണരംഗത്ത് ബോഡിന്റെ അശ്രദ്ധ ലൂസ്കോൺടാക്റ്റും. ലൈനിൽ തട്ടുന്ന മരച്ചില്ലകൾ ശ്രദ്ധിക്കുന്നില്ല.
3. പഞ്ചായത്തിലെ പതിനാല് ഹരിജൻ കോളനികളിൽ ഒന്നുപോലും പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല. തീരെ വൈദ്യുതീകരിക്കാത്തവയും ഉണ്ട്.
4. 90 ശതമാനം തെരുവ് വിളക്കുകളും കത്തുന്നില്ല. കത്തുന്നതും കത്താത്തതും ഉൾപ്പെടെ ഒരു വാർഡിന് ശരാശരി 10 ബൾബുകളേ ഉള്ളൂ.
5. സമ്പന്നരുടെ വീട്ടിലെ സ്റ്റെപ്പ് ട്രാൻസ്ഫോർമർ മറ്റുള്ളവരെ ഇരുട്ടിലാക്കുന്നു. 10 KVA ട്രാൻസ്ഫോർമർ വരെ പഞ്ചായത്തിലെ ചില വീടുകളിൽ ഉപയോഗിക്കുന്നു.
6. മീറ്ററുകളിൽ പലതും കേടുവന്നതാണ്. സ്ലാബ് സമ്പ്രദായത്തിലെ അപാകതമൂലം എക്സ്ട്രാബിൽ ഉപഭോക്താക്കളെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.
7. ബോർഡ്ജീവനക്കാരുടെ അനാസ്ഥ ജനങ്ങളുടെ പ്രശ്നപരിഹാരത്തിന് വിമുഖത, അഴിമതി എന്നിവയും വിഷമമുണ്ടാക്കുന്നു.

### സാധ്യതകൾ

വൈദ്യുത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ബോർഡ്ജീവനക്കാരും ഉപഭോക്താക്കളും തമ്മിലുള്ള കൂട്ടായ്മയാണ് വേണ്ടത്. പ്രേക്ഷണവിതരണ രംഗങ്ങളിൽ വരുന്ന തകരാറുകൾ വൈദ്യുതനഷ്ടമുണ്ടാക്കുന്നു. മരച്ചില്ലകളും മറ്റും തട്ടിയുണ്ടാകുന്ന പ്രസാരണ നഷ്ടം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കണം.

മിക്ക ഗ്രാമസഭകളിലും തെരുവുവിളക്കുകൾക്കുവേണ്ടിയുള്ള ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള ബൾബുകൾ സാമൂഹ്യദ്രോഹികൾ നശിപ്പിക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കത്താതിരിക്കുന്ന ബൾബുകൾ കത്തിക്കുകയും പ്രധാന കവലകളിൽ സോഡിയംവേപ്പർ ലാമ്പുകൾ സ്ഥാപിക്കുകയും ഇവയുടെ സംരക്ഷണം പ്രാദേശികസമിതികളെ ഏൽപ്പിക്കുകയും വേണം. വൈദ്യുതവിതരണ പ്രശ്നം പരിഹരിക്കുന്നതിനും പഞ്ചായത്തിൽ തലപ്പാറ സെക്ഷൻ ഓഫീസ് വരുകയും വേണം. തലപ്പാറ സെക്ഷൻ, ചേളാരി മേജർ സെക്ഷൻ എന്നിവ ബോർഡിന്റെ പരിഗണനയിലുണ്ട്. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കുന്നതിന് ഏകദേശം 25 കി.മീറ്ററോളം ത്രീഫൈസും സിംഗിൾ ഫൈസും ലൈനുകൾ സ്ഥാപിക്കേണ്ടതുണ്ട്.

ഹരിജൻ കോളനികളിൽ വളരെകുറച്ചു വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ബാക്കി വീടുകൾ വൈദ്യുതീകരിച്ച് കണക്ഷൻ നൽകേണ്ടതുണ്ട്. ഇതിന്റെ കണക്കുകൾ പട്ടികജാതി പട്ടികവർഗ്ഗക്ഷേമറിപ്പോർട്ടിലുണ്ട്.

പഞ്ചായത്തിലെ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് പുതിയ ലൈനുകൾ കൂടി വരുമ്പോൾ ഓവർലോഡ് വരാതിരിക്കുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിൽ L.T ട്രാൻസ്ഫോർമർ സ്ഥാപിക്കണം

| പ്രൊപ്പോസൽ ഉള്ളത് | ഇനി വേണ്ടത് |
|---|---|
| 1. കുന്നത്തു പറമ്പ് | 1. തെക്കേപ്പാടം |
| 2. കളത്തിങ്ങൽപാറ | 2. പട്ടിശ്ശേരിപാടം |
| 3. ചുഴലി | 3. പടിക്കൽ പമ്പു ഹൗസിനു സമീപം |

4. കാളിക്കണ്ടം
5. കാര്യാട്
6. മുണ്ടിയൻമാട്
7. മംഗലത്ത്

4. പാറമ്മൽ
5. കുഴിമ്പാട്ട്പാടം
6. അരിക്കട്ട്പറമ്പ്

പരപ്പനങ്ങാടി, ചേളാരി എന്നിവിടങ്ങളിലെ സബ്സ്റ്റേഷന്റെ പ്രവർത്തനം ആരംഭിച്ചാൽ പഞ്ചായത്തിന്റെ വോൾട്ടേജ് പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയും.

മലബാറിലെ മൊത്തം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്, പരിസ്ഥിതിക്ക് പോറലേൽപ്പിക്കാതെ വൈദ്യുതി പദ്ധതികളുണ്ടാവണം.

## ഇന്ധനം

പഞ്ചായത്തിലെ അധിക വീടുകളിലും കത്തിക്കാനുപയോഗിക്കുന്ന ഇന്ധനം വിറകാണ്. മണ്ണെണ്ണയും ഗ്യാസും, വൈദ്യുതിയും പാചകത്തിനുപയോഗിക്കുന്നുണ്ടെങ്കിലും ഇവയുടെ ഉപയോഗം 10 ശതമാനത്തിൽ താഴെയാണ്.

വിറക് ലാഭിക്കാവുന്ന പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിൽ വിരളമാണ്. വിറകിന്റെ ദൗർലഭ്യം പഞ്ചായത്ത് നിവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. കേരളശാസ്ത്രസാഹിത്യപരിഷത്ത് വികസിപ്പിച്ചെടുത്ത പുകയില്ലാത്ത അടുപ്പ് പഞ്ചായത്തിൽ ഇരുപത്തഞ്ചോളം മാത്രമേയുള്ളൂ.

പഞ്ചായത്തിൽ ചേളാരി മുതൽ പടിക്കൽ വരെയുള്ള ഭാഗത്ത് ചെട്ടിപ്പടിയിൽ നിന്നും ആലിൻചുവട് മുതൽ പാറക്കടവ് വരെയുള്ള ഭാഗത്ത്. ആലിൻചുവട് തിരൂരങ്ങാടിയിൽ നിന്ന് പാചകഗ്യാസ് വിതരണം നടത്തുന്നുണ്ട്. എന്നാൽ പടിക്കൽ മുതൽ തലപ്പാറ വരെയുള്ള ഭാഗത്തെ ജനങ്ങൾ ഗ്യാസ്കണക്ഷനുവേണ്ടി ബുദ്ധിമുട്ടുന്നു. പഞ്ചായത്തിൽ 750ലേറെ ആളുകൾ വൈദ്യുതി ഉപഭോക്താക്കളായുണ്ട്. ഇതിനുപുറമെ മലബാർ ഗ്യാസ്പ്ലാന്റേഷന്റെ കീഴിൽ അൻപതോളം പേർക്കും വിതരണം ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ ഗ്യാസ് എത്താത്ത പ്രദേശങ്ങളിലെ പരാതി പരിഹരിക്കുന്നതിനും മറ്റ് ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരു ഗ്യാസ് ഏജൻസി തുടങ്ങേണ്ടതുണ്ട്.

ഇന്ധനക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ശാസ്ത്രസാഹിത്യപരിഷത്ത് തുടങ്ങിയ സന്നദ്ധസംഘടനകളുടെയും അനർട്ടിന്റെയും വൈദ്യുതബോർഡിന്റെയും സഹായത്തോടെ പഞ്ചായത്തിൽ ഇന്ധനക്ഷമത കൂടിയ അടുപ്പുകളും സോളാർവിളക്കുകളും സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം.

# മാർക്കറ്റ്

പഞ്ചായത്തിന്റെ മൂന്ന് ഭാഗവും വർഷക്കാലത്ത് വെള്ളത്താൽ ചുറ്റപ്പെടുകയും വേനൽക്കാലത്ത് വരണ്ട് പോവുകയും ചെയ്യുന്നു. കടലുണ്ടി പുഴയാലും കിഴക്കൻ തോടിനാലും ചുറ്റപ്പെട്ടുകിടക്കുന്നതിനാലും കാർഷികോൽപ്പന്നങ്ങൾ കൊണ്ട് സമൃദ്ധമായ ഒരു പഞ്ചായത്താണ്. ആസൂത്രിതമായി കൃഷിചെയ്താൽ സ്ഥിതി കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെട്ട കാർഷികോൽപ്പന്നങ്ങളായ നേന്ത്രവാഴ, അടക്ക, നാളികേരം, പച്ചക്കറികൾ, മരച്ചീനി എന്നിവ വിൽക്കുന്നതിനുള്ള വിപണനകേന്ദ്രമില്ല.

മലപ്പുറം ജില്ലയിൽ ചൊവ്വാഴ്ച ചന്ത എന്നറിയപ്പെടുന്ന ചേളാരി ചന്ത നടക്കുന്നത് മൂന്നിയൂരിലാണ്. കാലിചന്തയ്ക്ക് പേരുകേട്ട ഈ ചന്തയിൽ ധാരാളം കാലികളെ വില്പനനടത്തുന്നു. ഇവിടെ ഭാഗികമായി വിത്തും ഉണക്കൽ മത്സ്യവും വിൽപ്പന നടക്കുന്നുണ്ട്. ഇത് നടത്തുന്നത് സ്വകാര്യവ്യക്തിയാണ്.

നാളികേരം, നേന്ത്രക്കായ, അടക്ക, കശുവണ്ടി, കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറി എന്നിവയുടെ വിപണനത്തിന് പൊതുമാർക്കറ്റോ, ആഴ്ചചന്തയോ ഇല്ല.

ഉല്പന്നങ്ങളുടെ വില്പന നിയന്ത്രിച്ച് വിപണനം നടത്തത്തക്ക രീതിയിൽ പഞ്ചായത്തിൽ രണ്ട് സ്ഥലങ്ങളിൽ ആഴ്ചയിൽ രണ്ട് ചന്തകളെങ്കിലും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

അടക്ക, നാളികേരം, കശുവണ്ടി തുടങ്ങിയവ സംഭരിക്കുന്നതിനും വിപണന കേന്ദ്രങ്ങളിൽ കൊണ്ടുപോയി വിൽക്കുന്നതിനും ഒരു വിപണന

കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കണം. നേന്ത്രക്കുല കച്ചവടത്തിനും ഇതുപോലെ ഓരോ ദിവസവും വിപണനകേന്ദ്രത്തിൽ കൊണ്ടുപോയി വിൽക്കുന്നതിനും സഹകരണാടിസ്ഥാനത്തിൽ വിപണനകേന്ദ്രം തുടങ്ങണം. സ്വകാര്യവ്യക്തികൾ കൂടിച്ചേർന്നോ, ഗ്രാമസഭകൾ പ്രാതിനിധ്യ സ്വഭാവത്തിൽ സംഘടിപ്പിച്ചോ സഹകരണ സംഘം തുടങ്ങാവുന്നതാണ്.

പടിക്കൽ പഞ്ചായത്തിന്റെ ഒരു മത്സ്യ മാർക്കറ്റ് ഉണ്ടെങ്കിലും അത് പ്രവർത്തിക്കുന്നില്ല. അത് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിൽ ഒരു കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും തുടങ്ങേണ്ടതുണ്ട്. ഇതിലൂടെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയണം.

നമ്മുടെ നാട്ടിലെ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുണ്ടാകുന്ന വസ്തുക്കൾ വ്യവസായികളിൽ നിന്നും അവർ പറയുന്ന വിലക്ക് വാങ്ങാൻ വിധിക്കപ്പെട്ട ഒരു വിഭാഗമായി നാം മാറിക്കൊണ്ടിരിക്കുന്നു. ഇതിനൊരറുതി വരുത്താൻ ഇവിടത്തെ ഉൽപ്പന്നങ്ങൾ ഇവിടെതന്നെ സംസ്കരിക്കാനും വിപണനം ചെയ്യാനും ഉള്ള സംവിധാനങ്ങൾ ഉണ്ടാകണം. ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞാൽ ഗ്രാമസ്വരാജ് എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയും.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

മനുഷ്യൻെറ അടിസ്ഥാന സൗകര്യങ്ങളിൽ പ്രഥമ ഗണനീയമായ പാർപ്പിട പ്രശ്നത്തിൽ പഞ്ചായത്ത് ഏറെ മുന്നോട്ട് പോകാനുണ്ട്. ഓല മേഞ്ഞ ചെറു കുടിലുകൾ തൊട്ട് ലക്ഷങ്ങൾ മുടക്കിയ രമ്യഹർമ്യങ്ങൾ വരെ പഞ്ചായത്തിലുണ്ട്. ഇടത്തരക്കാരിൽ വീടിനെക്കുറിച്ചുള്ള സങ്കല്പങ്ങൾ പലപ്പോഴും വികല മാക്കപ്പെട്ടപോലെ തോന്നുന്നു. കൂറ്റൻ കോൺക്രീറ്റ് സൗധങ്ങൾ വീടെന്ന സങ്കൽപം തന്നെ തകർ ക്കുന്നു. ഗൾഫ് പണത്തിൻെറ സ്വാധീനം വീട് നിർമ്മാണരംഗത്താണ് ഏറെ പ്രകട മാവുന്നത്. ക്രിയാത്മകമായ രീതിയിൽ വിനിയോഗി ക്കപ്പെടേണ്ടതിന് പകരം വീടിൻെറ പുറംമോടി കൾക്കും മറ്റ് ആർഭാടങ്ങൾക്കും വലിയ സംഖ്യ ചിലവഴിക്കപ്പെടുന്നു.

ഓടുമേഞ്ഞ ഇടത്തരം വീടുകളാണ് പഞ്ചായ ത്തിൽ ഭൂരിപക്ഷവും. പഞ്ചായത്തിലെ 8650 വീടു കളിൽ 2070 വീടുകൾ കോൺക്രീറ്റ് മേൽക്കുര യുള്ളതും 5029 വീടുകൾ ഓട് മേൽക്കുരയുള്ളതും ബാക്കി 1011 വീടുകൾ കുടിലുകളോ ഓല മേഞ്ഞതോ ആണ്. മാർബിൾ, കടപ്പ, മൊസൈക്ക് എന്നിവ വീടുകളുടെ നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിലെ ജനസാന്ദ്രമായ പ്രദേശങ്ങളിൽ വളരെയടുത്ത് നിത്യേനയെന്നോണം പുതിയ വീടുകൾ ഉയർന്നുവരുന്നു. ഈയൊരവസ്ഥ വീട് വെക്കാവുന്ന ഭൂമിയുടെ മാർക്കറ്റ് വില കുതിച്ച് കയറുന്നതിന് കാരണമായിത്തീരുന്നു. പല പ്രദേശ ങ്ങളിലും വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥ കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന രീതിയിലേക്ക് വളർത്തിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാന റോഡുകൾക്ക് സമീപ മായി ലക്ഷങ്ങൾ മുടക്കി വീട് പണിയാനുള്ള പ്രവണത കുടിവരികയാണ്.

സർക്കാരിൻെറ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്ന ഇന്ദിരാ ആവാസ് യോജന (IAY) ജവഹർ റോസ്ഗീർ യോജന (JRY) MWS എന്നീ പദ്ധതികളിൽപ്പെടുത്തി 1990 96 കാലഘട്ട ത്തിൽ 58 വീടുകൾ നിർധനരായ ഭവനരഹിതർക്ക് നിർമ്മിച്ച് കൊടുത്തിട്ടുണ്ട്.

കേരള ഭവന നിർമ്മാണ ബോർഡിൻെറ രാജീവ് ദശലക്ഷം ഭവന പദ്ധതിപ്രകാരം പഞ്ചായത്തിലെ പതിനഞ്ചോളം നിർധന കുടുംബ ങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള സബ്സിഡി യോടുകൂടിയ വായ്പ അനുവദിക്കപ്പെട്ടിട്ടുണ്ട്.

ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന തിരൂർ കാർഷിക വികസനബാങ്കിൻെറ ചെമ്മാട് ശാഖ മുഖേന പഞ്ചായത്തിൽ പത്തോളം ആളു കൾക്ക് വീട് നർമ്മാണത്തിന് ദീർഘകാല വായ്പ കൾ അനുവദിക്കപ്പെട്ടിട്ടുണ്ട്.

അടിസ്ഥാന സൗകര്യം എന്ന നിലക്ക് ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ വീട് നിർമ്മാണ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ മേൽപറഞ്ഞ പദ്ധതികളുടെയൊക്കെ സഹായം നാമമാത്രമാണ്. പഞ്ചായത്തിൽ നൂറ് കണക്കിന് കുടുംബങ്ങൾ സർക്കാരിൻെറയും മറ്റ് ധനകാര്യ ഏജൻസികളുടെയും സഹായം പ്രതീക്ഷിച്ച് അപേ ക്ഷകൾ നൽകി കാത്തിരിക്കുന്നവരായുണ്ട്. വായ്പ ലഭിക്കുന്ന കാര്യത്തിലുള്ള സങ്കീർണ്ണമായ നടപടി ക്രമങ്ങളും ദുഃസ്സഹമായ ജാമ്യ വ്യവസ്ഥയും അമിത പലിശയും സാധാരണക്കാരന് വായ്പ യഥാസമയം കിട്ടുന്നതിന് തടസ്സമുണ്ടാക്കുന്ന സ്ഥിതിയാണ്.

ദുർബല വിഭാഗങ്ങൾക്കുള്ള ഭവനവായ്പാ വ്യവസ്ഥകളും മറ്റ് ഭവന നിർമ്മാണ പദ്ധതികളും വിജയകരമായി നടപ്പിലാവേണ്ടതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഭവനനിർമ്മാണ ബോർഡ് വഴിയുള്ള സഹാ യങ്ങളും വായ്പകളും ഇക്കാര്യത്തിലെ അത്യാവശ്യ

ക്കാരിൽ 5 ശതമാനത്തിന് പോലും കിട്ടിവരുന്നില്ല എന്നതാണ് സത്യം. ലഭിക്കുന്ന സഹായധനമോ വായ്പയോ ആകട്ടെ ഭവന നിർമ്മാണ സാമഗ്രി കളുടെ അമിതമായ വിലക്കയറ്റവും ക്രമാതീതമായ കൂലി നിരക്കും അനുഭവപ്പെടുന്ന ഇക്കാലത്ത് വീടിന്റെ പണി പൂർത്തിയാക്കാൻ പറ്റാത്ത തരത്തിലാണ്. ഭവന നിർമ്മാണ ബോർഡ് വഴി യുള്ള ധനസഹായവും വായ്പകളും അനുവദിക്കു ന്നവരുടെ എണ്ണം കൂട്ടുകയും വായ്പ ധനസഹായം സംഖ്യ ഉയർത്തുകയും വേണം.

ചിലവ് കുറഞ്ഞ വീട് നിർമ്മാണത്തിന്റെ കാര്യത്തൽ പഞ്ചായത്തിൽ ബോധവൽക്കരണം അത്യാവശ്യമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന നിർമ്മിതി കേന്ദ്രം പോലുള്ള സർക്കാർ ഏജൻസികളെയും ലാറിബേക്കർ പോലുള്ള സന്നദ്ധ ഏജൻസികളെയും പഞ്ചായത്തിലേക്ക് വിളിച്ചു വരുത്തി കഴിയുമെങ്കിൽ വാർഡിൽ രണ്ട് വീടുകളെ ങ്കിലും പണിയുന്നതിന് സമയബന്ധിത പരിപാടി ഏറ്റെടുക്കുകയും വേണം. നിർമ്മാണ തോഴിലാളി കൾക്ക് ചെലവ് കുറഞ്ഞ നിർമ്മാണ പ്രവർത്തന ങ്ങളിൽ ആവശ്യമായ പരിശീലനം നൽകണം. വാർഡ് തലത്തൽ ഗുണഭോക്താക്കളെയും സന്നദ്ധ സംഘടനകളെയും എകോപിപ്പിച്ച് ഗുണഭോക്താക്ക ളുടെ വിഹിതത്തിന് പുറമെ സന്നദ്ധ സംഘടന കളുടെ ധനസഹായവും മനുഷ്യ അധ്വാനവും സ്വരൂപിച്ച് അക്കാര്യത്തിൽ പരിഹാരം കാണാവു ന്നതാണ്.

## കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ.

(1995-96)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | മേൽപുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | |
|---|---|---|---|---|---|---|
| | | | | ഓട് | ഓല | മറ്റുള്ളവ |
| 1 | 768 | 44 | 115 | 407 | 227 | 19 |
| 2 | 583 | 53 | 244 | 500 | 99 | 12 |
| 3 | 815 | 50 | 205 | 484 | 103 | 23 |
| 4 | 795 | 71 | 234 | 453 | 106 | 16 |
| 5 | 590 | 33 | 120 | 359 | 60 | 51 |
| 6 | 727 | 53 | 216 | 468 | 83 | 20 |
| 7 | 949 | 89 | 232 | 562 | 127 | 28 |
| 8 | 664 | 76 | 134 | 405 | 103 | 22 |
| 9 | 650 | 67 | 155 | 389 | 80 | 26 |
| 10 | 689 | 86 | 138 | 371 | 88 | 06 |
| 11 | 625 | 40 | 183 | 370 | 99 | 23 |
| 12 | 555 | 27 | 94 | 271 | 169 | 21 |
| ആകെ | 8650 | 689 | 2070 | 5029 | 1344 | 267 |

| വർഷം | I. A. Y. | J. R. Y. | M. W. Y. S. | ആകെ എണ്ണങ്ങൾ |
|---|---|---|---|---|
| 90-91 | 1 | - | 7 | 8 |
| 91-92 | 2 | 1 | 1 | 4 |
| 92-93 | 2 | 2 | - | 4 |
| 93-94 | 2 | 6 | - | 8 |
| 94-95 | 5 | - | 4 | 9 |
| 95-96 | 3 | 12 | 6 | 21 |
| Additional | - | 4 | - | 4 |
| | | | Total | 58 |

പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത തലത്തിൽ എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ ഉൾക്കൊള്ളിച്ച് ഭവന നിർമ്മാണ സബകരണസംഘം രൂപീകരിക്കുക.

2. നിർമ്മാണ ചെലവ് 2 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുക.

3. അപേക്ഷകൾ ഗ്രാമ പഞ്ചായത്ത് വഴി വിതരണം ചെയ്യുക.

4. രജിസ്റ്ററാപ്പീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

5. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

6. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

7. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

8. ഇത്തരം വായ്പാ പദ്ധതികളുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കുക.

9. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി 26,400 രൂപയിൽ നിന്ന് 50,000 രൂപയായി ഉയർത്തുക. സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുക.

10. ഈടാക്കാവുന്ന പലിശനിരക്ക് കുറക്കുക.

11. സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ജാമ്യ വ്യവസ്ഥയിൽ വായ്പ നൽകുക.

12. വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

13. വായ്പക്കപേക്ഷിക്കുന്ന എല്ലാവർക്കും വായ്പ ലഭ്യമാക്കുക.

14. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും വിവിധ സർക്കാർ എജൻസികൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ ധനസഹായ തുക വർദ്ധിപ്പിക്കുക.

15. വീടുകൾ റിപ്പയർ ചെയ്യുന്നതിനും മറ്റുമുള്ള വായ്പാതുകയും ധനസഹായവും വർദ്ധിപ്പിക്കുക.

16. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000 രുപയിൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിക്കുക.

17. I. A.Y., M. W. S., J. R. Y., R. L. E. G. P. എന്നിവ 15,800 രൂപയിൽ നിന്ന് 30,000 രൂപയായി ഉയർത്തുക. ■

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് നമ്മുടെ സർകാറുകൾ കാലാകാലങ്ങളിൾ ചിലവഴച്ച് വരുന്ന ഭീമമായ സംഖ്യ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ മുകളിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങളിൽ ഏറെയൊന്നും സഹായിച്ചിട്ടില്ല എന്നതാണ് വസ്തുത. നമ്മുടെ പഞ്ചായത്തിൽ സർക്കാരിൻെറ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ നടന്നു വരുന്നുണ്ടെങ്കിലും ICDS പദ്ധതിയിൻ കീഴിലുള്ള അംഗനവാടികളുടെ പ്രവർത്തനമൊഴിച്ചാൽ മറ്റു പദ്ധതികളുടെ ഗുണനിലവാരം വളരെ കുറവായാണ് ക്നുഭവപ്പെട്ട് പരുന്നത്. പദ്ധതികളുടെ അപര്യാപ്തതക്ക് കാരണങ്ങൾ പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉപയോഗപ്പെടുത്തുന്നതിലുള്ള സാങ്കേതിക നൂലാമാലകൾ എന്നിവയാണ് സാമൂഹ്യക്ഷേമരംഗത്ത് തിരൂരങ്ങാടി ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസിനു കീഴിലുള്ള വെളിമുക്ക്, മുന്നിയൂർ ഹർക്കിളുകൾ വഴിയാണ് പഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധിബോർഡുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധക്ഷേമപദ്ധതികളുടെ ഗുണഫലം പഞ്ചായത്തിന് തീരെ അപര്യാപ്തമാണ്. പ്രധാന തൊഴിലാളി വിഭാഗമായ കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, മോട്ടോർ തൊഴിലാളികൾ എന്നിവരിൽ ഭൂരിപക്ഷവും ഇപ്പോഴും അതാത് രംഗങ്ങളിലെ ക്ഷേമനിധിയെക്കുറിച്ചുള്ള അറിവില്ലായ്മയും ഇവരെ അംഗങ്ങളാക്കുന്നതതിൽ ഈ രംഗത്ത് നിന്നുള്ള ചിട്ടയോടുകൂടിയ പ്രവർത്തനമില്ലായ്മയും ഇതിന് കാരണമാണ്. ബാർബേർസ് ക്ഷേമനിധി, കയർ തൊഴിലാളി ക്ഷേമനിധി, ടൈലേഴ്സ് ക്ഷേമനിധി, എന്നിവയിൽ നിന്നും പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ആസ്ഥാനം പാലക്കാട്ട് ആയതിനാൽ അർഹതപ്പെട്ടവർക്ക് ഓഫീസുമായി ബന്ധപ്പെടുന്നതിന് ഏറെ പ്രയാസം അനുഭവിക്കുന്നുണ്ട്. ഈ രംഗത്തും ലഭിക്കുന്ന ആനുകൂല്യത്തിൻെറ അനുപാതം തുലോം കുറവാണ്.

വനിതാ വികസ്ന കോർപരേശൻെറ വിവിധ പദ്ധതികളെക്കുറിച്ച് പഞ്ചായത്തിൽ കേട്ടറിവ് പോലുമല്ലാത്ത അവസ്ഥയാണ്. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളുടെ മേൽനോട്ടത്തിൽ ഇക്കാര്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്.

പിന്നോക്ക വിഭാഗത്തിലെ ജനങ്ങൾക്കായുള്ള ധനസഹായ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്ന പിന്നോക്ക വികസനകോർപറേഷൻെറ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. ഈ പദ്ധതിയിൽ സഹായം ലഭിച്ചവരുടെ എണ്ണവും പഞ്ചായത്തിൽ നാമമാത്രമാണ്.

1992ലെ IRDP സർവ്വേയിലും 95ലെ അഡീഷണൽ സർവ്വേയും പഞ്ചായത്തിലെ 1720 കുടുംബങ്ങളും ദരിദ്രരേഖക്ക് താഴെയാണെന്ന് കാണിക്കുന്നു.

92 96 കൂടിയ വർഷങ്ങളിൽ വെളിനുക്ക് VEO സർക്കിൾ 6,00,077 രൂപയും മുന്നിയൂർ VEO സർക്കിളിൽ 7,92,326 രൂപയും ആകെ 208 കുടുംബങ്ങൾക്ക് സബ്സിഡിയും വായ്പയായി വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിലെ ദരിദ്രകുടുംബങ്ങളെ സാമ്പത്തികമായി ഉയർത്തുന്നതിൽ മേൽപ്പറഞ്ഞ സഹായത്തിൻെറ തോത് വളരെ പരിമിതമാണ്.

## നിർദ്ദേശങ്ങൾ

ഈ പദ്ധതിയുടെ ചട്ടകൂട് തന്നെ അഴിച്ചുപണിയേണ്ടതുണ്ട്. ദീരിദ്രരേഖയുടെ പരിധി 25,000

# I R D P

### മുന്നിയൂർ VEO സർക്കിൾ

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92 93 | 34 | 94,443 | 1,91,993 |
| 93 94 | 32 | 99,559 | 1,68 390 |
| 94 95 | 27 | 1,12,162 | 2,41,973 |
| 95 96 | 16 | 67,600 | 1,89,970 |
| Total | 109 | 3,73,764 | 7,92,326 |

### വെള്ളിമുക്ക് VEO സർക്കിൾ

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 25 | 44,500 | 78,640 |
| 93-94 | 32 | 70,3947 | 1,30,610 |
| 94-95 | 29 | 1,38,000 | 2,49,866 |
| 59-96 | 13 | 60,617 | 1,40,959 |
| Total | 99 | 3,313,514 | 6,00.077 |

രുപയെങ്കിലും ആക്കി ഉയർത്തണം. പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പാദ്യത്തിൻെറ ഭീമഭാഗം സ്വരൂപിക്കുന്ന ദേശസാൽകൃത ബാങ്കുകൾ IRDP വായ്പ നൽകുന്നതിൽ കാണിച്ചുവരുന്ന ഉദാസീനത അവസാനിപ്പിക്കണം. ഇക്കാര്യത്തിൽ ബാങ്കുകളെക്കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടികൾ വേണം.

സഹകരണമേഖലക്ക് കൂടുതൽ ഫണ്ടനുവദിച്ചുകൊണ്ട് ഈ മേഖലയിലെ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാന സഹകരണബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം.

## DWCRA സഹായ ലഭ്യത

സ്തീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന്വേണ്ടി പത്തോ അതിലധികമോ സ്ത്രീകളൊന്നിച്ച് കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA

| വർഷം | സ്ത്രീ | അംഗങ്ങളുടെ എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|---|
| 92 93 | വനിതാ ഡയറി | 13 | 39,000 | 87,100 |
| 93 94 | വനിതാ ഡയറി | 10 | 40,000 | 93,000 |

പല യൂണിറ്റുകളും സജീവമായി പ്രവർത്തിക്കുന്നില്ല. യൂണിറ്റുകളെ നല്ലനിലയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് അതത് പ്രദേശങ്ങളിലെ സന്നദ്ധ സംഘടനാ പ്രവർത്തകരടങ്ങുന്നൊരു കമ്മറ്റി രൂപീകരിച്ച് മേൽനോട്ടം നടത്താവുന്നതാണ്. യൂണിറ്റുകൾ വഴി ഉൽപാദിക്കപ്പെടാവുന്ന ഉൽപന്നങ്ങൾക്ക് സർക്കാർ മുഖേന വിറ്റഴിക്കാനുള്ള സംവിധാനമുണ്ടാകണം.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഈ പദ്ധതി പ്രകാരം 10 ഓ അതിലധികമോ സ്ത്രീകളെ സംഘടിപ്പിച്ച് വിവിധ യൂണിറ്റുകൾ തുടങ്ങാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. ഒരു വാർഡിൽ ഒരു യൂണിറ്റെങ്കിലും തുടങ്ങാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

## ട്രൈസം

18 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിഷീലനം നൽകുന്ന പരിപാടിയാണ് ട്രൈസം

വിവിധ വിഷയങ്ങളിലായി 14 പേർക്ക് 92 96 കൂടിയ കാലത്ത് പരിശീലനം ലഭിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. ഈ പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ നമ്മൾ ഏറെ പിന്നിലാണ്. പദ്ധതികളെക്കുറിച്ച് ഗ്രാമീണ തലത്തിൽ ബോധവൽക്കരണം വ്ണം. ഇക്കാര്യത്തിൽ ഗ്രാമീണ ക്ലബ്ബുകളെ ഉപയോഗപ്പെടുത്താവുന്നതാണ്. അനുയോജ്യമായ തൊഴിൽ മേഖലകളിൽ യുവാക്കൾക്ക് പരിശീലനം നൽകാൻ

### ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിലേർപ്പെട്ടവർ |
|---|---|---|---|
| ബുക്ക് ബൈൻറിംങ് | 3 | 3 | – |
| റേഡിയോ മെക്കാനിക്ക് | 1 | 1 | – |
| കംപോസിങ് | 2 | 2 | – |
| പ്രിൻറിങ് കംപോസിങ് | 2 | 2 | – |
| മോട്ടോർ പെയിൻറിങ് | 1 | 1 | – |
| വാച്ച് വർക്സ് | 2 | 1 | 1 |
| പ്ളാസ്റ്റിക് വർക്സ് | 1 | 1 | – |
| വുഡൻ കാർവിങ് | 2 | 2 | – |

വഴിയൊരുക്കുകയും പരിശീലനം ലഭിച്ചവർക്ക് വിവിധ ഏജൻസികൾ വഴി വായ്പ ലഭ്യമാക്കുകയും വേണം. 4 വർഷക്കാലയളവിൽ വെരും 14 പേർക്ക് മാത്രമാണ് പഞ്ചായത്തിൽ ഈ പദ്ധതിയിൽ കീഴിൽ പരിശീലനം ലഭിച്ചുള്ളൂ എന്ന കാര്യം ഈ പദ്ധതി കൂടുതൽ കുടുതൽ വ്യാപകമാക്കേണ്ടതിൻെറ ആവശ്യം ഉയർത്തിക്കാട്ടുന്നു.

ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലബ്യമാകുന്ന പദ്ധതിയാണ് ടൂൾ കിറ്റ്

ടൂൾ കിറ്റ് കിട്ടിയവരുടെ വിവരം

വെള്ളിമുക്ക് VEO സർക്കിൾ

| വർഷം | എണ്ണം | കൊടുത്തത് |
|---|---|---|
| 92 93 | 2 | 2 |
| 93 94 | – | – |
| 94 95 | – | – |
| 95 96 | 5 | 5 |
| ആകെ | 7 | 7 |

മുന്നിയൂർ VEO സർക്കിൾ

| വർഷം | എണ്ണം | കൊടുത്തത് |
|---|---|---|
| 92 93 | 3 | 3 |
| 93 94 | 7 | 2 |
| 94 95 | 6 | 1 |
| 95 96 | 4 | |
| ആകെ | 20 | 6 |

92 96 കാലയളവിൽ 27 പേർക്ക് ഈ പദ്ധതി പ്രകാരം കിറ്റുകൾ ലഭിക്കേണ്ടതായിരുന്നെങ്കിലും13 പേർക്കം മാത്രമാണ് കിറ്റുകൾ ലഭിച്ചിട്ടുള്ളത്. ലഭിക്കുന്ന കിറ്റുകളുടെ തന്ന ഗുണനിലവാരം മോശമാണെന്ന് പരക്കെ പരാതിയുണ്ട്. കിറ്റുകൾ യഥാസമയം വിതരണം ചെയ്യപ്പെടേണ്ടതാണ്. ഗ്രാമീണ കൈത്തൊഴിൽ മേഖലയിലെ മിക്ക തൊഴിലാളികളും ഈ പദ്ധതിയെ കുറിച്ച് അറിവില്ലാത്തവരാണ്.

CRSP

ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് കക്കൂസുകൾ നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP

CRSP കക്കൂസുകൾ ലഭിച്ചവരുടെ എണ്ണം

മുന്നിയൂർ VEO സർക്കിൾ

| വർഷം | എണ്ണം | തുക |
|---|---|---|
| 92 93 | 10 | 20,000 |
| 93 94 | 12 | 24,000 |
| 94 95 | 11 | 22,000 |
| 95 96 | – | – |
| ആകെ | 39 | 78,000 |

വെള്ളിമുക്ക് VEO സർക്കിൾ

| വർഷം | എണ്ണം | കൊടുത്തത് |
|---|---|---|
| 92 93 | 10 | 20,000 |
| 93 94 | 12 | 24,000 |
| 94 95 | 10 | 20,000 |
| 95 96 | 6 | 12,000 |
| ആകെ | 38 | 76,000 |

92 93 മുതൽ 95 96 വരെ നമ്മുടെ പഞ്ചായത്തിൽ 77 കക്കൂസുകളാണ് ലഭിച്ചതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. IRDP ലിസ്റ്റിൽ

ഉൾപ്പെട്ട 1720 പേരിൽ 584 പേർക്ക് മാത്രമേ കക്കൂസുകൾ ഉള്ളൂവെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും ധനസഹായം 2,000 രൂപയിൽ നിന്ന് 5,000 രൂപയെങ്കിലുമായി വർദ്ധിപ്പിക്കുകയും വേണം.

**വില്ലേജ് ആപ്പീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ**

സാമൂഹ്യ ക്ഷേമരംഗത്ത് റവന്യൂ വകുപ്പ് പ്രധാനമായും പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹരായ കുറെ പേർ ആനുകൂല്യം കൈപ്പറ്റുന്നതായും ഈ ക്ഷേമപധ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായികിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നം തന്നെയായി അവശേഷിക്കുന്നു. തിരൂരങ്ങാടി താലൂക്ക് രൂപീകരിക്കുന്നതിന് മുമ്പെ അപേക്ഷ കൊടുത്തതും പാസായിട്ടുള്ളതുമായ ധനസഹായങ്ങൾ ഇന്നേവരെ വിതരണം ചെയ്തിട്ടില്ല എന്നത് 13 ഗ്രാമസഭയിലും ഉയർന്ന ആവലാതിയും പരാതിയുമാണെന്ന് ഈ റിപ്പോർട്ടിൽ എടുത്തുപറയേണ്ടിയിരിക്കുന്നു. പുതിയ താലൂക്കിന് ഫണ്ട് അനുവദിക്കാത്തതാണ് കാരണമായി ഉദ്യോഗസ്ഥർ പറയുന്നത്. ഇത് അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്. ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതും എത്രയും പെട്ടെന്ന് ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്. പെൻഷനുകളെ സംഭന്ധിച്ച്

**വിധവാ പെൻഷൻ**

പ്രായപൂർത്തിയായ ആൺകുട്ടികളുള്ളവർക്ക് ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. അർബരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാനപഞ്ചായത്തിന് നൽകണം.

**വികലാംഗ പെൻഷൻ**

വൈകല്യം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടിക്കുകയാണ്. ജില്ലാ ആശുപത്രിയായ മഞ്ചേരിയിൽ എത്തിപ്പെടാനുള്ള വിഷമവും സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും പ്രയാസം ഉണ്ടാക്കന്നു. വൈകല്യം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്കാശുപത്രിയിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് നൽകണം.

**പെൻഷൻ സംബന്ധിച്ച വിവരങ്ങൾ**

| വർഷം | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശകലാകാര പെൻഷൻ | അവശകായികതാര പെൻഷൻ | ക്ഷയരോഗ പെൻഷൻ | കുഷ്ഠരോഗി പെൻഷൻ |
|---|---|---|---|---|---|---|---|---|
| 1990–91 | 16 | 39 | 14 | | | | 4 | 1 |
| 91–92 | 4 | 09 | 07 | | | | 11 | 3 |
| 92–93 | 4 | 13 | 5 | | | | 1 | 1 |
| 93–94 | 1 | 5 | 21 | 28 | | | 3 | 1 |
| 94–95 | 1 | 17 | 10 | 37 | | | 5 | |
| ആകെ | 26 | 83 | 57 | 65 | | | 24 | 6 |

### കർഷക തൊഴിലാളി പെൻഷൻ

അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. അർഹരായവരെ തിരഞ്ഞെടുത്ത ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

### ഐ.സി.ഡി.എസ് ( അംഗൻവാടികൾ)

1975 ഒക്ടോബർ 2ന് സംയോജിത ശിശുവികസന സേവന പദ്ധതി നമ്മുടെ രാജ്യത്ത് പ്രവർത്തനമാരംഭിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ 33 പ്രൊജക്ടുകൾ രാജ്യമൊട്ടാകെ ആരംഭിക്കുകയും ചെയ്തു. കേരളത്തിൽ മലപ്പുറം ജില്ലയിലെ വേങ്ങരയിലാണ് പദ്ധതി ആരംഭിച്ചത്. പദ്ധതി വിജയകരമായതിനാൽ പല ബ്ലോക്കുകളിലും ആരംഭിക്കുകയുണ്ടായി.

ഇതോടനുബന്ധിച്ച് തീരൂരങ്ങാടി ബ്ലോക്കിലും ഈ ക്ഷേമ പദ്ധതി 1985-86 ൽ നടപ്പിലാക്കി. 5 വയസ്സിനു താഴെ പ്രയമുള്ള കുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹ്യവുമായ വികാസം നേടുക. അതുവഴി ശിശുമരണ നിരക്ക് കുറക്കുകയുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനനുസൃതമായാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാരും, 5 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ എന്നിവർ ഈ കാരണത്താൽ ഗുണഭോക്താക്കളാണ്.

ശിശുക്കളുടെ മാനസിക വളർച്ചയുടെ 90% 5 നു്യസ്സിനു താഴെയായതിനാൽ ഗർഭസ്ഥ ശിശു മുതൽ തന്നെ അവർക്ക് പരിചരണം ആവശ്യമാണ്. ഗർഭിണികൾക്ക് അയേൺ അടങ്ങിയ ഗുളികകളും പോഷകാഹാരവും അംഗൻവാടികളിൽ നിന്നും വിതരണം ചെയ്യുകയും ചെയ്യുന്നു.

അമ്മമാർക്കു ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യ പരിശോധനയും ആവശ്യമായ കുത്തിവെയ്പും ഗർഭിണികൾക്കും പ്രസവിച്ച 6മാസം വരെയുള്ള അമ്മമാർക്കും ഇരട്ടി റേഷൻ പോഷകാഹാര വിതരണവും, 6മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് പോഷകാഹാര വിതരണം ചെയ്യുകയും ചെയ്യുന്നതോടൊപ്പം തന്നെ ശാസ്ത്രീയാടിസ്ഥാനത്തിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസം നൽകുന്നുണ്ട്. ഇക്കാര്യത്തിൽ പരിശീലനം കിട്ടിയ അംഗനവാടി വർക്കറുടെയും, ഹെൽപ്പറുടെയും സേവനം മിക്ക അംഗനവാടികളിലും ലഭ്യമാണ്. കുട്ടികളുടെ തൂക്കം നോക്കുകയും അതനുസരിച്ച് ഗ്രേഡ് തിരിച്ചുള്ള ചാർട്ട് മിക്ക അംഗനവാടികളിലും ലഭ്യമാണ്. തൂക്കം കുറഞ്ഞ കുട്ടികൾക്ക് ആവശ്യമായ പോഷകാഹാര വിതരണവും വൈദ്യ പരിശോധയും അമ്മാമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും അംഗനവാടി വഴി ലഭ്യമാണ്. ഉച്ചക്ക് അരി,പയർ ഉപയോഗിച്ചും വൈകുന്നേരം സി.എസ്,ബി. ഉപയോഗിച്ചും ഫീഡിങ് നടത്തുകയുംചെയ്യുന്നു. അംഗനവാടികളിൽ മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും കുടുംബ സദസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

വർക്കറും ഹെൽപ്പറും ഗൃഹ സന്ദർശനം നടത്തി അംഗനവാടികളിൽ കൂടി നടത്തിവരുന്ന സേവനം അമ്മമാർക്ക് ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു.

അംഗനവാടികളിൽ മഹിളാ സമാജങ്ങൾ വഴി സ്വയംതൊഴിൽ കണ്ടെത്താനുള്ള സംരഭം തുടങ്ങുകയും ചെയ്യുന്നു.

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ 29 അംഗമവാടികൾ നിലവിലുണ്ട്. സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത അംഗനവാടികളിൽ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടത്തുവാൻ വളരെ പ്രയാസങ്ങൾ നേരിടുന്നു. 29 അംഗനവാടികളിൽ 16 അംഗനവാടികൾക്കുമാത്രമേ സ്ഥിരിമായി സ്ഥലവും കെട്ടിടവുമുള്ളൂ. ബാക്കി വരുന്ന 13 എണ്ണത്തിൻെറയും സ്ഥിതി പരിതാപകരമാണ്. അവയിൽ പലതും ചലിച്ചുകൊണ്ടിരിക്കുന്നതുമാണ്. കാരണം താൽകാലികമായി അംഗനവാടി പ്രവർത്തിക്കുവാൻ അനുവദിക്കുന്നവർ ഓരോവർഷം മാത്രമേ കെട്ടുവാൻ അനുവാദം നല്കുന്നുള്ളൂ. അതിനാൽ അത് മറ്റൊരിടത്തേക്ക് മാറ്റേണ്ടി വരുന്നു. അതുപോലെ മിക്ക അംഗനവാടികളിലും കുടിവെള്ള ക്ഷാമം നേരിടുന്നു. സ്വന്തമായി കെട്ടിടമുള്ള 9 അംഗനവാടികളിൽ മാത്രമേ കക്കൂസ് സൗകര്യം ഉള്ളൂ. സ്ഥിരമായി കളിസ്ഥലവും കെട്ടിടവുമില്ലാത്ത അംഗനവാടികൾക്ക് സ്ഥിരമായി സ്ഥലവും കെട്ടിടവും നിർമ്മിക്കാനുള്ള പദ്ധതി ഏർപ്പെടുത്തുക. നിലവിലുള്ള 29. അംഗനവാടികൾക്കു പുറമേ രണ്ട് അംഗനവാടികൾ കൂടി തുടങ്ങുന്നതിനുള്ള അനു വാദം ലഭിച്ചിട്ടുണ്ട്. പുതുതായി ലഭിച്ചിട്ടുള്ള ആംഗനവാടികൾ കൂടി എത്രയും പെട്ടെന്ന് ആരംഭിക്കുക. അംഗനവാടി പ്രവർത്തകരുടെ തുച്ഛമായ അലവൻസ് വർദ്ധിപ്പിക്കുക.

| ക്രമ നമ്പർ | വാർഡ് | അംഗനവാടി എണ്ണം | അംഗനവാടി നമ്പർ | ആകെ കുട്ടികൾ | | 3 വയസ്സിനും 6 വയസ്സിനും ഇടയിൽ | | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്വന്തം സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആൺ | പെൺ | | | | | | | |
| 1 | 1 | 2 | 91 | 92 | 92 | 47 | 44 | ഉണ്ട് | - | ഉണ്ട് | - | - | - | - |
| 2 | 1 | 1 | 104 | 46 | 69 | 21 | 29 | ✓ | - | ✓ | - | ✓ | - | - |
| 3 | | | 108 | 97 | 102 | 45 | 35 | ✓ | - | ✓ | - | ✓ | - | - |
| 4 | | | 102 | 61 | 75 | 23 | 38 | ✓ | - | - | - | - | | |
| 5 | | | 94 | 100 | 100 | 28 | 28 | ✓ | - | ✓ | | | ✓ | |
| 6 | | | 112 | 52 | 48 | 18 | 16 | - | ✓ | - | ✓ | | ✓ | |
| 7 | | | 95 | 85 | 86 | 28 | 28 | ✓ | | ✓ | - | - | ✓ | - |
| 8 | | | 97 | 68 | 61 | 39 | 34 | ✓ | - | ✓ | - | - | ✓ | |
| 9 | | | 114 | 67 | 75 | 28 | 31 | ✓ | - | ✓ | - | | | |
| 10 | | | 103 | 74 | 61 | 34 | 29 | ✓ | ✓ | - | ✓ | - | ✓ | |
| 11 | | | 99 | 77 | 69 | 28 | 28 | ✓ | - | ✓ | - | | | |
| 12 | | | 107 | 69 | 56 | 27 | 24 | ✓ | - | ✓ | - | | | |
| 13 | | | 105 | 86 | 89 | 36 | 36 | ✓ | - | ✓ | - | | | |
| 14 | | | 98 | 125 | 148 | 67 | 70 | ✓ | - | ✓ | - | | | |
| 15 | | | 93 | 56 | 67 | 33 | 36 | - | ✓ | - | ✓ | - | ✓ | |
| 16 | | | 96 | 44 | 40 | 20 | 22 | - | ✓ | - | ✓ | - | ✓ | |
| 17 | | | 106 | 90 | 74 | 50 | 31 | ✓ | - | ✓ | | - | ✓ | |
| 18 | | | 92 | 60 | 58 | 22 | 28 | - | ✓ | - | ✓ | - | ✓ | |
| 19 | | | 117 | 99 | 93 | 42 | 39 | ✓ | - | ✓ | - | - | ✓ | |
| 20 | | | 113 | 204 | 210 | 95 | 87 | - | ✓ | - | ✓ | - | - | |
| 21 | | | 115 | 121 | 124 | 51 | 52 | - | ✓ | - | ✓ | - | ✓ | |
| 22 | | | 111 | 88 | 91 | 56 | 49 | - | ✓ | - | ✓ | - | ✓ | |
| 23 | | | 100 | 95 | 92 | 55 | 53 | - | ✓ | - | ✓ | - | ✓ | |
| 24 | | | 101 | 80 | 85 | 41 | 47 | - | ✓ | - | - | - | ✓ | |
| 25 | | | 119 | 152 | 142 | 72 | 68 | ✓ | - | ✓ | - | - | - | |
| 26 | | | 116 | 90 | 81 | 44 | 52 | ✓ | | ✓ | - | - | ✓ | |
| 27 | | | 118 | 119 | 109 | 48 | 52 | - | ✓ | - | ✓ | - | ✓ | |
| 28 | | | 109 | 96 | 124 | 48 | 65 | - | ✓ | - | ✓ | - | ✓ | |
| 29 | | | 110 | 142 | 124 | 68 | 61 | - | ✓ | - | ✓ | - | ✓ | |

# സംസ്കാരം

പുറംമോടിയും ധാടിയും മാത്രമല്ലല്ലോ സംസ്കാരം
സഹജന്റെ നോവിനോടാന്ധ്യം നടിക്കുന്ന
പാണ്ഡിത്യവുമല്ല സംസ്കാരം

വയലിന്റെ ഉർവ്വരതയിലുരയും കലപ്പയിൽ
പുതയും ചേറിൽനിന്നുണരുന്നു സംസ്കാരം
തോട്ടിറമ്പിലെ കൈതച്ചുവട്ടിൽ പുളയും
പുഴുവിന്റെ ദൈന്യതയിൽ വിങ്ങുന്നു സംസ്കാരം

നന്മയുടെ നീർമ്മലാകാശങ്ങളിൽ
കുടിലതയുടെ കാർഷ്ണ്യം കലരാതെ
കാക്കുവാനുള്ള കരുത്തായ് മാറട്ടെ സംസ്കാരം

സംസ്കാരം

ഉദാത്തമായ മാനുഷികബോധത്തിന്റെ ഉത്തുംഗതയിൽ നിന്നാണ് സംസ്കാരം ഉരുത്തിരിയേണ്ടതെങ്കിൽ ആ അർത്ഥത്തിലുള്ള തിരിച്ചറിവും പ്രതിബദ്ധതയും ഏതാണ്ടൊരളവുവരെ മൂന്നിയൂരിനുണ്ടായിരുന്നു എന്ന് ഗതകാലസാംസ്കാരിക ചരിത്രം വെളിപ്പെടുത്തുന്നു. സംസ്കാരം, അതിന്റെ പ്രതിലോമഘടകങ്ങൾക്കു മുന്നിൽ ചതഞ്ഞരയേണ്ടിവരുന്ന ഘട്ടങ്ങളിൽപോലും തീർത്തും താഴ്ന്നതല്ലാത്ത ഒരു പാരമ്പര്യം നാടിനു പറയാനുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാവാം `മൂന്നിയൂർ ' (മുന്നിൽനിൽക്കുന്നദേശം) എന്നപേര് വികസിച്ച് `മൂന്നിയൂർ' ഉണ്ടായി എന്ന് പഴമക്കാർ പറയുന്നത്.

വിദ്യാഭ്യാസപരമായും തദനുസൃതപരിഷ്കാരങ്ങളിലും ഏറെ പിന്നണിയിൽ നിന്നു തുടങ്ങിയ ഗ്രാമത്തിന് നിഷ്കപടമായ ഒരു കാർഷിക സാംസ്കാരിക ചരിത്രമുണ്ട്. സമ്പന്ന-ജന്മി- ഭൂപ്രഭുവിഭാഗങ്ങളുടെ കൈവശത്തിലായിരുന്ന കൃഷിഭൂമികളിൽ നിഷ്കളങ്കമായി കർമ്മോന്മുഖരായ ഗ്രാമീണന്റെ ചരിത്രം. കാലത്തിന്റെ കർമ്മ ഭൂമിയിലൂടെ അവർ ചെറുത്തുനിൽപ്പിന്റെ ചരിത്രംകുറിച്ച പോരാട്ടങ്ങളുടെ ഭാഗധേയത്വവും പഞ്ചായത്തിനു പറയാനുണ്ട്.

ഖിലാഫത്തു പ്രസ്ഥാനം, 1921 ലെ കലാപം, സ്വാതന്ത്ര്യസമരപ്രസ്ഥാനം എന്നിവയിലെല്ലാം അണിചേർന്നു പോരാടിയ ഒരുപാട് പേർ നമ്മുടെ പഞ്ചായത്തിലുണ്ടായിട്ടുണ്ട്. ബ്രിട്ടീഷുകാർക്കെതിരെ പോരാടി വീരചരമം വരിച്ച പഴശ്ശിരാജാവിന്റെ പടയാളിയെന്ന് കരുതപ്പെടുന്ന പോക്കർമൂപ്പന്റെ അറുത്തെടുത്ത തലഭാഗം മറവുചെയ്യപ്പെട്ടത് ആലിൻചുവട് ഒടുങ്ങാട്ട്ചിറപള്ളി ശ്മശാനത്തിലാണ്.

ഇന്ന് ഗ്രാമ്യസംസ്കാരം നാഗരികതയുടെ പാതയിലേക്ക് അനുക്രമം നീങ്ങിക്കൊണ്ടിരിക്കുന്നു. തദ്ഫലമായി ഗ്രാമീണകമ്പോളരംഗത്തുണ്ടായ ഉപഭോഗസംസ്കാരവും ഉൽപാദനമാന്ദ്യവും സാംസ്കാരിക രംഗത്തും പ്രതിഫലിക്കുന്നു. കുതിപ്പും കിതപ്പും ഏറെയേറെ. കുതിപ്പിനേക്കാൾ പലപ്പോഴും മുൻതൂക്കം കിതപ്പിനാണെന്നത് ശുഭോദർക്കമല്ലല്ലോ.

പഞ്ചായത്തിലെ ഭൂരിപക്ഷം മുസ്ലീങ്ങളാണ്. ഹിന്ദുമതവിശ്വാസികളും ഏറെയുണ്ട്. വ്യത്യസ്ത രാഷ്ട്രീയപ്പാർട്ടികളും മതസംഘടനകളുമെല്ലാമുണ്ടെങ്കിലും മതപരമോ രാഷ്ട്രീയമോ ആയ സംഘർഷങ്ങൾ തീർത്തും കുറവാണെന്നത് അഭിമാനാർഹമാണ്.

പഞ്ചായത്തിൽ വായനശാലാരംഗത്ത് വലിയപാരമ്പര്യമൊന്നുമില്ല. മുൻകാലങ്ങളിൽ സ്ഥാപിക്കപ്പെട്ട അസംഘടിതമായ ചില ലൈബ്രറികൾ കാലാനുസൃതപരിപോഷണത്തിന്റെ അഭാവം മൂലമാവാം കുഴഞ്ഞുവീഴുകയുണ്ടായി. പഞ്ചായത്തിൽ ഗ്രന്ഥശാലാസംഘം അംഗീകാരം നേടിയ മൂന്ന് ലൈബ്രറികളുണ്ടായിരുന്നെങ്കിലും വൈക്കത്തുപാടം യുഗചേതനലൈബ്രറി മാത്രമാണ് ഇന്ന് ശരിയായ രൂപത്തിൽ പ്രവർത്തിക്കുന്നത്. പാറക്കടവ് സഹൃദയ ഗ്രന്ഥാലയം വീണ്ടും ചലനാത്മകമാക്കിയതായി സംഘാടകരിൽനിന്നറിയുന്നു. വെളിമുക്ക് 'ചൈതന്യ' തളർന്നുവീണവയിൽ ഉൾപ്പെടുന്നു. സാൽകോ, ശബരി മുട്ടിച്ചിറ എന്നിവയുടെ ആഭിമുഖ്യത്തിലുള്ള പൊതുലൈബ്രറികൾക്കു പുറമെ മതസംഘടനകൾ നേതൃത്വം നൽകുന്ന കുറെയേറെ ലൈബ്രറികളും പഞ്ചായത്തിലുണ്ട്. ഇവയോടനുബന്ധിച്ചെല്ലാം വായനശാലകളുമുണ്ട്. പല വായനശാലകൾക്കും പഞ്ചായത്ത് പത്രങ്ങൾ സംഭാവന നൽകിവരുന്നു.

കൂടാതെ സ്തുത്യർഹമായി പ്രവർത്തിക്കുന്ന ഒരുപാട് ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ പഞ്ചായത്തിലുണ്ട് (ലിസ്റ്റ് ചേർത്തിട്ടുണ്ട്). പഞ്ചായത്തിൽ സാംസ്കാരികമായ കുതിച്ചുകയറ്റത്തിന് ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഇതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ലഭിച്ചത് ഇങ്ങനെ ക്രോഡീകരിക്കാം.

1 (a) പഞ്ചായത്ത് സാംസ്കാരികകേന്ദ്രത്തെ നല്ലൊരു റഫറൻസ് ലൈബ്രറിയും കൂടിയാക്കി ചലനാത്മകമാക്കുക.
(b) ഇതോടനുബന്ധിച്ച് ഒരു ഇൻഫർമേഷൻ സെന്റർ ഉണ്ടാക്കുക.

2 പഞ്ചായത്തിൽ ഒരു മിനിസ്റ്റേഡിയം നിർമ്മിക്കുക.

3. വായനശാലകൾ കുറവായ വാർഡുകളിൽ സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിൽ വായനശാലകളുണ്ടാക്കുക.

4. (a) നല്ല രൂപത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത ഗ്രന്ഥാലയങ്ങൾക്ക് കെട്ടിടനിർമ്മാണത്തിന് പുറമ്പോക്ക് സ്ഥലങ്ങളുണ്ടെങ്കിൽ അവ പതിച്ചു നൽകുക.

(b) കെട്ടിട നിർമ്മാണത്തിൻ ആവശ്യമായ ഗ്രാന്റ് ലഭ്യമാക്കുക.

5. പ്രധാന കവലകളിൽ അംഗീകൃതക്ലബ്ബുകളുടെ ഉത്തരവാദിത്വത്തിൽ മാത്രം ടി.വി., റേഡിയോ എന്നിവ അനുവദിക്കുക.

6. ക്ലബ്ബുകൾക്ക് / ലൈബ്രറികൾക്ക് പത്രമാസികകൾക്ക് ധനസഹായം നൽകുക.

7. ക്ലബ്ബുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു പൊതുമാർഗ്ഗനിർദ്ദേശക കമ്മിറ്റി ഉണ്ടാക്കുക.

8. ഗ്രാമീണകലാകായികമേള എല്ലാ വർഷവും സംഘടിപ്പിക്കുക.

9 ഒന്നാംഘട്ടത്തിൽ ഏതാണ്ട് ഊർജ്ജസ്വലമായിരുന്ന സാക്ഷരതാരംഗം ഇന്ന് നിർജ്ജീവമാണ്. തുടർവിദ്യാഭ്യാസത്തെസഹായിക്കും വിധം ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുക. ഈ രംഗത്ത് മത്സരബുദ്ധിയോടെ സന്നദ്ധസംഘടനകളെ കൊണ്ട് പ്രവർത്തനം നടത്തിക്കുക.

പഞ്ചായത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ കലാകായിക സാംസ്കാരിക സാമൂഹ്യരംഗങ്ങളിൽ പ്രവർത്തനം നടത്തി വരുന്ന സാംസ്കാരിക സന്നദ്ധസംഘടനകൾ

ചിന്ത തിയേറ്റേഴ്സ് ആലുങ്ങൽ, ഭാവന വെളിമുക്ക്, യുഗചേതന ലൈബ്രറി വൈക്കത്തുപാടം, സംഗത ചേറക്കോട്, സാൽകോ മുട്ടിച്ചിറ, ശബരി മുട്ടിച്ചിറ, സഹൃദയ ഗ്രന്ഥാലയം പാറക്കടവ്, യുവചേതന പാറക്കടവ്, ഗാലക്സി പാറക്കടവ്, ടാക്സ് തയ്യിലക്കടവ്, മണിസ്മാരക വായനശാല ചേളാരി, പ്ലയേഴ്സ് സെന്റർ ചേളാരി, നവോദയ ചേളാരി, ഫ്രന്റ്സ് പടിക്കൽ, PASC പടിക്കൽ, പീപ്പിൾസ് പടിക്കൽ, യുവശക്തി വെളിമുക്ക്,

ഫിനിക്സ് വെളിമുക്ക്, രാഗം വെളിമുക്ക്, വിജ്ഞാനോദയം കളിയാട്ടമുക്ക്, ജോളിവോളിക്ലബ്ബ് പാറക്കടവ്, ചുഴലി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ,കുന്നത്തുപറമ്പ് ആർട്സ് & സ്പോർട്സ്ക്ളബ്ബ് ഇവയിൽ ചില ക്ലബ്ബുകളുടെ പ്രവർത്തനം ഇന്ന് വേണ്ടുംവണ്ണം ചലനാത്മകമല്ലെങ്കിലും ആത്മാർത്ഥമായ ഇടപെടലിലൂടെ സജീവമാക്കാവുന്നതാണ്. മുകളിലുദ്ധരിച്ചവയെക്കൂടാതെ മതസംഘടനകളുടെയും മറ്റു സാമൂഹ്യപ്രസ്ഥാനങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തിവരുന്ന മറ്റു സന്നദ്ധ സാംസ്കാരിക പ്രസ്ഥാനങ്ങളും വായനശാലകളുമുണ്ട്.

പഞ്ചായത്തിന്റെ സാംസ്കാരികചക്രവാളത്തിൽ ഒരു പുതുവെളിച്ചം കൊളുത്തുന്നതിനു വേണ്ടി; ഉദാത്തമായ മാനവികബോധത്തിന്റെ പ്രശാന്തമായ ആകാശങ്ങളുടെ നിർമ്മലസ്വച്ഛന്ദസൗന്ദര്യം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി നമുക്ക് ഐക്യപ്പെടാം.

# വനിത

വനിതാവിമോചനപ്രസ്ഥാനങ്ങളും വനിതാസംഘടനകളും സമൂഹത്തിലെ നാനാമേഖലകളിലും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽപ്പോലും നമ്മുടെ പഞ്ചായത്തിൽ സ്ത്രീ ഒരു പ്രതിബിംബം മാത്രമായോ ഉപഭോഗവസ്തുവായോ അധഃപതിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുക.

മനുഷ്യസംസ്കാരം വളർച്ചയുടെ പടവുകൾ പിന്നിടുന്തോറും മാന്യതയും മഹത്വവും നൽകി ആദരിക്കപ്പെടേണ്ട സ്ത്രീകൾ നിർദ്ദയം അവഗണിക്കപ്പെടുകയാണ്.

മുൻകാലങ്ങളിലും സാമൂഹ്യപ്രവർത്തനമേഖലകളിൽ സ്ത്രീയുടെ സ്ഥാനം വളരെ പുറകിലായിരുന്നു. സ്കൂൾ വിദ്യാഭ്യാസം തന്നെ പെൺകുട്ടികൾക്ക് പ്രത്യേകിച്ചും മുസ്ലീംപെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. ആഘോഷങ്ങളിലും പൊതുപരിപാടികളിലും സ്ത്രീപങ്കാളിത്തം നന്നെ കുറവായിരുന്നു. ഏതെങ്കിലും സ്ത്രീകൾ സാമൂഹ്യപ്രവർത്തനവുമായി രംഗത്തിറങ്ങിയാൽ അവഹേളനവും, അപവാദവുമായിരുന്നു അവർക്ക് കിട്ടിയ പ്രതിഫലം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വരെ ശൈശവവിവാഹം, കെട്ടുകല്യാണം മുതലായ അനാചാരങ്ങൾ നിലനിന്നിരുന്നു. എന്നാൽ 1920 ആയപ്പോഴേക്കും പ്രാഥമികവിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചുതുടങ്ങിയെങ്കിലും ഉന്നത വിദ്യാഭ്യാസം അപ്രാപ്യമായി തുടർന്നു.

1947 ൽ ഇന്ത്യ സ്വതന്ത്രയായതിനു ശേഷം ഈ നിലപാടുകളിൽ പ്രകടമായ മാറ്റങ്ങൾ കണ്ടുതുടങ്ങി. സ്വാതന്ത്ര്യസമരരംഗത്തും ദേശീയരംഗത്തും പ്രവർത്തിച്ചിരുന്ന ധീരദേശാഭിമാനികളായ സ്ത്രീകളുടെ കഥകളിൽ നിന്നും പ്രചോദനം നേടിയാവാം ഇവിടെയും മടിച്ചുമടിച്ചാണെങ്കിലും സ്ത്രീകൾ പൊതുരംഗത്തിറങ്ങാൻ തുടങ്ങി. മഹിളാസമാജങ്ങളായിരുന്നു സ്ത്രീകളുടെ ആദ്യത്തെ പ്രവർത്തനവേദി. 1974 ൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ``കൈരളി മഹിളാസമാജം'' എടുത്തുപറയത്തക്കതാണ്. ഇതിന്റെ കീഴിൽ തയ്യൽ പരിശീലനക്ലാസുകളും നഴ്സറിയും പ്രവർത്തിച്ചിരുന്നു. കൂടാതെ മഹിളാസമാജങ്ങൾക്ക് ബ്ലോക്കിൽ നിന്ന് കിട്ടിയിരുന്ന ആനുകൂല്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും കഴിഞ്ഞിരുന്നു. ഉദാ. കോഴിവളർത്തൽ, അതിൽ നിന്ന് കിട്ടുന്ന മുട്ടകൾ ഫീസിംഗ് സെന്റർ വഴി കുട്ടികൾക്കും അമ്മമാർക്കും കൊടുത്തിരുന്നു. സാമൂഹ്യസേവികമാരായും അധ്യാപികമാരായും ധാരാളം സ്ത്രീകൾ പൊതുരംഗത്തിറങ്ങിത്തുടങ്ങി. ഇന്ന് ഉന്നത വിദ്യാഭ്യാസത്തിലും ഉന്നതജോലികളിലും സത്രീ പങ്കാളിത്തം കുറവാണെങ്കിലും അധ്യാപനരംഗത്ത് പുരുഷന്മാരേക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ. അംഗനവാടി, സി.ബി.എൻ.പി, ശേഷി, ചലനം, ജനാധിപത്യമഹിളാഅസോസിയേഷൻ, കേരളശാസത്രസാഹിത്യപരിഷത്ത് മുതലായ സംഘടനകളിൽ ഇപ്പോൾ സ്ത്രീകൾ ധാരാളമായി പ്രവർത്തിക്കുകയും അവരുടെ കാര്യശേഷിപ്രകടിപ്പിച്ചും വരുന്നു.

സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠനപരിശീലനങ്ങളിൽ പെൺകുട്ടികളാണ് മുൻപന്തിയിൽ. പ്രീഡിഗ്രി തലം വരെ ഈ നില

തുടരുന്നു. എന്നാൽ ഉന്നതവിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവായാണ് കാണുന്നത്. ഉള്ളവരുടെ വിദ്യാഭ്യാസം തന്നെ ബി.എ, ബി.എഡ് ൽ ഒതുങ്ങുന്നു.

മുസ്ലിംവനിതകൾ ഇപ്പോൾ വിദ്യാഭ്യാസകാര്യത്തിൽ മുന്നിട്ടിറങ്ങുകയും സ്വന്തം വീട്ടിൽ വെച്ച് കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം കൊടുക്കാൻ ശ്രദ്ധിക്കുന്നുവെന്നതും സ്വാഗതാർഹമായ മാറ്റമാണ്.

### പൊതുപ്രശ്നങ്ങൾ

രൂക്ഷമായ തൊഴിലില്ലായ്മ ഉള്ളതൊഴിൽമേഖലയിൽത്തന്നെ വേതനനിരക്കിലുള്ള വിവേചനം, ഏറ്റെടുക്കുന്ന ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും നിറവേറ്റുവാൻ കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കാനുള്ള മടി, ഉത്തരവാദിത്വമുള്ള ജോലികൾ ഏൽപ്പിക്കാൻ പുരുഷന്മാർക്കുള്ള താല്പര്യക്കുറവ്, ആത്മവിശ്വാസമില്ലായ്മ മുതലായവ ശരിയായ ബോധവൽക്കരണത്തിലൂടെ പരിഹരിക്കേണ്ട ഏറ്റവും വലിയ പ്രശ്നങ്ങളാണ്. മനുഷ്യകുലത്തിൽ പകുതിയിലധികം വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷന്മാർക്കുള്ള അതേ അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിലെ എല്ലാ മേഖലകളിലും പുരുഷന്മാരോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു. വാർഡ്മെമ്പർമാർ, ബ്ലോക്ക്മെമ്പർമാർ എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ തങ്ങളുടെ അധികാരങ്ങൾ- ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് തിരിച്ചറിയുകയും പഠിക്കുകയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും തന്റെ സമൂഹത്തെ തന്റെ പ്രവൃത്തിയിലൂടെ തന്നിലേക്കാകർഷിക്കുകയും മറ്റുസ്ത്രീകൾക്ക് ഒരു മാതൃകയും വഴികാട്ടിയുമാവേണ്ടതും കൂടുതൽ ആവശ്യമായിരിക്കുകയാണ്.

### സമൂഹത്തിൽ വനിതകളുടെ സ്ഥാനം

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ നിയന്ത്രണത്തിൽ കഴിയുന്ന കുടുംബങ്ങൾ ഏകദേശം 25% ത്തോളമുണ്ട്. ഇതിൽ ഏറിയപങ്കും പുരുഷന്മാർ വിദേശങ്ങളിൽ ജോലിതേടിപ്പോയതുകൊണ്ടാണ്.

വനിതാ നേതൃത്വം നിലവിലുള്ള സംഘടനകൾ ICDS, CBNP, ചലനം എന്നിവയാണ്. വനിതാക്ഷീരവികസനയൂണിറ്റ്, പപ്പടനിർമ്മാണയൂണിറ്റ്, ബേക്കറിയൂണിറ്റ് എന്നിവിടങ്ങളിൽ പുരുഷന്മാരേക്കാൾ സ്ത്രീജീവനക്കാരാണ്. ഈ യൂണിറ്റുകളാവട്ടെ പഞ്ചായത്തിൽ ഒന്നും, രണ്ടും വാർഡുകളിൽ മാത്രമേയുള്ളൂതാനും. പെൺകുട്ടികൾക്ക് മാത്രമായുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല.

സ്കൂളുകളിൽ ആൺകുട്ടികളേക്കാൾ കൂടുതലായി പെൺകുട്ടികളാണുള്ളതെങ്കിലും കോളേജിലെത്തുമ്പോൾ ആൺകുട്ടികളാണ് കൂടുതൽ. അവളന്യന്റെ അടുക്കളയിലേക്കുള്ളവളാണ് എന്ന ഒരു മിഥ്യാധാരണയാണ് ഇതിനു കാരണം. കെട്ടിടനിർമ്മാണരംഗത്തും കാർഷികരംഗത്തുമാണ് കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്നത്. കൃഷിപ്പണിക്ക് 50 നും 60നും ഇടയിലും കെട്ടിടനിർമ്മാണരംഗത്ത് 60നും 100നും ഇടയിലും ഇവർക്ക് കൂലി ലഭിക്കുന്നു. പുരുഷന്മാരുടെ കൂലിനിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കാർഷികരംഗത്ത് ഇവർക്കു കിട്ടുന്ന കൂലി വളരെ ചെറിയതാണ്. അതുകൊണ്ടുതന്നെ കെട്ടിടനിർമ്മാണരംഗത്തേക്ക് കൂടുതൽ സ്ത്രീകൾ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. ക്രഷ് ഉള്ള ഒരു സ്ഥാപനം പോലും നമ്മുടെ പഞ്ചായത്തിലില്ല. റേഷൻകടകളിലും, ചന്തകളിലും മറ്റും കൂടുതലായും എത്തുന്നത് പുരുഷന്മാരാണ്. ബഹുജനസംഘടനകളിലെ വനിതാപങ്കാളിത്തത്തിന്റെ അവസ്ഥ വളരെ ദയനീയമാണ്.

വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങളായി നമ്മുടെ പഞ്ചായത്തിൽ ഒന്നാം വാർഡിലേയും, 11-ാം വാർഡിലേയും ക്ഷീരോല്പന്ന യൂണിറ്റുകളും 2ഉം 3 ഉം വാർഡുകളിലെ ടൈലറിംഗ് യൂണിറ്റുകളും മാത്രമാണുള്ളത്. മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തിൽ ആകെ ഒരു മഹിളാസമാജമാണുള്ളത്. 5-ാം വാർഡിലെ ``കൈരളിമഹിളാസമാജം.'' ആശുപത്രികളിൽ പോകുന്ന രോഗികളിൽ കൂടുതലും സ്ത്രീകളാണ്. മദ്യപാനം കൊണ്ടുള്ള ദുരിതങ്ങൾ അനുഭവിക്കുന്ന

സ്ത്രീകൾ നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. ചാരായനിരോധനം കൊണ്ട് നേട്ടമുണ്ടായിട്ടുണ്ട്. പക്ഷേ ചാരായം മാത്രം നിരോധിച്ചാൽ പോരാ, സമ്പൂർണ്ണ മദ്യനിരോധനമാണ് വേണ്ടത്.

സ്ത്രീധനത്തിന്റെ പേരിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ഈ പഞ്ചായത്തിൽ ദുർലഭമായി ഉണ്ട്. ആത്മഹത്യയിൽ കലാശിച്ച അപൂർവ്വം സ്ത്രീപീഢനക്കേസുകൾ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. സ്ത്രീകളോടുള്ള അക്രമങ്ങൾ കുറവാണെങ്കിലും ഇല്ലാതില്ല. അത്തരക്കാർക്കെതിരെ കർശനമായ ശിക്ഷാനടപടികൾ കൈക്കൊള്ളണം. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ (സിനിമാപോസ്റ്ററുകൾ) കാണാറുണ്ട്. ഇതിന് പോസ്റ്റർമാത്രം നിരോധിച്ചതുകൊണ്ടോ നശിപ്പിച്ചതുകൊണ്ടോ ഫലമില്ല. അത്തരം പോസ്റ്ററുകൾക്കാധാരമായ സിനിമകളെയും അവ പ്രദർശിപ്പിക്കുന്ന സിനിമാശാലകളെയുമാണ് തടയേണ്ടത്. അത്തരം പോസ് കൊടുക്കുന്ന സ്ത്രീകളെ തടയണം.

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലനപരിപാടികൾ സംഘടിപ്പിക്കണം. കഴിയുന്നത്ര സ്ത്രീകളെ നേതൃത്വനിരയിലേക്ക് കൊണ്ടുവരുവാൻ രാഷ്ട്രീ-സാമൂഹ്യ-സന്നദ്ധസംഘടനകൾ ശ്രമിക്കണം. മാതൃസംഗമങ്ങളിലും മറ്റും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണം.

**വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ**

1. തൊഴിൽമേഖലയിൽ വിദ്യാലയങ്ങളിലൊഴികെ സ്ത്രീകൾ അവഗണനനേരിടുന്നു.

2. സ്വയം തൊഴിൽ സംരംഭങ്ങളിൽ വേണ്ടത്ര താല്പര്യം കാട്ടുന്നില്ല.

3. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.

4. തൊഴിൽ നിയമങ്ങളിൽ വേണ്ടത്ര പരിജ്ഞാനമില്ല, പരിശീലനസൗകര്യം ലഭിക്കുന്നില്ല.

5. സർക്കാർ സഹായപദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ല.

6. അംഗൻവാടി ജീവനക്കാർ ന്യായമായ വേതനം കിട്ടാതെയും, അമിതമായ ജോലിഭാരത്താലും വിഷമിക്കുന്നു. പലതിലും വേണ്ടത്ര സൗകര്യങ്ങളില്ല.

7. വിദ്യാലയങ്ങളിലെ പാഠ്യേതരമേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

8. സാമൂഹ്യസേവനരംഗത്ത് ധീരരായി പ്രവർത്തനസജ്ജരായി സ്ത്രീകൾ വരുന്നില്ല.

9. സാമാന്യവിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയബോധനിലവാരം കുറവാണ്.

**സാദ്ധ്യതകൾ**

1 സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കാവുന്നതാണ്. യോഗ്യരായ വനിതകളെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനവും ഉപകരണങ്ങളും സാമ്പത്തികസഹായങ്ങളും നൽകണം.

2. വിഭവസാദ്ധ്യതകണക്കിലെടുത്ത് വനിതാ സഹകരണസംഘങ്ങൾക്ക് രൂപം നൽകി, അച്ചാർ, പേപ്പർക്രാഫ്റ്റ്സ്, കൗതുകവസ്തുക്കൾ, ചൂടിപിരിക്കൽ, ക്ഷീരോല്പന്ന നിർമ്മാണം, സോപ്പ് നിർമ്മാണം, പച്ചക്കറികൃഷി, ആടുവളർത്തൽ, കോഴിവളർത്തൽ, കൂൺകൃഷി, ബാഗ് നിർമ്മാണം, പൽപ്പൊടിനിർമ്മാണം തുടങ്ങിയവയിൽ പരിശീലനവും സഹായവും നൽകണം. നമ്മുടെ പഞ്ചായത്തിൽ നിന്നു മുന്നൂറോളം തയ്യൽ മെഷീനുകൾ കൈപ്പറ്റിയ തയ്യൽ അറിയാവുന്ന ``ആ'' വനിതകളെ ഏകോപിപ്പിച്ചുകൊണ്ട് വനിതകളുടെ ഒരു ``സഹകരണ റെഡിമെയ്ഡ് യൂണിറ്റ്'' തുടങ്ങുവാനുള്ള സാധ്യതയും സൗകര്യങ്ങളും വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തി റെഡിമെയ്ഡ് വസ്ത്രരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാം.

3. തുല്യജോലിക്ക് തുല്യവേതനം കൂടുതൽ സത്രീകളെ തൊഴിൽമേഖലയിലേക്ക് ആകർഷിക്കും.

4. തൊഴിൽ നിയമങ്ങൾ, അവസരങ്ങൾ എന്നിവയെക്കുറിച്ച് സ്ത്രീകൾ പൊതുവെ അജ്ഞരാണ്. ഈ വിഷയങ്ങളിൽ അവർക്കു വേണ്ട ബോധവൽക്കരണവും ക്ലാസുകളും വേണ്ടതാണ്.

5. അംഗൻവാടികളുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി, സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപ്രശ്നങ്ങൾ കുടുംബക്ഷേമ പരിപാടികൾ മുതലായവ നടപ്പിലാക്കാനുതകും വിധം അങ്കണവാടികൾ കേന്ദ്രീകരിച്ച് പദ്ധതികൾക്കു രൂപം നൽകണം. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ടിയുള്ള സംവിധാനങ്ങൾ അങ്കൻവാടികളിൽ കൂടുതൽ വികസിപ്പിക്കണം. അതോടൊപ്പം തന്നെ അങ്കൻവാടി പ്രവർത്തകരുടെ വേതനനിരക്കും.

6. സ്ത്രീധനനിരോധനത്തിന്റെ പ്രസക്തിയും പ്രാധാന്യവും നിയമവശങ്ങളും ബോധ്യമാക്കും വിധം സ്ത്രീകൾക്ക് പ്രത്യേകക്ലാസുകളും നിർദ്ദേശങ്ങളും നൽകണം. സ്ത്രീധനത്തിനെതിരെ ശബ്ദമുയർത്താൻ വനിതകളെ പ്രാപ്തരാക്കാനും അതിനുവേണ്ട നിയമനിർദ്ദേശങ്ങൾ നൽകാനും തയ്യാറാവണം.

7. കൂടുതൽ മഹിളാസമാജങ്ങൾക്ക് രൂപം നൽകി അവയിലൂടെ തങ്ങളുടെ അവസ്ഥയെക്കുറിച്ച്, ഭാവിയെക്കുറിച്ച് വിമർശനാത്മകമായി ചിന്തിക്കുവാനും ഫലപ്രദായകമായ അന്വേഷണങ്ങളും സംവാദങ്ങളും സംഘടിതമായി നടത്തുകയും വേണം.

1991 ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ: 38,688

പുരുഷൻ: 19008 സ്ത്രീകൾ : 19680
വ്യത്യാസം : 672

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തത്തെ സൂചിപ്പിക്കുന്നു.

പട്ടിക ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. സാക്ഷരരായ സ്ത്രീകൾ | 1304 |
| 2. സർക്കാർ മേഖലയിൽ | 31 |
| 3. സ്വകാര്യമേഖല | 284 |
| 4. പാർട്ട്ടൈം വർക്കേഴ്സ് | 330 |
| 5. വാർത്താവിനിമയം | 5 |
| 6. വ്യാപാരം | 12 |
| 7. നാടൻപണിക്കാർ | 783 |
| 8. കർഷകർ | 26 |
| 9. കർഷകതൊഴിലാളികൾ | 777 |
| 10. മറ്റുള്ളവർ | 12 |
| 11. തൊഴിൽരഹിതർ | 18,567 |
| 12. കെട്ടിടനിർമ്മാണം | 16 |

(അവലംബം: 1991-ലെ സെൻസസ് റിപ്പോർട്ട്)

സ്ത്രീകൾക്കായുള്ള പ്രത്യേകനേതൃത്വപരിശീലനങ്ങളിലൂടെ ബോധവൽക്കരണ പരിപാടികളിലൂടെ, സ്ത്രീപുരുഷ സമത്വബോധം വളർത്താനുതകുന്ന വിദ്യാഭ്യാസമേഖലയിലെ ഇടപെടലുകളിലൂടെ, മുൻവിവരിച്ച പദ്ധതികളുടെ പ്രായോഗികമായ നടത്തിപ്പുകളിലൂടെ നമ്മുടെ പഞ്ചായത്തിലും വനിതകളുടെ ഉന്നമനവും സ്ഥാനവും ഉറപ്പാക്കാം.

ഭദ്രശക്തിയും രുദ്രയും രക്തചാമുണ്ഡിയും
നിന്നിലുറങ്ങുന്നു പെണ്ണേ!
സൃഷ്ടിസ്ഥിതിലയസംഹാരമൊക്കെയും
നിന്നിൽതുടങ്ങുന്നു പെണ്ണേ!
നിന്നെ തിരയുക നിന്നെയറിയുക.
നിന്നിലുറങ്ങുന്ന നിന്നെ!
അക്രമങ്ങൾക്കുമനീതികൾക്കും നേരെ
ശബ്ദമുയർത്തുക പെണ്ണേ! "

(സോംസ് പാലക്കൽ )



# സഹകരണം

"ഓരോരുത്തർക്കും വേണ്ടി എല്ലാവരും

എല്ലാവർക്കും വേണ്ടി ഓരോരുത്തരും"

ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യ ദശകത്തിൽ തന്നെ നമ്മുടെ രാജ്യത്ത് സഹകരണ പ്രസ്ഥാനം പ്രവർത്തനം ആരംഭിച്ചിരുന്നു. 1922ൽ മുന്നിയൂർ പഞ്ചായത്തലെ വെള്ളിമുക്ക് അംശത്തിൽ പെട്ട പണിക്കോട്ടും പടി കേന്ദ്രരമായി 26 അംഗങ്ങൾ ചേർന്ന് വിവിധോദ്ദ്യേശ ഐക്യ നാണയസംഘം എന്ന പേരിൽ മൂന്നിയൂരിലെ ആദ്യത്തെ സഹകരണ പ്രസ്ഥാനത്തിന് രൂപം നൽകി. അത്തേക്കാട്ടിൽ അയ്യപ്പൻ നായരായിരുന്നു സ്ഥാപക പ്രസിഡണ്ട്. 1928ൽ പി.കെ. മൊയ്തീൻ ഹാജി പ്രസിഡണ്ടും, കെ. കമ്മുക്കുട്ടി സെക്രട്ടറിയമായി സംഘത്തിൻറ പ്രവർത്തനം സജീവമായി. പി.കെ അഹമ്മദാജി, കൂനീരി ശങ്കരൻ, അമ. മുഹമ്മദണകുട്ടി, പൊതായ ബാലകൃഷ്ണൻ നായർ, കുമ്മം തൊടി കമ്മുട്ടി ഹാജി, കെ.ടി. മൊയ്തീൻഹാജി തുടങ്ങിയവർ ആദ്യ കാല പ്രവർത്തകരായിരുന്നു.

അക്കാലത്ത് മൂന്നിയൂർ പഞ്ചായത്തിലെ മൂന്നിയൂർ അംശം തിരൂരങ്ങാടി സർവ്വീസ് സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധിയിലായിരന്നു. മുന്നിയൂർ സ്വദേശിയായ കിഴക്കിനകത്ത് മതാരി കോയക്കുട്ടി സാഹിബ് തിരൂരങ്ങാടി സർവ്വീസ് സഹകരണ ബൈങ്കിൻെറ പ്രസിഡണ്ടായി പ്രവർത്തിച്ചിരുന്നു. ഒ.പി. അലവിക്കുട്ടി ഹാജി, മുട്ടിച്ചിറക്കൽ കുഞ്ഞറമുട്ടി എന്നിവർ മൂന്നിയൂർ ഭാഗത്തേക്ക് രജിസ്റ്റർ ചെയ്തു. ഇതേ വർഷം തന്നെ തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്കിൻെറ പരിധിയിലായിരുന്ന മൂന്നിയൂർ അംശത്തിലെ പാറക്കടവ്, ആലിൻചുവട്. കുന്നത്പറമ്പ്, കളിയാട്ട് മുക്ക് പ്രദേശങ്ങൾ ബാങ്കിൻെറ അധികാര പരിധിയിൽ കൂട്ടിച്ചേർത്തു.

വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്കിന് പുറമെ മൂന്നിയൂർ ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം, വെളിമുക്ക് ക്ഷീരോല്പാദക സഹകരണ സംഘം, പാറക്കടവ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ലേബർ കോൺട്രാക്റ്റ് സഹകരണസംഘം തിരൂരങ്ങാടഅ താലൂക്ക് ഉൾനാടൻ മത്സ്യ ബന്ധന സഹകരണ സംഘം എന്നിവയാണ് പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള സഹകരണ സംഘങ്ങൾ. വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്കിൻെറ പ്രവർത്തനം സാമാന്യം ഭേദപ്പെട്ട നിലയിലാണ്. ഖാദി ഗ്രാമ വ്യവസായ സംഘവും, ക്ഷീരോല്പാദക സഹകരണസംഘവും വിപുലമായ രീതിയിലല്ലെങ്കിലും പ്രവർത്തിക്കുന്നുണ്ട്. ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം മത്സ്യ ബന്ധന സംഘം എന്നിവ പ്രവർത്തനം തുടങ്ങിയിട്ടില്ല. താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പ്രവർത്തന പരിധി ഈ പഞ്ചായത്തു കൂടി ഉൾപ്പെട്ടതാണ്.

### സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ആകെ ഒരു ക്ഷീരോല്പാദക സഹകരണസംഘമാണുള്ളത്. ഇത് 4,6,7 വാർഡുകളുടെ പരിധിയിലാണ് പ്രവർത്തിക്കുന്നത്. തൃപ്തികരമായ രീതിയിലല്ല ഇതിൻെറ പ്രവർത്തനം. പാറക്കടവിൽ പ്രവർത്തിക്കുന്ന ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘത്തിൻെറ പ്രവർത്തനവും മെച്ചമല്ല.

പാറക്കടവ് കേന്ദ്രമായി രജിസ്റ്റർ ചെയ്തിട്ടുള്ള ലേബർ കോൺട്രാക്റ്റ് സഹകരണ സംഘവും ചേറകോട് രജിസ്റ്റർ ചെയ്തിട്ടുള്ള ഉൾനാടൻ മത്സ്യബന്ധന സംഘവും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

എ. കാർഷിക മേഖല

ഹൃസ്വകാല വായ്പ

മൂന്നിയൂർ പഞ്ചായത്തിൽ ഏകദേശം 7000 ത്തോളം കർഷക കുടുംബങ്ങളുണ്ട് ഹ്യസ്വകാല കാർഷിക-കാർഷികേതര വായ്പകളാണ് ബാങ്ക് മുഖ്യമായും വിതരണം ചെയ്യുന്നതെങ്കിലും പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും അർഹമായ വായ്പ നൽകുവാൻ ബാങ്കിന് സാധിക്കുന്നില്ല. പഞ്ചായത്തിലെ കർഷകരിൽ 90%വും ബാങ്കിൽ അംഗങ്ങളാണ്. കർഷകാംഗങ്ങളുടെ സാമ്പത്തി കാവശ്യങ്ങൾ ഭാഗികമായെങ്കിലും നിറവേറ്റുവാൻ ഒന്നരക്കോടി രൂപയെങ്കിലും വർഷം തോറും ആവശ്യമാണെങ്കിലും 95-96 വർഷം 21 ലക്ഷം രൂപയോളമാണ് ബാങ്കിന് കാർഷികാവശ്യത്തിന് വിതരണം ചെയ്യുവാൻ സാധിച്ചത്. നബാർഡ് കാർഷിക വായ്പാ സംവിധാനത്തിൽ കാതലായ മാറ്റം വരുത്തിയാൽ മാത്രമേ തൃപ്തികരമായ രീതിയിൽ വായ്പാ വിതരണം സാധിക്കുകയുള്ളൂ. കൃത്യമായി തിരിച്ചടവ് ഇല്ലാത്തത് ബാങ്കിൻെറ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. വളം വിതരണം ബാങ്ക് മുഖേന ഭംഗിയായി നടക്കുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ സംഭരണം, വിതരണം എന്നിവ ബാങ്കിൻെറ ആഭിമുഖ്യത്തിൽ നടക്കുന്നില്ല.

ബി. മദ്ധ്യകാല കാർഷിക-കാർഷികേതര വായ്പ

മദ്ധ്യകാല കാർഷിക-കാർഷികേതര വായ്പകൾ ബാങ്ക് മുഖേന വിതരണം ചെയ്തുവരുന്നു. ഫണ്ടിൻെറ അപര്യാതത കാരണം ആവശ്യങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ല.

സി. ദീർഘകാല കാർഷിക വായ്പ

തിരൂരങ്ങാടി താലൂക്ക് പ്രവർത്തന പരിധിയായുള്ള തിരൂർ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കാണ് മൂന്നിയൂർ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല കാർഷിക വായ്പകൾ നൽകി വരുന്നത്. വേണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിനു ലഭ്യമല്ലെങ്കിലും വായ്പ ലഭിക്കുന്നതിലെ സാങ്കേതിക ബുദ്ധിമുട്ട് കാരണം വായ്പ വാങ്ങാൻ കർഷകർ വിമുഖത കാണിക്കുന്നു.

ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം.

പാറക്കടവിൽ സ്ഥാപിച്ച ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘത്തിൻെറ കീഴിൽ ഒരു സോമില്ല് പ്രവർത്തിക്കുന്നണ്ട്. ഫർണിച്ചർ വ്യവസായം തുടക്കത്തിൽ ഉണ്ടായിരുന്നുവെങ്കിലും പിന്നീട് സോമില്ലിൽ മാറം ഒതുങ്ങുകയാണുണ്ടായത്. 3 പേർ ഇവിടെ ജോലിചെയ്തുവരുന്നു.

ഭവന നിർമ്മാണ സഹകരണ സംഘം

പരപ്പനങ്ങാടി കേന്ദ്രമായി പ്രവർത്തിക്കുന്ന റൂറൽ ഹൗസിംങ് സഹകരണസംഘം, ജില്ലാ സഹകരണ ബാങ്ക് എന്നിവയാണ് മൂന്നിയൂർ പഞ്ചായത്തിൽ ഭവന വായ്പകൾ നൽകി വരുന്ന സ്ഥാപനങ്ങൾ. മേൽ സംഘങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ തൃപ്തികരമായ രീതിയിൽ നടക്കുന്നില്ല. മേൽ സംഘങ്ങളുടെ വായ്പാ മേളകൾ പഞ്ചായത്തു തലത്തിൽ നടത്തുകയും വായ്പാ വിതരണം എളുപ്പമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

കാർഷിക മേഖല

1. വെളിമുക്ക് സർവീസ് സഹകരണ ബാങ്ക് 30-06-96 ൻെറ കടധന പട്ടിക പ്രകാരം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്തിയാലേ വികസന രംഗത്ത് ബാങ്കിന് തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ ബാങ്കിൻെറ നഷ്ടം നികത്തുന്നതിനായി നഷ്ടത്തിനു തുല്യമായ തുക പലിശ രഹിത ദീർഘകാല വായ്പയായോ ഓഹരിമൂലധനമായോ അനുവദിക്കുക.

2. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് പ്രസ്തുത തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. കൺസ്യൂമർ വായ്പ, സ്വർണ്ണ പണ്ട പണയ വായ്പ, ഭവന നിർമ്മാണ വായ്പ എന്നിവയ്ക്ക് കൂടുതൽ സംഖ്യ വകയിരുത്തുക.

3. സ്വകാര്യ ചിട്ടി ഇടപാടുകൾ ഇന്ന് നിലവിലില്ലാത്ത സ്ഥിതിക്ക് ബാങ്ക് ചിട്ടി നടത്തുകയും അതിനാവശ്യമായ ചിട്ടി നിയമ വ്യവസ്ഥകൾ ലഘൂകരിക്കേണ്ടതുമാണ്. "ഗ്രൂപ്പ് ഡെപ്പോസിറ്റ സ്കീം" എന്ന നിക്ഷേപ പദ്ധതി പ്രാവർത്തികമാക്കുക.

4. സഹകരണ ബാങ്ക് കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങുന്ന "ലാൻറ് രജിസ്റ്റർ"

തയ്യാറാക്കി സൂഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തേക്കും ആവശ്യമായ വായ്പാതുക തിട്ടപ്പെടുത്തി അർഹതപ്പെട്ടവർക്ക് ലഭ്യമായെന്ന് ഉറപ്പു വരുത്തുക.

5. കാർഷിക ആവശ്യത്തിന് നബാർഡിൽ നിന്നും ലഭിക്കുന്ന "കൺസഷണൽ ഫിനാൻസ്", തുടർന്നും കൃത്യമായി അനുവദിച്ച് കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുക.

6. സർക്കാരിൽ നിന്ന് അനുവദച്ചു കിട്ടുന്ന പലിശ സബ്സഡി യഥാസമയം വായ്പക്കാർക്ക് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സർക്കാർ തലത്തിലും ബാങ്ക് തലത്തിലും ചെയ്യേൺതാണ്.

7. വ്യക്തികൾക്ക് നൽകുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്. ഇന്ന് ബാങ്ക് നൽകിവരുന്നത് 300 രൂപ മാത്രമാണ്.

8. വളങ്ങൾക്ക് പുറമേ കാർഷികോപകരണങ്ങളും വിത്തുകളും വിതരണം ചെയ്യുവാനും, കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുവാനും ബാങ്കിൽ സംവിധാനം ഉണ്ടാക്കണം.

9. വെളിമുക്ക് സറവ്വീസ് സഹകരണ ബാങ്ക് മൂന്നിയൂർ എ.സി.ബാസാറിൽ ബ്രാഞ്ച് സ്ഥാപിക്കുവാൻ ഡിപ്പാർട്ട്മെൻറിൻെറ അംഗീകാരത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ ബ്രാഞ്ച് സ്ഥാപിച്ചാലെ മൂന്നിയൂർ ഭാഗത്തുള്ള ജനങ്ങൾക്ക് ബാങ്കിൻെറ ആനുകൂല്യം ഉപയോഗപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. മിക്ക ഗ്രാമസഭകളിലും ഈ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്

പഞ്ചായത്തിലെ സാധാരണക്കാരായ കൂലിപ്പണിക്കാർക്കും മറ്റു ജീവനക്കാർക്കും സൗകര്യപ്രദമായ രീതിയിൽ വെളിമുക്ക് സർവ്വീസ് സഹകരബാങ്കിൻെറ രാവിലെയും വൈകുന്നേരവും പ്രവർത്തിക്കുന്ന ഒരു ബ്രാഞ്ച് പഞ്ചായത്തിലെ പ്രധാന കേന്ദ്രമായ പണിക്കോട്ടും പടിയിൽ ആരംഭിക്കേണ്ടതാണ്.

10. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ മൂന്നിയൂർ പഞ്ചായത്തിലെ പാടശേഖരങ്ങൾ കെട്ടിടങ്ങളായും തോട്ടങ്ങളായും മാറികൊണ്ടിരിക്കുകയാണ്. നെൽകൃഷിക്ക് നാമമാത്ര സബ്സിഡിയാണ് സർക്കാർ നൽകികൊണ്ടിരിക്കുന്നത്. സബ്സിഡി വർദ്ധിപ്പിച്ച് മേത്തരം വിത്ത്, വളം, കീടനാശിനി, ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത്-മെതി യന്ത്രങ്ങൾ എന്നിവയും ലഭ്യമാക്കണം. ഇതിനായി വിവിധ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് നിലവിലുള്ള സമിതിയിൽ ഗ്രൂപ്പ് ഫാമിംങ് സഹകരണ സംഘങ്ങളാക്കി പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്.

11. ബാങ്ക് ഇപ്പോൾ നൽകിവരുന്ന മദ്ധ്യകാല കാർഷികേതര വായ്പക്ക് (50000) പണയാധാര രജിസ്ട്രേഷന് 2% ഫീസാണ് സർക്കാർ ഈടാക്കുന്നത്. ഈ വായ്പ പലിശ സഹിതം തിരിച്ചടച്ച് ആധാരം തിരിച്ചും രജിസ്ട്രർ ചെയ്യുമ്പോൾ പലിശയടക്കമുള്ള വലിയ ഒരു സംഖ്യക്കും ഫീസ് നൽകേണ്ടി വരുന്നത് സാധാരണക്കാരന് പ്രയാസങ്ങൾ ഉണ്ടാക്കുന്നു. കാർഷിക വായ്പയ്ക്ക് ഫീസ് 1% മാകി കുറച്ച പോലെ കാർഷികേതര വായ്പക്കും ഫീസ് 1% ആക്കി കുറക്കേണ്ടതാണ്.

12. ദീർഘകാല വായ്പ നൽകി വരുന്ന കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വായ്പാ വിതരണ സംവിധാനം ലളിതവത്ക്കരിച്ച് പഞ്ചായത്തുകൾ തോറും വായ്പാമേളകൾ നടത്തി പ്രവർത്തനം കൂടുതൽ ജനകീയ വൽക്കരിക്കണം.

13. മൂന്നിയൂർ കളിയാട്ടുമുക്കിൽ ബാങ്കിൻെറ കീഴിൽ വള വിപണന കേന്ദ്രം ആരംഭിക്കണം.

ക്ഷീര വ്യവസായ സഹകരണ സംഘം

വെളിമുക്ക് ക്ഷീരോല്പാദന സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധി 4,6,7 വാർഡുകളാണ്. പ്രതിദിനം 100 ലിറ്റർ പാൽമാത്രമെ ഇവിടെ സംഭരിക്കുവാൻ സാധിക്കുന്നുള്ളൂ. കൂടുതൽ കറവമാടുകളെ സംഘം മുഖേന വിതരണം ചെയ്ത 5 വർഷത്തിനുള്ളിൽ ഉല്പാദനം 1000 ലിറ്ററായെങ്കിലും വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കണം.

1,2,3 വാർഡുകൾ പ്രവർത്തന പരിധിയായി ചേളാരിയിലും, 8മുതൽ 14 വരെ വാർഡുകൾ പ്രവർത്തന പരിധിയായി ആലിൻചുവട്ടിലം ഓരോ ക്ഷീരോല്പാദന സംഘങ്ങൾ കൂടി രൂപീകരിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. സംഘങ്ങൾ അടുത്ത 5 വർഷത്തിനുള്ളിൽ പ്രതിദിനം സംഭരിക്കുവാൻ ഉദ്ദേശിക്കുന്ന പാലിൽ മൂന്നിയൂർ പഞ്ചായത്തിലെ ഉപഭോഗം കഴിച്ച് ബാക്കി കേട് കൂടാതെ സംഭരിച്ച് സൂക്ഷിക്കുവാനും, സംസ്കരിക്കാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു സംഘത്തിൽ ഉണ്ടാകണം.

2. കാലിത്തീറ്റ വിതരണതിനായി ഓരോ സംഘത്തിലും സംവിധാനം ഉണ്ടാക്കണം.

3. നല്ലയിനം കറവ മാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തുകൊടുക്കണം.

4. മൃഗ സംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ സേവനം തക്കസമയത്തു ലഭ്യമാക്കണം.

5. പഞ്ചായത്തു തലത്തിലും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്ഷീര വികസനത്തിന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

**ലേബർ കോൺട്രാക്ട് സഹകരണ സംഘം**

പഞ്ചായത്തിലെ അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ മൂന്നിയൂർ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പാറക്കടവ് കേന്ദ്രമാക്കി ലേബർ കോൺട്രാക്ട് സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൃപ്തികരമായ രീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**ഉൾനാടൻ മത്സ്യ ബന്ധന സഹകരണ സംഘം**

മൂന്നിയൂർ പഞ്ചായത്ത് ഉൾനാടൻ മത്സ്യബന്ധനത്തിന് വളരെയേറെ സാദ്ധ്യതകളുള്ള പ്രദേശമാണ്. 1500 ഏക്കറോളം വെള്ളക്കെട്ടുള്ള ചാലി പ്രദേശങ്ങളിൽ നിന്ന് മത്സ്യം പിടിച്ച് വില്പന നടത്തി ഉപജീവനം നടത്തുന്ന 400 ഓളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ചെമ്മീൻ വളർത്തലിന് ഏറെ സാദ്ധ്യതയുള്ള ചെർനൂർ ചാലി പ്രദേശത്ത് ബണ്ട് നിർമ്മിച്ച് വിപുലമായ രീതിയിൽ മത്സ്യ ഉല്പാദനം നടത്താവുന്നതാണ്. തിരൂരങ്ങാടി താലൂക്ക് ഉൾനാടൻ മത്സ്യബന്ധന സഹകരണ സംഘം ഈയിടെയായി മൂന്നിയൂർ പഞ്ചായത്തിലെ ചേറക്കോട് കേന്ദ്രമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല. പഞ്ചായത്തു തലത്തിൽ സംഘത്തിന്റെ പ്രവർത്തനം വിപുലമാക്കിയാൽ ഈ രംഗത്തു തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാൻ സാധിക്കും.

**പഞ്ചായത്തു തലത്തിൽ രൂപീകരിക്കേണ്ട സഹകരണ സംഘങ്ങൾ**

**1. സഹകരണ ആശുപത്രി**

മൂന്നിയൂർ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെൻറർ ഉൾപ്രദേശമായ കളിയാട്ടമുക്കിലാണ് സ്ഥിതിചെയ്യുന്നത്. വേണ്ടത്ര സൗകര്യങ്ങളുണ്ടായിട്ടും സ്ഥിരം ഡോക്ടറുടെ അഭാവവും പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവും കാരണം പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് രോഗികൾ ഇവിടെ എത്താറില്ല. ഈ സാഹചര്യത്തിൽ പണിക്കോട്ടുപടി കേന്ദ്രമായി ഒരു സഹകരണ ഹോസ്പിറ്റൽ രൂപീകരിക്കുവാനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ പ്രവർത്തനം തുടരുവാൻ സാധിച്ചിട്ടില്ല. ഈ സംരംഭം വീണ്ടും സജീവമാക്കാൻ നടപടികൾ വേണം.

**2. കൺസ്യൂമർ സഹകരണസംഘം**

പഞ്ചായത്തിലെ സാധാരണക്കാർക്ക് ന്യായമായ വിലക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുവാൻ പഞ്ചായത്തുതലത്തിൽ കൺസ്യൂമർ സഹകരണ സ്റ്റോർ സ്ഥാപിക്കണം.

**3. സ്ക്കൂൾ സഹകരണ സംഘങ്ങൾ**

പഞ്ചായത്തിലെ സമീപ പ്രദേശങ്ങളിലെ രണ്ടോ, മൂന്നോ സ്ക്കൂൾ ഉൾപ്പെടുത്തി സ്കൂൾ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. ഇങ്ങനെ മൂന്ന് സംഘങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കാം. പാഠപുസ്തകങ്ങളുടെയും, സ്കൂൾ യൂനിഫോമുകളുടെയും വിതരണം സുഗമമായ രീതിയിൽ നടത്തുവാൻ സ്കൂൾ സഹകരണസംഘങ്ങൾക്ക് സാധിക്കും. എല്ലാ വിദ്യാർത്ഥികളെയും അധ്യാപകരേയും നിർബന്ധമായും ഈ സംഘങ്ങളിൽ അംഗങ്ങളാകേണ്ടതാണ്.

**4. പട്ടികജാതി സഹകരണ സംഘം**

മൂന്നിയൂർ പഞ്ചായത്തിൽ പട്ടികജാതി

സഹകരണസംഘം പ്രവർത്തിക്കുന്നില്ല. തിരൂരങ്ങാടി പഞ്ചായത്തിലെ കരിപ്പറമ്പ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഹരിജൻ സഹകരണ സംഘത്തിന്റെ പരിധിയിലാണ് മൂന്നിയൂർ പഞ്ചായത്തു ഉൾപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് പഞ്ചായത്തിലുള്ള പട്ടികജാതി പട്ടികവർഗ വിഭാഗത്തിന് പ്രത്യേക നേട്ടങ്ങളൊന്നുമില്ല. കുറച്ചു പേർക്ക് മാത്രമേ മേൽ സംഘത്തിൽ അംഗത്വമുള്ളൂ. മൂന്നിയൂർ പഞ്ചായത്ത് കേന്ദ്രമായി പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടി ഒരു പട്ടികജാതി സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

5. കോഴിവളർത്തൽ സഹകരണസംഘം

നമ്മുടെ വരുമാനത്തിന്റെ നല്ലൊരു ശതമാനം കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി ഇതിര സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. പഞ്ചായത്തിൽ കോഴി വളർത്തൽ സഹകരണ സംഘം രൂപീകരിച്ച് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുകയും, സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ യൂനിറ്റുകളായി കോഴി വളർത്തുകയും ചെയ്യാവുന്നതാണ്. മൃഗ സംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും, സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതാണ്.

6. വനിതാ സഹകരണ സംഘം

മൂന്നിയൂർ പഞ്ചായത്തിലെ സ്ത്രീകളുടെ പുരോഗതി ലക്ഷ്യം വെച്ച് വനിതാ സഹകരണ സംഘം രൂപീകരിക്കണം. സംഘത്തിന്റെ കീഴിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, അച്ചാർ, കറിപൗഡർ നിർമ്മാണ് എന്നിവ ആരംഭിക്കാവുന്നതാണ്.

തൊഴിൽ സാദ്ധ്യതകൾ

വെളിമുക്ക് സർവ്വീസ് സഹകരണ ബങ്കിന് നിർദ്ദേശിച്ചപോലെ ബ്രാഞ്ചും, മോർണിംഗ്, ഈവനിംഗ് ബ്രാഞ്ചുകളും അനുവദിച്ചുകിട്ടിയാൽ ഏഴോളം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതാണ്.

പാടശേഖര സമിതികൾ ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങളായി മാറി കഴിഞ്ഞാൽ വിവിധ സമിതികളിലായി 30 ഓളം പേർക്ക് തൊഴിൽ ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം വിപുലമാക്കിയാൽ മൂന്ന് പുതിയ തൊഴിലവസരങ്ങൾ കൂടി ഉണ്ടാകും.

നിലവിലുള്ള വെളിമുക്ക് ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ പ്രവർത്തനം വ്യാപകമാക്കുകയും, നിർദ്ദേശിച്ച രണ്ട് പുതിയ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്താൽ 9 പേർക്ക് പ്രത്യക്ഷമായും 20 ഓളം പേർക്ക് പരോക്ഷമായും ജോലി ലഭിക്കും. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലേബർ കോൺട്രാക്ട് സംഘം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞാൽ ഏകദേശം 40 പേർക്ക് തൊഴിൽ സാദ്ധ്യതയുണ്ടാകും. ഉൾനാടൻ മത്സ്യബന്ധന സഹകരണ സംഘം പഞ്ചായത്തു കേന്ദ്രീകരിച്ച് പ്രവർത്തനം സജീവമാക്കിയാൽ 240 പേർക്ക് തൊഴിലും 260 ഓളം പേർക്ക് ഉപതൊഴിലും ലഭ്യമാകും. സഹകരണ ആശുപത്രി, കൺസ്യൂമർ സഹകരണ സംഘം, പട്ടികജാതി സഹകരണസംഘം എന്നിവ പ്രാവർത്തികമായാൽ 9 പേർക്ക് കൂടി തൊഴിൽ സാദ്ധ്യത ഉണ്ടാകുന്നതാണ്.

കോഴി വളർത്തൽ സഹകരണ സംഘവും, വനിതാ സഹകരണ സംഘവും നിർദ്ദേശിച്ച പ്രകാരം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞാൽ 60 ഓളം പേർക്ക് പുതിയ തൊഴിലവസരങ്ങളുണ്ടാവും.

സഹകരണ പ്രസ്ഥാനത്തിന് ജനകീയാസൂത്രണ പ്രക്രിയയിൽ നിർണ്ണായക പങ്കു വഹിക്കാനുണ്ട്. പഞ്ചായത്തിൽ സഹകരണ രംഗം സജീവമാക്കുന്നതിന്, സഹകാരികളെ ചേർത്ത് പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണ സെൽ രൂപീകരിക്കാവുന്നതാണ്.

സഹകരണ രംഗത്തെ വിവിധ മേഖലകളിലലെ വളർച്ചയ്ക്ക് മൂന്നിയൂർ പഞ്ചായത്തിന് ആകെ 750 ലക്ഷം രൂപയുടെ മുതൽ മുടക്ക് ആവശ്യമാണ്. ഇത്രയും തുക മുതൽ മുടക്കുക വഴി 550 ഓളം പേർക്ക് പ്രത്യക്ഷമായും 400 ഓളം പേർക്ക് പരോക്ഷമായും ജോലി ലഭിക്കും. കൂടാതെ 800ത്തോളം വരുന്ന കുടുംബങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധിയും ഉണ്ടാകുന്നതാണ്. അങ്ങിനെ ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാൽ

ക്കരിക്കുന്നതിൽ സഹകരണ പ്രസ്ഥാനത്തിന് അതിൻേറതായ പങ്ക് വഹിക്കുവാൻ കഴിയും.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി മൂന്നിയൂർ പഞ്ചായത്തിലെ 14 ഗ്രമസഭകൾ ചർച്ച ചെയ്ത് അംഗീകരിച്ച റിപ്പോർട്ട് കോർ ഗ്രൂപ്പുകൾ ക്രോഡീകരിച്ച് സഹകരണ രംഗത്തെ വിദഗ്ദരുടെ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കിയാൽ മൂന്നിയൂർ പഞ്ചായത്തിൻെറ കാർഷിക രംഗത്തും, തൊഴിൽ രംഗത്തും സമഗ്രമായ വികസനവും സാമ്പത്തിക രംഗത്ത് അഭിവൃദ്ധിയും ഉണ്ടാക്കുവാൻ കഴിയും. സഹകരണ രംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിക്കുന്നു.

ഹനീഫ ആച്ചാട്ടിൽ

കൺവീനർ.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടിക

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം (000) | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം തുക (5000) | നഷ്ടം തുക (5000) | സ്ഥിരം | മറ്റുള്ളവർ |
| 1 | വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്ക് | 1922 | മൂന്നിയൂർ പഞ്ചായത്ത് | 9882 | 994159 | 6200 | 17000 | 2100 | 644 | 24500 | | 190 | 11 | 7 |
| 2 | വെള്ളിമുക്ക് ക്ഷീരോല്പാദകസഹകരണ സംഘം | 1978 | 4,6,7 വാർഡുകൾ | 269 | – | – | — | – | | – | – | – | 2 | |
| 3 | മുന്നിയൂർ പഞ്ചായത്ത് ഗ്രാമീണ വ്യവസായ സഹകരണ സംഘം | 1972 | മൂന്നിയൂർ പഞ്ചായത്ത് | 469 | 22385 | – | 5 | – | | | | 50.45 | 2 | 1 |
| 4 | മുന്നിയൂർ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം | | | | – ലഭ്യമല്ല – | | | | | | | | | |
| 5 | തിരൂരങ്ങാടി താലൂക്ക് ഉൾനാടൻമത്സ്യബന്ധന സഹകരണസംഘം | | | | – ലഭ്യമല്ല – | | | | | | | | | |

# പട്ടികജാതിപട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിൽ 485 പട്ടികജാതി കുടുംബങ്ങളാണ് താമസിച്ചുവരുന്നത്. പട്ടികവർഗ്ഗ കുടുംബങ്ങൾ ഇവിടെ ഇല്ല. 14 അംഗീകൃതകോളനിയും 6 അംഗീകാരത്തിന് സമർപ്പിക്കാനുള്ള കോളനിയും ഇടകലർന്ന് ജീവിക്കുന്ന കുടുംബങ്ങളുംകൂടി ആകെ 22.61 പട്ടികജാതി അംഗങ്ങളുണ്ട്.

ഈ വിഭാഗത്തിന് വിദ്യാഭ്യാസസാമൂഹികമേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികപുരോഗതിയുടെ കാര്യത്തിൽ വളരെ പുറകിലാണ്. മുമ്പ് സാമൂഹികമായും സാമ്പത്തികമായും ഏറെ പിറകിലായിരുന്ന ഈ വിഭാഗത്തിന് മിച്ചഭൂമിനിയമവും, കുടികിടപ്പവകാശനിയമവും ഏറെ സഹാകരമായി. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്ന് മോചനം നേടാൻ സാധിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതിക്കാരും കാർഷികമേഖലയിൽ കൂലിവേലചെയ്തു ജീവിക്കുന്നവരാണ്. ഈ വിഭാഗത്തിന്റെ പുരോഗതി ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന വിവിധപദ്ധതികൾ സംബന്ധിച്ചുള്ള അജ്ഞതകാരണവും സാങ്കേതിക നൂലാമാലകൾകാരണവും വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ആനുകൂല്യങ്ങൾ കൂടുതലും ലഭിക്കുന്നത് കോളനിനിവാസികൾക്കാണ്. ഒറ്റപ്പെട്ട് കിടക്കുന്ന കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കാറില്ല. ഈ വിഭാഗത്തിന്റെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് സമസ്തമേഖലകളിലും പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. (കോളനികളെ സംബന്ധിച്ചുള്ള വിവരം പട്ടിക 1 ൽ ചേർക്കുന്നു.) പട്ടികജാതിക്കാരുടെ വിവാഹം തുടങ്ങിയ ചടങ്ങുകളിലെല്ലാം മറ്റുസമുദായത്തിൽപ്പെട്ടവർ പങ്കെടുക്കാറുണ്ട്. എല്ലാവരും പരസ്പരം സ്നേഹിച്ചും സഹകരിച്ചും ജീവിച്ചുവരുന്നു. സാമൂഹ്യമായ വിലക്കുകൾ ഒന്നുംതന്നെ ഇല്ല. ഈ പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ ക്ഷേമകാര്യങ്ങൾക്കായി വളരെകുറച്ചു തുക മാത്രമേ ചിലവഴിക്കുന്നുള്ളൂ.

### വിദ്യഭ്യാസം

നിരക്ഷരർ കുറവാണെങ്കിലും ആവശ്യമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടില്ല. ശരാശരി വിദ്യാഭ്യാസയോഗ്യത പത്താംതരമാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല. കുടുംബബാധ്യത ഏറ്റെടുക്കേണ്ടിവന്നതിനാൽ ഇടക്കുവെച്ച് പഠനം നിർത്തേണ്ടിവന്ന സാഹചര്യമാണുള്ളത്. വിദ്യാഭ്യാസരംഗത്ത് ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. 96-97 അധ്യയനവർഷത്തിൽ യു.പി.സ്കൂളിലും ഹൈസ്കൂളിലുമായി 513 പട്ടികജാതിവിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇതിൽ 280 പേർ ആൺകുട്ടികളും 233പേർ പെണ്ടകുട്ടികളുമാണ്. ഹൈസ്കൂൾ തലത്തിൽ പഠനം നടത്തുന്നവർ വളരെ കുറവാണ്. പ്രസ്തുതവർഷത്തിൽ 12 ആൺകുട്ടികളും 5 പെൺകുട്ടികളും അടക്കം 17 പേർ ഇടക്കുവെച്ച് പഠനം നിർത്തി. 58 പേർ ഓരോ ക്ലാസുകളിൽ തോറ്റവരാണ്. സാമ്പത്തിക കാരണങ്ങളാൽ പഠനം മുടങ്ങുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ്, പഠനോപകരണങ്ങൾ ഇവ നൽകി സഹായിക്കുക. ഉപരിപഠനത്തിനും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകേണ്ടതുണ്ട്. എസ്.എസ്.എൽ.സിക്കു മുകളിലായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്.

| നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | ആകെ എണ്ണം | ആൺ എണ്ണം | പെൺ എണ്ണം | കുട്ടികൾ എണ്ണം | റിമാർക്ക്ഡ് |
|---|---|---|---|---|---|---|---|---|
| 1 | 1 | ചെർനൂർ | | | | | | |
| 2 | 2 | ചേളാരിമിച്ചഭൂമി | | | | | | |
| 3 | 3 | പുത്തൂർ- ചേളാരി | 35 | 226 | 82 | 67 | 77 | |
| 4 | 4 | കരണിയിൽ | 13 | 87 | 21 | 30 | 36 | കോളനികളില്ലാത്തതെയുള്ള കണക്കുകൾ ലഭ്യമല്ല |
| 5 | 4 | വയലാർമുണ്ടിയൻമാട് (ചേളാരി) | 9 | 34 | 8 | 17 | 9 | |
| 6 | 5 | നടുവിലപ്പാറ | 17 | 133 | 50 | 52 | 31 | |
| 7 | 6 | ലക്ഷംവീട്കോളനി | 33 | 208 | 72 | 76 | 70 | |
| 8 | 6 | കൂപ്പ-വെളിമുക്ക് | 11 | 67 | 27 | 26 | 14 | |
| 9 | 7 | കാവളംകണ്ടി | 18 | 117 | 50 | 44 | 23 | |
| 10 | 7 | വെങ്ങലശ്ശേരി-പാലക്കൽ | 12 | 90 | 30 | 47 | 13 | |
| 11 | 9 | കളിയാട്ടുമുക്ക് | 30 | 287 | 62 | 54 | 55 | |
| 12 | 8 | കല്ലടതായം | 12 | 73 | 30 | 28 | 15 | |
| 13 | 14 | കുന്നത്ത്പറമ്പ് | 15 | 66 | 24 | 27 | 15 | |
| അംഗീകാരത്തിന് സമർപ്പിച്ചത് | | | | | | | | |
| 1 | | വയലാർപാറക്കടവ് | 15 | 101 | 40 | 36 | 25 | |
| അംഗീകാരത്തിന് സമർപ്പിക്കാനുള്ളത് | | | | | | | | |
| 1 | 8 | കൊല്ലൻപുറായ (കളിയാട്ടമുക്ക്) | 11 | 43 | 16 | 18 | 9 | ഒറ്റപ്പെട്ടുകിടക്കുന്ന വീടുകളായതിനാൽ യഥാർത്ഥഅംഗസംഖ്യലഭ്യമല്ല |
| 2 | 4 | ചേളാരി(സെറ്റിൻമെന്റ്) | 10 | 46 | 13 | 17 | 16 | |
| 3 | 11,12,13,14 | അരീപാറ(പാറക്കാവ്) | 14 | 130 | 42 | 57 | 31 | |
| 4 | 8,10 | മുട്ടിച്ചിറ(മുട്ടിച്ചിറ-ചക്കിങ്ങൽ, വെളുത്തേടത്ത്) | 12 | 64 | 23 | 28 | 13 | |
| 5 | 10 | ആലിൻചുവട് (പ്രദേശങ്ങൾ) | 10 | 36 | 12 | 16 | 8 | |

## തൊഴിൽ മേഖല

പട്ടികജാതിക്കാരിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ ജോലിചെയ്തുവരുന്നു. ബാക്കിയുള്ളവർ കെട്ടിടനിർമ്മാണമേഖലയിലും പരമ്പരാഗത തൊഴിൽമേഖല, കൈത്തൊഴിൽ എന്നീ മേഖലകളിലും ജോലിചെയ്ത് ഉപജീവനമാർഗ്ഗം കാണുന്നു.

ഇവരിൽ കർഷകതൊഴിലാളികളായി 40% വും കെട്ടിടനിർമ്മാണമേഖലയിൽ 30 % വും 10% പേർ പരമ്പരാഗത മേഖലയിലും ജോലിചെയ്തു വരുന്നു. 15 %പേർ ജോലിയില്ലാത്തവരാണ്. കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് പുരുഷന്മാർക്ക് 180 രൂപയും സ്ത്രീകൾക്ക് 60 രൂപയുമാണ്. കെട്ടിടനിർമ്മാണമേഖലയിൽ ഇവ യഥാക്രമം 100 രൂപയും 75 രൂപയുമാണ്.

പട്ടികജാതിക്കാരായ സ്ത്രീകൾ തലമുറകളായി ചെയ്തുവരുന്ന കൈത്തൊഴിലായ പായനെയ്ത്ത് ഇപ്പോൾ പാടെ ഇല്ലാതായിക്കഴിഞ്ഞു.കൈതോലകിട്ടാത്തതാണ് കാരണം. പുരുഷന് കുട്ടമെടയൽ പ്രധാനഉപജീവിതമാർഗ്ഗമായിരുന്നു ആവശ്യാനുസരണം മുളകിട്ടാത്തതിനാൽ ഇവയും ഇപ്പോൾ കുറവാണ്. ഇപ്പോൾ കാർഷികമേഖലയും തകരുന്നതിനാൽ കൂടുതൽ തൊഴിലാളികളും കെട്ടിടനിർമ്മാണമേഖലകളിലും അനുബന്ധതൊഴിൽമേഖലകളുംതേടി പോകുന്ന അവസ്ഥയാണ്. പുതിയതലമുറകൾ കാർഷികമേഖലയിൽ നിന്ന് പാടെ അകന്നുപോയിരിക്കുന്നു. സ്ത്രീകൾ മാത്രം ചെയ്തിരുന്ന നടീൽജോലിക്ക് ആളെ കിട്ടാത്ത സ്ഥിതിയാണുള്ളത്. കൂലിവേലചെയ്ത് ഉപജീവനമാർഗ്ഗം കഴിഞ്ഞ് വരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽസംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ മുഴുവൻ ആളുകൾക്കും ജോലിനൽകുകയും വിദ്യാഭ്യാസനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഒരു വീട്ടിൽ ഒരാൾക്കെങ്കിലും സർക്കാർ ജോലി നൽകുകയും ചെയ്യേണ്ടതാണ്. സർക്കാർനിർദ്ദേശിക്കുന്ന ജോലിസംവരണം ഇതുവരെ പാലിക്കാത്ത സ്ഥാപനങ്ങളിൽ ആവശ്യാനുസരണം ആളുകളെ നിയമിക്കുന്നതിന് നടപട് സ്വീകരിക്കേണ്ടതാണ്. ആവശ്യാനുസരണം മുളലഭ്യമാക്കുകയാണെങ്കിൽ കുട്ടനെയ്ത്തുമേഖലയിൽ കുറെപേർക്ക് തൊഴിൽ ലഭിക്കും. പഞ്ചായത്തിൽ ഇപ്പോൾ സർക്കാർ മേഖലകളിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ജോലി ചെയ്യുന്നവർ 32പേരുണ്ട്.

## പാർപ്പിടം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പാർപ്പിടസംബന്ധമായ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളിലൂടെ ലഭിക്കുന്ന ധനസഹായങ്ങൾ വീട് നിർമ്മാണത്തിനു സഹായകമായിട്ടുണ്ട്. മിക്ക വീടുകളും പരിമിതമായ സൗകര്യങ്ങളോടുകൂടിയതാണെങ്കിലും ഓലക്കുടിലുകൾ ഏറെക്കുറെ ഇല്ലാതാക്കാൻ കഴിഞ്ഞു. സർക്കാരിന്റെ വിവിധപദ്ധതികൾ കൂടുതലും കോളനികൾക്ക് മുൻഗണനനൽകി നടപ്പാക്കിയതിനാൽ ഒറ്റപ്പെട്ട് കിടക്കുന്ന വീടുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കാതെ പോയിട്ടുണ്ട്. ഇത്തരം ആളുകൾക്ക് കൂടി വിവിധ പദ്ധതി പ്രയോജനം ലഭ്യമാകേണ്ടതുണ്ട്.

സർക്കാർ വീടുകൾ നിർമ്മിക്കുവാൻ നൽകിവരുന്ന ധനസഹായതുക അപര്യാപ്തമായതിനാൽ കുറെ വീടുകൾ പൂർത്തീകരിക്കുവാൻ സാധിക്കാതെ പോയിട്ടുണ്ട്. ധനസഹായമായി നൽകുന്ന തുക വർദ്ധിപ്പിക്കേണ്ടതുണ്ട്. പട്ടികജാതിവികസന വകുപ്പ് മുഖേന നൽകുന്ന ഭവനനിർമ്മാണഗ്രാന്റ് വർദ്ധിപ്പിക്കുകയും, പട്ടികജാതി/വർഗ്ഗ വികസന കോർപ്പറേഷൻ വീടിന് നൽകുന്ന വായ്പാതുക വർദ്ധിപ്പിക്കുകയും വായ്പാരീതി ലഘൂകരിക്കുകയും ചെയ്യുക. ഇത്തരം വായ്പകൾക്ക് നൽകുന്ന പലിശയുടെ നിരക്ക് കുറക്കുക.

പഞ്ചായത്തിലെ മിക്ക പട്ടികജാതിക്കാർക്കും 10 സെന്റും അതിന് താഴെയും ഭൂമിയുള്ളവരാണ്. 10 സെന്റിനും 50 സെന്റിനും താഴെ ഭൂമിയുള്ളവർ വളരെ കുറവാണ്. മിക്കവീടുകളിലും അംഗങ്ങളുടെ വർദ്ധനവിനനുസരിച്ച് സ്ഥലസൗകര്യം ഇല്ല. വീട് വെക്കുവാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസപദ്ധതിപ്രകാരം അനുവദിക്കേണ്ടതാണ്.

പഞ്ചായത്തിലെ മിക്കവീടുകളിലും, കക്കൂസ്, കിണർ, വൈദ്യുതി ഇവയും കൂടുതൽ പേർ താമസിക്കുന്ന പ്രദേശങ്ങളിൽ പൊതുകിണർ, കുഴൽക്കിണർ എന്നിവയും നിർമ്മിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഒറ്റപ്പെട്ട് കിടക്കുന്ന വീടുകളിലെ വിവരങ്ങൾ കൃത്യമായി ലഭിക്കാത്തതിനാൽ റിപ്പോർട്ട് പൂർണ്ണമല്ല.

ഗ്രാമസഭാറിപ്പോർട്ടുപ്രകാരം 202 വീടും 287 കക്കൂസും പുതുതായി നിർമ്മിക്കേണ്ടതുണ്ട്. 138 വീടുകൾക്ക് കിണറുകൾ നിലവിലുണ്ട്. 295 വീടുകൾക്ക് കിണറുകൾ അത്യാവശ്യമാണ്. 144 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. 291 വീടുകൾക്ക് വൈദ്യുതി ലഭിക്കേണ്ടതുണ്ട്. (വിശദവിവരങ്ങൾ അനുബന്ധ പട്ടിക 2 ൽ ചേർക്കുന്നു.)

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസം ശരാശരിയിൽ താഴെയാണ്. ഇടയ്ക്ക് വെച്ച് പഠനം നിർത്തുന്നു. നിരക്ഷരത നിലനിൽക്കുന്നു.

2. കാർഷികരംഗത്ത് നിന്ന് തൊഴിലാളികൾ അകലുന്നു. ഈ മേഖലകളിൽ തൊഴിൽകുറഞ്ഞു വരുന്നു. തൊഴിൽമേഖല നഷ്ടപ്പെടുമ്പോൾ ജീവിതനിലവാരം വീണ്ടും കുറയുന്നു.

3. വീടുവെക്കാൻ സ്ഥലമില്ല, വീടുനിർമ്മിക്കുവാൻ സർക്കാർ ഇപ്പോൾ നൽകുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ നിർമ്മിക്കുന്ന വീടുകൾ തന്നെ പൂർത്തീകരിക്കുവാൻ കഴിയുന്നില്ല. വീട് ഉണ്ടാക്കാനുള്ള സാധനസാമഗ്രിയുടെ വിലയുടെ വർദ്ധനവ്, ലേബർചാർജ്ജ് വർദ്ധന, ട്രാൻസ്പോർട്ടിംഗ്ചാർജ്ജ് വർദ്ധനവ് എന്നിവ നിമിത്തം സർക്കാർ നൽകുന്ന തുക തികയാതെ വരുന്നു. മിക്കവീടുകളിലും പ്രാഥമികസൗകര്യങ്ങൾ ഇല്ല.

4. കോളനികളിലെയും ഒറ്റപ്പെട്ട് കിടക്കുന്ന വീടുകളിൽ താമസിക്കുന്ന മിക്ക പട്ടികജാതിക്കാർക്കും കുടിവെള്ള സൗകര്യവും വൈദ്യുതിയും ഇല്ല.

5. പൊതുശ്മശാനങ്ങൾ നിലവിലുണ്ടെങ്കിലും അവ നശിച്ചുപോകുന്നത് തടയേണ്ടതാണ്. (വെളിമുക്ക്, കല്ലടത്തായം) കല്ലടത്തായം പട്ടികജാതി ശ്മശാനം പാർശ്വഭിത്തികെട്ടി സംരക്ഷിക്കേണ്ടതാണ്.

6 .ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

7. പാവപ്പെട്ട കുടുംബങ്ങളിലെ അർഹരായ ആളുകൾക്ക് വിധവാപെൻഷൻ, വികലാംഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിവ ലഭിക്കുന്നില്ല. അവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് ലഭിക്കുന്നില്ല.

9. കെട്ടിടനിർമ്മാണം, പായനെയ്ത്ത്, എന്നിവയ്ക്ക് അസംസ്കൃതസാധനങ്ങളും സാമ്പത്തിക സഹായവും ലഭിക്കുന്നില്ല.

10. കോളനിയിലെയും പട്ടികജാതിക്കാർ കൂടുതൽ അധിവസിക്കുന്ന പ്രദേശങ്ങളിൽ വായനാശീലം വളർത്തുന്നതിനും വിദ്യാഭ്യാസപരമായി ഉയർത്തുന്നതിനും ലൈബ്രറിയോ വായനശാലയോ ഇല്ല.

11. സർക്കാർ/ അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിസംവരണം (10% റിസർവേഷൻ) പാലിക്കാത്ത സ്ഥാപനങ്ങളുണ്ട്. ഈ മേഖലകളിൽ അർഹമായ പ്രാതിനിധ്യം ലഭിക്കാൻ നടപടികൾ സ്വീകരിക്കണം.

12. ഈ പഞ്ചായത്തിലെ അംഗീകാരം ലഭിക്കാത്ത കോളനികൾക്ക് അംഗീകാരം (സെറ്റിൽമെന്റ് കോളനി) നൽകി വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

## സാധ്യതകൾ

മിക്കകോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. മേൽപട്ടികയിൽ കാണിച്ച കോളനികളിൽ വൈദ്യുതി ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുടിവെള്ളം കോളനികളിലും, പഞ്ചായത്തിൽ ഒറ്റപ്പെട്ട് കിടക്കുന്ന പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിന് വേണ്ടി പഞ്ചായത്ത് ബ്ലോക്ക് എന്നീ ഏജൻസികൾ കിണറുകളും, കുഴൽക്കിണറുകളും, ടാപ്പുകളും സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള മിക്ക ടാപ്പുകളും, കുഴൽക്കിണറുകളും, പൊതുകിണറുകളും കിണറുകളും സ്ഥാപിക്കാവുന്ന കോളനികളും സ്ഥലങ്ങളുടെയും വിവരങ്ങളും സാധ്യകളും 3-10 പട്ടികയിൽ ചേർക്കുന്നു.

പട്ടികജാതിക്കാർക്ക് പൊതുപ്രവർത്തനമേഖലക്കുള്ളിൽ കൂടുതൽ അവസരങ്ങൾ നൽകുകയും സാമൂഹ്യമാന്യതവർദ്ധിപ്പിക്കുയും ചെയ്യുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കും.

വിദ്യാഭ്യാസകാര്യത്തിൽ ആവശ്യമുള്ളവർക്ക്

## വീട്, കക്കൂസ്, കിണർ വൈദ്യുതി, റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | കോളനിയുടെ/ സ്ഥലത്തിന്റെപേര് | വീടിന്റെ സ്വഭാവം | | | | കക്കൂസ് | | | കിണർ | | | വൈദ്യുതി | | | റോഡുകൾ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് എണ്ണം | ഓട് എണ്ണം | ഓല എണ്ണം | വീട് ആവശ്യമുള്ളവർ എണ്ണം | നിലവിലുള്ളവർ എണ്ണം | ഇല്ലാത്തവരുടെ എണ്ണം | ആവശ്യമുള്ളവരുടെ എണ്ണം | നിലവിലുള്ളവരുടെ എണ്ണം | ഇല്ലാത്തവരുടെ എണ്ണം | ആവശ്യമുള്ളവരുടെ എണ്ണം | നിലവിലുള്ളവരുടെ എണ്ണം | ഇല്ലാത്തവരുടെ എണ്ണം | ആവശ്യമുള്ളവരുടെ എണ്ണം | ഗതാഗത യോഗ്യമായത് | ഗതാഗത യോഗ്യമല്ലാത്തവ | പുതിയവ ആവശ്യമുള്ളവ |
| 1 | ചെർനൂർ | – | 20 | 15 | 30 | 15 | 20 | 20 | 10 | 25 | 25 | – | 35 | 35 | ഇല്ല | ഇല്ല | വേണം |
| 2 | ചേളാരി മിച്ചഭൂമി | – | 152 | 30 | 48 | 35 | 87 | 87 | 25 | 97 | 97 | 27 | 95 | 95 | ഇല്ല | ഉണ്ട് | --- |
| 3 | പത്തൂർ - ചേളാരി | – | 31 | 4 | 21 | 26 | 9 | 9 | 29 | 6 | 6 | 23 | 12 | 12 | ഇല്ല | ഉണ്ട് | വേണം |
| 4. | കരണിയിൽ | 1 | 5 | 7 | 13 | 3 | 10 | 10 | 3 | 10 | 10 | – | 13 | 13 | ഇല്ല | ഉണ്ട് | --- |
| 5 | വയലാർ(മുണ്ടിയൻമാട്) | – | 7 | 2 | 11 | 5 | 4 | 4 | 3 | 6 | 6 | – | 9 | 9 | ഇല്ല | ഇല്ല | വേണം |
| 6 | നടുവിലപ്പാറ | – | 16 | 1 | 1 | 7 | 10 | 11 | 3 | 14 | 14 | 12 | 5 | 5 | ഇല്ല | ഇല്ല | വേണം |
| 7 | ലക്ഷംവീട് വെളിമുക്ക് | – | 30 | 3 | 9 | 28 | 5 | 11 | 1 | 32 | 32 | 19 | 14 | 14 | ഉണ്ട് | – | – |
| 8 | കൂപ്പ- വെളിമുക്ക് | – | 10 | 1 | 1 | 5 | 6 | 6 | 5 | 6 | 6 | 6 | 5 | 5 | ഉണ്ട് | – | – |
| 9 | കാവളം കണ്ടി വെളിമുക്ക് | -- | 6 | 2 | 7 | 10 | 8 | 13 | 11 | 7 | 7 | 7 | 11 | 11 | ഇല്ല | ഇല്ല | വേ[illegible] |
| 10 | വെങ്ങശ്ശേരി പാലക്കൽ | -- | 12 | – | 3 | 9 | 3 | 6 | 6 | 6 | 6 | 11 | 1 | 1 | ഇല്ല | ഇല്ല | വേണം |
| 11 | കളിയാട്ടമുക്ക് | 3 | 21 | 6 | 18 | 13 | 17 | 29 | 8 | 21 | 21 | 21 | 9 | 9 | ഉണ്ട് | ഇല്ല | -- |
| 12 | കല്ലടതായം | – | 9 | 3 | 9 | 2 | 10 | 16 | 5 | 7 | 7 | 1 | 11 | 11 | ഇല്ല | ഉണ്ട് | --- |
| 13 | കുന്നത്ത്പറമ്പ് | – | 11 | 4 | 9 | 3 | 12 | 12 | – | 15 | 15 | – | 15 | 15 | ഇല്ല | ഉണ്ട് | --- |
| | അംഗീകാരത്തിന് സമർപ്പിച്ചത് | | | | | | | | | | | | | | | | |
| 1 | വയലാർ- പാറക്കടവ് | 1 | 13 | 1 | 9 | 8 | 7 | 18 | 4 | 11 | 11 | 4 | 11 | 11 | ഇല്ല | – | വേണം |
| | അംഗീകാരത്തിന് സമർപ്പിക്കാനുള്ളത് (ഒറ്റപ്പെട്ട് കിടക്കുന്നവ- സെറ്റിൽമെന്റ് കോളനികളാക്കാവുന്നവ) | | | | | | | | | | | | | | | | |
| 1 | കൊല്ലൻപുറായ (കളിയാട്ടമുക്ക്) | – | 11 | – | 5 | 9 | 2 | 7 | 8 | 3 | 3 | 7 | 4 | 4 | ഉണ്ട് | ഇല്ല | ----- |
| 2 | ചേളാരി (എസ്) | – | 7 | 3 | 9 | 4 | 6 | 6 | 4 | 6 | 6 | – | 10 | 10 | ഉണ്ട് | ഇല്ല | ----- |
| 3 | അരിപ്പാറ (പാറക്കടവ്) | – | 11 | 3 | 8 | 5 | 9 | 9 | 5 | 9 | 9 | 9 | 1 | 13 | ഉണ്ട് | ഇല്ല | ----- |
| 4 | മുട്ടിച്ചിറ | – | 6 | 6 | 14 | 3 | 9 | 9 | 4 | 8 | 8 | 2 | 10 | 10 | ഉണ്ട് | ഇല്ല | ----- |
| 5 | ആലിൻചുവട് . | – | 7 | 3 | 7 | 6 | 4 | 4 | 4 | 6 | 6 | 3 | 7 | 7 | ഉണ്ട് | ഇല്ല | ----- |

12 A

## പട്ടിക - 3

മിനി ജലസേചന പദ്ധതികൾ, ടാപ്പുകൾ, പൊതുകിണർ സംബന്ധിച്ച വിവരം:-

| No | കോളനിയുടെ | ടാപ്പുകൾ | | മിനിജലസേചന പദ്ധതി | | പൊതുകിണർ | | നിലവിലുള്ളവയെകുറിച്ചുള്ള വിവരം |
|---|---|---|---|---|---|---|---|---|
| | പേര്/സ്ഥലം | നിലവിലുള്ളത് | പുതിയത് സ്ഥാപിക്കേണ്ടവ | നിലവിലുള്ളവ | പുതിയത് സ്ഥാപിക്കേണ്ടവ | നിലവിലുള്ളവ | പുതിയത് നടപ്പിലാക്കേണ്ടവ | |
| 1 | ചെർനൂർ | ഇല്ല | ആവശ്യമുണ്ട് | ഇല്ല | ആവശ്യമുണ്ട് | ഇല്ല | വേണം | --- -- |
| 2 | ചേളാരി-മിച്ചഭൂമി | ഉണ്ട് | --- | ഇല്ല | വേണം | -- | " | ടാപ്പ് പ്രവർത്തന യോഗ്യമല്ല |
| 3 | പത്തൂർ- ചേളാരി | ഉണ്ട് | ---- | ഇല്ല | വേണം | ഇല്ല | വേണം | " |
| 4 | കരണിയിൽ | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | ------ |
| 5 | വയലാർ (മുണ്ടിയൻമാട്) | ഇല്ല | വേണം | ഇല്ല | വേണം | ഉണ്ട് | ---- | ഉണ്ട്കുഴൽകിണർ പ്രവൃത്തനക്ഷമമല്ല |
| 6 | നടുവിലപ്പാറ | ഇല്ല | വേണം | ഇല്ല | വേണം | ഉണ്ട് | ---- | പ്രവൃത്തനയോഗ്യമല്ല |
| 7 | ലക്ഷംവീട്-വെളിമുണ്ട് | ഉണ്ട് | ------ | ഇല്ല | വേണം | ഉണ്ട് | ---- | പ്രവൃത്തനയോഗ്യമല്ല |
| 8 | കൂപ്പ-വെളിമുക്ക് | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | ---- |
| 9 | വെങ്ങശ്ശേി-പാലക്കൽ | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവനടപ്പിലാക്കുക |
| 10 | കാവളംകണ്ടി-വെള്ളിമുക്ക് | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവ നടപ്പിലാക്കുക |
| 11 | കാളിയാട്ട മുക്ക് | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവ നടപ്പിലാക്കുക |
| 12 | കല്ലടത്തായം | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവ നടപ്പിലാക്കുക |
| 13 | കുന്നത്ത് പറമ്പ് | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവ നടപ്പിലാക്കുക |
| | അംഗീകരിക്കാത്തവ | | | | | | | |
| 1 | വയലാർ-പാറക്കടവ് | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവ നടപ്പിലാക്കുക |
| 2 | കൊല്ലൻ പുറായ കളിയാട്ടമുക്ക് | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവ നടപ്പിലാക്കുക |
| 3 | ചേളാരി | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവ നടപ്പിലാക്കുക |
| 4 | അരീപാറ പാറക്കടവ് | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവ നടപ്പിലാക്കുക |
| 5 | മുട്ടിച്ചിറ | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവ നടപ്പിലാക്കുക |
| 6 | ആലിൻ ചുവട് | ഇല്ല | വേണം | ഇല്ല | വേണം | ഇല്ല | വേണം | പുതിയവ നടപ്പിലാക്കുക |

വേണ്ടത്ര സാമ്പത്തിക സഹായവും മറ്റും നൽകിയും പ്രോത്സാഹിപ്പിക്കുക. തൊഴിൽ സംരംഭകർക്ക് പ്രത്യേകസഹായം നൽകുക.

പഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കളിയാട്ടമുക്ക് പ്രൈമറി ഹെൽത്ത് സെന്റർ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്ന ആശുപത്രിയാക്കിയാൽ കളിയാട്ടമുക്ക്, കൊല്ലൻപുറായ, മുട്ടിച്ചിറ പ്രദേശങ്ങളിലെ പട്ടികജാതിക്കാർക്കും ഈ പ്രദേശങ്ങളിലെ മുഴുവൻ ആളുകൾക്കും പ്രയോജനം ലഭിക്കും.

കലംകൊള്ളിയാൽ ശ്മശാനം റോഡ്- വെളിമുക്ക് നിന്ന് വരുന്ന റോഡുമായി ബന്ധിപ്പിച്ച് റോഡ് ടാറിട്ട് ഗതാഗതയോഗ്യമാക്കുക. കല്ലതോയം, കോളനി നിവാസികൾക്കും, വെളിമുക്ക് ചാലിപാടത്തെ കർഷകർക്കും, കല്ലടതായം, വെളുത്തേടത്ത്, പ്രദേശങ്ങളിലെ മുഴുവൻ ആളുകൾക്കും പ്രയോജനകരമാവും.

കുഴമ്പാട്ടുപാടം, നടുവിലപാറ കോളനിയിൽ എത്തിയിട്ടുള്ള കടയംകോൾ റോഡ് വടക്കുഭാഗത്ത് പണിക്കോട്ടുംപടിയിൽ നിന്ന് വരുന്ന റോഡുമായി ബന്ധിപ്പിച്ച് കോളനിനിവാസികളുടെയും മറ്റുള്ളവരുടെയും ഗതാഗതപ്രശ്നം പരിഹരിക്കുക.

പഞ്ചായത്തിലെ അർഹരായ മുഴുവൻ പട്ടികജാതിക്കാർക്കും കർഷകതൊഴിലാളി, വിധവാ, വാർദ്ധക്യകാലപെൻഷൻ എന്നിവ ലഭ്യമാക്കുക.

കല്ലടതായം ഹരിജൻ കോളനിയിൽ ജലക്ഷാമം പരിഹരിക്കുന്നതിൻ പൊതുകിണറോ, കുഴൽക്കിണറോ കുഴിക്കേണ്ടതാണ്.

പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ഭൂമിയിലെ മണ്ണൊലിപ്പ് തടയാൻ പദ്ധതികൾ നടപ്പാക്കണം.

വെളിമുക്ക് ലക്ഷംവീട് കോളനിയിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള കുഴൽക്കിണറിന് ഒരു മോട്ടോറും അതോടനുബന്ധിച്ച് വാട്ടർടാങ്കും സ്ഥാപിച്ച് കുടിവെള്ളം നൽകാം.

ലക്ഷംവീട് കോളനി (വെളിമുക്ക്)യുടെ നടുവശത്തായി സ്ഥിതിചെയ്യുന്ന ചെനമണ്ണിട്ട് തൂർത്ത് (ഈ പ്രദേശത്ത് മഴക്കാലത്ത് വെള്ളം നിറഞ്ഞ് നിൽക്കുന്നത് ഒഴിവാക്കി) സ്ഥലം കോളനി നിവാസികൾക്ക് ഉപയോഗപ്രദമാക്കുക.

പഞ്ചായത്തിൽ വീടുവെക്കാൻ സ്ഥലമില്ലാത്ത ആളുകൾക്ക് പഞ്ചായത്ത് ഭൂമി നൽകുകയും വീടിന് ഗ്രാന്റ് അനുവദിക്കുകയും ചെയ്യേണ്ടതാണ്.

വിവിധകോളനികളിലും ഓരോ ലൈബ്രറിയും വായനശാലയും അതോടനുബന്ധിച്ച് ഒരു ടി.വി. സെറ്റും പഞ്ചായത്ത് നൽകേണ്ടതാണ്.

പട്ടികജാതിക്കാരുടെ മുഴുവൻ കോളനികളിലും പൊതുകിണറും, കുഴൽക്കിണറും ടാപ്പ്ളും സ്ഥാപിച്ച് ശുദ്ധജലംക്ഷാമം പരിഹരിക്കാൻ പദ്ധതി കണ്ടെത്തണം.

പട്ടികജാതിക്കാരുടെ പ്രധാന കൈത്തൊഴിലായ പായനെയ്ത്ത് കുട്ടമെടയൽ എന്നിവയ്ക്ക് ആവശ്യമായ അസംസ്കൃതസാധനങ്ങൾ എത്തിച്ചുകൊടുക്കുകയും അവയ്ക്ക് ആവശ്യമായ സാമ്പത്ത്ക സഹായങ്ങൾ നൽകിയും ഈരംഗത്തെ പ്രോത്സാഹിപ്പിച്ച് തൊഴിൽ മേഖല ഉണ്ടാക്കാൻ പദ്ധതി തയ്യാറാക്കേണ്ടതാണ്.

പട്ടികജാതി കോളനികളിലെ ഭൂരിഭാഗം കിണറുകളിലും വേനൽക്കാലത്ത് വെള്ളം വറ്റിപ്പോകുന്നു. ഇവ റിപ്പയർ ചെയ്യുന്നതിന് പഞ്ചായത്തിൽനനിന്ന് ധനസഹായം ലഭ്യമാക്കണം.

പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതിക്കാരുടെ വീടുകളിലും കറന്റ് ഇല്ല. ( വീടുകളുടെ എണ്ണവും-വിശദവിവരങ്ങളും പട്ടികയിൽ ചേർക്കുന്നു.)

<u>പട്ടികജാതി/ പട്ടികവർഗ്ഗക്ഷേമത്തിനായ് സത്വര ശ്രദ്ധപതിയേണ്ടചിലനിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.</u>

കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽമേഖല വർദ്ധിപ്പിക്കുക.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കോളനികളിൽ പൊതുകിണറുകളും, കുഴൽകിണറുകളും ടാപ്പുകളും സ്ഥാപിക്കുക.

സ്ത്രീകൾക്ക് തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിന്സഹകരണമേഖലയിൽ പായനെയ്ത്ത്, തയ്യൽ യൂണിറ്റുകൾ, റെഡിമെയ്ഡ് യൂണിറ്റുകൾ, കയറുൽപ്പന്ന നിർമ്മാണം എന്നിവ തുടങ്ങുന്നതിന് പദ്ധതികൾ നടപ്പിലാക്കുക.

തൊഴിൽ ലഭ്യമാക്കുന്നതിന് ഖാദി മേഖലയിൽ സിമന്റ് കല്ല് നിർമ്മാണശാലയോ, ഹോളോ ബ്രിക്സ് യൂണിറ്റോ, സോപ്പ് നിർമ്മാണയൂണിറ്റോ ആരംഭിക്കുക.

കുട്ടമെടയൽ പനമ്പ്നെയ്ത്ത് ഇവ പ്രോത്സാഹിപ്പിച്ച് കൂടുതൽപേർക്ക് തൊഴിൽ ലഭ്യമാക്കുക.

അഭ്യസ്തവിദ്യർക്ക് സർക്കാർ ഏജൻസികൾ നൽകി വരുന്ന (പട്ടികജാതി/ പട്ടികവർഗ്ഗ കോർപ്പറേഷൻ, പട്ടികജാതി/ വർഗ്ഗവികസന വകുപ്പ്) വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം പഞ്ചായത്തിനെ ഏൽപ്പിക്കുക.

തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ ആളുകൾക്ക് വ്യവസായ പരിശീലനം നൽകുകയും പരിശീലനം സിദ്ധിച്ചവർക്ക് വ്യവസായം തുടങ്ങാൻ വായ്പലഘുവായ മാനദണ്ഡങ്ങൾ സ്വീകരിച്ചു കൊണ്ട് നൽകുകയും ചെയ്യുക.

പഞ്ചായത്തിൽ വെളിമുക്ക് ആസ്ഥാനമാക്കിക്കൊണ്ട് ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിക്കുക.

വീട്, കക്കൂസ് ഇവ നിർമ്മിക്കുന്നതിന് നൽകുന്ന ധനസഹായതുക വർദ്ധിപ്പിക്കുകയും വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് അനുവാദം നൽകുകയും ചെയ്യുക.

വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും ധനസഹായങ്ങളും പലിശരഹിതവായ്പകളും ലളിതമായ വ്യവസ്ഥയിൽ നൽകുക.

പഞ്ചായത്തിൽ സർക്കാർ ധനസഹായത്തോടുകൂടി വീട്നിർമ്മാണം തുടങ്ങി സാമ്പത്തിക പരിമിതികൾ നിമിത്തം പൂർത്തീകരിക്കാത്തവർക്ക് ആവശ്യമായ ധനസഹായം നൽകി സഹായിക്കുക.

കോളനി പുരയിടത്തിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ കൂടുതൽപേരും നിർമ്മാണതൊഴിലുകളിൽ ഏർപ്പെട്ടിരിക്കയാൽ കൂടുതൽപേർക്ക് തൊഴിൽ മേഖല ഉണ്ടാക്കുന്നതിന് പഞ്ചായത്ത് ആസ്ഥാനമാക്കിക്കൊണ്ട് ഒരു ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രൂപീകരിക്കുക.

കുടുംബബാദ്ധ്യത ഏറ്റെടുത്ത് ഇടക്കുവെച്ച് പഠനം നിർത്തേണ്ടിവന്നവരെ കണ്ടെത്തി അവർക്ക് വിദ്യാഭ്യാസം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനമേർപ്പെടുത്തുക.

എല്ലാ കോളനികളിലും ബോധവൽക്കരണ ക്ലാസുകൾ കിർത്താഡ്സിന്റെ സഹായത്തോടുകൂടി സംഘടിപ്പിക്കുക.

ജില്ലാ ആശുപത്രിയുടെ സഹായത്തോടുകൂടി സൗജന്യ മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക.

വികലാംഗർക്കും നിർദ്ധനകുടുംബങ്ങൾക്കും ആവശ്യമായ ധനസഹായങ്ങളും വിവിധ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് പഞ്ചായത്ത് സമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കുക.

പട്ടികജാതി/ പട്ടികവർഗ്ഗവികസനകോർപ്പറേഷൻ നൽകിവരുന്ന മാർജിൻമണി ഡെപ്പോസിറ്റ് സ്കീം വൻകിട സംരംഭലോൺ, വാഹനവായ്പ എന്നിവയ്ക്കുള്ള അപേക്ഷകൾ പഞ്ചായത്ത് മുഖേന അയക്കുകയും അർഹരായ പഞ്ചായത്തിലെ മുഴുവൻ അപേക്ഷകർക്കും അവ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ പഞ്ചായത്ത് മുൻകൈഎടുക്കേണ്ടതാണ്. ഇത്തരം വായ്പകളുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും വായ്പാഈട് കുറെക്കൂടി ലളിതമാക്കുകയും ചെയ്യേണ്ടതാണ്

. എസ്.എസ്.എൽ.സി. വരെയും അതിന് മുകളിലും പഠനം നടത്തുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുക (സ്കോളർഷിപ്പ്, ലപ്സംഗ്രാന്റ് വർദ്ധിപ്പിക്കുക, പഠനോപകരണങ്ങൾ സൗജന്യമായി നൽകുക) പഞ്ചാ

യത്തിൽ രണ്ട് കേന്ദ്രങ്ങളിലായി പട്ടികജാതിക്കാർക്ക് മാത്രമായി നഴ്സറികളും ഇംഗ്ലീഷ്മീഡിയം സ്കൂളും സ്ഥാപിക്കുക.(സന്നദ്ധസംഘടനകളുടെയും മറ്റ് സേവനതല്പരരായ വ്യക്തികളുടെയും സഹായം തേടാം.)

ബോധവൽക്കരണത്തിന്റെ ഭാഗമായി എല്ലാ കോളനികളിലും ഒരു ടി.വി.സെറ്റ് സ്ഥാപിക്കാൻ നടപടികൾ എടുക്കുക.

പഞ്ചായത്തിലെ വിവിധഡിപ്പാർട്ട്മെന്റിൽ ജോലിചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരിലൂടെ പട്ടികജാതിക്കാർക്കു ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരം-ബോധവൽക്കരണം നടത്തുകയും ചെയ്യുക.

പത്തൂർകോളനി റോഡ്, മുണ്ടിയൻമാട് (വയലാർകോളനി) റോഡ്, പൂതേരിവളപ്പ് കോളനി റോഡ് എന്നിവ ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

പച്ചക്കറിതോട്ടം, പൂകൃഷി, കോഴിവളർത്തൽ, ആടുവളർത്തൽ എന്നിവ പ്രോത്സാഹിപ്പിച്ച് അനുയോജ്യമായ പ്രദേശങ്ങളിൽ നടപ്പിലാക്കുക.

സഹകരണാടിസ്ഥാനത്തിൽ ഒരു പ്രിന്റിംഗ് പ്രസ്സും ബുക്ക്ബൈന്റിംഗ് യൂണിറ്റും സ്ഥാപിക്കുക.

പട്ടികജാതിക്കാർ കൂടുതൽ താമസിക്കുന്ന പ്രദേശത്ത് ഒരു പട്ടികജാതി പ്രീപ്രൈമറിസ്കൂളും സാങ്കേതികവിദ്യാഭ്യാസത്തിനായി ഒരു ടെക്നിക്കൽ സ്കൂളും ഒരു പ്രീ-മെട്രിക് ഹോസ്റ്റലും സ്ഥാപിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുക.

പട്ടികജാതിക്കാരുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി പട്ടികജാതിവികസനട്രസ്റ്റുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക. ഇത് പട്ടികജാതിക്കാരിൽ വിദ്യാസമ്പന്നരായ ആളുകളുടെ സഹകരണത്തോടെ നടപ്പിൽ വരുത്താൻ സാധിക്കുന്നതാണ്.

പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായ സംവരണം ഏർപ്പെടുത്തുക.

പട്ടികജാതിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളും സാദ്ധ്യതകളും മറ്റുവിവരങ്ങളും പ്രാദേശിക അന്വേഷണത്തിലൂടെയും വിവിധസ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച പൂർണ്ണമല്ലാത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ക്രോഡീകരിച്ചതാണ്. ഈ നിർദ്ദേശങ്ങളെല്ലാം 9-ാം പഞ്ചവത്സരപദ്ധതിയുടെ അംഗീകാരത്തിനായി ഈ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.



# വിഭവസമാഹരണം

ഏതൊരുപ്രദേശത്തിന്റെയും സാമ്പത്തികമായ വളർച്ചക്ക് വളരെ അനിവാര്യമായ ഒരു ഘടകമാണ് വിഭവസമാഹരണം. ഈ കാര്യത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്ത് വളരെ പിന്നിലാണ്.

നമ്മുടെ ഗ്രാമത്തിൽ കാര്യമായ വ്യവസായങ്ങളേ വാണിജ്യസ്ഥാപനങ്ങളോ ഇല്ല. തൊഴിലാളികൾ നടത്തുന്ന ജനതാടൈൽ വർക്സാണ് കാര്യമായ വ്യവസായസ്ഥാപനം. ഈ സ്ഥാപനത്തിനും ഒരുപാട് പ്രശ്നങ്ങളുണ്ട്. സ്വകാര്യമേഖലയിൽ തന്നെ പ്രവർത്തിക്കുന്ന ബിസ്മി ഇന്റസ്ട്രീസാണ് മറ്റൊരുസ്ഥാപനം. ഇത് കൂടാതെ പ്ലാസ്റ്റിക്, മരം, ബ്രിക്സ് തുടങ്ങിയ ഏതാനും ചെറുകിട സ്ഥാപനങ്ങളും കുറച്ചു വിദ്യാഭ്യാസസ്ഥാപനങ്ങളുമായി നമ്മുടെ ഗ്രാമത്തിന്റെ സംഘടിത മേഖല ഒതുങ്ങിനിൽക്കുന്നു.

വലിയവ്യവസായസ്ഥാപനങ്ങൾ തുടങ്ങാനുള്ള സ്ഥലവും വൈദ്യുതിയും മറ്റു ഭൗതികസാഹചര്യങ്ങളും നിലവിലില്ലാത്തതുകൊണ്ട് ചെറുകിട കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് വിഭവസമാഹരണത്തിനുള്ള മാർഗ്ഗം കണ്ടെത്തേണ്ടതാണ്.

ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും തുടങ്ങാൻ തല്പരരായ സംരംഭകർ നമ്മുടെ പഞ്ചായത്തിലുണ്ട്. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവവും, പവർകട്ടും മറ്റും ഇവരെ വ്യവസായങ്ങൾ ആരംഭിക്കുന്നതിൽനിന്നും പിന്നോട്ട് വലിക്കുകയാണ്.

കാർഷിക രംഗമാണ് നമ്മുടെ പഞ്ചായത്തിന്റെ വിഭവസമാഹരണത്തെ സ്രോതസ്സാകേണ്ടത്. പക്ഷെ കാർഷികരംഗവും പ്രശ്നങ്ങളുടെ നീർച്ചുഴിയിലാണ്. ചുരുങ്ങിച്ചുരുങ്ങിവരുന്ന വയലുകളും, വർദ്ധിച്ചുവരുന്ന കൂലിച്ചെലവും കുറഞ്ഞുവരുന്ന ഉല്പാദനക്ഷമതയും കൃഷിക്കാരെ ഉള്ള സ്ഥലത്ത് കൃഷിയിറക്കാൻ സാദ്ധ്യമല്ലാതാക്കിയിരിക്കുന്നു. കൃഷി ഒരു നഷ്ടക്കച്ചവടമായാണ് കൃഷിക്കാർ കരുതുന്നത്.

യഥാർത്ഥ വരുമാനവുമായി പൊരുത്തപ്പെടാത്ത ഉയർന്ന ജീവിതനിലവാരം പൊതുവെ ജനങ്ങളുടെ കായികാദ്ധ്വാനത്തേയും കൃഷിയോടുള്ള തല്പരതയെയും ബാധിച്ചിട്ടുണ്ട്. ഓരോ വീട്ടിലേക്കും ആവശ്യമായ പച്ചക്കറി, മരച്ചീനി, കോഴിമുട്ട, പഴങ്ങൾ തുടങ്ങിയവ സ്വന്തം വീട്ടുവളപ്പിൽ ഉണ്ടാക്കാൻ പോലും നാം തയ്യാറല്ല.

നമ്മുടെ ഗ്രാമത്തിൽ നിന്ന് ഗൾഫ് മേഖലയിൽ ജോലിഎടുക്കുന്നവരുടെ നല്ലൊരുശതമാനം വളരെ താഴ്ന്ന വരുമാനമുള്ളവരാണ്. കാര്യമായ വിദ്യാഭ്യാസമോ, സാങ്കേതിക പരിജ്ഞാനമോ ഇല്ലാത്തതാണ് ഇതിനുകാരണം.

ഗ്രാമത്തിന്റെ പ്രധാനവരുമാനമാർഗ്ഗമാകേണ്ടിയിരുന്ന കൃഷിയുടെ മുരടിപ്പും, ഒരു പുരോഗതിയും നേടാത്ത വ്യവസായരംഗവും, സംഘടിത മേഖലയിലുള്ള മൊത്തത്തിലുള്ള വളർച്ചയില്ലായ്മയും നമ്മുടെ പഞ്ചായത്തിന്റെ വിഭവസമാഹരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കൃഷി, കെട്ടിടനിർമ്മാണം തുടങ്ങിയ അസംഘടിതമേഖലയിലാണ് ഭൂരിപക്ഷം തൊഴിലാളികളും ജോലിയെടുക്കുന്നത്. ഇവരിൽനിന്ന് തൊഴിൽ നികുതി ഈടാക്കാൻ സാദ്ധ്യമല്ല. ഏതാനും അദ്ധ്യാപകരിൽ നിന്നും, കമ്പനി തൊഴിലാളികളിൽനിന്നും കിട്ടുന്ന തൊഴിൽ നികുതിയും കെട്ടിടവാടകയും മാത്രമാണ് പഞ്ചായത്തിന്റെ പ്രധാനവരുമാന മാർഗ്ഗം.

പഞ്ചായത്തിന്റെ 1991 -92 വർഷത്തിലെയും 1995-96 വർഷത്തെയും വരുമാനവും, വരുമാനത്തിലെ വ്യതിയാനവും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 1 വരുമാനത്തിലെ വ്യതിയാനം

| ഇനം | 1991-92 | 1995-96 | വ്യതിയാനം |
|---|---|---|---|
| തനത് വരുമാനം | | | |
| കെട്ടിടനികുതി | 216879 | 403530 | +186651 |
| വിനോദനികുതി | – | – | – |
| തൊഴിൽനികുതി | 78270 | 73770 | -4500 |
| ഉപാധിരഹിതനിധി | 200437 | 315000 | +114563 |
| ജെ. ആർ. വൈ | 317000 | 569280 | +252280 |
| ഗ്രാന്റുകൾ, | | | |
| സംഭാവനകൾ | 364115 | 550210 | +186095 |
| ആകെ | 859886 | 1717345 | +857459 |
| ചെലവ് | | | |
| എസ്റ്റാബ്ലിഷ്മെന്റ് | 348676 | 532377 | +183701 |
| ചെലവ്-വരുമാനത്തിന്റെ ശതമാനം | 40 | 31 | |

നമ്മുടെ പഞ്ചായത്തിന്റെ കാര്യമായ വരുമാനം കെട്ടിടനികുതിയാണെന്ന് പട്ടികയിൽനിന്ന് വ്യക്തമാണ്. 1991-92 മുതൽ 1995-96 വരെയുള്ള കാലത്ത് 980 കെട്ടിടങ്ങൾ പുതുതായി വർദ്ധിച്ചതാണ് കെട്ടിടനികുതിയിൽ ഇത്രയും വർദ്ധനവുണ്ടാകാനുള്ള പ്രധാനകാരണം. ഇതിന്റെ മറുവശം നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ വിഭവം പ്രത്യുല്പാദനപരമല്ലാത്ത വീടുകളിൽ ചെലവാക്കുന്നു എന്നതാണ്. ചെലവേറിയ വലിയവീടുകൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പലഗ്രാമപഞ്ചായത്തുകൾക്കും കാര്യമായ വരുമാനമാർഗ്ഗമാണ് വിനോദനികുതി. ഈ ഇനത്തിൽ നമ്മുടെ പഞ്ചായത്തിൽ ഒരു വരുമാനവും ഇല്ല എന്നത് ഗൗരവമായി കാണേണ്ടതാണ്. ശുഭസൂചകമല്ലാത്ത ഒരു വസ്തുത തൊഴിൽ നികുതി ഇനത്തിലുള്ള കുറവാണ്. ഈ കാലയളവിൽ 4500 ക തൊഴിൽ ഇനത്തിൽ കുറഞ്ഞിട്ടുണ്ട്. സംഘടിത മേഖലയിൽ തൊഴിലവസരങ്ങൾ കുറയുന്നു എന്നതാണ് ഇതിന്റെ സൂചന. ഇതിൽ ഗ്രാമപഞ്ചായത്തിന്റെ സത്വരശ്രദ്ധആവശ്യമാണ്.

### കെട്ടിടനികുതി

പഞ്ചായത്തിന്റെ കാര്യമായ വരുമാനം കെട്ടിടനികുതിയാണ്. നിലവിലുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി നികുതി വർദ്ധിപ്പിക്കാൻ കഴിയുന്ന സാഹചര്യത്തെപ്പറ്റി പഠിക്കേണ്ടതാണ്. നികുതിചുമത്തുന്നത് ശാസ്ത്രീയമല്ലാത്തതുകൊണ്ട് പലപ്പോഴും നികുതി കുറയുകയൊ, കൂടിയെന്ന ആക്ഷേപങ്ങൾക്കൊ ഇടവരാറുണ്ട്. നികുതിഘടന ശാസ്ത്രീയമായി പുനസംഘടിപ്പിക്കണം.

വലിയവീടുകൾക്ക് ആനുപാതികമായി നികുതി വർദ്ധിപ്പിക്കുകയും, ചെറിയവീടുകൾക്ക് നികുതി കുറക്കുകയും വേണം.

വീടുകൾക്ക് റവന്യൂഡിപ്പാർട്ടുമെന്റ് ചുമത്തുന്ന നികുതിയുടെ പകുതി പഞ്ചായത്തിന് ലഭിക്കാൻ ശ്രമങ്ങൾ നടത്തണം.

വാടകകെട്ടിടങ്ങൾ വാടകയുടെ അടിസ്ഥാനത്തിലും വ്യവസായസ്ഥാപനങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും നികുതി ചുമത്തണം.

### വിനോദനികുതി

വിനോദനികുതിയില്ലാത്തത് വിഭവസമാഹരണത്തെ കാര്യമായി ബാധിക്കുന്നുണ്ട്. പഞ്ചായത്തിൽ ഒരു സിനിമാതിയേറ്റർ സ്ഥാപിക്കാനുള്ള ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.

### തൊഴിൽനികുതി

വിദ്യാലയങ്ങൾ, സർക്കാർസ്ഥാപനങ്ങൾ, വ്യവസായ- വാണിജ്യസ്ഥാപനങ്ങളിൽനിന്ന് മാത്ര

മാണ് തൊഴിൽനികുതി ലഭിക്കുന്നത്. അസംഘടിത മേഖലയിലെ തൊഴിലാളികളിൽനിന്ന് ഒരു നിശ്ചിത തുക ഈടാക്കാൻ നിർവ്വാഹമില്ല. ഇതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

1. പഞ്ചായത്ത് ധനസഹായത്തോടെ സ്വയം തൊഴിൽ കണ്ടെത്തുന്നവരിൽ നിന്ന് ഒരു നിശ്ചിതതുക വർഷത്തിൽ വസൂലാക്കുക. വരുമാനം പരിഗണിക്കേണ്ടതില്ല.
2. ക്ഷേമനിധികളിൽ അംഗമായ നിർമ്മാണ തൊഴിലാളികൾ, ബാർബർമാർ, ടൈലർമാർ മറ്റു സ്വയം തൊഴിൽ ചെയ്യുന്നവർ എന്നിവരിൽനിന്നും ഒരു നിശ്ചിതസംഖ്യ ഈടാക്കുക.
3. ചെറുതും വലുതുമായ എല്ലാ വ്യാപാരികളിൽനിന്നും ഒരു നിശ്ചിതസംഖ്യയോ, വ്യാപാരത്തിന്റെ വലുപ്പമനുസരിച്ചോ നികുതി ഈടാക്കുക.

### മണൽലേലം

നമ്മുടെ പുഴയിൽനിന്നും വർഷംതോറും നൂറുകണക്കിന് ടൺ മണൽ ഖനനം ചെയ്യുന്നുണ്ട്. പഞ്ചായത്തിന് മണൽലേലത്തിലൂടെ തുച്ഛമായ വരുമാനമാണ് ലഭിക്കുന്നത്. യഥാർത്ഥ്യപൂർവ്വം ലേലക്കാർ ലേലം നടത്തിയാൽ പഞ്ചായത്തിന് കാര്യമായ വരുമാനം ഇതിലൂടെ ലഭിക്കും എന്നത് താഴെ പട്ടികയിൽ നിന്നും വ്യക്തമാണ്.

പട്ടിക 2 മണൽലേലം

| വർഷം | 1993-94 | 94-95 | 95-96 | 96-97 |
|---|---|---|---|---|
| തുക(രൂപ) | 4500 | 6000 | 6250 | 30000 |

പക്ഷേ മണൽലേലത്തിൽ ലേലക്കാർ ഒത്ത് കഴിഞ്ഞാൽ പഞ്ചായത്തിന് കിട്ടുന്ന വിലക്ക് വില്ക്കാനേ ഇന്നത്തെ സാഹചര്യത്തിൽ സാധിക്കു.

യാതൊരു തത്വദീക്ഷയുമില്ലാതെ, എല്ലാ നിയമങ്ങളെയും അവഗണിച്ചാണ് മണൽ ഖനനം നടത്തുന്നത്. ഇതിന്റെ ഫലമായി പുഴയോരങ്ങളിലെ കിണറുകളിലെ കുടിവെള്ളം അശുദ്ധമാവുകയും പുഴക്കരകൾ ഇടിയുകയും, പാലങ്ങളുടെ കാലിന്റെ ഉറപ്പിനെ ബാധിക്കുകയും ചെയ്യുന്നു. കൂടാതെ പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നു. വാരുന്ന മണലിന്റെ അളവോ മറ്റു പ്രവർത്തനങ്ങൾ നിയന്ത്രിക്കാനോ ഈയവസ്ഥയിൽ പഞ്ചായത്തിന് സാധിക്കുന്നില്ല.

ഇതിന് പരിഹാരമായി കരാറുകാരെ ഒഴിവാക്കി മണൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ ഉണ്ടാക്കി മണൽഖനനം അവർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

### ലീസ്ഭൂമി

നമ്മുടെ പഞ്ചായത്തിന് 5.44 ഏക്കർ ലീസ്ഭൂമിയുണ്ട്. ഈ ഇനത്തിൽ പഞ്ചായത്തിന്റെ വാർഷികവരുമാനം 900 ക മാത്രമാണ്. ലീസ്ഭൂമിയിൽ പഞ്ചായത്തിന് കാര്യമായ നിയന്ത്രണമില്ല. മിക്കസ്ഥലങ്ങളും തെങ്ങും, കമുങ്ങും വെച്ച് പിടിപ്പിച്ച് സ്വകാര്യസ്വത്ത്പോലെയായിരിക്കുന്നു.

ഇന്നത്തെ ലീസ്ഭൂമിക്ക് മാർക്കറ്റ് വില കണക്കാക്കി അതിന്റെ 75 ശതമാനം വിലക്ക് കൈവശക്കാരന് വില്ക്കാവുന്നതാണ്. ഈ തുക പഞ്ചായത്തിന് സ്ഥിരമായ വരുമാനം ലഭിക്കുന്ന പദ്ധതികളിൽ മുടക്കാവുന്നതാണ്.

### ഗൾഫ് ജോലിക്കാർ

ഗൾഫിൽ ജോലിയുള്ളവരുടെയും ഗൾഫിൽനിന്ന് മടങ്ങുന്നവരെയും സംഘടിപ്പിച്ച്, സഹകരണാടിസ്ഥാനത്തിലൊ, കൂട്ടുടമാ അടിസ്ഥാനത്തിലോ വ്യവസായങ്ങൾ തുടങ്ങാൻ പ്രേരിപ്പിക്കാവുന്നതാണ്. ഇത് മൂലം വ്യവസായസ്ഥാപനങ്ങളുടെ വളർച്ചക്കും പഞ്ചായത്തിന്റെ വിഭവസമാഹരണത്തിനും സഹായകമാവും.

### ബാങ്കുകൾ

പഞ്ചായത്തിലെ സഹകരണബാങ്കിലും ഗ്രാമീണബാങ്കിലും പണം നിക്ഷേപിക്കാൻ ജനങ്ങൾ മടികാണിക്കുന്നു. അതേസമയം ലോണുകൾക്ക് വേണ്ടി ഈ ബാങ്കുകളെ ആശ്രയിക്കുന്നു. ഈ വൈരുദ്ധ്യം മാറ്റി പരമാവധി പണം ഈ ബാങ്കുകളിൽ നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കേണ്ടതാണ്.

### മറ്റുചിലനിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.
1. എല്ലാ അങ്ങാടികളിലും ചിലവ് കുറഞ്ഞ

മീൻ മാർക്കറ്റുകൾ സ്ഥാപിക്കുക.

2. പടിക്കൽ അങ്ങാടിയിലെ ഷോപ്പിങ്ങ് കോംപ്ല ക്സിന്റെ പ്രവർത്തി ഉടനടി പൂർത്തീകരിച്ച് വാട കക്ക് നൽകുക.

3. ചേളാരി, പടിക്കൽ, പാലക്കൽ, തലപ്പാറ, ആലിൻചുവട് എന്നീ സ്ഥലങ്ങളിൽ ടാക്സി-ഓട്ടോ റിക്ഷാസ്ററാൻഡുകൾ നിർമ്മിക്കുക. ഓട്ടോ റിക്ഷാ-ടാക്സി-ജീപ്പ് വാഹനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർചെയ്യുക. ഫീ ഈടാക്കാവുന്നതാണ്.

4. ചേളാരിയിലെ ആഴ്ചചന്ത സ്വന്തമാക്കു കയൊ അല്ലാത്തപക്ഷം നികുതി വർദ്ധിപ്പിക്കു കയൊ ചെയ്യുക. ഇപ്പോൾ ലഭിക്കുന്ന നികുതി വളരെ അപര്യാപ്തമാണ്.

5. പഞ്ചായത്തിലെ പൊതുസ്ഥലങ്ങൾ, ചുമരു കൾ, ബസ്സ് വെയിറ്റിങ്ങ് ഷെഡ് തുടങ്ങിയവ പര സ്യക്കാർക്ക് നൽകാവുന്നതാണ്. പരസ്യനികുതി നിർബ്ബന്ധമായും വസൂലാക്കേണ്ടതാണ്.

6. പഞ്ചായത്ത് നേരിട്ട് ചെലവുകുറഞ്ഞ വീടു കളും ക്വാർട്ടേഴ്സുകളും ഉണ്ടാക്കി വാടകക്ക് നൽകാവുന്നതാണ്.

7. ഗ്രാന്റും മറ്റു ഫണ്ടുകളും പഞ്ചായത്തിന്റെ വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടി സ്ഥാനത്തിൽ ലഭിക്കാൻ സമ്മർദ്ദം ചെലുത്തുക.

8. വ്യവസായം പ്രോത്സാഹിപ്പിക്കാൻ വ്യവസാ യസംരംഭകത്വവികസനക്ലാസുകൾ മലപ്പുറത്തെ ജില്ലാവ്യവസായകേന്ദ്രവുമായി ആലോചിച്ച് നട ത്തുക.

9. വെളിമുക്ക്ചാലി, മൂന്നിയൂർചാലി തുടങ്ങി യവ മീൻ വളർത്തുകേന്ദ്രമാക്കി മാറ്റുക.

10. വെളിമുക്ക്ചാലിയിൽ വരുന്ന അപൂർവ്വമായ ദേശാടനപക്ഷികൾക്ക് സൗകര്യംചെയ്തുകൊടുത്ത് പക്ഷിസങ്കേതം ഉണ്ടാക്കാം. ഈ കേന്ദ്രത്തിലേക്ക് ടൂറിസ്റ്റുകളെ ആകർഷിച്ച് വരുമാനമുണ്ടാക്കാം.

11. നേഷണൽ സേവിങ്സ് സ്കീമിൽ കൂടുതൽ ആളുകളെ ചേർത്ത് പഞ്ചായത്തിന് ലഭിക്കുന്ന 25 %വിഹിതത്തിലൂടെ നല്ല സംഖ്യ സ്വരൂപിക്കാവു ന്നതാണ്. IUP പ്രോത്സാഹിപ്പിക്കും.

## ചെലവുകൾ

വളരെ ദരിദ്രമായ പഞ്ചായത്താണ് നമ്മുടെ ഗ്രാമപഞ്ചായത്ത്. ഉള്ള വിഭവങ്ങൾ ഇക്കാലമ ത്രയും ചെലവഴിച്ചത് പ്രത്യുൽപ്പാദനപരമല്ലാത്ത റോഡുകൾ,പാലങ്ങൾ മുതലായവക്കാണ്. പഞ്ചാ യത്തിന്റെ ഫണ്ട് മുടക്കി വരുമാനമുണ്ടാക്കുന്ന ഒരു പദ്ധതിയും ചെയ്തിട്ടില്ല. വരുമാനത്തിന്റെ 60 % ഓളം റോഡുകൾക്കും റോഡുറിപ്പയറിങ്ങിനുമാണ് ചെലവാകുന്നത്. ചെറിയ തുകകൾ ചെലവഴിച്ച് റിപ്പയർ ചെയ്യുന്ന റോഡുകൾ മിക്കതും മഴവെള്ള ത്തിൽ തകരുകയും വീണ്ടും റിപ്പയർ ആവശ്യമാ കുകയും, പഞ്ചായത്തിന്റെ വിഭവം നഷ്ടപ്പെടു കയും ചെയ്യുന്നു.

## മനുഷ്യവിഭവശേഷി

ഇതിനുപരിഹാരമായി ചെറിയ ഇടവഴികൾ റോഡാക്കുക, റോഡ് റിപ്പയർ ചെയ്യുക എന്നീ ജോലികൾ അതത് റോഡുകളുടെ ഗുണഭോക്താ ക്കളുടെ ശ്രമദാനമായി മാറ്റാൻ ശ്രമിക്കേണ്ടതാണ്. ഇത് മൂലം റോഡിന്റെ ഗുണനിലവാരവും, ഗുണ ഭോക്താക്കളുടെ ഉത്തരവാദിത്വബോധവും വർദ്ധിക്കും. ഇതിന് രാഷ്ട്രീയപാർട്ടികൾ, മതസം ഘടനകൾ, സന്നദ്ധ-സാംസ്കാരിക സംഘടനാപ്ര വർത്തകർ എന്നിവരുടെ സഹകരണം തേടാവു ന്നതാണ്.

ഇതുമൂലം നമ്മുടെ പഞ്ചായത്തിലെ പാഴാ യിപ്പോകുന്ന വിഭവശേഷി ക്രിയാത്മകമായി ഉപ യോഗിക്കാവുന്നതാണ്. കാർഷികരംഗത്തും ജലസ മ്പത്ത് വിനിയോഗിക്കുന്നിടത്തും ഇത് നടപ്പിലാക്കാ വുന്നതാണ്.

പഞ്ചായത്തിന്റെ ഭരണച്ചെലവുകൾ പെട്ടെന്ന് കുറക്കാൻ സാധിക്കുകയില്ല. പക്ഷെ ഓഫീസിലെ ജോലികൾ ലഘൂകരിച്ചും നടപടിക്രമങ്ങൾ ലളിത മാക്കിയും ജോലിതിരക്ക് കുറക്കാവുന്നതാണ്. ഇതുമൂലം പുതിയ നിയമനങ്ങൾ ഒഴിവാക്കാവുന്ന താണ്.

# ഉപസംഹാരം

*"എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്താൻ വിഭവങ്ങളില്ലതാനും."*

മഹാത്മാഗാന്ധി

അശാസ്ത്രീയവും ജനവിരുദ്ധവുമായിത്തീർന്ന വികസനസംസ്കാരത്തിന്റെ ഊടുവഴികളിൽ ദിശയറിയാതെ ഉഴലുമ്പോൾ അന്വർത്ഥമായ ഈ വാചകങ്ങൾ നമുക്ക് തിരിച്ചറിവ് നൽകുന്നു. വികസനമെന്നാൽ റോഡുകളും പാലങ്ങളും നിർമ്മിക്കുക മാത്രമല്ല. ഉൽപാദന പ്രക്രിയ കൂടിയാണെന്നതാണ് ഈ തിരിച്ചറിവ്. ജനപങ്കാളിത്തത്തോടെ ജനകീയാവശ്യങ്ങൾ നിറവേറ്റുമ്പോൾ മാത്രമാണ് യഥാർത്ഥത്തിലുള്ള വികസനപ്രക്രിയ നടക്കുന്നത്. പദ്ധതികളുടെ മുൻഗണന ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങൾ മാത്രമാവണം.

ഏകദേശം 3000കോടിയോളം രൂപ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്കാകെ പദ്ധതിവിഹിതമായി ലഭിക്കാൻ പോവുകയാണ്. 25 % ജനകീയ വിഹിതമായി സമാഹരിച്ചെടുക്കണം. അങ്ങിനെ വന്നാൽ ഒരു ഗ്രാമപഞ്ചായത്തിന് ചുരുങ്ങിയത് 75 ലക്ഷത്തോളം രൂപ പ്രതിവർഷം ലഭിച്ചേക്കും. ഇത് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിൽ കുതിച്ചുചാട്ടമുണ്ടാക്കും.

ചാട്ടം പിഴക്കാതിരിക്കുന്നതിലാണ് ആസൂത്രണത്തിന്റെ പ്രസക്തി. ഇവിടെ അവതരിപ്പിക്കുന്ന രേഖയിൽ ക്രിയാത്മക നിർദ്ദേശങ്ങളും ചർച്ചകളും ഉൾപ്പെടുത്തിയിട്ടുണ്ട്. അവയുടെ പൂർത്തീകരണത്തിനു വേണ്ടി മൂന്നിയൂർ ഗ്രാമപഞ്ചായത്ത് വികസനസെമിനാർ മുമ്പാകെ ഈ വികസനറിപ്പോർട്ട് സമർപ്പിക്കട്ടെ.

# അധികാരം ജനങ്ങൾക്ക്




- അധികാര വികേന്ദ്രീകരണം വഴി ജനകീയവും, ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം


PRAHELIKA PRINTING PRESS
B.P. ANGADI, TIRUR-676 102
Phone: 24173